23
ജൂൺ 2024
ഞായർ
1445 ദുൽഹജ്ജ് 17
1199 മിഥുനം 09
പേജ് 20
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

07
സമനില തെറ്റാതെ



## നീറ്റ് വിവാദം; വിദഗ്ധ സമിതി രൂപീകരിച്ചു

# നീറ്റ് പി.ജി പരീക്ഷയും മാറ്റി

ന്യൂഡൽഹി: കേന്ദ്ര സർക്കാർ നടത്തുന്ന ഉന്നത പരീക്ഷകളിലെ ക്രമക്കേട് തുടർക്കഥയാകുന്നു. ഇന്നു നടക്കേണ്ട നീറ്റ് പി.ജി പരീക്ഷ ക്രമക്കേട് കണ്ടെത്തിയതിനെതടുർന്ന് മാറ്റി. അതേസമയം, നീറ്റ് പരീക്ഷാ ക്രമക്കേടിൽ പ്രതിഷേധം പുകയുന്നതിനിടെ മുഖം രക്ഷിക്കാൻ കേന്ദ്ര സർക്കാർവിദഗ്ധ സമിതിയെ നിയോഗിച്ചു. നാഷണൽ ടെസ്റ്റിങ് ഏജൻസി (എൻ.ടി.എ) യുടെ പ്രവർത്തനങ്ങൾ പരിശോധിക്കാനും തിരുത്താനുമാണ് പുതിയ സമിതിയെ വച്ചത്. ഐ.എസ്.ആർ.ഒ മുൻ മേധാവിയും മലയാളിയുമായ കെ രാധാകൃഷ്ണൻ ആണ് ഏഴംഗ സമിതിയുടെ അധ്യക്ഷൻ. സുതാര്യവും സുഗമവുമായി പരീക്ഷ എങ്ങനെ നടത്താം എന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാറിനു റിപ്പോർട്ട് സമർപ്പിക്കുകയാണ് സമിതിയുടെ ചുമതല. രണ്ടു മാസത്തിനകം റിപ്പോർട്ട് നൽകാനാണ് നിർദേശിച്ചിരിക്കുന്നത്.

നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ച സ്ഥിരീകരിക്കുകയും മൂല്യ നിർണയത്തിൽ പളിച്ചയുണ്ടായെന്ന് വ്യക്തമാകുകയും ചെയ്തതോടെ കടുത്ത പ്രതിരോധത്തിലായ മോദി സർക്കാർ, പ്രതിഷേധം തണുപ്പിക്കുന്നതിനുള്ള മാർഗം എന്ന നിലയിലാണ് വിദഗ്ധ സമിതിയെ നിയോഗിച്ചിരിക്കുന്നത്.

പരീക്ഷാ നടത്തിപ്പിൽ വരുത്തേണ്ട മാറ്റങ്ങൾ, ചോദ്യപേപ്പർ ഉൾപ്പെടെ ഡാറ്റാ സംരക്ഷണത്തിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ, എൻ.ടി.എയുടെ പ്രവർത്തനത്തിലും ഘടനയിലും വരുത്തേണ്ട മാറ്റങ്ങൾ എന്നിവയാണ് സമിതി പ്രധാനമായും പരിശോധിക്കുക. എൻ.ടി.എയെ പൊളിച്ചെഴുതാനുള്ള നീക്കത്തിന്റെ ഭാഗമാണിതെന്നും റിപ്പോർട്ടുണ്ട്.



*ഡോ. കെ രാധാകൃഷ്ണൻ*

### കെ രാധാകൃഷ്ണൻ അധ്യക്ഷൻ എൻ.ടി.എ തലവനെ നീക്കി

ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ പ്രഫ. ബി.ജെ റാവു, ഡൽഹി എയിംസ് മുൻ ഡയരക്ടർ രൺദീപ് ഗുലേറിയ, മദ്രാസ് ഐ.ഐ.ടി സിവിൽ എഞ്ചിനീയറിങ് വിഭാഗം മുൻ മേധാവി പ്രൊഫ. രാമമൂർത്തി, പീപ്പിൾ സ്ട്രോങ് കോ ഫൗണ്ടർ പങ്കജ് ബൻസൽ, ഡൽഹി ഐ.ഐ.ടി ഡീൻ പ്രൊഫ. ആദിത്യ മിത്തൽ എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ. കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി ഗോവിന്ദ് ജെയ്സ്വാൾ മെമ്പർ സെക്രട്ടറിയായിരിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം വാർത്താക്കുറിപ്പിൽ അറിയിച്ചു. പരീക്ഷാ നടത്തിപ്പിന്റെ ആദ്യന്തമുള്ള നടപടി ക്രമങ്ങൾ സമിതി പരിശോധിക്കുമെന്ന് വാർത്താക്കുറിപ്പിൽ പറയുന്നു.

മെഡിക്കൽ പ്രവേശനത്തിനുള്ള ഏകീകൃത പ്രവേശന പരീക്ഷയായ നീറ്റ് യു.ജിയിൽ 67 പേർക്ക് മുഴുവൻ മാർക്കും ഒന്നാം റാങ്കും ലഭിച്ചതോടെയാണ് പരീക്ഷാ നടത്തിപ്പിലും മൂല്യ നിർണയത്തിലും ഗുരുതര വീഴ്ചയുണ്ടായെന്ന ആരോപണം ഉയർന്നത്. ഗ്രേസ് മാർക്ക് നൽകിയവരും കൂട്ടത്തോടെ ഒന്നാം റാങ്കുകാരുടെ പട്ടികയിൽ ഇടംപിടിച്ചു. സംഭവം വൻ പ്രതിഷേധത്തിന് വഴിയൊരുക്കിയതോടെയാണ് പരീക്ഷാ നടത്തിപ്പ് പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിക്കുമെന്ന് കേന്ദ്രം വ്യക്തമാക്കിയത്. അതേസമയം നീറ്റ് ക്രമക്കേടുമായി ബന്ധപ്പെട്ട് കേന്ദ്രത്തിനെതിരെ രാജ്യവ്യാപകമായി പ്രതിഷേധം തുടരുകയാണ്. ഡൽഹിയിൽ എൻ.എസ്.യു.ഐ അടക്കമുള്ള വിദ്യാർത്ഥി സംഘടനകൾ ഇന്നലെയും മാർച്ച് നടത്തി.

ഇതിനിടെ നീറ്റ് ഫലം റദ്ദാക്കില്ലെന്ന് ആവർത്തിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ രംഗത്തെത്തി. മാധ്യമങ്ങളുടെ ചോദ്യത്തിന് മറുപടി നൽകവെയാണ് പരീക്ഷ റദ്ദാക്കില്ലെന്ന് മന്ത്രി ആവർത്തിച്ചത്. ഇതിനിടെ ചോദ്യപേപ്പർ ചോർച്ചയിൽ പ്രധാന ആരോപണം നേരിടുന്ന നാഷണൽ ടെസ്റ്റിങ് ഏജൻസി (എൻ. ടി.എ)യുടെ തലവനായ ഡയരക്ടർ ജനറൽ സുബോധ് കുമാർ സിങിനെ നീക്കി. 1985 ബാച്ച് ഐ.എ.എസ് ഓഫീസർ പ്രദീപ് സിങ് കരോളയാണ് പകരക്കാരൻ.

## പൊതുപരീക്ഷാ ക്രമക്കേട് തടയൽ നിയമത്തിൽ പാതിരാ വിജ്ഞാപനം

ന്യൂഡൽഹി: നീറ്റ്, നെറ്റ് ചോദ്യപേപ്പർ ചോർച്ചാ വിവാദത്തിൽ പ്രതിഷേധം ശക്തിയാർജ്ജിക്കുന്നതിനിടെ പൊതു പരീക്ഷ ക്രമക്കേടുകൾ തടയൽ നിയമം പ്രാബല്യത്തിലാക്കി വിജ്ഞാപനമിറക്കി കേന്ദ്രം. ഫെബ്രുവരിയിൽ പാസാക്കിയ നിയമമാണ് മൂന്നാം മോദി സർക്കാർ വെള്ളിയാഴ്ച രാത്രി വിജ്ഞാപനം ചെയ്തത്. സർക്കാരിനെ തിരായ വിമർശനം മറികടക്കാനുള്ള ശ്രമമാണിതെന്ന് കോൺഗ്രസ് ആരോപിച്ചു. ആൾമാറാട്ടം, ഉത്തരക്കടലാസ് തിരിമറി, രേഖകളിലെ തിരിമറി, റാങ്ക് ലിസ്റ്റ് അട്ടിമറി, ചോദ്യപേപ്പർ ചോർച്ച എന്നിങ്ങനെയുള്ള പരീക്ഷാ ക്രമക്കേടുകളിൽ കടുത്ത ശിക്ഷ ഉറപ്പാക്കുന്നതാണ് നിയമം. നിയമ ലംഘകർക്ക് 10 വർഷം വരെ തടവും ഒരു കോടി രൂപ വരെ പിഴയും ലഭിക്കും. വഞ്ചനക്ക് മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവും, സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് അഞ്ച് മുതൽ 10 വർഷം വരെ തടവും ലഭിക്കും. സംഘടിത കുറ്റകൃത്യത്തിൽ ഉൾപ്പെട്ടതായി കണ്ടെത്തിയാൽ സ്ഥാപനത്തിന്റെ സ്വത്ത് കണ്ടുകെട്ടാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ഒന്നിനു പിന്നാലെ ഒന്നായി പുറത്തു വരികയും കേന്ദ്രസർക്കാർ പ്രതിക്കൂട്ടിലാവുകയും ചെയ്തതോടെയാണ് കേന്ദ്രം തിടുക്കപ്പെട്ട് വിജ്ഞാപനം ഇറക്കിയത്.



മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരത്ത് ഡി.ജി.ഇയെ ഉപരോധിച്ച എം.എസ്. എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ്, ജനറൽ സെക്രട്ടറി സി.കെ നജാഫ് എന്നിവരെ പോലീസ് അറസ്റ്റ് ചെയ്യുന്നു

# ടി.പി കേസ് പ്രതികൾക്ക് ശിക്ഷായിളവ് നൽകാൻ നീക്കം

### നടപടി ഹൈക്കോടതി വിധി മറിക്കടന്ന്

തിരുവനന്തപുരം: കേരളം കണ്ട ഏറ്റവും ക്രൂരമമായ രാഷ്ട്രീയ കൊലപാതകത്തിലെ പ്രതികൾക്ക് വളഞ്ഞവഴിയിലൂടെ ശിക്ഷായിളവ് നൽകാനുള്ള നീക്കവുമായി സർക്കാർ. ഹൈക്കോടതി വിധി മറിക്കടന്നാണ് ടി.പി ചന്ദ്രശേഖൻ വധക്കേസിലെ മൂന്നു പ്രതികൾക്ക് ശിക്ഷായിളവ് നൽകുന്നത്. പ്രതികളായ ടി.കെ രജീഷ്, മുഹമ്മദ് ഷാഫി, അണ്ണൻ സിജിത്ത് എന്നിവരാണ് പട്ടികയിലുള്ളത്. ശിക്ഷായിളവിന് മുന്നോടിയായി പ്രതികളുടെ പൊലീസ് റിപ്പോർട്ട് ആവശ്യപ്പെട്ടു. കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടാണ് സിറ്റി പൊലീസ് കമ്മീഷണർക്ക് കത്ത് കൈമാറിയത്. ശിക്ഷായിളവില്ലാത്ത ജീവപര്യന്തം തടവിനാണ് ഹൈക്കോടതി പ്രതികളെ ശിക്ഷിച്ചിരുന്നത്. പ്രതികളുടെ അപ്പീൽ തള്ളിയാണ് കീഴ്ക്കോടതി വിധിച്ച ശിക്ഷ ഹൈക്കോടതി വർധിപ്പിച്ചത്. ഇതിനിടയിലാണ് പ്രതികളെ വിട്ടയക്കാനുള്ള സർക്കാർ നീക്കം.

കൊടി സുനിയും അനൂപും ഒഴികെയുള്ള പ്രതികൾക്ക് ഈ മാസം പരോൾ അനുവദിച്ചിരുന്നു. മനോജ്, രജീഷ്, മുഹമ്മദ് ഷാഫി, സിജിത്ത്, സിനോജ് എന്നീ പ്രതികളാണ് കണ്ണൂർ സെൻട്രൽ ജയിലിൽനിന്ന് പരോളിൽ പുറത്തിറങ്ങിയത്.

തിരഞ്ഞെടുപ്പിന് മുമ്പ് അപേക്ഷ സമർപ്പിച്ചവരുടെ പരോളാണ് അനുവദിച്ചതെന്നാണ് ജയിൽ അധികൃതരുടെ വാദം. 60 ദിവസത്തെ സാധാരണ പരോളിനും 45 ദിവസത്തെ പ്രത്യേക പരോളിനും ഇവർക്ക് അർഹതയുണ്ടെന്നും ജയിൽ വകുപ്പ് വാദിക്കുന്നു. അതേസമയം കണ്ണൂർ സിറ്റി പൊലീസ് കമ്മീഷണർ എന്ത് മറുപടി നൽകുമെന്നതിന്റെ അടിസ്ഥാനത്തിലാകും ശിക്ഷാ ഇളവിൽ തുടർ നടപടികൾ.

സർക്കാർ നീക്കത്തിനെതിരെ വിമർശനവുമായി പ്രതിപക്ഷവും ടി.പി ചന്ദ്രശേഖരന്റെ ഭാര്യ കെ.കെ.രമ എം.എൽ.എയും യു.ഡി.എഫ് നേതാക്കളും രംഗത്തെത്തി. നിയമ വ്യവസ്ഥയെ വെല്ലുവിളിക്കാൻ അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു.

## അതിതീവ്ര മഴ വീണ്ടും; മൂന്ന് ജില്ലകളിൽ റെഡ് അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് പരക്കെ കനത്ത മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മഴമുന്നറിയിപ്പുണ്ട്. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ടും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു.

തെക്കൻ മഹാരാഷ്ട്ര തീരം മുതൽ വടക്കൻ കേരള തീരം വരെ ന്യൂനമർദ്ദപ്പാത്തി സ്ഥിതി ചെയ്യുന്നുണ്ട്. പടിഞ്ഞാറൻ തീരമേഖലയിൽ കാലവർഷക്കാറ്റ് ശക്തിപ്രാപിക്കാൻ സാധ്യതയുണ്ട്. ഒഡിഷക്കും ഛത്തിസ്ഗഡിന്റെ സമീപപ്രദേശങ്ങളിലുമായി ഒരു ചക്രവാതച്ചുഴിയും നിലനിൽക്കുന്നുണ്ട്. മറ്റൊരു ചക്രവാതച്ചുഴി മധ്യകിഴക്കൻ ബംഗാൾ ഉൾക്കടലിൽ വടക്കുകിഴക്കു ഭാഗത്തായി സ്ഥിതിചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ അടുത്ത അഞ്ചുദിവസം സംസ്ഥാന വ്യാപകമായി കനത്ത മഴ ലഭിക്കുമെന്നാണ് പ്രവചനം.

## കഅബയുടെ താക്കോൽ സൂക്ഷിപ്പുകാരൻ ശൈഖ് സാലിഹ് അൽഷൈബ വിടവാങ്ങി

**അഷ്റഫ് വേങ്ങാട്ട്**
റിയാദ്

വിശുദ്ധ കഅബയുടെ താക്കോൽ സൂക്ഷിപ്പുകാരൻ ശൈഖ് ഡോ. സാലിഹ് ബിൻ സൈനുൽ ആബിദീൻ അൽ ഷൈബ വിടവാങ്ങി. ഇന്നലെ രാവിലെ മക്കയിലെ വസതിയിലായിരുന്നു അന്ത്യം. ഹജ്ജ് കർമ്മം പൂർത്തിയായി ഹാജിമാർ പുണ്യനഗരിയോട് വിടപറഞ്ഞുകൊണ്ടിരിക്കെയാണ് ശൈഖ് സാലിഹിന്റെ വിടവാങ്ങൽ. ഇന്ന് സുബ്ഹി നിസ്കാരത്തിന് ശേഷം വിശുദ്ധ ഹറമിൽ നടക്കുന്ന ജനാസ നിസ്കാരത്തിന് ശേഷം മയ്യത്ത് ജന്നത്തുൽ മുഅല്ലയിൽ ഖബറടക്കും.

കഅബാ മന്ദിരത്തിന്റെ നൂറ്റിഒമ്പതാമത്തെ താക്കോൽ സൂക്ഷിപ്പുകാരനായിരുന്നു ശൈഖ് സാലിഹ് അൽ ഷൈബ. ഇസ്ലാമിക സ്റ്റഡീസിൽ ഡോക്ടറേറ്റ് നേടിയ അൽ ഷൈബ യൂണിവേഴ്സിറ്റി പ്രൊഫസറായിട്ടാണ് വിരമിച്ചത്. മതത്തെയും ചരിത്രത്തെയും കുറിച്ച് നിരവധി പുസ്തകങ്ങൾ രചിച്ച അദ്ദേഹം 2013 മുതൽ കഅബയുടെ താക്കോൽ സൂക്ഷിപ്പുകാരനാണ്. ശൈബ ബിൻ ഉസ്മാൻ ബിൻ അബീ ത്വൽഹയുടെ സന്തതി പരമ്പരയിൽ പെട്ട പേരമകനാണ് ശൈഖ് സാലിഹ്. അന്ത്യ പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ കീഴിൽ ഹിജ്റ എട്ടാം വർഷത്തിൽ മക്ക കീഴടക്കിയ ശേഷമാണ് അൽ ഷൈബ കുടുംബത്തിന് കഅബയുടെ താക്കോൽ സൂക്ഷിപ്പ് ചുമതല ലഭിച്ചത്. ത്വൽഹയുടെ മക്കളോട് പുണ്യഗേഹത്തിന്റെ താക്കോൽ സൂക്ഷിക്കാൻ പ്രവാചകൻ ആവശ്യപ്പെട്ട ശേഷം ഇന്നേവരെ അൽഷൈബ കുടുംബത്തിലെ പിന്തുടർച്ചക്കാർക്കാണ് വിശുദ്ധ ഗേഹത്തിന്റെ താക്കോൽ സൂക്ഷിക്കാനുള്ള അനുമതി സഊദി ഭരണകൂടം നൽകി വരുന്നത്. 35 സെന്റീമീറ്റർ നീളമുള്ളതാണ് കഅബയുടെ താക്കോൽ.

നൂറിലേറെ തവണ കഅബ കഴുകൽ ചടങ്ങിൽ പങ്കെടുത്ത ശൈഖ് ഡോ. സാലിഹ് 'സാദിൻ' എന്ന നിലയിൽ തന്റെ ദൗത്യം ഏറെ സ്തുത്യർഹമായി തന്നെ നിർവഹിച്ചിരുന്നു. കഅബാലയത്തിന്റെ കിസ്വ മാറ്റൽ, കഅബ കഴുകൽ, പുണ്യഗേഹം തുറക്കൽ, അടക്കൽ, അകവും പുറവും അത്തർ പൂശൽ തുടങ്ങി കഅബാലയത്തിന്റെ ചുമതലകളെല്ലാം സാദിൻ എന്ന നിലയിൽ ശൈഖ് സാലിഹ് അൽ ഷൈബയാണ് കഴിഞ്ഞ ഒരു ദശകത്തിലേറെയായി നിർവഹിച്ചു പോന്നത്. ഹിജ്റ വർഷം 1435 ൽ പിതൃസഹോദരൻ അബ്ദുൽ ഖാദർ ത്വാഹാ അൽ ഷൈബ മരണമടഞ്ഞതോടെയാണ് കുടുംബത്തിലെ മുതിർന്ന അംഗമെന്ന നിലയിൽ ശൈഖ് സാലിഹിന് താക്കോൽ സൂക്ഷിപ്പുകാരന്റെ ചുമതല ലഭിച്ചത്.



*കഅബയുടെ താക്കോലുമായി ശൈഖ് ഡോ. സാലിഹ് ബിൻ സൈനുൽ ആബിദീൻ അൽഷൈബ*

## കേരളത്തിൽ പച്ചക്കറിക്ക് തീവില

### അനക്കമില്ലാതെ സംസ്ഥാന സർക്കാർ

കോഴിക്കോട്: പലവ്യഞ്ജനങ്ങളുടെയും ധാന്യങ്ങളുടെയും പച്ചക്കറിയുടെയും മീനിന്റെയും വില കുതിക്കുമ്പോഴും നോക്കുകുത്തിയായി സർക്കാർ. ഉള്ളിയും ബീൻസ് അടക്കം പച്ചക്കറികൾക്കും 5 മുതൽ 10 രൂപ വരെ വില ഉയർന്നിട്ടുണ്ട്. തക്കാളി വില കിലോക്ക് വിവിധ ഭാഗങ്ങളിൽ 80 മുതൽ 110 വരെയാണ്.



നേന്ത്രപ്പഴത്തിന് 80 മുതൽ 90 വരെയാണ്. നേരത്തെ പടവലം 15 രൂപയായിരുന്നത് 25 രൂപയായി ഉയർന്നു. 25 രൂപ വിലയുണ്ടായിരുന്ന വഴുതനങ്ങ 40 രൂപയിലേക്കെത്തി. 40 രൂപ വിലയുണ്ടായിരുന്ന കടച്ചക്കക്ക് 60 രൂപയാണ്. 25 രൂപയിൽ നന്നും വെണ്ട 45 രൂപയിലെത്തി. 30ൽ നിന്നും പയർ 80 രൂപ വരെയെത്തി.

ട്രോളിംഗ് നിരോധനം കാരണം മത്സ്യത്തിനും പൊള്ളുന്ന വിലയാണ്. മത്തിക്ക് പ്രാദേശിക വിപണിയിൽ വില 400 പിന്നിട്ടു. ട്രോളിംഗ് നിരോധനം അവസാനിക്കും വരെ വില കുറവുണ്ടായേക്കില്ല. ഉണക്കമീൻ വിലയും ഉയരുകയാണ്. പലവ്യഞ്ജനങ്ങളുടെയും ധാന്യങ്ങളുടെയും വിലയും റെക്കോർഡിലെത്തി. തുവരപരിപ്പ് 170 – 190 രൂപ, ഉഴുന്ന് പരിപ്പ് 150, ഗ്രീൻ പീസ് 110, കടല 125, ചെറുപയർ 150, വൻപയർ 110 എന്നിങ്ങനെയാണ് വിലനിലവാരം. കൊച്ചിയിലെ ഹോർട്ടികോർപ് സ്റ്റാളിൽ തക്കാളിക്ക് 105 രൂപവരെയാണ്. വില പിടിച്ചു നിർത്താൻ സർക്കാറിനോ ഭക്ഷ്യ വകുപ്പിനോ ഒരു പദ്ധതിയുമില്ലാത്തത് കരിഞ്ചന്തക്കാർക്കും ഇടനിലക്കാർക്കും ചാകരയാവുന്നത്.

# തീരാത്ത യുദ്ധക്കൊതി

ഗസ്സ: സൈനികർ പിന്മാറ്റ സന്നദ്ധ അറിയിച്ചിട്ടും യുദ്ധക്കൊതി തീരാത്ത ഇസ്രാഈൽ പ്രധാന മന്ത്രി ബെഞ്ചമിൻ നെതന്യാഹു കൂടുതൽ ആക്രമണങ്ങൾക്ക് ഉത്തരവിടുന്നു. വടക്കൻ ഗസ്സയിലെ ഷാദി അഭയാർത്ഥി ക്യാമ്പിലും തുഫ്ഫയുടെ സമീപപ്രദേശത്തും കഴിഞ്ഞ ദിവസമുണ്ടായ ഇസ്രാഈൽ ബോംബ് വർഷത്തിൽ 42 ഫലസ്തീനികൾ കൊല്ലപ്പെട്ടു. നൂറിലധികം പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ അൽ അഹ്‌ലി അറബ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. മരിച്ചവരിൽ ഏറെയും സ്ത്രീകളും കുട്ടികളുമാണ്. ഇതോടെ ആക്രമണം ആരംഭിച്ച ഒക്ടോബർ ഏഴു മുതൽ ഇതുവരെ കൊല്ലപ്പെട്ടവരുടെ എണ്ണം 37551 ആയി ഉയർന്നു. 85911 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പ്രദേശത്തെ നിരവധി വീടുകളും കെട്ടിടങ്ങളും തകർന്നു. ഗസ്സയിലെ ഭൂരിഭാഗം ആളുകളും അഭയാർത്ഥി ക്യാമ്പുകളിലായതിനാൽ ഇസ്രാഈൽ ആക്രമണം ക്യാമ്പുകൾ കേന്ദ്രീകരിച്ചാണ് നടത്തുന്നത്.

സുരക്ഷിത മേഖലയായി നിശ്ചയിച്ച പ്രദേശങ്ങളിലും ഇസ്രാഈൽ ആക്രമണം ശക്തമാക്കി. വെള്ളിയാഴ്ച രാത്രിയോടെ റെഡ്ക്രോസിന്റെ ഗസ്സ ഓഫിസിനു സമീപം നടന്ന ഷെല്ലാക്രമണത്തിൽ 25 ഫലസ്തീനികൾ കൊല്ലപ്പെട്ടു. റെഡ്ക്രോസ് ഓഫീസ് കോമ്പൗണ്ടിലാണ് നൂറുകണക്കിന് ഫലസ്തീനികൾ താൽക്കാലിക ടെന്റുകളിൽ താമസിക്കുന്നത്. ഓഫീസ് കെട്ടിടത്തിന് സാരമായ കേടുപാടുകൾ സംഭവിച്ചു. ഷെല്ലാക്രമണത്തിൽ അമ്പതിലധികം പേർക്ക് പരിക്കേറ്റിട്ടുണ്ട്. കൂടാതെ അൽ മവാസി പ്രദേശത്തെ കുടിയിറക്കപ്പെട്ടവരുടെ ടെന്റുകളെ ലക്ഷ്യമാക്കിയും ആക്രമണം നടന്നതായി ഫലസ്തീൻ ആരോഗ്യമന്ത്രാലയം അറിയിച്ചു. അൽ മവാസിയെയും സുരക്ഷിത മേഖലയായാണ് കണക്കാക്കിയിരുന്നത്.



*ഇസ്രാഈൽ ബോംബാക്രമണത്തിൽ തകർന്ന കെട്ടിടം*

ഇസ്രാഈലി ടാങ്കുകൾ അപ്രതീക്ഷിതമായി അൽ മവാസിയിൽ നുഴഞ്ഞുകയറുകയും അഭയാർത്ഥി ക്യാമ്പുകൾക്കും താൽക്കാലിക ടെന്റുകൾക്കും നേരെ ഷെല്ലാക്രമണം നടത്തുകയുമായിരുന്നു. ഒരു ലക്ഷത്തിലധികം ഫലസ്തീനികൾ അൽ-മവാസി മേഖലയിൽ അഭയം തേടിയിട്ടുണ്ട്. എന്നാൽ ഈ മേഖലയിൽ നടത്തിയ അപ്രതീക്ഷിത ആക്രമണം അൽ അഖ്സ ആശുപത്രിയിലെ പ്രവർത്തനം താളംതെറ്റിച്ചിരിക്കുകയാണെന്ന് ലോകാരോഗ്യസംഘടന അറിയിച്ചു.

ഗസ്സയിലെ റെഡ്ക്രോസ് ഓഫീസിനു നേരെ കഴിഞ്ഞ ദിവസമുണ്ടായ ഷെല്ലാക്രമണത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് യൂറോപ്യൻ യൂണിയൻ വിദേശകാര്യ മേധാവി ജോസെപ്ബോറെൽ ആവശ്യപ്പെട്ടു. ആക്രമണത്തെ അപലപിച്ച അദ്ദേഹം സംഭവത്തിൽ സ്വതന്ത്ര അന്വേഷണം വേണമെന്ന് ആവശ്യപ്പെടുകയായിരുന്നു. അതിനിടെ ജറുസേലമിൽ തോക്ക് കൈവശം വെക്കുന്നതിന് നിയമം ഇളവ് വരുത്തിയതോടെ പെർമിറ്റിനായി അപേക്ഷിക്കുന്ന ഇസ്രാഈലി സ്ത്രീകളുടെ എണ്ണം ഗണ്യമായി ഉയർന്നതായി റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. ഒക്ടോബർ ഏഴിനു ശേഷം 42000 തോക്ക് പെർമിറ്റ് അപേക്ഷ ലഭിച്ചതായി ഇസ്രാഈൽ ദേശീയ സുരക്ഷാ മന്ത്രാലയം അറിയിച്ചു. ഇതിൽ 18000 അപേക്ഷകൾക്ക് പെർമിറ്റ് അനുവദിച്ചു.

ഗസ്സയെ അനുകൂലിച്ച് കൊളംബിയ യൂണിവേഴ്സ്റ്റിയിൽ പ്രതിഷേധം നടത്തിയ വിദ്യാർത്ഥികൾക്കെതിരായ കുറ്റങ്ങൾ പ്രോസിക്യൂട്ടർമാർ പിൻവലിച്ചു. ഗസ്സക്കെതിരായ ഇസ്രാഈലിന്റെ യുദ്ധത്തിൽ ലാഭമുണ്ടാക്കുന്ന കമ്പനികളിൽ നിക്ഷേപം നടത്തിയെന്നതിനായിരുന്നു കൊളംബിയ യൂണിവേഴ്സിറ്റിക്കെതിരെ വിദ്യാർത്ഥികൾ പ്രതിഷേധിച്ചത്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 23 ഞായർ
ഗൾഫ് ചന്ദ്രിക

### വിദേശ നിക്ഷേപത്തിൽ യുഎഇ രണ്ടാമത്

അബുദാബി: വിദേശ നിക്ഷേപം ഏറ്റവും കൂടുതൽ എത്തിയ രാജ്യങ്ങളിൽ ആഗോളത്തിൽ രണ്ടാം സ്ഥാനം യുഎഇക്ക്. 200 രാജ്യങ്ങളുടെ പട്ടികയിലാണ് അമേരിക്കക്ക് ശേഷം ഏറ്റവും കൂടുതൽ നിക്ഷേപമെത്തിയ രാജ്യമാകാൻ യുഎഇയ്ക്ക് സാധിച്ചത്. 2023ൽ 35 ശതമാനം വർദ്ധനയാണ് നിക്ഷേപത്തിൽ രേഖപ്പെടുത്തിയത്.




### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.75 ₹
1 ഒമാനി റിയാൽ 217.31 ₹
1 സൗദി റിയാൽ 22.26 ₹
1 ഖത്തർ റിയാൽ 22.96 ₹
1 കുവൈറ്റ് ദിനാർ 272.41 ₹
1 ബഹ്റൈൻ ദിനാർ 222.39 ₹

### സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 281.00
22 കാരറ്റ് 260.25
21 കാരറ്റ് 251.75
18 കാരറ്റ് 216.00



ഗൾഫ് വാർത്തകൾ

SHORT NEWS

### ബാഗേജ് ശ്രദ്ധിക്കണം

ദോഹ: യാത്രയിൽ മറ്റുള്ളവരുടെ ബാഗേജ് വഹിക്കുമ്പോൾ ശ്രദ്ധിക്കണമെന്ന് ഖത്തർ ആഭ്യന്തര മന്ത്രാലയത്തിന്റെ മുന്നറിയിപ്പ്. ബാഗ് വഹിക്കുന്നവർക്കായിരിക്കും നിയമപരമായ പൂർണ്ണ ഉത്തരവാദിത്വം. ബാഗേജുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടായാൽ അത് യാത്രാ നടപടികളെ ബാധിക്കുമെന്നും ആഭ്യന്തര മന്ത്രാലയം മുന്നറിയിപ്പ് നൽകി.

### കുവൈത്തിൽ രണ്ട് മണിക്കൂർ പവർകട്ട്

കുവൈത്ത് സിറ്റി: കുവൈത്തിൽ രണ്ട് മണിക്കൂർ വൈദ്യുതി പവർകട്ട് ഏർപ്പെടുത്തുമെന്ന് വൈദ്യുതി മന്ത്രാലയം. കനത്ത ചൂട് തുടരുന്നതിനാൽ വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായാണിത്. രാവിലെ 11 മണിക്കും വൈകീട്ട് 5 മണിക്കും ഇടയിലാണ് പവർകട്ട് നടപ്പാക്കുക.

### വാഹന നിയമം കടുപ്പിക്കുന്നു

അബുദാബി: അബുദാബിയിൽ വാഹനനിയമം ലംഘിക്കുന്നവർക്ക് കൂടുതൽ നടപടികളുമായി പോലീസ്. നിയമം ലംഘിക്കുന്നവർക്ക് 300 മുതൽ 3000 ദിർഹം വരെ പിഴ ഈടാക്കാനും ബ്ലാക്ക് പോയിന്റ്സ് നൽകാനും പോലീസ് തീരുമാനിച്ചിട്ടുണ്ട്.

### ഒമാനിൽ ഭാഗികമായി കനത്ത മഴ

മസ്കത്ത്: കനത്ത ചൂടിന് ആശ്വാസമായി ഒമാന്റെ വിവിധ പ്രദേശങ്ങളിൽ കനത്ത മഴ ലഭിച്ചു. ജബൽ അഖ്ദർ, മുദൈബി തുടങ്ങിയ പ്രദേശങ്ങളിലാണ് കാറ്റും ഇടിയും ചേർന്ന ശക്തമായ മഴ ലഭിച്ചത്. രാജ്യത്ത് താപനില 50 ഡിഗ്രി സെൽഷ്യസിനടുത്താണ്. ഇതിനിടയിൽ ലഭിച്ച മഴ ചൂടിന് ആശ്വാസം പകർന്നിട്ടുണ്ട്.



ഒമാനിൽ ഇന്നലെ മഴ പെയ്തപ്പോൾ

# യുഎഇ ചുട്ടുപൊള്ളുന്നു

## റെഡ് അലർട്ട് പ്രഖ്യാപിച്ചു :: ജാഗ്രതാ നിർദേശം

### കുട്ടികളെയും പ്രായമായവരെയും പ്രത്യേകം ശ്രദ്ധിക്കണം

അബുദാബി: കടുത്ത വേനലിൽ വെന്തുരുകി യുഎഇ. രാജ്യത്ത് വെള്ളിയാഴ്ച മുതൽ റെക്കോർഡ് താപനില രേഖപ്പെടുത്തി. ചൂടിനൊപ്പം അന്തരീക്ഷ ഈർപ്പവും വർധിച്ചതോടെ രാത്രിയും പകലും വ്യത്യാസമില്ലാതെ ഉരുകിയൊലിക്കുന്ന അവസ്ഥ. ഇന്നലെയും കഠിനമേറിയ ചൂട് തുടർന്നു. വേനൽകാലം തുടങ്ങിയ ശേഷം ഏറ്റവും ഉയർന്ന ചൂട് രേഖപ്പെടുത്തിയത് വെള്ളിയും ശനിയുമാണ്. ഇന്നലെ ചിലയിടങ്ങളിൽ ആകാശം മേഘാവൃതമായതോടെ മഴയും പ്രതീക്ഷിച്ചിരുന്നു. ചൂട് കനത്തതോടെ അന്തരീക്ഷ ഈർപ്പവും കൂടിയതിനാൽ രാത്രികാലങ്ങളിൽ വാഹനമോടിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

പലയിടത്തും കനത്ത മൂടൽ അനുഭവപ്പെടുന്നുണ്ട്. രാജ്യത്തെ ഏറ്റവും തീവ്രമായ വേനൽക്കാല ഘട്ടം ജൂലൈ പകുതിയോടെ ആരംഭിക്കുകയും ഓഗസ്റ്റ് അവസാനം വരെ തുടരുമെന്നുമാണ് കാലാവസ്ഥാ നിരീക്ഷകരുടെ വിലയിരുത്തൽ. യുഎഇയിലെ ചൂടേറിയ താപനില ഗുരുതരമായ ആരോഗ്യ അപകടങ്ങൾ സൃഷ്ടിക്കുമെന്ന് മുന്നറിയിപ്പുണ്ട്. നിരവധി രോഗങ്ങൾക്കും കാരണമാകുമെന്ന് ആരോഗ്യ വിദഗ്ദ്ധർ അറിയിച്ചു.

ചൂട് സ്ട്രോക്ക്, ചൂട് ക്ഷീണം എന്നിവയുടെ കേസുകൾ വർദ്ധിക്കുന്നതിനാൽ കഠിനമായ വേനൽ കാലാവസ്ഥയിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കാനും ആരോഗ്യവിദഗ്ദ്ധർ അറിയിക്കുന്നുണ്ട്. ഗുരുതരമായ നിർജ്ജലീകരണം ജീവൻ അപകടത്തിലാക്കും. കടുത്ത പേശിവലിവ്, കുറഞ്ഞ രക്തസമ്മർദ്ദം, വേഗത്തിലുള്ള നാഡിമിടിപ്പ്, തലവേദന, ഓക്കാനം, മലബന്ധം, കൈകളിലും കാലുകളിലും കാഠിന്യം അനുഭവപ്പെടുക, അമിത ദാഹം തുടങ്ങിയവയൊക്കെയാണ് ലക്ഷണങ്ങൾ.

നിർജ്ജലീകരണം വൃക്കകളുടെ പ്രവർത്തനവും താറുമാറാക്കും. ശരീരം അമിതമായി ചൂടാകുകയും സ്വയം തണുക്കാൻ കഴിയാതെ വരികയും അമിതമായ അളവിൽ വെള്ളവും ലവണങ്ങളും വിയർപ്പിലൂടെ നഷ്ടപ്പെടുകയും ചെയ്യുന്നതാണ് പ്രധാന അപകടം. അധിക ഭാരമുള്ള വ്യക്തികൾ, ശിശുക്കൾ, കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ എന്നിവരെല്ലാം ദുർബലരായ വിഭാഗത്തിൽപ്പെടുന്നവരാണെന്നും ചൂടിൽനിന്ന് സുരക്ഷ തേടണമെന്നുമാണ് നിർദ്ദേശം. ഇത്തരക്കാർ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കണം. അമ്പത് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുള്ളതിനാൽ ശാരീരികമായി അവശതയനുഭവിക്കുന്നവർ പരമാവധി പുറത്തിറങ്ങാതെ ശ്രദ്ധിക്കണമെന്നും നിർദ്ദേശമുണ്ട്.

### മക്കയിലും മദീനയിലും ജുമുഅ ഖുത്തുബ ചുരുക്കും

ചൂട് കനത്തതോടെ മക്കയിലും മദീനയിലും ജുമുഅ ഖുത്തുബയും നമസ്കാരവും 15 മിനുട്ടായി ചുരുക്കും. സമയദൈർഘ്യം കുറയ്ക്കാൻ സൗദി ഗവൺമെന്റ് നിർദേശം നൽകി. ജുമുഅ നമസ്കാരത്തിനുള്ള ആദ്യത്തെ ബാങ്ക് വിളിയും വൈകിപ്പിക്കണം. വേനൽക്കാലം അവസാനിക്കും വരെ ഈ സമയക്രമമാണ് പാലിക്കേണ്ടത്.

# സലാലയിലേക്ക് സഞ്ചാരികളുടെ ഒഴുക്ക് തുടരുന്നു

### യാത്രക്കാർക്ക് പൊലീസിന്റെ മാർഗ നിർദേശം

മസ്കത്ത്: സലാലയിൽ ഖരീഫ് സീസൺ ആരംഭിച്ചതോടെ സഞ്ചാരികളുടെ ഒഴുക്കും തുടങ്ങി. ഒമാൻ സുൽത്താനേറ്റിലെ ദോഫാർ ഗവർണറേറ്റിൽ സ്ഥിതി ചെയ്യുന്ന സലാലയിലേക്ക് വിവിധ ഗൾഫ് രാജ്യങ്ങളിൽ നിന്നും വിമാനയാത്രക്ക് പുറമെ അധികമാളുകളും റോഡ് മാർഗമാണ് എത്തിച്ചേരുന്നത്. റോഡ് മാർഗം വരുന്നവർക്ക് ഒമാൻ അധികൃതർ കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഏകദേശം 75.1 ശതമാനം അഥവാ 722,795 സന്ദർശകർ റോഡ് മാർഗം ഒമാന്റെ തെക്ക് ഭാഗത്തുള്ള ദോഫാറിലേക്ക് യാത്ര ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

2019ൽ 610,491 പേരും 2022ൽ 647,301 സന്ദർശകർ എത്തിയിരുന്നു. താരതമ്യേന, 24.9 ശതമാനം അല്ലെങ്കിൽ 239,401 സന്ദർശകർ മാത്രമാണ് വിമാനത്തിൽ യാത്ര ചെയ്തത്. ഖരീഫ് സീസണിൽ ദോഫാർ ഗവർണറേറ്റിലെ ഇന്ധനം നിറയ്ക്കുന്ന സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ അളവ് കണക്കാക്കിയാണ് കരമാർഗം യാത്ര ചെയ്യുന്ന ഒമാനിൽ നിന്നുള്ളവർ ഉൾപ്പെടെയുള്ള ജിസിസി പൗരന്മാരുടെയും താമസക്കാരുടെയും എണ്ണം തിട്ടപ്പെടുത്തിയത്.

കഴിഞ്ഞ വർഷം ആകെയുള്ള 666,307 ഖരീഫ് വിനോദസഞ്ചാരികളിൽ 190,853 പേർ ജിസിസി രാജ്യങ്ങളിൽ നിന്നുള്ളവരാണ്, മുൻവർഷത്തേക്കാൾ 19.8 ശതമാനം വർധന. 12 മണിക്കൂർ 1,200 കിലോമീറ്റർ ദൈർഘ്യമുള്ള പാതയിൽ സാധാരണയായി രാത്രിയിൽ വാഹനമോടിക്കുന്നവർ ചില മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് റോയൽ ഒമാൻ പോലീസ് റോഡ് ഉപയോക്താക്കളോട് അഭ്യർത്ഥിച്ചു. വിൻഡ്ഷീൽഡിന്റെ അകത്തും പുറത്തും പൊടിപടലങ്ങൾ അടിഞ്ഞുകൂടുന്നത് രാത്രിയിൽ കാഴ്ചയെ തടസ്സപ്പെടുത്തുന്നതിനാൽ നല്ലരീതിയിൽ വൃത്തിയാക്കണമെന്ന് പോലീസ് നിർദ്ദേശിച്ചു. ഹെഡ് ലൈറ്റുകളും ടെയിൽലൈറ്റുകളും പരിശോധിച്ച് അവ നല്ല നിലയിലാണെന്ന് ഉറപ്പാക്കുക. സൂര്യാസ്തമയത്തിന് ഒരു മണിക്കൂർ മുമ്പ് നിങ്ങളുടെ കാർ ലൈറ്റുകൾ ഓണാക്കണം. ഇത് മറ്റു വാഹനങ്ങളിലെ ഡ്രൈവർമാർക്ക് പെട്ടെന്ന വാഹനത്തെ തിരിച്ചറിയാൻ കഴിയും. നിങ്ങളുടെ നേരെ വരുന്ന കാറുകളുടെ ഹെഡ്‌ലൈറ്റുകളിലേക്ക് നേരിട്ട് നോക്കാതിരിക്കാൻ ശ്രമിക്കണം.




പകരം റോഡിലെ വെളുത്ത വരയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വലത്തോട്ടും ഇടത്തോട്ടും നോക്കാൻ പരമാവധി ശ്രമിക്കുക. കാറിന്റെ ഹെഡ്‌ലൈറ്റുകൾ നിങ്ങളുടെ കണ്ണുകളെ ബാധിക്കാതിരിക്കാൻ ഇത് സഹായിക്കും. കൂടാതെ സുരക്ഷിതമായ അകലം പാലിക്കണമെന്നും പോലീസ് പറയുന്നു. വേഗത കുറയ്ക്കുന്നതും കൂട്ടിയിടികൾ ഒഴിവാക്കുന്നതും എല്ലാ യാത്രക്കാരുടെയും ജീവൻ രക്ഷിക്കുന്നതിനും അകലം ഗുണം ചെയ്യും. രാത്രിയിൽ കാർ പെട്ടെന്ന് നിർത്തുകയാണെങ്കിൽ, അത് റോഡിന്റെ സൈഡിൽ പാർക്ക് ചെയ്യുക, ഹസാർഡ് ലൈറ്റുകൾ ഓണാക്കുക, എല്ലാ ലൈറ്റുകളും ഓണാക്കുക, കാണാനുള്ള സാധ്യത വർദ്ധിപ്പിക്കുക. രാത്രികാലങ്ങളിൽ കാൽനട യാത്രക്കാരെ ശ്രദ്ധിക്കണമെന്നും പോലീസ് നിർദ്ദേശിക്കുന്നു. മൂടൽമഞ്ഞുള്ള കാലാവസ്ഥയിൽ കുറഞ്ഞ കാഴ്ചയിൽ വാഹനങ്ങൾ ഓടിക്കുമ്പോൾ ജാഗ്രത പാലിക്കാനും എല്ലാ മുൻകരുതലുകളും സ്വീകരിക്കാനും വിദഗ്ധർ ഉപദേശിക്കുന്നു.

യാത്ര ആരംഭിക്കുന്നതിന് മുമ്പ് കാറിലെ കണ്ണാടികൾ വൃത്തിയാക്കുക, ഗ്ലാസിൽ നിന്ന് നീരാവി നീക്കം ചെയ്യുന്നതിനായി വെന്റിലേഷൻ ദ്വാരങ്ങളും ഗ്ലാസ് ക്ലീനിംഗ് വൈപ്പറുകളും ഉപയോഗിക്കുക. ഗ്ലാസിലും ജനലുകളിലും നീരാവി പറ്റിപിടിക്കുന്നത് വേഗത്തിൽ നീക്കം ചെയ്യാൻ, ഉയർന്ന താപനിലയിൽ കാറിന്റെ എയർകണ്ടീഷണർ ഉപയോഗിക്കാൻ ശുപാർശ ചെയ്യുന്നു. സലാലയിലേക്കുള്ള റോഡ് അപകട സാധ്യത ഏറെയുള്ളതിനാൽ വളരെ ശ്രദ്ധയോടെ വാഹനം ഓടിക്കണമെന്നാണ് പൊതുവെയുള്ള നിർദ്ദേശം.

# ഭക്ഷ്യസുരക്ഷക്കായി ആധുനിക കൃഷിരീതികൾ നടപ്പാക്കി അബുദാബി

### അൽഐനിലെ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വിവിധയിനം ഫലങ്ങൾ വിളയിക്കുന്നു

അബുദാബി: കാർഷിക സുസ്ഥിരതക്കും ഭക്ഷ്യസുരക്ഷക്കുമായി ആധുനിക കൃഷിരീതികൾ വ്യാപകമാക്കി അബുദാബി. അബുദാബി അഗ്രികൾച്ചർ ആൻഡ് ഫുഡ് സേഫ്റ്റി അതോറിറ്റിയാണ് നൂതന പരിപാടികളിലൂടെയും പദ്ധതികളിലൂടെയും കാർഷിക സുസ്ഥിരത കൈവരിക്കുന്നതിനും കാർഷിക മേഖലയെ മെച്ചപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ തുടരുന്നത്. കൊറിയയുമായുള്ള പങ്കാളിത്തത്തോടെയാണ് മികച്ചതും ആധുനികവുമായ കാർഷിക രീതികൾ നടപ്പിലാക്കുന്നത്. ഗവേഷണ വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന മൂന്ന് പ്രായോഗിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ അതോറിറ്റി പ്രവർത്തിപ്പിക്കുന്നു. ഈ സ്റ്റേഷനുകൾ രാജ്യത്തിന്റെ പരിസ്ഥിതിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ കാർഷിക സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയും അവലംബിക്കുകയും ചെയ്യുന്നു.

ഒപ്റ്റിമൽ റിസോഴ്സ് ഉപയോഗം ഉറപ്പാക്കുകയും മണ്ണ്, കാലാവസ്ഥ, ജല ദൗർലഭ്യം എന്നിവ പരിഹരിക്കുകയും ചെയ്യുന്നു. ആധുനിക ജലസേചന സംവിധാനങ്ങൾ, സംയോജിത കീട നിയന്ത്രണം, സസ്യരോഗ നിയന്ത്രണം, വിള കൃഷി, കന്നുകാലി വികസനം എന്നിവയുൾപ്പെടെ നൂതന രീതികളിലും ആധുനിക കാർഷിക സാങ്കേതിക കൈമാറ്റത്തിലും പരിചയസമ്പന്നരായ ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത്. കാർഷിക ഗവേഷണത്തിലും സാങ്കേതികവിദ്യയിലും സഹകരണം ഉറപ്പാക്കുന്നതിന് 2019 മെയ് മാസത്തിൽ കൊറിയ റൂറൽ ഡെവലപ്മെന്റ് അഡ്മിനിസ്ട്രേഷനുമായി ധാരണാപത്രം ഒപ്പുവച്ചു. ഈ പങ്കാളിത്തമാണ് അൽ ഐനിലെ അൽ കുവൈത്ത് റിസർച്ച് സ്റ്റേഷനിൽ നടത്തിയ പദ്ധതി. 1969ൽ സ്ഥാപിതമായ അൽ ഐനിലെ കുവൈത്ത് റിസർച്ച് സ്റ്റേഷൻ 50.6 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്നു. ഭക്ഷ്യസുരക്ഷയും പരിസ്ഥിതി സുസ്ഥിരതയും കൈവരിക്കുന്നതിനുള്ള നൂതന ഗവേഷണങ്ങളിലാണ് കേന്ദ്രം ശ്രദ്ധ ചെലുത്തുന്നത്. ഇത് പ്രാദേശികവും അന്തർദേശീയവുമായ ഗവേഷണ കേന്ദ്രങ്ങളുമായും സർവ്വകലാശാലകളുമായും സഹകരിക്കുന്നു. കാർഷിക വിദ്യാർത്ഥികളെയും ബിരുദധാരികളെയും ഇവിടെ പരിശീലിപ്പിക്കുന്നുണ്ട്.



അൽഐൻ കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഹൈടെക് കൃഷി രീതി

കൊറിയയുഎഇ സ്മാർട്ട് ഫാം റിസർച്ച് പ്രോജക്ടിന് കീഴിൽ, വിവിധ പഴങ്ങളും പച്ചക്കറികളും വളർത്തുന്നതിന് ഹൈഡ്രോപോണിക് സംവിധാനത്തിനൊപ്പം മരുഭൂമിയിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഒരു ഹരിതഗൃഹ മാതൃക വികസിപ്പിച്ചെടുത്തു. ഈ ഹരിതഗൃഹം 2,070 ചതുരശ്ര മീറ്ററിൽ വ്യാപിച്ചുകിടക്കുന്നു, മണ്ണ് കുറഞ്ഞ കൃഷി പരീക്ഷണങ്ങൾക്കായി 1,536 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്. സ്വദേശികളായ ഗവേഷകരും വിദ്യാർത്ഥികളും ഇവിടെ സജീവമായി പ്രവർത്തിക്കുന്നു. ഖലീഫ സർവകലാശാലയുമായി സഹകരിച്ച്, ഉൽപ്പാദനക്ഷമതയും പാരിസ്ഥിതിക സുസ്ഥിരതയും മെച്ചപ്പെടുത്തുന്നതിനും വിളയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും വിഭവങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനുമായി അതോറിറ്റി ഒരു ആധുനിക കാർഷിക സാങ്കേതിക പരിപാടി നടപ്പിലാക്കുന്നുണ്ട്.

# ദുബൈ മോഡലിൽ ഡൽഹി വിമാനത്താവളത്തിലും ഇഗേറ്റ്

ദുബൈ: യുഎഇയിലുള്ള പ്രവാസികൾക്ക് പരിചിതമായ ഇഗേറ്റ് സംവിധാനം ആദ്യമായി ഡൽഹി ഇന്ദിരാഗാന്ധി രാജ്യാന്തര വിമാനത്താവളത്തിൽ ഏർപ്പെടുത്തി. ആദ്യഘട്ടത്തിൽ ഇന്ത്യൻ പൗരന്മാർക്കും മറ്റ് രാജ്യങ്ങളിൽ നിന്ന് വരുന്ന ഒസിഐ യാത്രക്കാർക്കും ഈ സംവിധാനം ഉപയോഗിക്കാം.



ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യ സംരംഭമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം ഡൽഹിയിലെ ടെർമിനൽ 3 ൽ ഉദ്ഘാടനം ചെയ്തു. ഓട്ടോമേറ്റഡ് ഗേറ്റുകളിലൂടെ ഇമിഗ്രേഷൻ നടപടികൾ എളുപ്പമാക്കി യാത്ര വേഗത്തിലാക്കാം. എല്ലാ യാത്രക്കാർക്കും ഈ സൗകര്യം സൗജന്യമായി ലഭ്യമാകും. അന്താരാഷ്ട്ര യാത്രക്കാർക്കായി വേഗമേറിയതും സുഗമവും സുരക്ഷിതവുമായ ഇമിഗ്രേഷൻ ക്ലിയറൻസിനായി ഈ പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നു. രണ്ട് ഘട്ടങ്ങളിലായാണ് പരിപാടി നടപ്പാക്കുക. ആദ്യഘട്ടത്തിൽ ഇന്ത്യൻ പൗരന്മാർക്കും ഒസിഐ കാർഡ് ഉടമകൾക്കും രണ്ടാം ഘട്ടത്തിൽ വിദേശ യാത്രക്കാർക്കും പരിരക്ഷ ലഭിക്കും. രാജ്യത്തെ 21 പ്രധാന വിമാനത്താവളങ്ങളിൽ എഫ്ടിഐടിപി ആരംഭിക്കും.

ആദ്യഘട്ടത്തിൽ ഡൽഹി വിമാനത്താവളത്തിനൊപ്പം മുംബൈ, ചെന്നൈ, കൊൽക്കത്ത, ബംഗളൂരു, ഹൈദരാബാദ്, കൊച്ചി, അഹമ്മദാബാദ് എന്നീ ഏഴ് പ്രധാന വിമാനത്താവളങ്ങളിലാണ് ഇത് ആരംഭിക്കുന്നത്.

### സ്വതന്ത്രരാക്കിയ ഫാൽക്കണുകളുടെ എണ്ണം 2,274

അബുദാബി: ശൈഖ് സായിദ് ഫാൽക്കൺ റിലീസ് പ്രോഗ്രാമിന്റെ 30ാം വാർഷികം വിജയിച്ചതോടെ പ്രകൃതിയിലേക്ക് യുഎഇ തിരിച്ചയച്ച ഫാൽക്കണുകളുടെ എണ്ണം 2,274 ആയി. ഫാൽക്കൺ പക്ഷികളെ സ്വതന്ത്രരാക്കുന്ന ഈ പദ്ധതി രാഷ്ട്രപിതാവ് ശൈഖ് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാനാണ് തുടങ്ങിവച്ചത്. നിലവിലെ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ രക്ഷാകർതൃത്വത്തിലും അൽദഫ്ര പ്രതിനിധി ശൈഖ് ഹംദാൻ ബിൻ സായിദ് അൽ നഹ്യാന്റെ നേതൃത്വത്തിലുമാണ് പദ്ധതി തുടർന്നു വന്നത്. കഴിഞ്ഞ 30 വർഷമായി തുടരുന്ന പദ്ധതിയുടെ ഭാഗമായി പാരിസ്ഥിതിക സമ്മർദത്തിന് വിധേയരായ സാക്കർ,പെരെഗ്രിൻ ഫാൽക്കണുകളെയാണ് സ്വതന്ത്രരാക്കുന്നത്. ഇന്റർനാഷണൽ ഫണ്ട് ഫോർ ഹൂബാറ കൺസർവേഷൻ (IFHC), അബുദാബി ഫാൽക്കൺ ഹോസ്പിറ്റൽ (ADFH) എന്നിവയുടെ പങ്കാളിത്തത്തോയും പ്രസിഡൻഷ്യൽ കോടതി പ്രത്യേകകാര്യ ഉപദേഷ്ടാവ് ഓഫീസ്, കസഖിസ്ഥാൻ യുഎഇ എംബസി എന്നിവയുടെ പിന്തുണയോടെയുമാണ് പദ്ധതി നടപ്പാക്കിയത്. ഈ വർഷത്തെ 30ാം പതിപ്പിൽ കസഖ് കൃഷി മന്ത്രാലയത്തിലെ വനംവന്യജീവി സമിതിയുടെ മേൽനോട്ടത്തിൽ 38 പെരെഗ്രിൻ ഫാൽക്കണുകളും 25 സാക്കർ ഫാൽക്കണുകളും അടങ്ങുന്ന 63 ഫാൽക്കണുകളെ സ്വതന്ത്രരാക്കുന്ന പദ്ധതി വിജയകരമായി പൂർത്തിയാക്കിയെന്ന് അബുദാബി മീഡിയ ഓഫീസ് അറിയിച്ചു.



ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 23 ഞായർ
ഗൾഫ് ചന്ദ്രിക





## ഓൺലൈൻ തട്ടിപ്പിനെതിരെ റാസൽഖൈമ പൊലീസ്

റാസൽ ഖൈമ: ഓൺലൈൻ തട്ടിപ്പിനെതിരെ റാസൽഖൈമ പോലീസ് കാമ്പയിൻ തുടങ്ങി. ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് മീഡിയ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പാണ് കാമ്പയിന് നേതൃത്വം നൽകുന്നത്. വ്യക്തികളുടെ സ്വകാര്യ വിവരങ്ങളും സാമ്പത്തിക വിവരങ്ങളും സംരക്ഷിക്കുന്നതിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുകയാണ് കാമ്പയിനിന്റെ ലക്ഷ്യം.

## മൊറോക്കോ സാംസ്കാരികോത്സവത്തിൽ അബുദാബിയും

അബുദാബി: മൊറോക്കോയിൽ നടക്കുന്ന ടാൻടാൻ സാംസ്കാരികോത്സവത്തിൽ പങ്കെടുക്കാൻ അബുദാബിയും. അബുദാബി ഹെറിറ്റേജ് അതോറിറ്റി, വിവിധ പൈതൃക സംരക്ഷണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് മൊറോക്കോയുടെ തെക്കൻ മേഖലയിൽ ജൂൺ 26 മുതൽ 30 വരെ നടക്കുന്ന ടാൻടാൻ സാംസ്കാരികോത്സവത്തിൽ പങ്കെടുക്കാൻ ഒരുങ്ങുന്നത്. '20 വർഷത്തെ സംരക്ഷണവും മനുഷ്യവികസനവും' എന്ന പ്രമേയത്തിൽ മുഹമ്മദ് ആറാമൻ രാജാവിന്റെ നേതൃത്വത്തിലാണ് ഇത്തവണമൊറോക്കയിൽ ടാൻടാൻ സാംസ്കാരികോത്സവം നടക്കുന്നത്.



ഗൾഫ് വാർത്തകൾ



കാസർകോട് ജില്ലാ ബഹ്റൈൻ കെഎംസിസി പ്രവർത്തനോദ്ഘാടനം സംസ്ഥാന പ്രസിഡന്റ് ഹബീബ് റഹ്മാൻ നിർവഹിക്കുന്നു

## കാസർകോട് ജില്ലാ ബഹ്റൈൻ കെഎംസിസി പ്രവർത്തനോദ്ഘാടനം

മനാമ: ബഹ്റൈൻ കെഎംസിസി കാസർകോട് ജില്ലാ കമ്മറ്റിയുടെ 2024-2025 വർഷത്തെ പ്രവർത്തന പദ്ധതിയുടെ ഉദ്ഘാടനം കെഎംസിസി ആസ്ഥാന മന്ദിരത്തിൽ നടന്നു. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി കെഎംസിസി സംസ്ഥാന പ്രസിഡന്റ് ഹബീബ് റഹ്മാൻ ഉദ്ഘാടനം ചെയ്തു. കാസർകോട് ജില്ലാ പ്രസിഡന്റ് അഷ്റഫ് മഞ്ചേശ്വരം അധ്യക്ഷനായി. മഞ്ചേശ്വരം എം.എൽ.എ എ.കെ.എം അഷ്റഫ് മുഖ്യപ്രഭാഷണം നടത്തി.

2024-25 വർഷത്തേക്കുള്ള കർമപദ്ധതി മുസ്തഫ സുങ്കതകട്ട അവതരിപ്പിച്ചു. പ്രവാസികളായ കെഎംസിസി കാസർകോട് ജില്ലയിലെ പ്രവർത്തകർക്ക് മുൻഗണന നൽകിയുള്ള പ്രവർത്തനങ്ങളാണ് കൂടുതലും പ്രഖ്യാപിച്ചിട്ടുള്ളത്. ജില്ലാ കമ്മറ്റി മെമ്പർമാരുടെ 10,+2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനവും അൽഹിലാൽ ഹോസ്പിറ്റലുമായി സഹകരിച്ചു കാസർകോട് ജില്ലാ കെഎംസിസി പ്രവർത്തകർക്കുള്ള ഡിസ്കൗണ്ട് കാർഡിന്റെ ലോഞ്ചിങ്ങും ചടങ്ങിൽ നടന്നു.

ജില്ലാ കമ്മറ്റി പ്രഖ്യാപിച്ച ബിസിനസ് അവാർഡ് ഖലീൽ സ്പെക്ട്രത്തിന് എ.കെ.എം അഷ്റഫ് എം.എൽ.എ നൽകി. ബഹ്റൈനിലെ സാമൂഹിക,സാംസ്കാരിക,ചാരിറ്റി മേഖലയിൽ തിളങ്ങി നിൽക്കുന്നവരെ ചടങ്ങിൽ ആദരിച്ചു. ലത്തീഫ് ഉപ്പള,റിയാസ് കാസഅറേബ്യ, അബ്ദുൽറസാഖ് ഹാജി,ഷാഫി പാറക്കട്ട,സലീം തളങ്കര,റഹീം ബാവ കുഞ്ഞ്,ഷംസു ചിക്കറ്റ് അറേബ്യ,കലന്തർ,യൂസുഫ് ഉപ്പള,പികെ ഹനീഫ് തുടങ്ങിയവർ ആദരവ് ഏറ്റുവാങ്ങി.

മുസ്ലിം യൂത്ത്ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് അഷ്റഫ് എടനീർ, കെഎംസിസി ബഹ്റൈൻ സംസ്ഥാന ജനറൽ സെക്രട്ടറി ഹസൈനാർ കളത്തിങ്കൽ,സമസ്ത ബഹ്റൈൻ ജനറൽ സെക്രട്ടറി അബ്ദുൽ വാഹിദ്, കെഎംസിസി ബഹ്റൈൻ സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ഷാഫി പാറക്കട്ട,സലിം തളങ്കര തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ജില്ലാ ഭാരവാഹികളായ അബ്ദുല്ല പുത്തൂർ, ഖാദർ പൊവ്വൽ, ഖലീൽ ചെംനാട്, ഫാഹിസ് തളങ്കര, മഹറൂഫ് തൃക്കരിപ്പൂർ,സലിം കാഞ്ഞങ്ങാട്, റിയാസ് കാഞ്ഞങ്ങാട് എന്നിവർ നേതൃത്വം നൽകി. ജില്ലാ ജനറൽ സെക്രട്ടറി റിയാസ് പട്ള സ്വാഗതവും ട്രഷറർ അച്ചു പൊവ്വൽ നന്ദിയും പറഞ്ഞു.



എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ഷാർജ മഹാത്മാഗാന്ധി കൾച്ചറൽ ഫോറം ആദരിച്ചപ്പോൾ

## ഷാർജ എം.ജി.സി.എഫ് പ്രതിഭാദരം'24

ഷാർജ: എസ്.എസ്.എൽ.സി,പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ഷാർജ മഹാത്മാഗാന്ധി കൾച്ചറൽ ഫോറം ആദരിച്ചു. ഷാർജ ഇന്ത്യൻ അസോസിയേഷൻ കോൺഫറൻസ് ഹാളിൽ നടന്ന അനുമോദന ചടങ്ങ് ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് നിസാർ തളങ്കര ഉദ്ഘാടനം ചെയ്തു. മഹാത്മാഗാന്ധി കൾച്ചറൽ ഫോറം പ്രസിഡന്റ് പ്രഭാകരൻ പന്ത്രോളി അധ്യക്ഷനായി. ഇന്ത്യൻ അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീപ്രകാശ് പുറയത്ത്, ട്രഷറർ ഷാജി ജോൺ,വൈസ് പ്രസിഡന്റ് പ്രദീപ് നെന്മാറ, ഷാർജ ഇന്ത്യൻ സ്കൂൾ പ്രിൻസിപ്പൽമാരായ പ്രമോദ് മഹാജൻ, മുഹമ്മദ് അമീൻ, ഓഡിറ്റർ ഹരിലാൽ, മാനേജിങ് കമ്മിറ്റി അംഗങ്ങളായ യൂസഫ് സഗീർ, പ്രഭാകരൻ പയ്യന്നൂർ, അബ്ദുൽ മനാഫ് മാട്ടൂൽ, അനീഷ് എൻ.പി,മധു എ.വി. നസീർ കുനിയിൽ തുടങ്ങിയവർ പങ്കെടുത്തു. മഹാത്മാഗാന്ധി കൾച്ചറൽ ഫോറം ജനറൽ സെക്രട്ടറി ഗഫൂർ പാലക്കാട് സ്വാഗതവും, ട്രഷറർ ജോർജ് ആന്റണി നന്ദിയും പറഞ്ഞു. ഷാർജ ഇന്ത്യൻ സ്കൂളിൽ നിന്ന് 10,12 ക്ലാസുകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെയും, എം.ജി.സി.എഫ് അംഗങ്ങളുടെ കുട്ടികളെയും ഉപഹാരങ്ങളും സർട്ടിഫിക്കറ്റുകളും നൽകി ആദരിച്ചു.

# രക്തദാന കാമ്പയിനുമായി ദുബൈ പോലീസ്

ദുബൈ: ദുബൈ പോലീസിന്റെ നേതൃത്വത്തിൽ നടന്ന രക്തദാന കാമ്പയിനിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 100ലധികം യുഎഇ നിവാസികൾ രക്തം ദാനം ചെയ്യാൻ ഒത്തുകൂടി. സമൂഹത്തിൽ രക്തദാന സംസ്കാരം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പോസിറ്റീവ് സ്പിരിറ്റ്, ദുബൈ പോലീസ് ഹെൽത്ത് ക്ലബ്, നവി സ്പോർട്സ് ക്ലബ് എന്നിവയുടെ സഹകരണത്തോടെയാണ് കാമ്പയിൻ നടത്തിയത്. പോസിറ്റീവ് സ്പിരിറ്റ് കൗൺസിൽ ഡയറക്ടർ ഫാത്തിമ ബുഹാജീർ രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സമൂഹത്തിൽ ഇതിന്റെ പങ്കാളിത്തത്തിന്റെ ആവശ്യകതയെക്കുറിച്ചും ഊന്നിപ്പറഞ്ഞു.

ഉദ്യോഗസ്ഥർ, സിവിലിയൻമാർ, വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള വ്യക്തികൾ രക്തദാന കാമ്പയിനിൽ പങ്കെടുത്തു. ഇത് ഒരു ദേശീയ കടമയായി കാണണമെന്നും ഇത് ദാതാക്കൾക്കും ആവശ്യമുള്ളവർക്കും പ്രയോജനം ചെയ്യുമെന്നും സാമൂഹിക ഐക്യദാർഢ്യം, സന്നദ്ധപ്രവർത്തനം എന്നിവയുടെ സംസ്കാരം ശക്തിപ്പെടുത്തുമെന്നും അവർ പറഞ്ഞു.



ദുബൈ പൊലീസിന്റെ രക്തദാന കാമ്പയിനിൽ നിന്ന്



അബുദാബിയിൽ ദാറുൽ ഹുദാ സിപെറ്റിനു കീഴിലെ മഹ്ദിയ്യ കോഴ്സിന്റെ പഠനാരംഭത്തിന് സയ്യിദ് റഫീഖുദ്ദീൻ തങ്ങൾ നേതൃത്വം നൽകുന്നു

## മഹ്ദിയ്യ കോഴ്സ് പഠനാരംഭം

അബുദാബി: അബുദാബി റീഡ് കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹയർ സെക്കന്ററി വിദ്യാർത്ഥിനികൾക്കായി ദാറുൽ ഹുദാ ഇസ്ലാമിക് യൂണിവേഴ്സിറ്റിയുടെ മഹദിയ്യ കോഴ്സിന്റെ പഠനാരംഭം കുറിച്ചു. സയ്യിദ് റഫീഖുദ്ദീൻ തങ്ങൾ നേതൃത്വം നൽകി. ഇത് ആദ്യമായാണ് ഇന്ത്യക്ക് പുറത്ത് മഹ്ദിയ്യ കോഴ്സ് ആരംഭിക്കുന്നത്. സാമൂഹിക ശാക്തീകരണ മേഖലകളിൽ സുപ്രധാന പങ്കുവഹിക്കുന്ന സ്ത്രീ സമൂഹത്തെ ധാർമിക മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിതം നയിക്കുന്നവരും വിദ്യാസമ്പന്നരുമാക്കുന്നതോടൊപ്പം സാമൂഹിക പ്രതിബദ്ധതയുള്ളവരും കാലോചിതമായി പ്രബോധന പ്രവർത്തനങ്ങൾ നടത്താൻ പ്രാപ്തിയുള്ളവരുമാക്കുക എന്ന ലക്ഷ്യത്തോടെ ഹയർസെക്കന്ററി, ഡിഗ്രി തലത്തിൽ പഠനം നടത്തുന്ന വിദ്യാർഥിനികൾക്ക് ഭൗതിക പഠനത്തോടൊപ്പം മതപഠനം ഉറപ്പുവരുത്താൻ ദാറുൽ ഹുദാ പൊതുവിദ്യാഭ്യാസ വിഭാഗമായ സിപെറ്റിനു കീഴിൽ നടന്നുവരുന്ന വിദ്യാഭ്യാസ സംരംഭമാണ് മഹ്ദിയ്യ കോഴ്സ്. ഇസ്ലാമിക മതപഠന മേഖലയിലെ പാരമ്പര്യ ഗ്രന്ഥങ്ങളും സമകാലിക വിഷയങ്ങൾ ചർച്ചചെയ്യുന്ന പാഠപുസ്തകങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേകം തയാറാക്കിയ ബൃഹത്തായ പാഠ്യപദ്ധതിയാണിത്.

അക്കാദമിക് പഠനത്തോടൊപ്പം സമഗ്രമായ മതവിദ്യാഭ്യാസവും പ്രദാനം ചെയ്യുന്നതിനാണ് മഹദിയ്യ കോഴ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇത് നമ്മുടെ വിദ്യാർത്ഥിനികൾക്ക് പരിശുദ്ധ ദീനിനെ അടുത്തറിയാനുള്ള മികച്ച അവസരമാണ്. വിദ്യാർത്ഥികളുടെ തിരക്കേറിയ പഠന പഠനേതര ജീവിതത്തെയും അബുദാബിയുടെ പ്രത്യേക സാഹചര്യങ്ങളെയും ഉൾക്കൊള്ളുന്ന രീതിയിലാണ് കോഴ്സ് തയ്യാർ ചെയ്തിരിക്കുന്നത്. ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം അഞ്ചു മണിമുതൽ ഏഴ് മണി വരെയാണ് ക്ലാസുകൾ നടക്കുന്നത്. പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പഠനം നടത്തുന്ന പെൺകുട്ടികൾക്കാണ് കോഴ്സിലേക്ക് അഡ്മിഷൻ നൽകുന്നത്. കൂടുതൽ വിവരങ്ങൾക്കും കോഴ്സിൽ എൻറോൾ ചെയ്യുന്നതിനും 025855145, 0506855145 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. അൽ ഇഫ്തിതാഹ് പഠനാരംഭ ചടങ്ങിന് റീഡ് കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ കെ.പി അബ്ദുൽ കബീർ ഹുദവി അധ്യക്ഷക്ഷനായി. ഓപ്പറേഷൻസ് ഓഫീസർ മുഹമ്മദ് സുഹൈർ ഹുദവി സ്വാഗതം പറഞ്ഞു.

## സൈബർ സുരക്ഷയിൽ സൗദി മുന്നിൽ

ജിദ്ദ: ആഗോള സൈബർ സുരക്ഷയിൽ സൗദി അറേബ്യ മുന്നിൽ. സ്വിസ് ആസ്ഥാനമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് റാങ്കിങ്ങിൽ സൗദി ഒന്നാം സ്ഥാനത്തെത്തിയത്. സൈബർ സുരക്ഷയിൽ സൗദി പാലിക്കുന്ന കർശന നിലപാടാണ് ഉയർന്ന റാങ്കിങ്ങിലേക്ക് വഴിയൊരുക്കിയത്. സൗദി നാഷണൽ സൈബർ സെക്യൂരിറ്റി അതോറിറ്റി ഡയറക്ടർ ബോർഡ് ചെയർമാൻ ഡോ.മുസൈദ് അൽഐബാൻ ഈ നേട്ടത്തിൽ സൗദി ഗവൺമെന്റിനെ അഭിനന്ദിച്ചു. കിരീടാവകാശി മുഹമ്മദ് ബിൻ സൽമാന്റെ മാർഗനിർദ്ദേശവും നിരന്തരമായ മേൽനോട്ടവുമാണ് ഈ വിജയത്തിലേക്ക് വഴിയൊരുക്കിയതെന്ന് ഡോ.ഐബാൻ പറഞ്ഞു



## ക്രിക്കറ്റ് മത്സരത്തിനിടെ മരിച്ച താരത്തിന് ആദരാഞ്ജലി

ഷാർജ: വിഷൻ ക്രിക്കറ്റ് ഗ്രൗണ്ടിൽ മത്സരത്തിനിടെ മരിച്ച മന്ദീപ് സിങ്ങിന്റെ നിര്യാണത്തിൽ ക്രിക്കറ്റ് പ്രേമികളുടെയും സഹതാരങ്ങളുടെയും ആദരാഞ്ജലി. കഴിഞ്ഞ 20ന് രാത്രി നടന്ന മത്സരത്തിലാണ് മന്ദീപ് സിങ് മരണപ്പെട്ടത്.

മികച്ച ഓൾറൗണ്ടറെയാണ് നഷ്ടപ്പെട്ടതെന്നും അവനിപ്പോൾ തങ്ങളോടൊപ്പമില്ലെന്ന സത്യം ഉൾക്കൊള്ളാനാവുന്നില്ലെന്നും സഹതാരങ്ങൾ പറഞ്ഞു. ടൈറ്റൻസിനെതിരെ രാത്രി 8.30 മുതൽ 11.50 വരെ നടന്ന മത്സരത്തിൽ ദുബൈ സൂപ്പർ കിംഗ്സിനു വേണ്ടിയായിരുന്നു മന്ദീപ് സിങ് കളിച്ചത്.



ടിബിൻ മാത്യുവിന് അൽഐൻ ഇൻകാസ് നൽകുന്ന ബിസിനസ് എക്സലൻസ് അവാർഡ് ചാണ്ടി ഉമ്മൻ എം.എൽ.എ, ഷമ മുഹമ്മദ് എന്നിവർ ടിബിന്റെ ഭാര്യ സീന ടിബിന് സമർപ്പിക്കുന്നു

## ബിസിനസ് എക്സലൻസി അവാർഡ് സമർപ്പിച്ചു

അൽഐൻ: നഴ്സായായി സേവനം ചെയ്യുന്ന ടിബിൻ മാത്യുവിനെ ഇൻകാസ് അൽഐൻ ബിസിനസ് എക്സലൻസ് അവാർഡ് നൽകി ആദരിച്ചു. അൽഐനിൽ നടന്ന ചടങ്ങിൽ ചാണ്ടി ഉമ്മൻ എം.എൽ.എ, ഷമ മുഹമ്മദ് എന്നിവരിൽ നിന്ന് ടിബിന് വേണ്ടി ഭാര്യ സീന ടിബിൻ അവാർഡ് സ്വീകരിച്ചു. 2008ൽ അബുദാബിയിലെത്തിയ ടിബിൻ സ്വന്തം നിലയിൽ ബിസിനസ് രംഗത്ത് വളരുകയായിരുന്നു.

## ഇക്കോഗാതർ പരിസ്ഥിതിദിന സംഗമം

ദുബൈ: പരിസ്ഥിതിയും ആവാസ വ്യവസ്ഥയും ആശങ്കാകുലമായ ചർച്ചകൾക്ക് വിഷയമായിക്കൊണ്ടിരിക്കുന്ന കാലത്ത് നമ്മുടെ വാണിജ്യ വ്യവസായ പദ്ധതികളും സംരംഭങ്ങളും സുസ്ഥിര വികസന കാഴ്ചപ്പാടുള്ളതായിരിക്കണമെന്ന് യുഎഇ കെഎംസിസി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ അഭിപ്രായപ്പെട്ടു. റിസോഴ്സ് ആന്റ് ഇന്റലക്റ്റ് ലേണിങ് ഇനിഷ്യേറ്റീവ് (റൈൻ) ഇക്കോഗാതർ എന്ന പേരിൽ സംഘടിപ്പിച്ച പരിസ്ഥിതിദിന സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എഴുത്തുകാരനും സാമൂഹ്യ പ്രവർത്തനുമായ ബഷീർ തിക്കോടി മുഖ്യപ്രഭാഷണം നടത്തി.

ലാഭതൃഷ്ണയുടെ വികസന സങ്കൽപങ്ങൾ മണ്ണും വായുവും വെള്ളവും മലിനമാക്കുമ്പോൾ മനുഷ്യന്റെ ജൈവിക സത്തയെ തിരിച്ചറിഞ്ഞുള്ള ജീവിത ശൈലിയിലേക്ക് മടങ്ങിപ്പോക്ക് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

ഐകുരാഷ്ട്ര സഭയുടെ ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശമായ 'മാറ്റമാവുക; സുസ്ഥിരതയെ ആശ്ലേഷിക്കുക' ശീർഷകത്തിൽ റൈൻ റിസോഴ്സ് പേഴ്സൺ അബ്ദുസ്സലാം പരി പ്രമേയപ്രഭാഷണം നടത്തി. മുഈനുദ്ദീൻ പയ്യന്നൂർ മോഡറേറ്ററായ ചടങ്ങിൽ ശരീഫ് മലബാർ ആമുഖ പ്രഭാഷണം നടത്തി. ഷഫീഖ് പുറക്കാട്ടിരി ഖിറാഅത്ത് നടത്തി.

അബൂതാഹിർ കുളങ്ങര, റഫീഖ് വൈലത്തൂർ, ഫൈസൽ ഫിനിക്സ്, നിസാർ പയ്യന്നൂർ പങ്കെടുത്തു. ഷഫീർ ചങ്ങരംകുളം സ്വാഗതവും യാഷിഖ് അന്നാര നന്ദിയും പറഞ്ഞു.



ദുബൈയിൽ റൈൻ സംഘടിപ്പിച്ച ഇക്കോഗാതർ പരിസ്ഥിതിദിന സംഗമം യുഎഇ കെഎംസിസി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ ഉദ്ഘാടനം ചെയ്യുന്നു

## സുഡാന് യുഎഇയുടെ അമ്പത് ലക്ഷം ഡോളർ സഹായം

അബുദാബി: സുഡാൻ ജനതയ്ക്ക് കൈത്താങ്ങായി യുഎഇ അഞ്ചു ദശലക്ഷം ഡോളർ സഹായധനം നൽകും. ഐക്യരാഷ്ട്രസഭയുടെ കോർഡിനേഷൻ ഓഫ് ഹ്യൂമാനിറ്റേറിയൻ അഫയേഴ്സ് (ഒ.സി.എച്ച്.എ)യുമായുള്ള കരാറിന്റെ ഭാഗമായാണ് യു.എ.ഇയുടെ സഹായ ഹസ്തം. സുഡാൻ ഹ്യൂമാനിറ്റേറിയൻ ഫണ്ടിനെ (എസ്.എച്ച്.എഫ്) പിന്തുണയ്ക്കാൻ യുഎഇ ഭരണകൂടം നേരത്തെ തീരുമാനിച്ചിരുന്നു. 5 ദശലക്ഷം ഡോളർ നൽകി. ഇതേ തുടർന്നാണ് സഹായധനം കൈമാറാൻ തീരുമാനിച്ചത്. യുഎൻ ഏജൻസികളും മനുഷ്യാവകാശ സംഘടനകളും മുഖേന സുഡാനിലെ അടിയന്തര മാനുഷിക ആവശ്യങ്ങൾ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള രാജ്യത്തിന്റെ 70 മില്യൺ ഡോളറിന്റെ സംഭാവനയുടെ ഭാഗമാണ് ഈ സഹായം. 'സുഡാനിലെ ക്ഷാമം ലഘൂകരിക്കാനും സംഘർഷത്തിന് ഇരയായവർക്കും ചെറുകിട കർഷകർക്കും പിന്തുണ' എന്ന പദ്ധതിയിയുടെ ഭാഗമായുള്ള യു.എന്നിന്റെ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷനും (എഫ്.എ.ഒ) യുഎഇ 5 മില്യൺ ഡോളർ സംഭാവന ചെയ്തിട്ടുണ്ട്.

## കെഎംസിസി പ്രീമിയർ സോക്കർ മന്തി അൽ ബിലാദ് ചാമ്പ്യൻസ് ട്രോഫി ലൈഫ് ടൈം വാച്ചസ് മെട്രോ സ്പോർട്സിന്

അസീർ: കെഎംസിസി പ്രീമിയർ സോക്കർ 'മന്തി അൽ ബിലാദ് എഡിഷൻ' ഫുട്ബോൾ ടൂർണമെന്റിലെ ആവേശകരമായ കലാശപ്പോരിൽ ഇഞ്ചോടിഞ്ച് പൊരുതിയ ഷിഫ അൽ ഖമീസ് വാർസോൺ ബ്രദേഴ്സിനെ ഏകപക്ഷീയമായ ഒരു ഗോളിന് തോൽപിച്ച് ലൈഫ് ടൈം വാച്ചസ് മെട്രോ സ്പോർട്സ് ചാമ്പ്യൻസ് ട്രോഫിയും 15000 റിയാൽ പ്രൈസ് മണിയും സ്വന്തമാക്കി. വാർസോൺ ഗോൾമുഖത്ത് അവസരം കാത്ത് നങ്കൂരമിട്ട ആഷിഖിനും ഫാസിലിനുമൊപ്പം മധ്യനിരയിൽ നിന്ന് ഉമ്മറും പാച്ചുവും ഷജാസും നടത്തിയ നിരന്തര മുന്നേറ്റങ്ങൾക്കൊടുവിൽ ആദ്യ പകുതിയുടെ 18ാം മിനുട്ടിൽ ഫാസിൽ വിധി നിർണായകമായ ഗോൾ നേടി.

ഹാട്രിക് കിരീടം ലക്ഷ്യമാക്കി കളത്തിലിറങ്ങിയ ഫാൽക്കൺ എഫ്.സിയെ സെമിഫൈനലിൽ നാല് ഗോളിന് തകർത്ത വാർ സോൺ ബ്രദേഴ്സ് കലാശപ്പോരാട്ടത്തിലേക്ക് രാജകീയമായ കുതിപ്പ് നടത്തിയെങ്കിലും ഫൈനലിൽ അവർക്ക് അതേ താളം നിലനിർത്താനായില്ല. രണ്ടാം പകുതിയിൽ ജിബിൻ വർഗീസിന്റെയും സഹീറിന്റെയും നേതൃത്വത്തിൽ ഉണർന്ന് കളിച്ച ടീം വാർ സോൺ അപകടകരമായ നിരവധി മുന്നേറ്റങ്ങൾ നടത്തിയെങ്കിലും പ്രതിരോധനിരയിൽ ഷാനവാസും ബാറിന് കീഴിൽ ആദിലും തീർത്ത വൻമതിലിൽ തട്ടി അവരുടെ ആക്രമണങ്ങളത്രയും നിഷ്ഫലമായി.




'മന്തി അൽബിലാദ് എഡിഷൻ' കെഎംസിസി പ്രീമിയർ സോക്കറിൽ ജേതാക്കളായ ലൈഫ് ടൈം വാച്ചസ് മെട്രോ സ്പോർട്സ് ടീം

റണ്ണേഴ്സിനുള്ള അൽ ജനൂബ് ഇന്റർ നാഷണൽ സ്കൂൾ നൽകുന്ന ട്രോഫിയും 7000 റിയാൽ പ്രൈസ് മണിയും വാർസോൺ ബ്രദേഴ്സിന് ലഭിക്കും. ലൂസേഴ്സ് ഫൈനൽ മത്സരത്തിൽ കാസ്ക് ക്ലബ്ബിനെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയ ഫാൽക്കൺ എഫ്സി സൺപാക്ക് നൽകുന്ന സെക്കന്റ് റണ്ണേഴ്സ് ട്രോഫിയും 3000 റിയാലും നേടി. മികച്ച കളിക്കാരനായി ജിബിൻ വർഗീസിനെയും (വാർസോൺ) ഗോൾകീപ്പറായി ആദിലിനെയും (മെട്രോ),ഡിഫന്ററായി ഷബീറിനെയും (വാർ സോൺ) തിരഞ്ഞെടുത്തു. അൽ നൗറാസ് ഗ്രൂപ്പ് ചെയർമാൻ സാലിഹ് മൻസൂർ ശഹറാനി, മന്തി അൽ ബിലാദ് എം.ഡി റഹൂഫ് ഇരിങ്ങല്ലൂർ,റഫറിമാരായ റഫീഖ് വയനാട്, വലീദ് അലക്സാൻഡ്രിയ, പ്രൊജക്ട് പ്രോപർട്ടീസ് മാനേജർ ഖയ്യൂം,മാധ്യമപ്രവർത്തകരായ റസാഖ് കിണാശ്ശേരി, മുജീബ് ചടയമംഗലം, വഹീദ് മൊറയൂർ എന്നിവരെ ആദരിച്ചു. ടൂർണമെന്റിന്റെ കിക്കോഫ് അൽ ദമക് എഫ് സി പബ്ലിക് റിലേഷൻസ് മാനേജർ സഊദ് ഹംദി ശഹറാനി, ക്ലബ്ബ് ജനറൽ സെക്രട്ടറി മുഹമ്മദ് ഫായിസ് ശഹറാനി എന്നിവർ നിർവഹിച്ചു. മന്തി അൽ ബിലാദ് എം.ഡി റഹൂഫ് ഇരിങ്ങല്ലൂർ. കെ.എം.സി.സി സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് ബഷീർ മൂന്നിയൂർ, ടൂർണമെന്റ് കമ്മിറ്റി രക്ഷാധികാരി മുഹമ്മദ്കുട്ടി മാതാപ്പുഴ, സൺപാക് മാനേജർ ശിഹാബ്, സംഘാടക സമിതി ജനറൽ കൺവീനർ മൊയ്തീൻ കട്ടുപ്പാറ,സെൻട്രൽ കമ്മിറ്റി ജനറൽസെക്രട്ടറി സിറാജ്വയനാട്, ചെയർമാൻ ഉസ്മാൻ കിളിയമണ്ണിൽ, സെക്രട്ടറി സലീം പന്താരങ്ങാടി, വൈസ് പ്രസിഡന്റുമാരായ സാദിഖ്കോഴിക്കോട്,അലി.സി പൊന്നാനി, അനീസ് വണ്ടൂർ സമ്മാനങ്ങൾ വിതരണം ചെയ്തു.

# നിരീക്ഷണം

ന്യായം കൂടാതെ ഭൂമിയിൽ അഹങ്കാരം നടിച്ച് കൊണ്ടിരിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ഞാൻ തിരിച്ചുകളയുന്നതാണ്. എല്ലാ ദൃഷ്ടാന്തവും കണ്ടാലും അവരതിൽ വിശ്വസിക്കുകയില്ല. നേർമാർഗം കണ്ടാൽ അവർ അതിനെ മാർഗമായി സ്വീകരിക്കുകയില്ല. ദുർമാർഗം കണ്ടാൽ അവരത് മാർഗമായി സ്വീകരിക്കുകയും ചെയ്യും. നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർ നിഷേധിച്ച് തള്ളുകയും, അവയെപ്പറ്റി അവർ അശ്രദ്ധരായിരിക്കുകയും ചെയ്തതിന്റെ ഫലമാണത്.

(വിശുദ്ധ ഖുർആൻ: 07: 146)

ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 17 • 1199 മിഥുനം 09 • 1946 ജ്യേഷ്ഠം 31



## കണ്ണാടി പൊട്ടിച്ചാൽ കോലം നന്നാകുമോ

പ്രതിഛായ

സി.പി.എമ്മിൽ അടുത്ത കാലം വരെ തിരുവായ്ക്ക് എതിർവാ ഇല്ലെന്നതായിരുന്നു. പിണറായി പറയും പാർട്ടി അനുസരിക്കും. അല്ലെങ്കിൽ പിണറായിക്ക് പറയാൻ പാകത്തിലുള്ളത് മാത്രമേ പാർട്ടി ചെയ്യുകയുള്ളൂവെന്നും പറയാം. എന്നാൽ കാലം മാറി കഥ മാറി. കോൺഗ്രസ് പിന്തുണ കേരളത്തിന് പുറത്ത് ഉള്ളതിനാൽ ഈനാംപേച്ചിയും മരപ്പട്ടിയുമൊന്നും തിരഞ്ഞെടുപ്പ് ചിഹ്നമാക്കേണ്ടി വന്നില്ല. സ്വന്തം ചിഹ്നം തന്നെ തലയിൽ വന്നടിക്കുന്നത് വരെ കൊണ്ടു നടക്കാമെന്നതാണ് തിരഞ്ഞെടുപ്പിന് ശേഷമുള്ള അവസ്ഥ. എന്നാൽ ലോകത്ത് ഇന്ന് തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തി അവശേഷിക്കുന്ന ഏക കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയുള്ള കേരളത്തിൽ പക്ഷേ സംഗതി ഇതൊന്നുമല്ല പ്രശ്നം. ജനം പാർട്ടിയെ കയ്യൊഴിയുന്നുവെന്നതാണ്. തോറ്റാൽ തോറ്റുവെന്ന് സമ്മതിക്കണമെന്ന പാർട്ടി സെക്രട്ടറി ഗോവിന്ദന്റെ താത്വിക അവലോകനമൊന്നും ഇത്തവണ പാർട്ടി സംസ്ഥാന സമിതി ഉൾക്കൊണ്ടില്ല. എന്തു കൊണ്ട് തോറ്റു എന്ന് ലളിതമായി അങ്ങ് പറയണമെന്നായിരുന്നു പാർട്ടി നേതാക്കളുടെ ആവശ്യം. പിണറായിയുടെ വാക്കുകളെ മുത്തുമൊഴികളായി സ്വീകരിച്ചിരുന്നവരൊക്കെ വെളിച്ചപ്പാടായതോടെ വിമർശനമേൽക്കാത്തവർ കളത്തിലില്ലെന്ന അവസ്ഥയായി. ധനമന്ത്രിയും പിണറായിയും വിമർശന ഇരകളായി. പാർട്ടിക്കേറ്റ കനത്ത പ്രഹരത്തിനു കാരണം ധനവിനിയോഗത്തിലെ പാളിച്ചയെന്നു സംസ്ഥാന സമിതി എടുത്തടിച്ചു. കേന്ദ്രം അർഹമായ ആനുകൂല്യങ്ങൾ തരാത്തതു മൂലമാണ് സാമ്പത്തിക പ്രതിസന്ധി ഉണ്ടായതെന്നു പറയാമായിരുന്നുവത്രേ!. പക്ഷേ അതു ജനങ്ങളെ വേണ്ടവിധം ബോധ്യപ്പെടുത്താൻ ബാലഗോപാലിനായില്ല പോലും. സംസ്ഥാനത്തെ പ്രശ്നങ്ങൾ സംബന്ധിച്ച് പല പരാതികളും തനിക്കു ലഭിച്ചിരുന്നതായി പാർട്ടി ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയും പറഞ്ഞു. പോരെ പുകിൽ.

പണ്ടേ യെച്ചൂരി ഒരു ഭാഗത്തും കേരള പാർട്ടി മറുഭാഗത്തുമാണെന്ന് അറിയാത്തവരായി ഇനി ഒരാളുമില്ലെന്നതാണ് സത്യം. തിരഞ്ഞെടുപ്പിൽ വൻ തിരിച്ചടിക്കിടയാക്കിയ വെല്ലുവിളികൾ തിരിച്ചറിയാനും ഫലപ്രദമായി ചെറുക്കാനും സംസ്ഥാന നേതൃത്വത്തിനു കഴിഞ്ഞില്ലെന്നാണ് യെച്ചൂരി പറയുന്നത്. നേരത്തെ അച്യുതാനന്ദനുണ്ടായിരുന്ന കാലത്തെ വിഭാഗീയതയുടെ പോരുകാലം കഴിഞ്ഞ് ഏറെ വർഷങ്ങൾക്കിപ്പുറം പിണറായി വിജയനെ ലക്ഷ്യം വച്ച് വിമർശനങ്ങൾ വീണ്ടും ഉയരുന്നുവെന്ന അപൂർവതയ്ക്കാണ് സി.പി.എം നേതൃയോഗങ്ങൾ ഇക്കുറി സാക്ഷ്യം വഹിക്കുന്നത്. പാർട്ടി പിണറായിയുടെ പൂർണ നിയന്ത്രണത്തിലായതിനു ശേഷം ഒരുപക്ഷേ ആദ്യമായാണ് പാർട്ടിക്കുള്ളിൽ ഇത്തരമൊരു അനുഭവം അദ്ദേഹത്തിനു നേരിടേണ്ടിവന്നിരിക്കുന്നത്. ഗതി കെട്ടാൽ പുലി പുല്ലും തിന്നുമല്ലോ. ഭരണ ദൗർബല്യങ്ങൾ ലോക്സഭാ തിരഞ്ഞെടുപ്പ് തോൽവിക്ക് ആക്കം കൂട്ടിയെന്ന പാർട്ടിയുടെ വിലയിരുത്തൽ മുഖ്യമന്ത്രിയിലേക്കു വിരൽ ചൂണ്ടിയപ്പോൾ ന്യായീകരണം ചമക്കാൻ ഗോവിന്ദനും പാടുപെട്ടു. 2019ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സമാനമായ തിരിച്ചടി നേരിട്ടുവെങ്കിലും അന്ന് ശബരിമല യുവതീപ്രവേശം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർട്ടിയുടെ ശക്തമായ പിന്തുണ പിണറായി വിജയനു ലഭിച്ചിരുന്നു. എന്നാൽ അത്തരം പ്രശ്നങ്ങളൊന്നുമില്ലാതെ പൂർണമായും രാഷ്ട്രീയ പോരാട്ടം നടന്ന ഇക്കുറി ദയനീയമായ പരാജയം ഏറ്റുവാങ്ങേണ്ടിവന്നതാണ് പാർട്ടി നേതൃത്വത്തെ വട്ടം കറക്കുന്നത്. നിരാശാജനകമായ തോൽവിയിൽ ഭരണപരമായ പോരായ്മകളാണ് നിഴലിച്ചു നിൽക്കുന്നതെന്ന് കേന്ദ്ര നേതൃത്വവും സംസ്ഥാന നേതൃത്വവും തിരിച്ചറിഞ്ഞു കഴിഞ്ഞു. പക്ഷേ പി.ആർ ടീമും മുഖ്യമന്ത്രിയും ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ലെന്നതാണ് സത്യം. തദ്ദേശ തിരഞ്ഞെടുപ്പിൽ ഇതിലും വലിയ അടികിട്ടിയേക്കുമെന്ന സൂചനയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പാർട്ടിയ്ക്ക് അനുകൂലമായി വാർഡ് വെട്ടിക്കീറി വിഭജിക്കുന്ന പഴയ കുടില തന്ത്രം വീണ്ടും ഇറക്കിയിട്ടുണ്ട്. മോദിയുടെ ബിൽ തന്ത്രങ്ങളുടെ കോപി പേസ്റ്റുമായാണ് മുണ്ടുടുത്ത മോദിയുടെ പടപ്പുറപ്പാട്. പക്ഷേ വീണ്ടുമൊരു അങ്കത്തിൽ കൂടി തോറ്റാൽ പാർട്ടിയെ കാണാൻ മ്യൂസിയത്തിൽ തിരയേണ്ടി വരുമെന്നാണ് നേതാക്കൾ പോലും രഹസ്യമായി പറയുന്നത്.

പാർട്ടിക്ക് അടിത്തറയായിരുന്ന ഈഴവ വോട്ടുകൾ പല മണ്ഡലങ്ങളിലും നഷ്ടമായെന്നാണ് സി.പി.എം കണ്ടെത്തൽ. സി.പി.എമ്മിനൊപ്പം നവോത്ഥാനമെന്നും പറഞ്ഞ് നടക്കുകയും വാ തുറന്നാൽ വർഗീയത തികട്ടി പുറത്തേക്ക് വരികയും ചെയ്യുന്ന വെള്ളാപ്പള്ളി സി.പി.എമ്മിലെ ഈഴവ വോട്ടുകൾ സംഘ്പരിവാരത്തിലേക്ക് ഹോൾസെയിലായി എത്തിക്കുന്ന പാലമാണെന്ന തിരിച്ചറിവ് നവോത്ഥാന മതിൽ കെട്ടാൻ കരാർ നൽകിയ പിണറായിയും പാർട്ടിയും ഇപ്പോഴും തിരിച്ചറിഞ്ഞിട്ടില്ല. മറ്റൊരു നവോത്ഥാന മേസ്തിരിയായ സുഗതനെ ഒരു ഘട്ടത്തിൽ സി.പി.എമ്മിന്റെ ഇറയത്ത് വെയിലും മഴയും കൊണ്ട് പുറമ്പോക്കിൽ കഴിയുന്ന കുറ്റിപ്പുറം നേതാവ് ഖലീഫ ഉമറിനോടായിരുന്നു ഉപമിച്ചിരുന്നത്. ഇപ്പോൾ ആർ.എസ്.എസ് കൂടാരത്തിൽ ഞെളിഞ്ഞിരിക്കുന്നുയ. എത്ര തോറ്റാലും അത് തോൽവിയല്ലെന്ന് പറയുന്ന മുഖ്യന് മോരിലെ പുളി പോയാലും ലീഗിനെ കുറ്റം പറയുന്ന പണിയാണ്. അതാവുമ്പോൾ യാതൊരു അന്തവും കുന്തവുമില്ലാത്ത സഖാക്കൾ ആഹാ വിളിച്ച് കൂടെ നിന്നോളുമെന്ന് ടിയാനും അറിയാം. മുസ്‌ലിം ലീഗിനെ ഒപ്പം നിർത്താൻ നടത്തിയ ശ്രമങ്ങൾ അമ്പേ പരാജയപ്പെട്ടതിനു പിന്നാലെ ഒരു വിഭാഗത്തിന്റെയെങ്കിലും പിന്തുണ നേടാനായി പാർട്ടി സമുദായ പത്രത്തിൽ അശ്ലീല പരസ്യം വരെ നൽകി കിണഞ്ഞു ശ്രമിച്ചതും വിഫലമായിട്ടും പാഠമൊന്നും പഠിച്ചിട്ടില്ല. ഇപ്പോഴും ജനം ഇടതു പക്ഷത്തിന് എതിരല്ലെന്ന ക്യാപ്സ്യൂളുമായാണ് മുഖ്യനും സംഘവും നടക്കുന്നത്. സ്വന്തം മുഖം വികൃതമായത് തിരിച്ചറിയാതെ മറ്റു പാർട്ടികളുടെ മുഖം വികൃതമാണെന്ന് വിളിച്ചു പറയുന്നത് മാത്രമാണ് ആകെ നടക്കുന്നത്. പ്രശ്നമുണ്ടാകുമ്പോൾ അത് കാണിക്കുന്ന കണ്ണാടി കുത്തിപ്പൊട്ടിക്കലാണ് ഹീറോയിസം എന്ന് കരുതുന്നവരോട് ജനം ഇതിൽ കൂടുതൽ ചെയ്താലും അത്ഭുതപ്പെടേണ്ടതില്ല.

# രാജ്യത്തെ വെറുപ്പുകൊണ്ട് വിഭജിക്കാനാവില്ല



**ഡോ. ഫിർദൗസ് ചാത്തല്ലൂർ**

കഴിഞ്ഞ പത്തുവർഷത്തെ ബി.ജെ.പി. ഭരണത്തിന്റെ മുഖ്യ രാഷ്ട്രീയ ആയുധം വെറുപ്പായിരുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി തന്നെയാണ് വെറുപ്പിന്റെ രാഷ്ട്രീയത്തിന് ചുക്കാൻ പിടിച്ചിരുന്നതും. വിചാരധാരയിൽ സൂചിപ്പിച്ചതുപോലെ ആഭ്യന്തര ശത്രുക്കളായ മുസ്‌ലിം വിഭാഗങ്ങൾക്ക് എതിരെയായിരുന്നു വെറുപ്പിന്റെ ആക്രോഷങ്ങളെല്ലാം നടത്തിയിരുന്നത്. ഹിന്ദു ജനവിഭാഗങ്ങളുടെ സ്വത്ത് സംഹരിക്കുന്നവരായും, ജനസംഖ്യാ വർദ്ധനവിലൂടെ ഭീഷണിയുണ്ടാക്കുന്നവരായും മുസ്‌ലം സമൂഹത്തെ വിശേഷിപ്പിച്ചു. എന്നാൽ വെറുപ്പിന്റെയും മനോവിഭ്രാന്തിയുടെയും മുകളിൽ സമാധാനപൂർണ്ണവും സമൃദ്ധവുമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കാനാവില്ല എന്ന ബോധ്യത്തിലേക്കാണ് തിരഞ്ഞെടുപ്പ് ഫലം കൊണ്ടെത്തിച്ചത്.

തിരഞ്ഞെടുപ്പ് ദിവസത്തിലെ വോട്ടിംഗ് അനുപാതത്തിലെ കണക്കുകൾ മാത്രമല്ല തിരഞ്ഞെടുപ്പ് ഫലത്തെ നിശ്ചയിക്കുന്നത്. മറിച്ച് കഴിഞ്ഞുപോയ അഞ്ചുവർഷത്തിനുള്ളിൽ നടന്ന ഭരണ പ്രവർത്തനങ്ങളെ വിലയിരുത്തൽ കൂടിയാണ്. കഴിഞ്ഞുപോയ ദശകത്തിൽ ഇന്ത്യയുടെ ഭരണഘടനയെയും മതേതര പ്രവർത്തനങ്ങളെയും നിർവീര്യമാക്കുന്ന ഫാസിസ്റ്റ് അജണ്ടകളാണ് ഭരണകൂടം നടത്തിയിരുന്നത്. നിരവധി വർഗീയ കലാപങ്ങളാണ് ഈയടുത്ത കാലങ്ങളിലായി മതേതര ഇന്ത്യയിൽ നടന്നിട്ടുള്ളതും. മണിപ്പൂരിലും ആസാമിലും ഡൽഹിയിലും ഒറീസയിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുമെല്ലാം മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും നേരെ നടന്നിട്ടുള്ള നരഹത്യകളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം പതിനായിരങ്ങളാണ്. ഭരണഘടനയെ മുൻനിർത്തി പ്രതിജ്ഞയെടുത്ത കേന്ദ്രമന്ത്രിമാർ തന്നെയായിരുന്നു ഇന്ത്യയിലെ മതേതരപൂർണമായ ജീവിതത്തിന് തടസ്സമായി നിന്നത്.

ഭരണഘടന മൂല്യങ്ങളെ ചവിട്ടിമതിച്ചു കൊണ്ട് കലാപ ആഹ്വാനങ്ങൾ നടത്തുകയും ന്യൂനപക്ഷ സമുദായങ്ങൾക്കുമേൽ വംശഹത്യയും ആക്രോഷങ്ങളും നടത്തുകയുമായിരുന്നു ഫാസിസ്റ്റ് ശക്തികൾ. എത്രത്തോളമെന്നാൽ ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കാനുള്ള ഹിന്ദുത്വ ഭരണഘടനയുടെ കരട് രൂപംവരെ തയ്യാറാക്കികഴിഞ്ഞു, 750 പേജുള്ള ഭരണഘടനയുടെ 32 പേജുകൾ പൂർത്തീകരിച്ചു എന്നാണ് വരാണസി കേന്ദ്രമായുള്ള ശങ്കരാചാര്യ പരിഷത്തിന്റെ തലവൻ സ്വാമി ആനന്ദ് സ്വരൂപ് 2022 ഓഗസ്റ്റിൽ പ്രസ്താവിച്ചിട്ടുള്ളത്. വരാണസിയെ ഇന്ത്യയുടെ തലസ്ഥാന നഗരിയാക്കുമെന്നും, ലോക്സഭക്കും രാജ്യസഭക്കും പകരം വരാണസിയിൽ മതപാർലമെന്റ് സ്ഥാപിക്കുമെന്നും അതോടൊപ്പം മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും വോട്ടവകാശം ഉണ്ടായിരിക്കുകയില്ലായെന്നും കൂട്ടിച്ചേർത്തു. ഹിന്ദു നിർമാൺ സമിതി തലവൻ കമലേശ്വർ ഉപാധ്യായ്, മുതിർന്ന സുപ്രിംകോടതി അഭിഭാഷകൻ ബി.എൻ റെഡ്ഡി, പ്രതിരോധ വിദഗ്ധൻ ആനന്ദ് വർധൻ, വേൾഡ് ഹിന്ദു ഫെഡറേഷൻ അധ്യക്ഷൻ അജയ് സിങ് തുടങ്ങിയവരാണ് ഭരണഘടന നിർമാണ സമിതി അംഗങ്ങളായിട്ടുള്ളത്.



ധ്രുവ് റാഠി



മുഹമ്മദ് സുബൈർ

എന്നാൽ തിരഞ്ഞെടുപ്പ് ഫലത്തിലൂടെ ഇന്ത്യ ജനാധിപത്യമായിരിക്കണമെന്നും ഭരണഘടന മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാവണമെന്നും ആഗ്രഹിക്കുന്ന ജനകോടികളുടെ മുമ്പിൽ ഭരണഘടനയെ ചുംബിച്ചുകൊണ്ട് സ്വയം പരാജിതനാവാനാണ് പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് സാധിച്ചത്.

മേരാ ദേശ് വാസിയോം എന്ന് അഭിസംബോധന ചെയ്തുകൊണ്ട് ജനങ്ങളുടേയും ദേശത്തിന്റേയും പുരോഗതിക്കായി ആഹ്വാനം ചെയ്യുമ്പോഴും (സബ്കാ സാത്, സബ്കാ വികാസ് സബ്കാ വിശ്വാസ്) ജയിലറക്കുള്ളിലേക്ക് നയിക്കപ്പെട്ടിരുന്നത് ഇന്ത്യയിലെ എഴുത്തുകാരും സാമൂഹിക പ്രവർത്തകരുമായിരുന്നു. ആശയങ്ങളോട് വിയോജിച്ച് ജീവിക്കുവാനുള്ള വിശാലത ആർ.എസ്.എസ് പ്രത്യയശാസ്ത്രത്തിന് ഇല്ലാത്തതുകൊണ്ടാണ് കൽബുർഗിയും ഗോവിന്ദ പൻസാരെയും, നരേന്ദ്ര ദബോൽക്കറും ഗൗരീ ലങ്കേഷുമെല്ലാം ഭരണകൂട ഭീകരതയിൽ കൊല്ലപ്പെടേണ്ടിവന്നത്. ദേശസ്നേഹവും രാഷ്ട്ര വികസനവുമെല്ലാം വിഭാഗീയതകൾക്കതീതമായി എല്ലാ ജനങ്ങളെയും ഉൾക്കൊള്ളുന്നതായിരിക്കണം. മറിച്ച് പ്രത്യേക വർഗത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും താൽപര്യങ്ങൾക്കനുസരിച്ചാവരുത്.

**ഹരിയാന സ്വദേശിയായ ധ്രുവ് റാഠി ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും ഭാഗമായി നിൽക്കുക മാത്രമല്ല മറിച്ച് ഭരണകൂടത്തിന്റെ കൊള്ളരുതായ്മയെ തുറന്നു കാട്ടുകകൂടി ചെയ്യുന്നുണ്ട്. രണ്ടു കോടി യുട്യൂബ് സബ്സ്ക്രൈബേഴ്സുള്ള ധ്രുവ് റാഠി ഹിന്ദി ഭൂമികയിൽ ശക്തമായ സ്വാധീനമാണുണ്ടാക്കിയത്. ആൾട്ട് ന്യൂസ് സ്ഥാപകനായ മുഹമ്മദ് സുബൈർ ഫാസിസം പടച്ചുവിടുന്ന സോഷ്യൽ മീഡിയ നുണ പ്രചരണങ്ങളെ സത്യം കൊണ്ട് പ്രതിരോധിച്ച പോരാളിയാണ്.**

ദേശസ്നേഹത്തെ കുറിച്ചും വികസനത്തെക്കുറിച്ചും വാചാലനാകുന്ന പ്രധാനമന്ത്രി ഭരണഘടനയെ മാത്രമല്ല ദേശീയ പതാകയെയും അവഗണിക്കുകയുണ്ടായി. കർണാടകയിലെ ആർ.എസ്.എസ് നേതാവ് കല്ലഡ്കെ പ്രഭാകർ ഭട്ട് 2021 മാർച്ചിൽ നടത്തിയ പ്രസ്താവന ദേശീയ പതാകയായി ത്രിവർണ പതാകക്ക് പകരം കാവി പതാകയാക്കണമെന്നും ഇന്നല്ലെങ്കിൽ നാളെ അത് സാധ്യമാകും എന്നായിരുന്നു. ദേശീയ പതാകയിലെ വെള്ള നിറം സത്യത്തെയും സമാധാനത്തെയും, കുങ്കുമ നിറം ധീരമായ പോരാട്ടങ്ങളെയും ത്യാഗത്തെയും, പച്ചനിറം സമൃദ്ധിയെയും, അശോക ചക്രം ധർമത്തെയുമാണ് സൂചിപ്പിക്കുന്നത്. എന്നാൽ ബി.ജെ.പി.യുടെ വംശീയ കലാപങ്ങൾക്ക് 2022 ഏപ്രിൽ മാസം ഡൽഹിയിലെ ജഹാംഗീർപുരി സാക്ഷിയായപ്പോൾ ത്രിവർണ പതാകയേന്തിയ തിരംഗ കൂട്ടായ്മകൾ രൂപപ്പെടുകയുണ്ടായി. ജാതിമത ഭേദമന്യേ ഫാസിസത്തെ ഞങ്ങൾ എതിർക്കുന്നുവെന്ന മെസേജാണ് ദേശീയ പതാകയേന്തുന്നതിലൂടെ അവർ നടത്തിയത്. ഇങ്ങനെയുള്ള ജനാധിപത്യ മതേതര മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുകയും നെഞ്ചോട് ചേർത്ത് പിടിക്കുകയും ചെയ്തവരുടെ പ്രവർത്തന ഫലം കൂടിയായിരുന്നു. തിരഞ്ഞെടുപ്പ് റിസൽട്ട്.

ഇന്ത്യ മഹാരാജ്യത്തെ വെറുപ്പ് കൊണ്ടും വിഭജനം കൊണ്ടും കീറിമുറിക്കാൻ സാധിക്കില്ല. കാരണം ചരിത്ര പുരുഷന്മാരും സ്വാതന്ത്ര്യ സമര സേനാനികളും ബാക്കിവെച്ച ജ്വലിക്കുന്ന സ്മരണകളുടെ ഭൂമികയാണ് ജനാധിപത്യ ഇന്ത്യ. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ചൂരലടി പുറത്ത് പതിക്കുമ്പോഴും മഹാത്മാ ഗാന്ധി കീ ജയ് എന്ന് ഉറക്കെ വിളിച്ചു പറഞ്ഞ ചന്ദ്രശേഖർ ആസാദ്, ഇന്ത്യക്ക് സ്വാതന്ത്ര്യം തരുക അല്ലാത്ത പക്ഷം എനിക്കിവിടെ (ഇംഗ്ലണ്ടിൽ) ഒരു ഖബറിടം തരുക എന്നു പ്രഖ്യാപിച്ച 'മൗലാനാ മുഹമ്മദലി ജൗഹർ, കോളനി ഭരണം വെച്ചു നീട്ടുന്ന സ്വയം ഭരണത്തെ കൂട്ടുപിടിക്കാതെ ഫെഡറൽ റിപ്പബ്ലിക്കിനായി പോരാടി മരിക്കാൻ തയാറായ സുഭാഷ് ചന്ദ്ര ബോസ്, തൂക്കു മരത്തിലേക്ക് സധൈര്യം നടന്നുനീങ്ങി മരണം വരിച്ച ഭഗത് സിങ്, എണ്ണിയാലൊടുങ്ങാത്ത ധീര ദേശാഭിമാനികൾ ജീവൻ കൊടുത്ത് നേടിയെടുത്ത സ്വാതന്ത്ര ഇന്ത്യയെ വെറുപ്പിന്റെയും വിഭജനത്തിന്റെയും ബ്രിട്ടീഷ് കരങ്ങളിൽ നിന്നാണ് മോചിപ്പിച്ചെടുത്തത്. ആ ചൈതന്യം നഷ്ടപ്പെടുന്നത് ജനാധിപത്യ മതേതര ഇന്ത്യയുടെ തകർച്ചയായിരിക്കും. അതുകൊണ്ടുതന്നെ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ആർ.എസ്.എസ്. അജണ്ടകളെ എതിർക്കുന്ന ജനവിഭാഗം സമകാലിക ഇന്ത്യയിൽ ശബ്ദിച്ചുകൊണ്ടേയിരിക്കും. കാരണം രാഷ്ട്രീയ പ്രാസ്ഥാനിക വളർച്ചയെക്കാൾ പ്രാധാന്യമർഹിക്കുന്നതാണ് ദേശത്തിന്റെ അഥവാ രാജ്യത്തിന്റെ നിലനിൽപ്പ്. ഗാന്ധിയൻ സമര രീതികളിലൂടെ ബ്രിട്ടീഷ് അധിനിവേശത്തിന് തടയിടാൻ ഇന്ത്യൻ ജനതയ്ക്ക് സാധിച്ചുവെങ്കിൽ അതിനോട് ചേർന്ന് നിൽക്കുന്ന ജോഡോ യാത്രകളിലൂടെ സ്നേഹത്തിന്റെ കടകൾ തുറക്കാനായതും വെറുപ്പിന്റെ പ്രത്യയശാസ്ത്രത്തിനു നേരെയുള്ള ശക്തമായ മറുപടിയായിരുന്നു.

ജനാധിപത്യ ഇന്ത്യയെ മതസ്വത്വ രാഷ്ട്രമാക്കുവാനുള്ള വ്യഗ്രതയിൽ ആർ.എസ്.എസ്. സംഘപരിവാർ വിഭാഗങ്ങൾ കാണിച്ചു കൂട്ടുന്ന ന്യൂനപക്ഷ വിരുദ്ധതയും, നോട്ടു നിരോധനവും ജി.എസ്.ടി.യും, ഇന്ധന വിലവർധനയുടെയുമെല്ലാം മൂലകാരണങ്ങളെ തുറന്നുകാട്ടുന്ന ഹരിയാന സ്വദേശിയായ ധ്രുവ് റാഠി ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും ഭാഗമായി നിൽക്കുക മാത്രമല്ല മറിച്ച് ഭരണകൂടത്തിന്റെ കൊള്ളരുതായ്മയെ തുറന്നു കാട്ടുകകൂടി ചെയ്യുന്നുണ്ട്. രണ്ടു കോടി യുട്യൂബ് സബ്സ്ക്രൈബേഴ്സുള്ള ധ്രുവ് റാഠി ഹിന്ദി ഭൂമികയിൽ ശക്തമായ സ്വാധീനമാണുണ്ടാക്കിയത്. ആൾട്ട് ന്യൂസ് സ്ഥാപകനായ മുഹമ്മദ് സുബൈർ ഫാസിസം പടച്ചുവിടുന്ന സോഷ്യൽ മീഡിയ നുണ പ്രചരണങ്ങളെ സത്യം കൊണ്ട് പ്രതിരോധിച്ച പോരാളിയാണ്. 2022ൽ ബി.ജെ.പിയുടെ ദേശീയ വക്താവ് നുപൂർ ശർമ നടത്തിയ പ്രവാചക നിന്ദയെ പൊതു സമൂഹത്തിലെത്തിച്ചുകൊണ്ട് ബി.ജെ.പി ഐ.ടി സെല്ലിന്റെ ഉറക്കം കെടുത്തുകയാണ് മുഹമ്മദ് സുബൈർ. എക്സിൽ ഒരു ലക്ഷം ഫോളോവേഴ്സുള്ള സുബൈർ വ്യാജ പ്രചരണങ്ങൾ പടച്ചുവിടുന്ന കാലത്ത് സത്യത്തെ തുറന്നുകാട്ടുന്ന വലിയ ധർമ്മമാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. മാധ്യമ രംഗത്ത് കൃത്യമായ രാഷ്ട്രീയ നിലപാടുള്ള മാധ്യമപ്രവർത്തകനാണ് രവീഷ് കുമാർ. ദേശീയ മാധ്യമമായ എൻ.ഡി.ടിവിയെ അദാനി ഏറ്റെടുക്കുന്നതിനോട് വിയോജിച്ചും ഭരണകൂടത്തെ വാഴ്ത്തുന്നതിന് നീരസം പ്രകടിപ്പിച്ചുമാണ് രവീഷ് കുമാർ പടിയിറങ്ങിയത്. സ്വന്തമായി യൂട്യൂബ് ചാനൽ ആരംഭിച്ചുകൊണ്ട് ബി.ജെ.പി നുണപ്രചരണങ്ങൾക്കെതിരെ സത്യം വിളിച്ചു പറയുന്ന മാധ്യമപ്രവർത്തകനായും ജനാധിപത്യത്തിന്റെ കാവലാളായുമാണ് രവീഷ് കുമാർ വർത്തിക്കുന്നത്. ജനാധിപത്യ ഇന്ത്യയെ ആർ.എസ്.എസിന്റെ പ്രത്യയശാസ്ത്രത്തിലേക്ക് ചേർത്തുവെക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ പ്രതിരോധം തീർക്കുന്നവർ ഡിജിറ്റൽ കാലത്ത് വർദ്ധിച്ചുകൊണ്ടേയിരിക്കും കാരണം ഇന്ത്യയുടെ നിലനിൽപ്പുതന്നെയാണ് മാനവികതയുടെ ആധാരം.

# സഖാവേ, ഞങ്ങളെനിയും ഇക്കമാരെ തോൽപ്പിക്കും

**ഖലീൽ ചാലാട്**

പിണറായിയുടെ കീഴിലുള്ള പൊലീസ് വ്യക്തമായി പറയുന്നില്ലെങ്കിലും വടകര മണ്ഡലത്തിൽ പ്രയോഗിച്ച, മുസ്‌ലിം ലീഗിലൂടെ യു.ഡി.എഫിൽ ആരോപിക്കാൻ ശ്രമിച്ച 'കാഫിർ' പ്രയോഗം ചീറ്റിപ്പോയിരിക്കയാണ്. കോടതിയിൽ വരെ നേരത്തെ ആരോപണത്തിന്റെ മുൾമുനയിൽ നിർത്തപ്പെട്ടിരുന്ന മുസ്‌ലിം യൂത്ത് ലീഗ് പ്രവർത്തകൻ തീർത്തും നിരപരാധിയാണെന്ന് ലോകത്തിനു ബോധ്യമായിരിക്കുന്നു. ആവശ്യാനുസരണം പ്രീണനവും അത് കഴിഞ്ഞാൽ തനി വർഗീയതയും സി.പി.എം തുടങ്ങിയത് ഇന്നോ ഇന്നലെയോ അല്ല. അതിൽ ഏറ്റവും ഒടുവിലത്തേതാണ് വടകരയിലെ 'കാഫിർ 'പ്രയോഗമെങ്കിലും പ്രതികൾ പോയ കാറിൽ 'മാഷാഅല്ലാഹ് ' സ്റ്റിക്കർ ഒട്ടിച്ചതും ബി.ജെ.പി നാട്ടിയ പതാക പൊട്ടിച്ചെടുത്ത് പള്ളിമൈതാനിയിൽ കൊണ്ടിട്ടതുമൊക്കെ ഓർമ്മയിൽ വരികയാണ്.

**ജാതിയോ ഉപജാതിയോ മതമോ പരിഗണിക്കാതെ തീർത്തും രാഷ്ട്രീയ തീരുമാന പ്രകാരം മാത്രം തിരഞ്ഞെടുപ്പ് പ്രക്രിയയെ കാണുന്ന ലീഗ് വയനാട്ടിൽ രാഹുൽ ഗാന്ധിക്ക് ചെയ്തത് പോലെ പ്രിയങ്കക്കും വേണ്ടി കർമ്മ രംഗത്തുണ്ടാവും.**

ഇപ്പോഴത്തെ കാഫിർ പ്രയോഗം പാർലമെന്റ് തിരഞ്ഞെടുപ്പിലെ വടകര മണ്ഡലത്തിലേക്കെങ്കിലും ഒരു വിജയം പ്രതീക്ഷിക്കപ്പെട്ടിരുന്നു. കേവലം ഒരു സീറ്റിലെ വിജയത്തിന് വേണ്ടി സ്വീകരിച്ച ഹീനമായ നടപടിയെ മതേതര ജനാധിപത്യ വിശ്വാസികൾ തകർത്തെറിഞ്ഞു എന്നതാണ് വടകര നൽകുന്ന പാഠം. മുസ്‌ലിം ലീഗിനെ ഇടതു മുന്നണിയിലേക്കെത്തിക്കാൻ കേന്ദ്ര, സംസ്ഥാന നേതാക്കൾ പെടാ പാട് പെടുന്നതിനിടയിലാണ് 'കാഫിർ' പ്രയോഗം വരുന്നതും 'പ്രതി' യായി യൂത്ത് ലീഗ് പ്രവർത്തകനെ അവരോധിക്കുന്നതും.

വടകരയിലെ ഹീനമായ ഈ ശൈലിയല്ലെങ്കിലും മറ്റൊരു തരത്തിലുള്ള പ്രീണന നയമാണ് തൊട്ടടുത്ത മണ്ഡലമായ കോഴിക്കോടും ഉണ്ടായത്. ഇടതു സ്ഥാനാർഥിയായി പ്രഖ്യാപിക്കപ്പെട്ട ആദ്യ നാളുകളിൽ എളമരം കരീമിനെ അവിടെ പ്രമോട്ടു ചെയ്തത് 'കരീംക്ക' ആയിട്ടാണ്. എന്നാൽ 'അപകടം' മണത്ത സി.പി.എം നേതൃത്വം പെട്ടെന്ന് കരീംക്ക പ്രയോഗത്തിൽ നിന്ന് പിറകോട്ടു പോയി. കരീംക്കയെ വെച്ചു കൊണ്ട് അവിടെ 'കാഫിറാ' യ രാഘവേട്ടനെ വിജയിപ്പിക്കാൻ ആളും അർത്ഥവും നൽകി മുസ്‌ലിം ലീഗ് മുന്നിലുണ്ടായിരുന്നു.

കോഴിക്കോട് മണ്ഡലത്തിന് മറ്റൊരു അനുഭവം അയവിറക്കാനുണ്ട്. 1999 ലെ തിരഞ്ഞെടുപ്പാണ് രംഗം. എൽ.ഡി.എഫിന്റെ സ്ഥാനാർഥി ജെ.ഡി.എസിലെ സി.എം ഇബ്രാഹിം. യു.ഡി.എഫിന്റേത് കോൺഗ്രസിലെ കെ മുരളീധരൻ. അന്ന് മുസ്‌ലിം ലീഗ് 'അഞ്ചു നേരം നിസ്കരിക്കുന്ന ഇബ്രാഹിമിനെതിരെ ഒന്നാന്തരം 'കാഫിറാ'യ മുരളീധരന് പിന്തുണ നൽകിയ തിരഞ്ഞെടുപ്പ്. മുരളിയുടെ വിജയം 53000 ത്തിലേറെ വോട്ടിന്. അന്ന് ലീഗ് വോട്ട് ലക്ഷ്യമാക്കി സി.പി.എം കേന്ദ്രങ്ങൾ ഇബ്രാഹിം ഒന്നൊന്നര മുസ്‌ലിമാണെനാനണ് പറഞ്ഞിരുന്നത്. 1998 നെ അപേക്ഷിച്ച് 34000 ൽ പരം വോട്ടുകൾ അധികം പോൾ ചെയ്തിട്ടും അന്ന് വീരേന്ദ്ര കുമാറിനെക്കാൾ ഏട്ടായിരത്തോളം വോട്ട് ഇബ്രാഹിമിന് എന്ത് കൊണ്ട് കുറഞ്ഞു എന്ന് വ്യക്തമാക്കേണ്ടത് സി.പി.എമ്മും ഇബ്രാഹിമിന്റെ പാർട്ടിക്കാരുമാണ്. മുസ്‌ലിം ലീഗിന്റെ ചേതോഹാരമായ കഴിഞ്ഞ കാല പ്രവർത്തനങ്ങളിൽ ഇതുപോലെയുള്ള സന്ദർഭങ്ങൾ ഒട്ടേറെ ഉണ്ടായിട്ടുണ്ട്.

തിരൂരങ്ങാടിയിൽമുസ്‌ലിം ലീഗ് എം.എൽ.എ രാജി വെച്ചപ്പോൾ നടക്കുന്ന ഉപതിരഞ്ഞെടുപ്പ്. എം.എൽ.എ അല്ലാതിരുന്ന മുഖ്യമന്ത്രി എ.കെ ആന്റണിക്ക് മത്സരിച്ചു ജയിച്ചു വരേണ്ടുന്ന സാഹചര്യം. മുന്നണി രാഷ്ട്രീയത്തിൽ എന്നും വിട്ടുവീഴ്ച ചെയ്തു മാത്രം പാരമ്പര്യമുള്ള മുസ്‌ലിം ലീഗ് തിരൂരങ്ങാടി മണ്ഡലം എ.കെ ആന്റണിക്ക് മത്സരിക്കാൻ വിട്ടു നൽകി. രണ്ടു ശതമാനം തികച്ചു കൃസ്ത്യൻ വോട്ടർമാരി ല്ലാത്ത മണ്ഡലത്തിൽ കാൽ ലക്ഷത്തിലേറെ ഭൂരിപക്ഷത്തിൽ മുസ്‌ലിം ലീഗ് ആന്റണിയെ വിജയിപ്പിച്ചയച്ചു.

കാസർകോട് ഉണ്ണിത്താനും കണ്ണൂരിൽ സുധാകാരനും രാഷ്ട്രീയമല്ലാതെ മറ്റൊന്നും ചിന്തിക്കാതെ വോട്ടു ചെയ്ത ലീഗുകാർ അതേ മാനദണ്ഡം വെച്ചു മാത്രമാണ് വടകരയിൽ ഷാഫിക്കും വോട്ടു നൽകിയത്. കോഴിക്കോട് കരീംക്കക്കെതിരെ രാഘവേട്ടന് വോട്ട് ചെയ്ത അതേ രാഷ്ട്രീയം പരിഗണിച്ചാണ് പാലക്കാടും തൃശൂരുമൊക്ക ലീഗ് വോട്ട് ചെയ്തത്. തൃശൂരിൽ ബി.ജെ.പി ജയിച്ചു കയറിയപ്പോൾ യു.ഡി.എഫിന് ലീഡ് കൊടുത്ത ഏക നിയമ സഭാ മണ്ഡലം മുസ്‌ലിം ലീഗിന് മേധാവിത്വമുള്ള ഗുരുവായൂർ മണ്ഡലത്തിലായിരുന്നു. ജാതിയോ ഉപജാതിയോ മതമോ പരിഗണിക്കാതെ തീർത്തും രാഷ്ട്രീയ തീരുമാന പ്രകാരം മാത്രം തിരഞ്ഞെടുപ്പ് പ്രക്രിയയെ കാണുന്ന ലീഗ് വയനാട്ടിൽ രാഹുൽ ഗാന്ധിക്ക് ചെയ്തത് പോലെ പ്രിയങ്കക്കും വേണ്ടി കർമ്മ രംഗത്തുണ്ടാവും.

RNI 3018/1957 Vol No. 91. Issue No.161 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## ബി.ജെ.പി വഞ്ചിക്കുന്നു

പുനെ: സംവരണത്തിന്റെ പേരിൽ മറാത്ത സമുദായത്തെയും മറ്റ് പിന്നാക്ക വിഭാഗങ്ങളെയും ബിജെപി വഞ്ചിക്കുകയാണെന്ന് മഹാരാഷ്ട്ര കോൺഗ്രസ് അധ്യക്ഷൻ നാനാ പടോലെ. സംവരണ വിഷയത്തിൽ ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസിനും സംസ്ഥാന ബിജെപി അധ്യക്ഷൻ ചന്ദ്രശേഖർ ബവൻകുലെക്കും വ്യത്യസ്ത നിലപാടുകളാണുള്ളതെന്നും പടോലെ പത്രസമ്മേളനത്തിൽ കുറ്റപ്പെടുത്തി. വ്യത്യസ്ത അഭിപ്രായങ്ങളുപേക്ഷിച്ച് നേതാക്കളും പാർട്ടിയും അവരുടെ കൃത്യമായ നിലപാട് വ്യക്തമാക്കണമെന്നും നാനാ പടോലെ ആവശ്യപ്പെട്ടു.



## മഷിയൊഴിച്ച് ആക്രമണം

ഭുവനേശ്വർ: ഒഡിഷയിൽ കോൺഗ്രസ് ആസ്ഥാന മന്ദിരത്തിൽ അജ്ഞാതരുടെ ആക്രമണം. ഓഫീസിൽ അതിക്രമിച്ചു കയറിയ അക്രമിസംഘം വാതിലുകളും ഉപകരണങ്ങളുമടക്കം അടിച്ചുതകർക്കുകയും സംസ്ഥാന അധ്യക്ഷന്റെ ദേഹത്ത് മഷിയൊഴിക്കുകയും ചെയ്തു. വെള്ളിയാഴ്ച രാവിലെയായിരുന്നു സംഭവം. ഒഡിഷ പ്രദേശ് കോൺഗ്രസ് കമ്മിറ്റി അധ്യക്ഷൻ ശരത് പട്ടാനായകിന് നേരെയാണ് അക്രമികൾ മഷിയൊഴിച്ചത്. അക്രമികൾ ഓഫീസ് അടിച്ചുതകർക്കുകയും ചേംബറിന്റെ വാതിൽ പൊളിക്കുകയും ചെയ്തു. ആക്രമണത്തിന് പിന്നിൽ ബിജെപിയാണെന്ന് പാർട്ടി ആരോപിച്ചു.

ഇന്ത്യ വാർത്തകൾ

ചുരുക്കത്തിൽ

### കോൺഗ്രസ് നേതാവ് ലളിത് പാസിക്ക് പരിക്കേറ്റു

ലുധിയാന: പഞ്ചാബിലെ ലുധിയാനയിൽ ഫിറോസ്പൂർ സെൻട്രൽ ജയിലിനു പുറത്തുണ്ടായ വെടിവെപ്പിൽ കോൺഗ്രസ് നേതാവ് ലളിത് പാസിക്ക് പരിക്കേറ്റു. ഗുരുതരമായി പരിക്കേറ്റ ലളിത് പാസിയെ ലുധിയാനയിലെ ദയാനന്ദ് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

### രാമക്ഷേത്ര പ്രതിഷ്ഠാ ചടങ്ങിലെ മുഖ്യ പുരോഹിതൻ അന്തരിച്ചു

വരാണസി: അയോധ്യ രാമക്ഷേത്ര പ്രതിഷ്ഠാ ചടങ്ങിലെ മുഖ്യ പുരോഹിതൻ ലക്ഷ്മികാന്ത് ദീക്ഷിത് അന്തരിച്ചു. 86 വയസ്സായിരുന്നു. വാർധക്യ സഹജമായ അസുഖത്തെത്തുടർന്ന് ഇന്നലെ പുലർച്ചെയായിരുന്നു അന്ത്യം. കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി അസുഖബാധിതനായിരുന്നു അദ്ദേഹം. മഹാരാഷ്ട്രയിലെ സോലാപൂർ ജില്ലക്കാരനാണ് ലക്ഷ്മികാന്ത് ദീക്ഷിത്. സംസ്കാരം മണികർണിക ഘട്ടത്തിൽ നടക്കും. ലക്ഷ്മികാന്ത് ദീക്ഷിതിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പടെ പ്രമുഖർ അനുശോചിച്ചു. അദ്ദേഹത്തിന്റെ വിയോഗം സമൂഹത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

### നടുറോഡിൽ യുവതിയെ തല്ലിച്ചതച്ച് യുവാക്കൾ

ഭോപ്പാൽ: പട്ടാപ്പകൽ നടുറോഡിൽ യുവതിയെ തല്ലിച്ചതച്ച് യുവാക്കൾ. മധ്യപ്രദേശിലെ ധാർ ജില്ലയിലാണ് സംഭവം. ഒരു കൂട്ടം യുവാക്കൾ യുവതിയെ ബലമായി പിടിച്ചു നിർത്തി മർദിക്കുന്നതും ഇവർ അതിഭയങ്കരമായി നിലവിളിച്ചിട്ടും സഹായിക്കാൻ ശ്രമിക്കാതെ ചുറ്റുംകൂടി നിൽക്കുന്നവർ വീഡിയോ എടുക്കുന്നതും സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോയിൽ കാണാം. വടികൊണ്ടാണ് യുവാക്കൾ യുവതിയെ തല്ലുന്നത്. മർദനം തുടങ്ങിയ ഉടൻ തന്നെ ചുറ്റും ആളുകൾ കൂടുന്നുണ്ടെങ്കിലും ഇവരാരും യുവാക്കളെ പിടിച്ചുമാറ്റാൻ ശ്രമിക്കുന്നില്ലെന്നതാണ് ശ്രദ്ധേയം.

### ലൈംഗിക വീഡിയോ മനപൂർവമല്ലാതെ ഡൗൺ ലോഡ് ചെയ്യുന്നത് കുറ്റകരമല്ലെന്ന്

കൊച്ചി: ലൈംഗികത പ്രകടമാകുന്ന തരത്തിലുള്ള വീഡിയോകൾ മനപൂർവമല്ലാതെ ഡൗൺ ലോഡ് ചെയ്യുന്നത് കുറ്റകരമല്ലെന്നു ഹൈക്കോടതി. ലൈംഗീകത പ്രകടമാക്കുന്ന തരത്തിലുള്ള പ്രവൃത്തിയിലോ പെരുമാറ്റത്തിലോ ഏർപ്പെടുന്ന കുട്ടികളുടെ വിഡിയോകൾ മനഃപൂർവമല്ലാതെ ഡൗൺലോഡ് ചെയ്യുന്നത് ഇൻഫർമേഷൻ ടെക്നോളജി നിയമ പ്രകാരം കുറ്റകരമല്ലെന്ന് കോടതി വ്യക്തമാക്കി. കുട്ടികൾ ഉൾപ്പെടെയുള്ളവർ ലൈംഗീക പ്രവർത്തിയിൽ ഏർപ്പെട്ട വീഡിയോ ഡൗൺലോഡ് ചെയ്തതുമായി ബന്ധപ്പെട്ടു രജിസ്റ്റർ ചെയ്ത കേസിലാണ് കോടതി നിരീക്ഷണമുണ്ടായത്. ഡൗൺലോഡ് ചെയ്ത വീഡിയോകൾ മറ്റാർക്കെങ്കിലും അയച്ചു കൊടുത്തതായോ പ്രചരിപ്പിച്ചതായോ പ്രതിക്കെതിരെ തെളിവുകളില്ലെന്നു കോടതി കണ്ടെത്തി.

കുട്ടികളുടെ വീഡിയോകൾ പ്രചരിപ്പിച്ചതുവഴി പോക്സോ നിയമത്തിലെ വകുപ്പ് 15(2), ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 67 ബി (ബി) എന്നിവ പ്രകാരം കുറ്റം ചെയ്തതായിട്ടാണ് ആരോപണം. ടെലിഗ്രാമിൽ നിന്ന് ഫോണിൽ ഡൗൺലോഡ് ചെയ്ത അശ്ലീല വീഡിയോകൾ ഹരജിക്കാരൻ സൂക്ഷിക്കുകയും കൈവശം വയ്ക്കുകയും ചെയ്തു എന്നതായിരുന്നു പ്രത്യേക ആരോപണം.

**നീറ്റ് അഴിമതിയിൽ കർശന നടപടി സ്വീകരിക്കണമെന്ന് പ്രിയങ്ക**

# ബി.ജെ.പി സർക്കാർ രാജ്യത്തിന്റെ ഭാവിയെ ഇരുട്ടിലേക്ക് തള്ളുന്നു

### 24 ലക്ഷം വിദ്യാർഥികൾക്ക് നീതി ഉറപ്പാക്കണം



ന്യൂഡൽഹി: നീറ്റ്, നെറ്റ് പരീക്ഷാപേപ്പർ ചോർച്ചാ വിവാദം കൊടുമ്പിരി കൊണ്ടിരിക്കെ കേന്ദ്ര സർക്കാരിനെതിരെ ആഞ്ഞടിച്ച് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി. ബിജെപി ഭരണത്തിന് കീഴിൽ ഇതൊരു ദേശീയ പ്രശ്നമായി മാറിയെന്ന് പ്രിയങ്ക ആരോപിച്ചു. ദശലക്ഷക്കണക്കിന് യുവാക്കളുടെ ഭാവി നശിപ്പിച്ചതായും ചൂണ്ടിക്കാട്ടി. 24 ലക്ഷം വിദ്യാർഥികൾക്ക് നീതി ഉറപ്പാക്കാൻ നീറ്റ് അഴിമതിയിൽ കർശന നടപടി സ്വീകരിക്കണമെന്നും അവർ എക്സ് പോസ്റ്റിൽ ആവശ്യപ്പെട്ടു.

"നീറ്റ് പരീക്ഷാ അഴിമതിക്കെതിരെ കോൺഗ്രസ് സഹപ്രവർത്തകർ രാജ്യത്തുടനീളം പ്രതിഷേധിച്ചു. ബിജെപി ഭരണത്തിന് കീഴിലുള്ള റിക്രൂട്ട്മെന്റിലെ വ്യാപകമായ അഴിമതിയും പേപ്പർ ചോർച്ചയും വിദ്യാഭ്യാസ കുംഭകോണവും രാജ്യത്തിന്റെ ഭാവിയെ ഇരുട്ടിലേക്ക് തള്ളിവിടുകയാണ്. ഈ അഴിമതിക്കളി ഉടൻ അവസാനിപ്പിക്കണം. 24 ലക്ഷം യുവാക്കൾക്ക് നീതി ലഭിക്കാൻ നീറ്റ് പരീക്ഷയിലെ അഴിമതിയിൽ ഉടനടി കർശന നടപടിയുണ്ടാവണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു"- പ്രിയങ്ക പോസ്റ്റിൽ പറഞ്ഞു.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ രാജ്യത്ത് 43 റിക്രൂട്ട്മെന്റ് പരീക്ഷകളുടെ പേപ്പറുകൾ ചോർന്നു. ഇതിലൂടെ കോടിക്കണക്കിന് യുവാക്കളുടെ ഭാവി നശിപ്പിച്ച ബിജെപി ഭരണത്തിൽ രാജ്യത്തിന്റെ ദേശീയ പ്രശ്നമായി പേപ്പർ ചോർച്ച മാറിയിരിക്കുന്നു. ഏറ്റവും കൂടുതൽ യുവജന സംഖ്യയുള്ള രാജ്യമാണ് നമ്മുടേത്. ഈ യുവാക്കളെ നൈപുണ്യമുള്ളവരും കഴിവുള്ളവരുമാക്കുന്നതിനു പകരം ബിജെപി സർക്കാർ അവരെ ദുർബലരാക്കുകയാണെന്നും അവർ മറ്റൊരു പോസ്റ്റിൽ വിമർശിച്ചു.

കഴിവുള്ള ദശലക്ഷക്കണക്കിന് വിദ്യാർഥികൾ പരീക്ഷക്ക് തയാറെടുക്കാൻ രാവും പകലും പരിശ്രമിക്കുന്നു. അവരുടെ വിദ്യാഭ്യാസത്തെ പിന്തുണക്കാൻ മാതാപിതാക്കൾ കടുത്ത ത്യാഗമാണ് ചെയ്യുന്നത്. എന്നാൽ ബിജെപി സർക്കാർ നടത്തുന്ന അഴിമതിയിൽ അവരുടെ മുഴുവൻ അധ്വാനവും പാഴാവുകയാണെന്നും പ്രിയങ്ക കൂട്ടിച്ചേർത്തു.

## പ്രിയങ്കക്ക് പിന്തുണയുമായി മമത എത്തിയേക്കും



ന്യൂഡൽഹി: വയനാട് ലോക്സഭാ മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥി പ്രിയങ്കാ ഗാന്ധിയുടെ പ്രചാരണത്തിന് തൃണമൂൽ കോൺഗ്രസ് നേതാവ് മമത ബാനർജി എത്തിയേക്കും. പ്രചാരണത്തിനെത്താൻ മമത സമ്മതമറിയിച്ചതായി കോൺഗ്രസ് വൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. എന്നാൽ മമതയുടെ വരവുമായി ബന്ധപ്പെട്ട് പാർട്ടി നേതൃത്വം ഔദ്യോഗിക തീരുമാനം അറിയിച്ചിട്ടില്ല.

മമത ബാനർജിയുമായി കോൺഗ്രസ് നേതാവും രാജ്യസഭാംഗവുമായ പി.ചിദംബരം കൂടിക്കാഴ്ച നടത്തിയതിനു പിന്നാലെയാണു തീരുമാനമെന്നാണ് റിപ്പോർട്ട്.

ലോക്സഭാ തിരഞ്ഞെടുപ്പിൽ വയനാടിനൊപ്പം ഉത്തർപ്രദേശിലെ റായ്ബറേലിയിലും വിജയിച്ച രാഹുൽ ഗാന്ധി വയനാട് ഒഴിഞ്ഞതോടെയാണ് അവിടേക്ക് പ്രിയങ്ക വരുന്നത്.

## നീറ്റ് ചോദ്യപേപ്പർ ചോർച്ച

# കൂടുതൽ പേർ പിടിയിൽ




*നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയിൽ ഡൽഹിയിൽ നടന്ന പ്രതിഷേധം*

ന്യൂഡൽഹി: നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് മുഖ്യ കണ്ണി രവി ആത്രി ഉൾപ്പെടെ കൂടുതൽ പേർ പിടിയിലായെന്ന് പൊലീസ്. ബിഹാർ പൊലീസ് നൽകിയ വിവരങ്ങൾ പ്രകാരം ഉത്തർപ്രദേശ് പൊലീസിന്റെ സ്പെഷ്യൽ ടാസ്ക് ഫോഴ്സ്(എസ്.ടി.എഫ്) ആണ് രവി ആത്രിയെ കസ്റ്റഡിയിൽ എടുത്തത്. മറ്റൊരു പ്രതി ജാർഖണ്ഡിൽ നിന്നാണ് പിടിയിലായത്. ഇതിനിടെ മുഖ്യ പ്രതി നേപ്പാളിലേക്ക് കടന്നതായും വിവരമുണ്ട്.

പരീക്ഷാ മാഫിയകൾക്കു വണ്ടി ചോദ്യപേപ്പറുകൾക്ക് ഉത്തരങ്ങൾ എഴുതി സോഷ്യൽ മീഡിയയിൽ പങ്കു വെക്കുന്നതാണ് രവി ആത്രിയുടെ രീതി. ഇതിനായി സോൾവർ ഗ്യാങ് എന്ന പേരിൽ പ്രത്യേക ഗ്രൂപ്പും ടെലിഗ്രാം പോലുള്ള ആപ്പുകൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. നേരത്തെ നിരവധി ചോദ്യപേപ്പർ ചോർച്ചാ കേസുകളിൽ ഇയാളുടെ പേര് ഉയർന്നു വന്നിരുന്നു. 2012ലെ ഡൽഹി മെഡിക്കൽ എൻട്രൻസ് എക്സാം ചോദ്യപേപ്പർ ചോർച്ചാ കേസിൽ അറസ്റ്റിലായെങ്കിലും പിന്നീട് ജാമ്യത്തിൽ ഇറങ്ങി.

അതേസമയം എവിടെ നിന്നാണ് ഇയാൾക്ക് ചോദ്യപേപ്പർ ചോർന്നു കിട്ടിയത് എന്നും ആരാണ് ചോർത്തി നൽകിയത് എന്നും ഇനിയും കണ്ടെത്താനായിട്ടില്ല. ജാർഖണ്ഡ് കേന്ദ്രീകരിച്ചാണ് ചോദ്യപേപ്പർ ചോർന്നതെന്നാണ് അന്വേഷണ സംഘം നൽകുന്ന സൂചന. പ്രതികളുടെ അന്തർ സംസ്ഥാന ബന്ധം പുറത്തുവന്നതോടെ ബിഹാർ പൊലീസ് അന്വേഷണ സംഘം വിപുലീകരിക്കുകയും അന്വേഷണം കൂടുതൽ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ബിഹാർ കേന്ദ്രീകരിച്ചാണ് ചോദ്യപേപ്പർ ചോർന്നതെന്നാണ് നേരത്തെ പുറത്തുവന്ന വിവരം. ചോദ്യപേപ്പർ നേരത്തെ ലഭിച്ച ചില പരീക്ഷാർത്ഥികളെ ബിഹാർ പൊലീസ് കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്തതിൽനിന്നാണ് ഇതിനു പിന്നിലെ വൻ റാക്കറ്റിനെക്കുറിച്ച് വിവരം ലഭിച്ചത്.

മെഡിക്കൽ എൻട്രൻസ് പരീക്ഷാ പരിശീലനത്തിനായി 2007ൽ കുടുംബം രാജസ്ഥാനിലെ പ്രസിദ്ധമായ കോട്ടയിലെ കോച്ചിങ് സെന്ററിൽ അയച്ച രവി ആത്രി 2012ൽ എൻട്രൻസ് പാസാകുകയും റോത്തകിൽ മെഡിക്കൽ പഠനത്തിന് ചേരുകയും ചെയ്തിരുന്നു. എന്നാൽ നാലാം വർഷ പരീക്ഷക്ക് ഹാജരായില്ല. പരീക്ഷാ മാഫിയയുടെ വലയിൽ അകപ്പെട്ട രവി ആത്രിയെ പിന്നീട് ആൾ മാറാട്ടത്തിലൂടെ എൻട്രൻസ് എഴുതി പിടിക്കപ്പെട്ടാണ് വാർത്തകളിൽ നിറയുന്നത്. എക്സാം മാഫിയകൾക്കു വേണ്ടി ചോർന്നുകിട്ടുന്ന ചോദ്യപേപ്പറുകൾക്ക് ഉത്തരം കണ്ടെത്തുന്നതും ഇയാളാണ്.

ജാർഖണ്ഡിലെ ഹസാരി ബാഗിൽ നിന്നാണ് ചോദ്യപ്പേപ്പർ ചോർന്നതെന്നാണ് വിവരം. അതിനിടെ, നീറ്റ് ചോദ്യപേപ്പറിന് വിലയിട്ടത് 40 ലക്ഷമാണെന്ന മൊഴി പുറത്തുവന്നു. അറസ്റ്റിലായ വിദ്യാർത്ഥി ആയുഷിന്റെ പിതാവാണ് മൊഴി നൽകിയത്. ഇടനിലക്കാരൻ സിങ്കന്ദർ പ്രസാദാണ് പണം ആവശ്യപ്പെട്ടതെന്നും പരീക്ഷ പാസായാൽ പണം നൽകണമെന്നായിരുന്നു ആവശ്യമെന്നും മൊഴിയിൽ പറയുന്നു.

കേസിലെ മുഖ്യകണ്ണിയായ സഞ്ജീവ് മുഖിയക്കായി തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്. ഇയാളുടെ മകൻ നിലവിൽ ബീഹാർ പിഎസ്സി ചോദ്യപേപ്പർ ചോർച്ചാ കേസിൽ അറസ്റ്റിലായി ജയിലിലാണ്.

### ഗ്രേസ് മാർക്ക് ലഭിച്ചവരുടെ പുനപ്പരീക്ഷ ഇന്ന്

ന്യൂഡൽഹി: ഗ്രേസ് മാർക്ക് നൽകുകയും വിവാദമായതോടെ പിൻവലിക്കുകയും ചെയ്ത നീറ്റ് പരീക്ഷാർത്ഥികൾക്കുള്ള പുനപ്പരീക്ഷ ഇന്ന് നടക്കും. 1563 വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്ക് ആണ് റദ്ദാക്കിയത്. തുടർന്ന് ഇവർക്ക് വീണ്ടും പരീക്ഷ എഴുതാൻ അനുമതി നൽകുകയായിരുന്നു. പുതിയ സെന്ററുകളിലാണ് പരീക്ഷ നടത്തുക. വിവാദമായ ഏഴ് സെന്ററുകളിൽ ആറെണ്ണത്തിലും മാറ്റം വരുത്തിയതായി എൻടിഎ അറിയിച്ചു. രണ്ട് പേർ മാത്രം പരീക്ഷ എഴുതുന്ന ചണ്ഡിഗഡിലെ സെന്റർ മാത്രം നിലനിർത്തിയിട്ടുണ്ട്. ഹരിയാന, മേഘാലയ, ഛത്തീസ്ഗഡ്, ഗുജറാത്ത് സംസ്ഥാനങ്ങളിലാണ് മറ്റ് ആറ് സെന്ററുകൾ.

# കർഷക വായ്പകൾ എഴുതിത്തള്ളുമെന്ന് തെലങ്കാന സർക്കാർ

ഹൈദരാബാദ്: കർഷക വായ്പകൾ എഴുതിത്തള്ളുമെന്ന് തെലങ്കാന സർക്കാർ. രണ്ട് ലക്ഷം വരെയുള്ള കർഷക വായ്പകൾ പൂർണമായും എഴുതിത്തള്ളുന്നുവെന്ന് മുഖ്യമന്ത്രി രേവന്ത് റെഡ്ഡി പ്രഖ്യാപിച്ചു. 2018 ഡിസംബർ 12 മുതൽ 2023 ഡിസംബർ ഒമ്പതു വരെയുള്ള വായ്പകളാണ് എഴുതിത്തള്ളുക. 40 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്ന് രേവന്ത് റെഡ്ഡി പറഞ്ഞു.

നിയമസഭാ തിരഞ്ഞെടുപ്പ് വേളയിൽ കോൺഗ്രസ് നൽകിയ പ്രധാന വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു കാർഷിക വായ്പകൾ എഴുതിത്തള്ളും എന്നത്. ആഗസ്റ്റ് 15നകം വാഗ്ദാനം നടപ്പാക്കുമെന്ന് മുഖ്യമന്ത്രിയായി ചുമതലയേറ്റതിനു പിന്നാലെ രേവന്ത് റെഡ്ഡി പ്രഖ്യാപിച്ചിരുന്നു.

സംസ്ഥാന ഖജനാവിന് 31,000 കോടി രൂപയുടെ അധിക ബാധ്യതയാണ് വായ്പാ എഴുതിത്തള്ളൽ വഴി ഉണ്ടാവുക എന്നാണ് വിവരം. മറ്റു മാർഗങ്ങളിലൂടെ ഇതിനുള്ള തുക കണ്ടെത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കൃഷി ലാഭകരമായ തൊഴിലായി ഉയർത്തുക എന്നതാണ് കോൺഗ്രസ് നയം. കോൺഗ്രസ് നേതാക്കളായ സോണിയാ ഗാന്ധിയും രാഹുൽ ഗാന്ധിയും മല്ലികാർജുൻ ഖാർഗെയുമെല്ലാം നൽകിയ ഉറപ്പ് പാലിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും രേവന്ത് കൂട്ടിച്ചേർത്തു. കോൺഗ്രസ് സർക്കാർ അധികാരത്തിലേറി എട്ട് മാസം കൊണ്ടു മുഴുവൻ വാഗ്ദാനങ്ങൾ പാലിച്ചെന്നും മുഖ്യമന്ത്രി അവകാശപ്പെട്ടു.

### ശിവരാജ് സിങ് ചൗഹാന് പകരക്കാരനാകാൻ മകൻ

# മക്കൾ രാഷ്ട്രീയം മോദിയെ തിരിഞ്ഞുകുത്തുന്നു

ഭോപാൽ: മക്കൾ രാഷ്ട്രീയവും കുടുംബ വാഴ്ചയും മോദിയെ തിരിഞ്ഞു കുത്തുന്നത് തുടരുന്നു. മകനെ പിൻഗാമിയായി ഉയർത്തിക്കൊണ്ടു വരാനുള്ള മധ്യപ്രദേശ് മുൻ മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാന്റെ നീക്കമാണ് ഇതിൽ ഒടുവിലത്തേത്. മൂന്നാം മോദി സർക്കാറിലെ മന്ത്രിമാരുടെ പട്ടികയിൽ ഭൂരിഭാഗവും മുൻ നേതാക്കളുടെ മക്കളോ അടുത്ത ബന്ധുക്കളോ ആണെന്ന റിപ്പോർട്ടുകൾ നേരത്തെ പുറത്തുവന്നിരുന്നു. കോൺഗ്രസിനേയും നെഹ്റു കുടുംബത്തേയും മക്കൾ രാഷ്ട്രീയമെന്ന് പറഞ്ഞ് നിരന്തരം ആക്ഷേപിച്ച മോദിക്ക് കനത്ത തിരിച്ചടിയായിരുന്നു സ്വന്തം മന്ത്രിസഭയിലെ മക്കൾ പടയെക്കുറിച്ചുള്ള വാർത്തകൾ. ഇതിനു പിന്നാലെയാണ് ശിവരാജ് സിങ് ചൗഹാന്റെ നീക്കവും വാർത്തയാകുന്നത്.



ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെടുകയും കേന്ദ്രമന്ത്രിസഭയിൽ ഇടംപിടിക്കുകയും ചെയ്ത ശിവരാജ് സിങ് ചൗഹാൻ പ്രവർത്തന മണ്ഡലം ഡൽഹിയിലേക്ക് പറിച്ചു നടുന്നതോടെ, മധ്യപ്രദേശിലെ ബി.ജെ.പി രാഷ്ട്രീയത്തിൽ തനിക്കു പകരക്കാരനായി മകൻ കാർത്തികേയ സിങിനെ ഉയർത്തിക്കൊണ്ടു വരാൻ ലക്ഷ്യമിടുന്നതായാണ് റിപ്പോർട്ട്. കേന്ദ്ര കൃഷി മന്ത്രിയായി ചുമതലയേറ്റതിനു പിന്നാലെ സ്വന്തം തട്ടകത്തിൽ ശിവരാജ് സിങ് ചൗഹാൻ നടത്തിയ ആഹ്ലാദ പ്രകടനം ഇതുസംബന്ധിച്ച അഭ്യൂഹങ്ങൾക്ക് ശക്തി പകർന്നിട്ടുണ്ട്. ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടതോടെ താൻ ഒഴിഞ്ഞ ബുധ്നി നിയമസഭാ മണ്ഡലത്തിൽ കാർത്തികേയ സിങിനെ മത്സരിപ്പിക്കാനാണ് ശിവരാജ് സിങ് ചൗഹാന്റെ കരുനീക്കം. റോഡ് ഷോയിൽ ശിവരാജ് സിങ് ചൗഹാനൊപ്പം ഭാര്യയും മകനുമാണ് വോട്ടർമാർക്ക് നന്ദി പറയാൻ വാഹനത്തിലുണ്ടായിരുന്നത്. മകനു വേണ്ടി മണ്ണൊരുക്കുന്നതിനായാണ് യാത്ര സംഘടിപ്പിച്ചതെന്നാണ് വിമർശനം.

# കള്ളക്കുറിച്ചി വിഷമദ്യ ദുരന്തം: മരണം 55 ആയി

ചെന്നൈ: തമിഴ്നാട്ടിലെ കള്ളക്കുറിച്ചി വിഷമദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 55 ആയി. ആരോഗ്യ പ്രശ്നങ്ങളെതുടർന്ന് ചികിത്സയിലിരുന്ന രണ്ടുപേർ കൂടി മരണത്തിന് കീഴടങ്ങിയതോടെയാണിത്. വിഷമദ്യം കഴിച്ച 190 പേരിൽ ഭൂരിഭാഗം പേരും അപകട നില തരണം ചെയ്തതായി ജില്ലാ കളക്ടർ എം.എസ്. പ്രശാന്ത് അറിയിച്ചു. ഏതാനും പേർ ഇപ്പോഴും വെന്റിലേറ്ററിൽ തുടരുകയാണ്. കള്ളക്കുറിച്ചി ഗവൺമെന്റ് മെഡിക്കൽ കോളജിൽ 30 പേരും സേലം മെഡിക്കൽ കോളജിൽ 17 പേരും വില്ലുപുരം മെഡിക്കൽ കോളജിൽ നാലുപേരും പുതുച്ചേരി ജിപ്മെറിൽ രണ്ടുപേരുമാണ് മരിച്ചത്. ഇതിൽ 29 പേരുടെ മൃതദേഹങ്ങൾ ഇതുവരെ ബന്ധുക്കൾക്ക് വിട്ടു കൊടുത്തതായും ജില്ലാ കളക്ടർ അറിയിച്ചു.



ഇതിനിടെ കള്ളക്കുറിച്ചിയിൽ വിഷമദ്യം വിതരണം ചെയ്തയാളെ പൊലീസ് അറസ്റ്റു ചെയ്തു. പ്രധാന പ്രതിയെന്ന് കരുതുന്ന ചിന്നദുരൈ ആണ് പിടിയിലായത്. ജസ്റ്റിസ് ബി ഗോകുൽ ദാസ് (റിട്ടയേർഡ്) ഏകാംഗ കമ്മീഷൻ സംഭവത്തിൽ അന്വേഷണം ആരംഭിച്ചു. റിപ്പോർട്ട് നൽകാൻ മൂന്ന് മാസത്തെ സമയം അനുവദിച്ചിട്ടുണ്ട്. നടപടിയുടെ ഭാഗമായി സംസ്ഥാന സർക്കാർ നിരവധി പൊലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും കളക്ടറെ സ്ഥലം മാറ്റുകയും ചെയ്തിരുന്നു.

# പ്രോടേം സ്പീക്കർ: സമിതി അംഗത്വം ഇന്ത്യ മുന്നണി സ്വീകരിച്ചേക്കില്ല

ന്യൂഡൽഹി: പ്രോടേം സ്പീക്കറെ സഹായിക്കുന്ന പ്രത്യേക സമിതി അംഗത്വം ഇന്ത്യ മുന്നണി സ്വീകരിച്ചേക്കില്ലെന്ന് റിപ്പോർട്ട്. പ്രോടേം സ്പീക്കറായി കോൺഗ്രസിന്റെ മുതിർന്ന അംഗം കൊടിക്കുന്നിൽ സുരേഷിനെ നിയമിക്കാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ചാണ് നീക്കം. ദളിത് നേതാവായതിനാലാണ് കേരളത്തിൽ നിന്നുള്ള കൊടുക്കുന്നിലിനെ തഴഞ്ഞത്. വ്യാഴാഴ്ചയാണ് ബി.ജെ.പി എം.പി ഭർതൃഹരി മഹ്താബിനെ ലോക്സഭാ പ്രോടം സ്പീക്കറായി കേന്ദ്ര പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു നിയമിച്ചത്. ഭർതൃഹരിയെ സഹായിക്കുന്നതിനുള്ള സമിതിയിലേക്ക് കൊടിക്കുന്നിൽ സുരേഷ്, ഡി.എം.കെ എം.പി ടി.ആർ ബാലു, തൃണമൂൽ കോൺഗ്രസ് എം.പി സുധീപ് ബന്ധോപാദ്യായ, ബി.ജെ.പി എം.പിമാരായ രാധാമോഹൻ സിങ്, ഫാഗൻ സിങ് കുലാസ്തെ എന്നിവരെയും നിയമിച്ചു. എന്നാൽ ഇന്ത്യ മുന്നണിയുടെ അംഗങ്ങൾ ഈ ചുമതല ഏറ്റെടുത്തേക്കില്ലെന്നാണ് വിവരം. മുന്നണിയോഗം ചേർന്ന് തുടർ നടപടി സംബന്ധിച്ച് അന്തിമ തീരുമാനം കൊള്ളുമെന്ന് പ്രതിപക്ഷം അറിയിച്ചു.

കൊടിക്കുന്നിലിനോട് സമിതിയിൽ നിന്ന് വിട്ടുനിൽക്കാൻ കോൺഗ്രസ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രതിപക്ഷത്തിന്റെ പ്രതിഷേധത്തിനിടെ പ്രോടേം സ്പീക്കറുടെ നിയമനത്തെ ന്യായീകരിച്ച് കിരൺ റിജിജു രംഗത്തുവന്നു. നിയമവും ചട്ടവും നോക്കിയാണ് ഏഴു തവണ തുടർച്ചയായി എം.പിയായ ഭർതൃഹരി മെഹ്താബിനെ നിയമിച്ചതെന്ന് റിജിജു പറഞ്ഞു. കൊടിക്കുന്നിൽ സുരേഷ് തുടർച്ചയായി എം.പിയായിട്ടില്ലെന്നും രണ്ടു തവണ പരാജയപ്പെട്ടുവെന്നും റിജിജു പറഞ്ഞു. യു.പി.എ കാലത്തും എൻ.ഡി.എ കാലത്തും സീനിയോറിറ്റി മറികടന്ന് പ്രോടേം സ്പീക്കറെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും റിജിജു ന്യായീകരിച്ചു. എന്നാൽ കൊടിക്കുന്നിലിനെ ഒഴിവാക്കിയത് ഗവൺമെന്റിൽ നിന്നുള്ള ദളിത് അവഗണനയായാണ് പ്രതിപക്ഷം കണക്കാക്കുന്നത്. ലോക്സഭയിൽ അംഗബലം വർധിച്ചതോടെ പ്രതിപക്ഷം വിഷയത്തിൽ നിന്ന് പിന്മാറാൻ സാധ്യതയില്ലെന്നാണ് വൃത്തങ്ങൾ വ്യക്തമാക്കുന്നത്. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരെക്കുറിച്ച് സർക്കാറിന്റെ തീരുമാനത്തിന് കാത്തിരിക്കുകയാണ് പ്രതിപക്ഷം.

## വൈ.എസ്.ആർ കോൺഗ്രസിന്റെ ഓഫീസ് ഇടിച്ചുനിരത്തി നായിഡു സർക്കാർ

അമരാവതി: അധികാരമേറ്റ് രണ്ടാഴ്ച പിന്നിടും മുമ്പെ വൈ.എസ്.ആർ കോൺഗ്രസിന്റെ ഓഫീസ് ബുൾഡോസറുകൾ ഉപയോഗിച്ച് ഇടിച്ചു നിരത്തി ചന്ദ്രബായു നായിഡു സർക്കാറിന്റെ വിവാദ നീക്കം. ഗുണ്ടൂരിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വൈ.എസ്.ആർ.സി ഓഫീസാണ് ഇടിച്ചു നിരത്തിയത്.

ജലവിഭവ വകുപ്പിന്റെ ഭൂമി കൈയേറിയാണ് പാർട്ടി ഓഫീസ് നിർമ്മിക്കുന്നതെന്നും നിയമ വിരുദ്ധമായാണ് നിർമ്മാണമെന്നും ആരോപിച്ചാണ് നടപടി. അതേസമയം ചന്ദ്രബാബു നായിഡു ഏകാധിപതികളെപ്പോലെ പെരുമാറുകയാണെന്ന വിമർശനവുമായി വൈ.എസ്.ആർ കോൺഗ്രസ് നേതാവ് ജഗൻ മോഹൻ റെഡ്ഡി ആരോപിച്ചു.

തെഡാപ്പള്ളി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലാണ് വൈ.എസ്.ആർ കോൺഗ്രസ് പുതിയ ഓഫീസ് നിർമ്മിക്കുന്നത്. ആദ്യ നിലയുടെ കോൺക്രീറ്റ് ജോലികൾ പൂർത്തിയാകുകയും രണ്ടാം നിലയുടെ പില്ലർ വർക്കുകൾ ആരംഭിക്കുകയും ചെയ്ത കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തി നടന്നു കൊണ്ടിരിക്കെയാണ് മുനിസിപ്പൽ ഭരണകൂടം ബുൾഡോസറുകളുമായി എത്തി ഇടിച്ചു നിരത്തൽ തുടങ്ങിയത്. വൻ പൊലീസ് സന്നാഹത്തേയും സ്ഥലത്ത് വിന്യസിച്ചിരുന്നു.

നേരത്തെ ജഗൻ മോഹൻ റെഡ്ഡി മുഖ്യമന്ത്രിയായിരിക്കെ, അഴിമതി കേസിൽ ചന്ദ്രബായു നായിഡുവിനെ അറസ്റ്റു ചെയ്ത് ജയിലിൽ അടച്ചിരുന്നു. ഇതിന്റെ പകപോക്കലാണ് പുതിയ സർക്കാർ നടത്തുന്നതെന്നാണ് വൈ.എസ്.ആർ.സി വിമർശനം.

# ജോധ്പൂരിൽ വർഗീയ കലാപം

## രണ്ട് പൊലീസുകാർക്ക് പരിക്ക്

ജോധ്പൂർ: രാജസ്ഥാൻ നഗരമായ ജോധ്പൂരിലുണ്ടായ വർഗീയ കലാപത്തിൽ രണ്ട് പൊലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. സൂർസാഗർ മേഖലയിലെ രാജാറാം സർക്കിളിൽ ഈദ്ഗാഹ് നടക്കുന്ന വേദിയുടെ പിൻഭാഗത്ത് ഗേറ്റ് നിർമിക്കുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് കലാപത്തിൽ കലാശിച്ചത്. ഒരു വിഭാഗം ഗേറ്റ് നിർമാണത്തെ എതിർത്തതാണ് വാക്കുതർക്കത്തിലേക്കും കൈയ്യാങ്കളിയിലേക്കും നയിച്ചത്. വെള്ളിയാഴ്ച രാത്രിയോടെയാണ് സംഘർഷാവസ്ഥ രൂക്ഷമായത്. ചിലർ കല്ലേറിയുകയും രണ്ട് പൊലീസുകാർക്ക് പരിക്കേൽക്കുകയുമായിരുന്നുവെന്ന് ജോധ്പൂർ വെസ്റ്റ് ഡിസിപി രാജേഷ്കുമാർ യാദവ് പറഞ്ഞു. ഒരു കടയും ട്രാക്ടറും അഗ്നിക്കിരയാക്കി. ഒരു ജീപ്പ് പൂർണമായും നശിപ്പിക്കുകയും ചെയ്തതായി യാദവ് പറഞ്ഞു. ഇരുവിഭാഗത്തിന്റെയും പരാതിയെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്തു. സംഘർഷ സാധ്യത കണക്കിലെടുത്ത് പ്രദേശത്ത് കൂടുതൽ പൊലീസ് സേനയെ വിന്യസിപ്പിച്ചു.

## രേണുകാസ്വാമി വധക്കേസ്: ദർശൻ ഉൾപ്പെടെ പ്രതികൾ ജുഡീഷ്യൽ കസ്റ്റഡിയിൽ

ബെംഗളൂരു: രേണുകാസ്വാമി വധക്കേസിൽ അറസ്റ്റിലായ കന്നഡ നടൻ ദർശൻ തൂഗുദീപ ഉൾപ്പെടെ നാലു പ്രതികളെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. ജൂലായ് നാലു വരെയാണ് കസ്റ്റഡി കാലാവധി. കേസിൽ അറസ്റ്റിലായ ദർശൻ, വിനയ്, ധാൻരാജ്, പ്രദോഷ് എന്നിവർ കഴിഞ്ഞ 14 ദിവസമായി പൊലീസ് കസ്റ്റഡിയിലായിരുന്നു. ഇന്നലെ കോടതിയിൽ ഹാജരാക്കിയപ്പോഴാണ് ജൂലൈ നാലു വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിടാൻ അഡീഷണൽ ചീഫ് മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് ഉത്തരവിട്ടത്. കേസിലെ പ്രധാന പ്രതികളിലൊരാളായ പവിത്ര ഗൗഡ ഉൾപ്പെടെ 13 പേരെ 11 ദിവസത്തെ ചോദ്യം ചെയ്യലിനു ശേഷം വ്യാഴാഴ്ച ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരുന്നു. അതിനിടെ, കൊലപാതകത്തിന് ദർശനെ നിർബന്ധിച്ചത് പവിത്രയാണെന്ന് പൊലീസ് കണ്ടെത്തൽ. രേണുകാസ്വാമിയെ പ്രതികൾ മർദനത്തിനിരയാക്കുമ്പോൾ പവിത്രയും സംഭവ സ്ഥലത്തുണ്ടായിരുന്നുവെന്ന് പൊലീസ് പറയുന്നു. പവിത്രക്കെതിരെ സമൂഹമാധ്യമങ്ങളിൽ അശ്ലീല പരാമർശങ്ങൾ പോസ്റ്റ് ചെയ്തതാണ് രേണുകാസ്വാമിയുടെ കൊലപാതകത്തിൽ കലാശിച്ചതെന്നാണ് പൊലീസ് പറയുന്നത്. ജൂൺ എട്ടിന് ദർശൻ ഏർപ്പെടുത്തിയ സംഘം രേണുകാസ്വാമിയെ ചിത്രദുർഗ എന്ന സ്ഥലത്ത് നിന്ന് നടനെ പരിചയപ്പെടുത്താമെന്ന് തെറ്റിദ്ധരിപ്പിച്ച് വണ്ടിയിൽ കയറ്റുകയും ബംഗളൂരു എ.ആർ നഗറിലെത്തിച്ചു മർദിക്കുകയായിരുന്നു. രേണുകാസ്വാമിയെ മർദിക്കുന്നതിലും ഇലക്ട്രിക് ഷോക്ക് നൽകുന്നതിനും ദർശനും പവിത്രയും നേതൃത്വം നൽകിയെന്നാണ് പൊലീസ് നൽകുന്ന വിവരം. ശരീരത്തിലേറ്റ ഗുരുതര മുറവുകളിൽ നിന്ന് രക്തം വാർന്നാണ് രേണുകാസ്വാമിയുടെ മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 23 ഞായർ
ഗൾഫ് ചന്ദ്രിക



## പി.ജി. പ്രവേശനം 2024: 28 വരെ അപേക്ഷിക്കാം

തേഞ്ഞിപ്പലം: 2024 2025 അധ്യയന വർഷത്തെ എഫ്കാജലകം മുഖേനയുള്ള ബിരുദാനന്തര ബിരുദ പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ (PGCAP 2024) 28ന് വൈകിട്ട് അഞ്ചു മണി വരെ നീട്ടി. കൂടുതൽ വിവരങ്ങൾ പ്രവേശന വിഭാഗം വെബ് സൈറ്റിൽ.

## ഗ്രേഡ് കാർഡ് വിതരണം

തേഞ്ഞിപ്പലം: ബി.ടെക്. നാല്, ആറ് സെമസ്റ്റർ (2014 സ്കീം 2015 മുതൽ 2018 വരെ പ്രവേശനം) ഏപ്രിൽ 2023 പരീക്ഷയുടെ ഗ്രേഡ് കാർഡുകൾ സർവകലാശാല എഞ്ചിനീയറിങ് കോളേജിൽ (കുളം) നിന്ന് കൈപ്പറ്റാം. വിദ്യാർഥികൾ തിരിച്ചറിയൽ കാർഡ് സഹിതം ഹാജരാകണം.

## ഇടമലയാർ: ആറ് എഞ്ചിനീയർമാർക്കും 4 ഓവർസിയർമാർക്കും 34 കരാറുകാർക്കും കഠിന തടവ്

തൃശൂർ: 2004–2005 കാലഘട്ടത്തിൽ തൃശൂർ ജില്ലയിലെ ചാലക്കുടി ഇടമലയാർ പ്രോജക്ട് ഡിവിഷന്റെ കീഴിൽ നടത്തിയ വലതു കനാൽ നവീകരണപ്രവർത്തനത്തിൽ അഴിമതി നടത്തിയ വിജിലൻസ് കേസിൽ 6 എഞ്ചിനീയർമാരെയും 4 ഓവർസിയർമാരെയും 34 കരാറുകാരെയും വിജിലൻസ് കോടതി കഠിന തടവിന് ശിക്ഷിച്ചു.

കേരള വാർത്തകൾ

# മകളെ പീഡിപ്പിച്ച കേസിൽ പിതാവിന് ജീവപര്യന്തവും 107 വർഷം കഠിനതടവും

മഞ്ചേരി: മകളെ പത്തു വയസു മുതൽ 17 വയസുവരെ പലതവണ ലൈംഗികമായി പീഡിപ്പിക്കുകയും ഗർഭിണിയാക്കുകയും ചെയ്തുവെന്ന കേസിൽ പിതാവിന് മഞ്ചേരി ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി (രണ്ട്) ജീവപര്യന്തം തടവിന് പുറമെ വിവിധ വകുപ്പുകളിലായി 107 വർഷം കഠിന തടവിനും ഒരു ലക്ഷം രൂപ പിഴയടക്കാനും ശിക്ഷിച്ചു. അരീക്കോട് സ്വദേശിയായ 41 കാരനെയാണ് ജഡ്ജി എസ്. രശ്മി ശിക്ഷിച്ചത്.
ഭാര്യയും രണ്ടു കുട്ടികളുമൊത്ത് താമസിച്ചുവരുന്ന വീട്ടിൽ വെച്ചാണ് പ്രതിയുടെ ലൈംഗികാതിക്രമം. 2006 ൽ ജനിച്ച പെൺകുട്ടിയെ പ്രതി പത്താമത്തെ വയസു മുതൽ 2023 മാർച്ച് 22 വരെ ലൈംഗികമായി പീഡിപ്പിക്കുകയായിരുന്നു. പുറത്തുപറഞ്ഞാൽ ഉപദ്രവിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. കുട്ടി ശാരീരിക അസ്വസ്ഥത പ്രകടിപ്പിച്ചതിനെതുടർന്ന് പിതാവു തന്നെയാണ് അരീക്കോട് ആശുപത്രിയിൽ കാണിച്ചത്. കുട്ടി ഗർഭിണിയാണെന്ന് മനസിലാക്കിയ ആശുപത്രി അധികൃതർ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് റഫർ ചെയ്തതോടെയാണ് പീഡന വിവരം പുറത്താകുന്നത്. ഡോക്ടർമാരുടെ ഉപദേശപ്രകാരം ഗർഭം അലസിപ്പിക്കുകയായിരുന്നു. തുടർന്ന് കുട്ടിയുടെ പരാതിയിൽ അരീക്കോട് പൊലീസ് കേസെടുത്തു.
അരീക്കോട് പൊലീസ് ഇൻസ്പെക്ടറായിരുന്ന എം. അബ്ബാസലി, സബ് ഇൻസ്പെക്ടർ എം. കബീർ, അസി. സബ് ഇൻസ്പെക്ടർ കെ. സ്വയംപ്രഭ എന്നിവരാണ് 2023 ഏപ്രിൽ എട്ടിന് പ്രതിയെ അറസ്റ്റ് ചെയ്തു കേസന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചതും. റിമാന്റിലായ പ്രതി പരാതിക്കാരിയെ സ്വാധീനിക്കുമെന്നതിനാൽ കേസ് തീരുംവരെ പ്രതിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ വയ്ക്കണമെന്ന് പൊലീസ് കോടതിയിൽ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ കോടതി പ്രതിക്ക് ജാമ്യം അനുവദിച്ചിരുന്നില്ല. പോക്സോ ആക്ടിലെ 5 (ജെ) വകുപ്പ് പ്രകാരം ജീവപര്യന്തം തടവ്, 5 (എം) പ്രകാരം 25 വർഷം കഠിനതടവ് എന്നിങ്ങനെയാണ് ശിക്ഷ. ഇരുവകുപ്പുകളിലും 25000 രൂപ വീതം പിഴയും പിഴയടച്ചില്ലെങ്കിൽ അഞ്ചുമാസം വീതം അധിക തടവും ശിക്ഷയുണ്ട്. 5 (എൻ) വകുപ്പ് പ്രകാരം 25 വർഷം കഠിനതടവ്, 20000 രൂപ പിഴ, പിഴയടച്ചില്ലെങ്കിൽ നാല് മാസത്തെ അധിക തടവ് എന്നിങ്ങനെയാണ് ശിക്ഷ. 9 (എം), 9 (എൻ) എന്നീ വകുപ്പുകളിൽ ആറു വർഷം വീതം കഠിനതടവ്, 5000 രൂപ വീതം പിഴ എന്നിങ്ങനെയും ശിക്ഷയുണ്ട്. പിഴയടച്ചില്ലെങ്കിൽ ഇരുവകുപ്പുകളിലും ഒരു മാസം വീതം അധിക തടവ് അനുഭവിക്കണം. പോക്സോ ആക്ടിലെ തന്നെ 5 (എൽ) വകുപ്പ് പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 376 (3) വകുപ്പ് പ്രകാരം കുട്ടിയെ ബലാത്സംഗം ചെയ്തതിനും 20 വർഷം വീതം കഠിന തടവ്, 10000 രൂപ വീതം പിഴ, പിഴയടച്ചില്ലെങ്കിൽ ഇരുവകുപ്പുകളിലും രണ്ടുമാസത്തെ അധിക തടവ് എന്നതാണ് ശിക്ഷ. ഇതിനെല്ലാം പുറമെ കുട്ടിയെ ഭീഷണിപ്പെടുത്തിയതിന് ഇന്ത്യൻ ശിക്ഷാ നിയമം 506 പ്രകാരം ബലാത്സംഗം ചെയ്തതിന് രണ്ടു വർഷവും ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം മൂന്ന് വർഷവും കഠിനതടവ് അനുഭവിക്കണം.
ജീവപര്യന്തം തടവ് എന്നത് പ്രതിയുടെ ജീവിതാവസാനംവരെ എന്നാണെന്ന് കോടതി പ്രത്യേകം എടുത്തുപറഞ്ഞു. പിഴ അടക്കുകയാണെങ്കിൽ സംഖ്യ അതിജീവിതക്ക് നൽകാനും കോടതി ഉത്തരവിട്ടു. പ്രോസിക്യൂഷനു വേണ്ടി ഹാജരായ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. എ.എൻ മനോജ് 22 സാക്ഷികളെ വിസ്തരിച്ചു. 24 രേഖകളും ഹാജരാക്കി. പ്രോസിക്യൂഷൻ ലൈസൺ വിങിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ആയിഷ കിണറ്റിങ്ങൽ പ്രോസിക്യൂഷനെ സഹായിച്ചു. പ്രതിയെ ശിക്ഷ അനുഭവിക്കുന്നതിനായി തവനൂർ സെൻട്രൽ ജയിലിലേക്കയച്ചു.

■ കേന്ദ്രത്തോട് കേരളം

## സാമ്പത്തിക പ്രതിസന്ധിയുണ്ട്, സഹായിക്കണം

തിരുവനന്തപുരം: കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സഹായിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ട് കേരളം. നിലവിലെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രയാസങ്ങൾ മറികടക്കാൻ ഉതകുന്ന നിലയിൽ രണ്ട് വർഷ കാലയളവിലെ പ്രത്യേക സാമ്പത്തിക സഹായമാണ് കേരളം തേടിയത്. ഇതിനായി 24,000 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്നാണ് കേരളത്തിന്റെ ആവശ്യം. കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ പ്രീ ബജറ്റ് ചർച്ചകളുടെ ഭാഗമായി വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗത്തിലാണ് ധനമന്ത്രി കെ.എൻ ബാലഗോപാലൻ ആവശ്യം ഉന്നയിച്ചത്. കേരളത്തിന് നിയമപ്രകാരം അർഹതപ്പെട്ട പരിധിയിലുള്ള വായ്പ പോലും എടുക്കാൻ അനുവാദം ലഭിക്കാത്ത സ്ഥിതിയാണുള്ളതെന്ന് ധനമന്ത്രി വ്യക്തമാക്കി. പബ്ലിക് അക്കൗണ്ടിലെ തുകയും സർക്കാർ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽപ്പെടുത്തി, വായ്പാനുവാദത്തിൽ വെട്ടിക്കുറവ് വരുത്തുന്നു. ഇതുമൂലം ഈവർഷവും അടുത്തവർഷവും 5710 കോടി രൂപവീതമാണ് വായ്പയിൽ കുറയുന്നത്. പത്താം ധനകാര്യ കമീഷൻ ശുപാർശ ചെയ്ത 3.875 ശതമാനം കേന്ദ്ര നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമീഷൻ 1.92 ശതമാനമായി വെട്ടിച്ചുരുക്കിയതിലൂടെ സംസ്ഥാനത്തിന്റെ വരുമാനത്തിൽ വലിയ കുറവുണ്ടായി. ജിഎസ്ടി നഷ്ടപരിഹാരം വെട്ടിക്കുറച്ചതും, റവന്യു കമ്മി ഗ്രാന്റ് അവസാനിക്കുന്നതും കടം എടുക്കുന്നത് വലിയതോതിൽ വെട്ടിക്കുറച്ചതും സംസ്ഥാനത്തിന് വലിയ സാമ്പത്തിക പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. പ്രത്യേക പാക്കേജ് തീരുമാനത്തിനായി ഇവയെല്ലാം പരിഗണിക്കണം. ഒപ്പം, ഈ വർഷത്തെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പിയുടെ മൂന്നര ശതമാനമായി ഉയർത്തണം. ഉപാധിരഹിത കടമെടുപ്പ് അനുവാദവും ഉറപ്പാക്കണം. കിഫ്ബി, പെൻഷൻ കമ്പനി എന്നിവ മുൻവർഷങ്ങളിൽ എടുത്ത വായ്പ ഇൗവർഷത്തെയും അടുത്ത വർഷത്തെയും കടപരിധിയിൽ കുറയ്ക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. ജി.എസ്.ടിയിലെ കേന്ദ്ര സംസ്ഥാന നികുതി പങ്ക് വയ്ക്കൽ അനുപാതം നിലവിലെ 60:40 എന്നത് 50:50 ആയി പുനർനിർണയിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

## സിൽവർ ലൈനിൽ പിടിവിടാതെ സർക്കാർ അനുമതി നൽകണമെന്ന് കേന്ദ്രത്തോട് കേരളം

തിരുവനന്തപുരം: ജനങ്ങളുടെ കടുത്ത പ്രതിഷേധത്തെ തുടർന്ന് മരവിപ്പിച്ച സിൽവർ ലൈനിന് അനുമതി നൽകണമെന്ന് കേന്ദ്രത്തോട് വീണ്ടും കേരളം. ബജറ്റിന് മുന്നോടിയായി നടന്ന ധനമന്ത്രിമാരുടെ യോഗത്തിലാണ് ധനമന്ത്രി കെ.എൻ ബാലഗോപാൽ ആവശ്യം ഉന്നയിച്ചത്. പദ്ധതിക്ക് എത്രയും പെട്ടെന്ന് എല്ലാ അനുമതികളും ലഭ്യമാക്കണമെന്നും വർധിച്ച് വരുന്ന റെയിൽ ഗതാഗത ആവശ്യങ്ങൾ കുറ്റമറ്റ രീതിയിൽ നിറവേറ്റാൻ നിലവിലെ സംവിധാനങ്ങൾക്ക് കഴിയുന്നില്ലെന്നും കേരളം പറഞ്ഞു. കൂടുതൽ എകസ്പ്രസ്, പാസഞ്ചർ ട്രയിനുകൾ അനുവദിക്കണം.
വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിനായി 5000 കോടിയുടെ വിസിൽ പാക്കേജ് വേണമെന്നും കേരളം ആവശ്യപ്പെട്ടു. കോഴിക്കോടിനെയും വയനാടിനെയും ബന്ധിപ്പിക്കുന്ന തുരങ്ക പാതയുടെ നിർമ്മാണം ഉൾപ്പെടെ പദ്ധതികൾക്കായും അടിയന്തിരമായി 5000 കോടി രൂപ വേണം. കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷം ബജറ്റിൽ പ്രഖ്യാപിച്ച മൂലധന നിക്ഷേപ വായ്പാ പദ്ധതിയിൽനിന്ന് കേരളത്തിന് സഹായമൊന്നും ലഭിച്ചിട്ടുമില്ല.
കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം നിലവിലെ 60 ശതമാനത്തിൽനിന്ന് 75 ശതമാനമായി ഉയർത്തണമെന്നതാണ് കേരളം മുന്നോട്ടുവെച്ച മറ്റൊരാവശ്യം. കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പിലും മാനദണ്ഡ രൂപീകരണത്തിലും സംസ്ഥാനങ്ങൾക്ക് അധികാരം ഉറപ്പാക്കണം. ഭക്ഷ്യസുരക്ഷാ പദ്ധതിക്കുകീഴിലെ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനാന്തര ചരക്കുകൂലിയും കൈകാര്യച്ചെലവും റേഷൻ വ്യാപരികളുടെ കമീഷനും വർധിപ്പിക്കണം. ആശ, അങ്കണവാടി ഉൾപ്പെടെ വിവിധ സ്കീം തൊഴിലാളികളുടെയും പ്രവർത്തകരുടെയും ഓണറേറിയം ഉയർത്തണം. എൻ.എസ്.എപിയിലെ ക്ഷേമ പെൻഷൻ തുകകൾ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ പാചക ച്ചെലവ്, ഭവന നിർമ്മാണ പദ്ധതികളിലെ കേന്ദ്ര സർക്കാർ വിഹിതം തുടങ്ങിയവയും ഉയർത്തണം.

## മികച്ച പാസ്പോർട്ട് ഓഫീസിനുള്ള പുരസ്കാരം കൊച്ചി റീജിയണൽ ഓഫീസിന്

കൊച്ചി : രാജ്യത്തെ ഏറ്റവും മികച്ച പാസ്പോർട്ട് ഓഫീസിനുള്ള പുരസ്കാരം കൊച്ചി റീജിയണൽ പാസ്പോർട്ട് ഓഫീസിന്. ന്യൂഡൽഹിയിൽ വിദേശകാര്യ വകുപ്പിൽ നടന്ന ചടങ്ങിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിങ്ങിൽ നിന്നും കൊച്ചി റീജിയണൽ പാസ്പോർട്ട് ഓഫീസർ മിഥുൻ ടി ആർ അവാർഡ് ഏറ്റുവാങ്ങി. പാസ്പോർട്ട് ഓഫീസുകളുടെ കാര്യക്ഷമത വിലയിരുത്തുന്നതിനുള്ള മിക്ക മാനദണ്ഡങ്ങളിലും കൊച്ചി റീജിയണൽ പാസ്പോർട്ട് ഓഫീസ് മുന്നിൽ എത്തിയിരുന്നു. കഴിഞ്ഞവർഷം ആറു ലക്ഷത്തിലധികം പാസ്പോർട്ടുകളും ഒരു ലക്ഷത്തി പതിനായിരത്തിൽ അധികം പൊലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും ആണ് കൊച്ചി ഓഫീസ് വഴി പ്രോസസ് ചെയ്തത്. പ്രതിദിനം മൂവായിരത്തി എഴുന്നൂറോളം പാസ്പോർട്ട് സംബന്ധമായ അപേക്ഷകൾ കൊച്ചി ഓഫീസിനു കീഴിലുള്ള സേവാ കേന്ദ്രങ്ങളിൽ കൈകാര്യം ചെയ്യുന്നു. പാസ്പോർട്ട് അപേക്ഷകർക്ക് സേവകേന്ദ്രത്തിലെ സ്ലോട്ടുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും, സേവകേന്ദ്രത്തിൽ അഭിമുഖത്തിന് ശേഷം പാസ്പോർട്ട് പ്രിന്റ് ചെയ്ത് അപേക്ഷകന് അയക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ സമയപരിധിയിൽ കൊച്ചി ഓഫീസ് മുന്നിലാണ്. തീരുമാനമാകാതെ കെട്ടികിടക്കുന്ന പാസ്പോർട്ട് അപേക്ഷകളുടെ എണ്ണം പരമാവധി കുറക്കുക, അപേക്ഷകരുടെ പാസ്പോർട്ട് സംബന്ധമായ പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കാണുക എന്നീ ഉദ്ദേശത്തോടെ വിവിധ സമൂഹിക മാധ്യമങ്ങളുടെ സാദ്ധ്യതകൾ പരമാവധി ഉൾപെടുത്തികൊണ്ട് ഒരു 'സോഷ്യൽ മീഡിയ സെൽ' കൊച്ചി ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ഈയൊരു നേട്ടം കൂടുതൽ സേവനം ചെയ്യുന്നതിന് ആത്മവിശ്വാസം നൽകുന്നതായി പാസ്പോർട്ട് ഓഫീസ് എക്സ് പ്ലാറ്റ്ഫോമിൽ കുറിച്ചു.
ഡൽഹിയിൽ നടന്ന ചടങ്ങിൽ രാജ്യത്തെ മികച്ച ഗ്രാന്റിംഗ് ഓഫീസറിനുള്ള പുരസ്കാരം കൊച്ചി റീജിയണൽ ഓഫീസിലെ എം എൻ ബർട്ടിനും മികച്ച വെരിഫിക്കേഷൻ ഓഫീസറിനുള്ള പുരസ്കാരം ലിയാന്റോ ആൻറണിക്കും സമ്മാനിച്ചു.



ബോംബ് ഭീഷണി ഉണ്ടായ എയർ അറേബ്യ വിമാനം പരിശോധന നടത്തുന്നു

## കരിപ്പൂരിൽ വിമാനത്തിന് ബോംബ് ഭീഷണി പരിഭ്രാന്തി പരത്തി

കൊണ്ടോട്ടി: കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ വ്യാജ ബോംബ് ഭീഷണി പരിഭ്രാന്തിക്കിടയാക്കി. ഷാർജയിലേക്ക് പുറപ്പെടാൻ നിന്ന എയർ അറേബ്യ വിമാനത്തിനാണ് ഭീഷണി. ഇന്നലെ രാവിലെയാണ് നാടകീയ സംഭവങ്ങൾ ഉണ്ടായത്. യാത്രക്കാർ കയറുന്ന സമയത്താണ് വിമാനത്തിനകത്ത് നിന്ന് ബോംബ് ഭീഷണി അടങ്ങിയ ഒരു കുറിപ്പ് ശ്രദ്ധയിൽ പെട്ടത്. ഉടൻ യാത്രക്കാരെ തിരിച്ചിറക്കി വിമാനം ഐസൊലേഷൻ ബേയിലേക്ക് മാറ്റുകയായിരുന്നു. യാത്രക്കാരെ പുറത്തിറക്കി ഹോട്ടലിലേക്ക് മാറ്റിയ ഉടൻ വിമാനത്താവളത്തിൽ ഹൈ അലർട്ട് പ്രഖ്യാപിച്ചു. സംസ്ഥാന പൊലീസും ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും എത്തി വിശദ പരിശോധന നടത്തിയെങ്കിലും യാതൊന്നും കണ്ടെത്താനായില്ല. കത്തിന്റെ ഉറവിടത്തെ പറ്റി അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പരിശോധന ശേഷം വിമാനത്തിന് പറക്കാൻ ക്ലിയറൻസ് നൽകിയെങ്കിലും വൈമാനികരുടെ ഡ്യൂട്ടി സമയം കഴിഞ്ഞതിനാൽ സർവീസ് റീ ഷെഡ്യൂൾ ചെയ്തു. രാത്രി 7.30നാണ് ഷാർജ യിലേക്ക് പുറപ്പെട്ടത്.

## സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിലും ഇ-പോസ് സംവിധാനം

തിരുവനന്തപുരം: റേഷൻ വിതരണം അവതാളത്തിലാക്കുന്ന ഇ-പോസ് സംവിധാനം സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിലും നടപ്പാക്കുന്നു. സപ്ലൈകോയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച പദ്ധതികളിലാണ് ഇതും ഉൾപ്പെടുന്നത്. 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ റേഷൻ കാർഡ് അടിസ്ഥാനമാക്കി സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് നൽകി വരുന്ന സംവിധാനം കുറ്റമറ്റതാക്കുന്നതിനായി ഉപഭോക്താക്കളുടെ ആധാർ, ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച്, റേഷൻ വിതരണത്തിന് അവലംബിച്ച ഇ-പോസ് സംവിധാനം നടപ്പിലാക്കുമെന്നാണ് പ്രഖ്യാപനം. ഇതുവഴി സബ്സിഡി ഉൽപ്പന്നങ്ങൾ യഥാർത്ഥ ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താനാവുമെന്ന് മന്ത്രി അവകാശപ്പെട്ടു. നെല്ല് സംഭരണം കുറ്റമറ്റതാക്കുന്നതിന്, രജിസ്റ്റേർഡ് കർഷകരിൽ നിന്നും ബയോമെട്രിക് വിവരങ്ങൾ കൂടി ശേഖരിച്ച് ആധാർ ലിങ്ക് ബയോമെട്രിക് നെല്ല് സംഭരണമാക്കി മാറ്റും. സപ്ലൈകോ ആസ്ഥാനത്തും സപ്ലൈക്കോയുമായി ബന്ധപ്പെട്ട് സർക്കാരിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ അദാലത്തു നടത്തും. 2022-23 വരെയുള്ള ഓഡിറ്റ് പൂർത്തീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

## ലെബനൻ മറ്റൊരു ഗസ്സയായേക്കും; ആശങ്ക പ്രകടിപ്പിച്ച് ഐക്യരാഷ്ട്രസഭ

ജറുസേലം: ഇസ്രാഈൽ സൈന്യവും ലെബനൻ സായുധ സംഘമായ ഹിസ്ബുല്ലയും തമ്മിൽ അതിർത്തി സംഘർഷം രൂക്ഷമാകുന്നതിൽ ആശങ്ക പ്രകടിപ്പിച്ച് ഐക്യരാഷ്ട്ര സഭ. അനാവശ്യ പ്രതിസന്ധിയുണ്ടാക്കി ലെബനാനെ മറ്റൊരു ഗസ്സയാക്കരുതെന്ന് യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു.
സംഘർഷം രൂക്ഷമായതിനൊപ്പം ഇരുരാജ്യങ്ങളിലെയും നേതാക്കൾ തമ്മിൽ നടത്തുന്ന വെല്ലുവിളികളും കടുത്ത ആശങ്കയാണ് ഉയർത്തുന്നതെന്ന് ഗുട്ടറെസ് പറഞ്ഞു. യു.എൻ സമാധാന സേനാംഗങ്ങൾ സ്ഥിതിഗതികൾ ശാന്തമാക്കാൻ അശ്രാന്തം പരിശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലെബനനെ മറ്റൊരു ഗസ്സയാക്കുന്നത് കണ്ടുനിൽക്കാൻ ലോകജനതക്ക് സാധിക്കില്ല. പെട്ടെന്നു നീക്കവും തെറ്റായ കണക്കുകൂട്ടലുകളും രാഷ്ട്രങ്ങൾ തമ്മിലുള്ള വലിയ സംഘർഷങ്ങളിലേക്ക് എത്തിക്കുമെന്നും ഗുട്ടെറസ് പറഞ്ഞു.

## ടാൽറോപിന്റെ ബിസിനസ് കൺസൽറ്റന്റുമാരാവാൻ അവസരം

കൊച്ചി: ടാൽറോപിന്റെ ബിസിനസ് കൺസൽറ്റന്റുമാരാവുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലങ്ങളിലും രണ്ടു പേർ വീതം 280 പേർക്കാണ് അവസരം. നൂതന ടെക്നോളജി, അനവധി സ്റ്റാർട്ടപ്പുകൾ എന്നിവക്കൊപ്പം ആഗോള കമ്പനികൾക്ക് തുടക്കമിട്ടും, അമേരിക്കയിലെ സിലിക്കൺ വാലി മോഡലിൽ കേരളത്തെ ടെക്നോളജിയുടെയും എന്റർപ്രണർഷിപ്പിന്റെയും ഹെഡ്ക്വാർട്ടേഴ്സാക്കി മാറ്റിയെടുക്കുകയാണ് ടാൽറോപ്. ടാൽറോപിന്റെ ഈ ആശയം സമൂഹത്തിന്റെ അടിത്തട്ടിലേക്കെത്തിക്കുകയാണ് കൺസൽറ്റന്റുമാരുടെ ജോലി. റിട്ടയർമെന്റ് ജീവിതം നയിക്കുന്ന പ്രവാസികൾ, ഗവൺമെന്റ് സർവ്വീസിൽ നിന്നും വിരമിച്ചവർ, വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ച് പരിചയമുള്ളവർ തുടങ്ങിയവർക്കാണ് മുൻഗണന. ഒരു നിയോജക മണ്ഡലത്തിൽ രണ്ടു പേർക്കാണ് അവസരം. താൽപര്യമുള്ളവർ 858 999 8073, 9778 606 798 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## ആന്ധ്രയിൽ തീർത്ഥാടനം പോയ മൂന്ന് പേർക്ക് കോളറ പാലക്കാട് മലപ്പുറം ജില്ലകളിൽ നിന്നുള്ളവർ

പാലക്കാട്: തീർത്ഥാടനത്തിന് ആന്ധ്രാപ്രദേശിലെ നെല്ലൂരിൽ പോയ സംഘത്തിലെ മൂന്നുപേർക്ക് കോളറ ബാധിച്ചു. പാലക്കാട് വാണിയംകുളത്തെ രണ്ട് പേർക്കും മലപ്പുറം ജില്ലയിലെ ഒരാൾക്കുമാണ് കോളറ ബാധിച്ചത്. തൃശൂർ ജില്ലയിൽ നിന്നടക്കമുള്ള 10 അംഘം സംഘമാണ് തീർഥാടനത്തിനായി പോയത്. മെയ് 22ന് പോയ സംഘം കഴിഞ്ഞ 31നാണ് തിരിച്ചെത്തിയത്. ഇതിൽ 61 വയസുകാരൻ അന്ന് തന്നെ ഒറ്റപ്പാലത്ത് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി. ജൂൺ നാലിനാണ് ഇയാൾക്ക് കോളറയാണെന്ന് സ്ഥിരീകരിച്ചത്. 51 വയസ്സുള്ള മറ്റൊരാൾ ഈ മാസം അഞ്ചിനുമാണ് ഛർദിയും വയറിളക്കവുമായി ചികിത്സ തേടിയത്. ഇയാൾക്കും കോളറയെന്ന് സ്ഥിരീകരിച്ചു. തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ നിന്നും ലഭിച്ച പരിശോധനാ റിപ്പോർട്ട് കഴിഞ്ഞ ദിവസമാണ് ലഭിച്ചത്. സംഘത്തിലുണ്ടായിരുന്ന ചളവറ സ്വദേശി 48 വയസ്സുകാരനും സമാന ലക്ഷണങ്ങൾ കണ്ടെത്തിയിരുന്നു. ആന്ധ്രയിലെ സന്ദർശനത്തിനിടെ ഒരാളൊഴികെ സംഘത്തിലുള്ളവർ ഐസ്ക്രീം കഴിച്ചിരുന്നതായി പറയുന്നു. ഇവിടെ നിന്നാവാം രോഗബാധയേറ്റതെന്നാണ് നിഗമനം. പാലക്കാട് ജില്ലയിൽ രോഗബാധിതരുടെ താമസിക്കുന്നതിന് തൊട്ടടുത്തുള്ള വീടുകളിലും പരിസരത്തുമുള്ള ജലാശയങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഈ വർഷം ഇതുവരെ എട്ട് കോളറ ലക്ഷണങ്ങളുള്ള കേസുകളും ആറ് കോളറ സ്ഥിരീകരിച്ച കേസുകളുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മാസം രണ്ട് കോളറ സംശയിക്കപ്പെടുന്ന കേസുകളും നാല് സ്ഥിരീകരിച്ച കേസുകളും റിപ്പോർട്ട് ചെയ്തു.
കഴിഞ്ഞവർഷം 71 കേസുകളുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. വിബ്രിയോ കോളറ എന്ന ബാക്ടീരിയ വഴിയുണ്ടാകുന്ന രോഗാവസ്ഥ ജലത്തിലൂടെ അതിവേഗം പകരുന്നത് ഒന്നാണ്. വൃത്തിഹീനമായ ചുറ്റുപാടുകളിൽ നിന്നുള്ള വെള്ളം ആഹാരം എന്നിവയിലൂടെ രോഗപ്പകർച്ചയുണ്ടാകുന്നു. രോഗിയുടെ വിസർജ്യം വെള്ളത്തിൽ കലരുന്നതോടെ ആ പ്രദേശത്തും രോഗവ്യാപനത്തിന് സാധ്യതയുണ്ട്. ഈ സാധ്യത തടയുന്നതിനായാണ് ആരോഗ്യപ്രവർത്തകർ രോഗം സ്ഥിരീകരിച്ചവരുടെ വീടിനു ചുറ്റുമുള്ള കിണറുകളിലും ജലാശയങ്ങളിലും സൂപ്പർ ക്ലോറിനേഷൻ നടത്തുന്നത്.

## മികച്ച പ്രൊഫഷണലുകളാക്കാൻ ഇലാൻസിന്റെ 'പ്രൈം പ്ലസ്'



കോഴിക്കോട്: തെക്കേ ഇന്ത്യയിലെതന്നെ പ്രമുഖ കൊമേഴ്സ് പരിശീലനകേന്ദ്രമായ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഇലാൻസ്' കാലത്തിനനുസൃതമായി പുതിയ ആശയങ്ങളുമായി മുന്നോട്ട്. മികച്ച അക്കാദമിക് വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം എത്രയും പെട്ടെന്ന് മികച്ച പ്രൊഫണലാവാൻ പ്രാപ്തരാക്കുന്ന 'ഇലാൻസ് പ്രൈം പ്ലസ്' എന്ന പഠന പദ്ധതി അവതരിപ്പിക്കുന്നത്.
'ഇലാൻസി'ൽ നിന്ന് എ.സി.സി.എ, സി.എം.എ, സി.എ തുടങ്ങിയ കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ, അവർ ഉയർന്ന റാങ്കോടെ പ്രൊഫഷണൽ കോഴ്സ് പൂർത്തിയാക്കിവർക്കൂടിയാണെങ്കിലും പ്രായോഗികരംഗത്ത് ചില വെല്ലുവിളികൾ നേരിടേണ്ടിവരും. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് രൂപംനൽകിയ ഒന്നാണ് 'ഇലാൻസ് പ്രൈം പ്ലസ്'. ഈ രംഗത്തെ ഏറ്റവും മികച്ച പരിചയസമ്പന്നാരായ അധ്യാപകരും കഴിവുതെളിയിച്ച പ്രൊഫഷണലുകളും ചേർന്നാണ് ഇതിന്റെ സിലബസും പരിശീലനരീതികളും നിർണയിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഫലപ്രദമായ ആശയവിനിമയത്തിന് ഭാഷ ഉപയോഗിക്കാനുള്ള പരിശീലനം (Language Skills), പവർ ബി.ഐ, എക്സെൽ, ടാബ്ലോ തുടങ്ങി ബിസിനസ്സ് മേഖലയിൽ അത്യാവശ്യം ഉപയോഗിക്കേണ്ട കമ്പ്യൂട്ടർ പരിജ്ഞാനം, ജോലിക്കപേക്ഷിക്കാനുള്ള റെസ്യൂം തയ്യാറാക്കൽ, ഇന്റർവ്യൂകളെ നല്ല രീതിയിൽ അഭിമുഖികരിക്കേണ്ടവിധം, മികച്ച കമ്പനികളിൽ നിയമനം ലഭിക്കാനുള്ള സഹായം തുടങ്ങിയവയെല്ലാം 'ഇലാൻസ് പ്രൈം പ്ലസി'ൽ ലഭ്യമാണ്.
വിദ്യാർത്ഥികളെ ഏറ്റവും മികച്ച കമ്പനികളിലെ ഉന്നത സ്ഥാനത്തെക്കുകയാണ് 'ഇലാൻസി' ന്റെ ലക്ഷ്യമെന്നും ഇതിന്റെ ഭാഗമായാണ് 'പ്രൈം പ്ലസ്' പോലുള്ള സ്വപ്നപദ്ധതികൾ അവതരിപ്പിക്കുന്നതെന്നും കോഴ്സ് പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിയും ഉന്നത സ്ഥാനങ്ങളിലെത്തുമെന്ന കാര്യത്തിൽ സംശയമില്ലെന്നും 'ഇലാൻസ്' സി.ഇ.ഒ പി.വി ജിഷ്ണു പറഞ്ഞു. വിവരങ്ങൾക്ക്: +91 7025107070

## വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾക്കെതിരെ എൻ.എസ്.എസ്

ചങ്ങനാശേരി: ജാതി സെൻസസിനും വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളും ചൂണ്ടിക്കാട്ടി ഇരു സർക്കാരുകൾക്കെതിരെ എൻ.എസ്.എസ്. പെരുന്ന എൻഎസ്എസ് ആസ്ഥാനത്ത് നടന്ന ബജറ്റ് സമ്മേളന പ്രസംഗത്തിലാണ് എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ വിഷയങ്ങൾ ചൂണ്ടിക്കാട്ടിയത്. മതേതരത്വം എന്നത് ഏതെങ്കിലും ഒരു മതത്തേയേ ജാതിയേയോ വർഗത്തേയോ വിഭാഗത്തേയോ വളർത്തുവാനോ തളർത്തുവാനോ ഉള്ളതല്ല, ഭരണഘടന തുല്യത ജാതിമതവ്യത്യാസമില്ലാതെ എല്ലാവർക്കു ലഭ്യമാക്കണം.
ജാതി സെൻസസിൽ നിന്നും സർക്കാരുകൾ പിന്മാറുന്നതാണ് രാജ്യ താത്പര്യത്തിന് ഉതകുന്നതെന്നും അദ്ദേഹം പറഞ്ഞു. 2024 –25 സാമ്പത്തിക വർഷത്തെ 157.55 കോടി രൂപ വരവും അത്രയും തന്നെ ചിലവും പ്രതീക്ഷിക്കുന്ന ബജറ്റ് ജി. സുകുമാരൻ നായർ അവതരിപ്പിച്ചു.

## ഐക്യ ജനാധിപത്യ മുന്നണി മതനിരപേക്ഷ കേരളത്തിന്റെ സ്വപ്നം

കോഴിക്കോട്: മതനിരപേക്ഷ കേരളത്തിന്റെ പ്രതീക്ഷയാണ് ഐക്യജനാധിപത്യ മുന്നണി എന്ന തിരിച്ചറിവാണ് യു.ഡി.എഫുമായി സഹകരിക്കാൻ കെ.പി.എയെ പ്രേരിപ്പിച്ച ഘടകമെന്ന് പാർട്ടി നാഷണൽ കൗൺസിൽ ചെയർമാൻ രാജേന്ദ്രൻ വെള്ളപ്പാലത്ത്. മുന്നണിയുടെ ഭാഗമായിക്കൊണ്ട്, ജനക്ഷേമപരമായ പ്രവർത്തനങ്ങൾ നടപ്പിൽവരുത്തുമെന്നും രാജേന്ദ്രൻ വെള്ളപ്പാലത്ത് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. വാർത്താ സമ്മേളനത്തി ൽ കെ.പി.എ ഭാരവാഹികളായ ജെറി രാജു, മൻസൂർ മണ്ണിൽ, സനൽ ബി മഞ്ഞക്കോട്ട്, സുരേഷ് സി പങ്കെടുത്തു.

## ശബരി ബ്രാൻഡിൽ പുതിയ ഉത്പന്നങ്ങൾ 'സപ്ലൈകോ മെഡി മാർട്ട്' എന്ന പേരിൽ മെഡിക്കൽ സ്റ്റോറുകൾ

തിരുവനന്തപുരം: സപ്ലൈകോയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് 11 പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു. ഫയൽ അദാലത്ത്, ഓഡിറ്റ്, അക്കൗണ്ട് ഫൈനലൈസേഷൻ, ഇ.ആർ.പി പൂർണമായും നടപ്പാക്കൽ, എൻ.എഫ്.എസ്.എ സയന്റിഫിക് ഗോഡൗണുകളുടെ എണ്ണം 36 ശതമാനത്തിൽ നിന്ന് 60 ശതമാനമാക്കൽ, ശബരി ബ്രാൻഡിൽ പുതിയ ഉത്പന്നങ്ങൾ, നെല്ല് സംഭരണം, സബ്സിഡി വിതരണം എന്നിവയ്ക്ക് ആധാർ ലിങ്ക്ഡ് ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തൽ, ആലപ്പുഴ സൂപ്പർ മാർക്കറ്റ് നിർമാണം, സുവനീർ കം കോഫീ ടേബിൾ ബുക്ക് പുറത്തിറക്കൽ, പുതിയ പെട്രോൾ പമ്പുകൾ തുടങ്ങലും പഴയവ നവീകരിക്കലും, ആധുനിക മെഡിക്കൽ സ്റ്റോറുകൾ തുടങ്ങൽ എന്നീ പദ്ധതികളാണ് മന്ത്രി ജി.ആർ അനിൽ പ്രഖ്യാപിച്ചത്. കൂടുതൽ ശബരി ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുമെന്നതാണ് പ്രധാന പ്രഖ്യാപനം. ഇതിന്റെ ഭാഗമായി ഗുണനിലവാരമുള്ള സൺഫ്ളവർ ഓയിൽ, പാമോലിൻ, ഉപ്പ്, പഞ്ചസാര, ക്ലീനിങ് ഉത്പന്നങ്ങൾ എന്നീ ജനപ്രിയ ഉത്പന്നങ്ങൾ ശബരി ബ്രാന്റിൽ ന്യായമായ വിലയ്ക്ക് വിപണിയിൽ എത്തിക്കും. മാനന്തവാടി, കൊല്ലം, വാഗമൺ എന്നിവിടങ്ങളിൽ പുതിയ പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിനും തിരുവനന്തപുരം ആൽത്തറ പെട്രോൾ പമ്പ് നവീകരണത്തിനും തുടക്കം കുറിക്കും. തിരുവനന്തപുരം ആൽത്തറ പെട്രോൾ പമ്പിനോടനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന അവശ്യ നിത്യോപയോഗ വസ്തുക്കൾ ലഭിക്കുന്ന സപ്ലൈകോ എക്സ്പ്രസ്സ് മാർട്ടും ആരംഭിക്കും. കൂടാതെ വെള്ളയമ്പലം, തിരുവനന്തപുരം സ്റ്റാച്യു, എറണാകുളം എം.ജി റോഡ് എന്നിവിടങ്ങളിലെ പെട്രോൾ പമ്പുകൾ നവീകരിക്കും. സപ്ലൈകോ നിലവിൽ നടത്തിവരുന്ന മെഡിക്കൽ സ്റ്റോറുകൾക്കു പുറമെ 10 ഓളം മെഡിക്കൽ സ്റ്റോറുകൾ സപ്ലൈകോ മെഡി മാർട്ട് എന്ന പേരിൽ ആരംഭിക്കും.

## അസഹിഷ്ണുക്കെതിരെ ഇന്ത്യ സെമിനാർ

കോഴിക്കോട് : കാലിക്കറ്റ് സർവകലാശാല മുഹമ്മദ് അബ്ദുറഹിമാൻ ചെയർ ഫോർ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ അസഹിഷ്ണുതക്കെതിരെ ഇന്ത്യ സെമിനാർ സംഘടിപ്പിക്കുമെന്ന് ചെയർ ഗവേർണിംഗ് ബോഡി അംഗം ആര്യാടൻ ഷൗക്കത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 28,29 തിയ്യതികളിൽ കാലിക്കറ്റ് സർവകലാശാല സെമിനാർ കോംപ്ലക്സിലാണ് സെമിനാർ. 28ന് രണ്ടരയ്ക്ക് ഗാന്ധിജിയുടെ കൊച്ചുമകനും പ്രമുഖ എഴുത്താകാരനുമായ തുഷാർ ഗാന്ധി ഉദ്ഘാടനം ചെയ്യും. 29 ന് വൈകുന്നേരം 6 മണിക്ക് നടക്കുന്ന സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. എം.കെ രാഘവൻ എം.പി, എ.പി അനിൽകുമാർ എം. എൽ. എ തുടങ്ങിയവർ പങ്കെടുക്കും. സെമിനാറിൽ വിവിധ സെഷനുകളിലായി മുൻ കേന്ദ്രമന്ത്രി മണി ശങ്കർ അയ്യർ, ഡോ പരകാല പ്രഭാകർ, സയ്യിദ് അക്തർ മിർസ, ഡോ ടി.ടി ശ്രീകുമാർ, എം. എൻ കാരശ്ശേരി, ശശികുമാർ, ശ്വേതാഭട്ട്, സുധാമേനോൻ, കൽപറ്റ നാരായണൻ തുടങ്ങിയവർ പങ്കെടുക്കും. വാർത്താ സമ്മേളനത്തിൽ റിയാസ് മുക്കോളി, വീക്ഷണം മുഹമ്മദ്, പി അബ്ദുൽ ബായിസ്, മുല്ലശ്ശേരി ശിവരാമൻ നായർ എന്നിവരും പങ്കെടുത്തു.

## ഒരു കോടിയുടെ അരി പിടികൂടി


കൊച്ചി: നികുതിയിൽ വെട്ടിപ്പ് നടത്തി വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വഴി കടത്താൻ ശ്രമിച്ച ഒരു കോടി രൂപ വിലമതിക്കുന്ന അരി പിടികൂടി. ലണ്ടനിലേക്ക് കൊണ്ടു പോകുന്നതിനായി മൂന്ന് കണ്ടെയ്നറുകളിലായി ഉപ്പ് എന്ന് രേഖപ്പെടുത്തിയാണ് അരിയെത്തിച്ചത്. നികുതി വെട്ടിച്ച് കൊണ്ടുപോകാനായിരുന്നു ശ്രമം. തമിഴ്നാട്ടിലെ വ്യാപാരിയുടെ പേരിലാണ് അരിയെത്തിയത്.

# സുമിത് നഗലിന് ഒളിംപിക് യോഗ്യത



ചെന്നൈ: ഇന്ത്യൻ ടെന്നീസ് താരം സുമിത് നഗൽ പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടി. ഔദ്യോഗികമായി പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടിയതിൽ അതിയായ സന്തോഷമുണ്ടെന്നും ഇത് തന്റെ ജീവിതത്തിലെ നിർണായക മുഹൂർത്തമാണെന്നും സുമിത് സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പകരക്കാരനായി മാത്രമാണ് സുമിതിനെ പരിഗണിച്ചിരുന്നതെങ്കിലും റാങ്കിങ്ങിൽ മുന്നിലുള്ള നിരവധി താരങ്ങൾ പിൻവലിഞ്ഞതാണ് സുമിതിന് അനുഗ്രഹമായത്. ജൂലൈ നാലിനാണ് രാജ്യാന്തര ടെന്നീസ് ഫെഡറേഷൻ ഔദ്യോഗിക ലിസ്റ്റ് പ്രസിദ്ധീകരിക്കുക. ഫ്രഞ്ച് ഓപൺ വേദിയായ റൊളാങ് ഗാരോസാണ് പാരീസ് ഒളിമ്പിക്സിന്റെ ടെന്നീസ് വേദി. ലിയാണ്ടർ പേസിന് ശേഷം തുടർച്ചയായ രണ്ട് ഒളിമ്പിക്സുകളിൽ പങ്കെടുക്കുന്ന ടെന്നീസ് താരമാണ് നഗൽ. ടോക്കിയോ ഒളിമ്പിക്സ് ക്വാർട്ടറിൽ റഷ്യയുടെ രണ്ടാം സീഡ് ഡാനിൽ മെദ്‌വദേവിനോടായിരുന്നു നഗൽ അടിയറവ് പറഞ്ഞത്.

## നാച്ചോ ഫെർണാണ്ടസും സഊദിയിലേക്ക്



മാഡ്രിഡ്: റയൽ മാഡ്രിഡ് പ്രതിരോധ നിരക്കാരൻ നാച്ചോ ഫെർണാണ്ടസിനായി സഊദി ക്ലബ്ബുകൾ രംഗത്ത്. ജൂൺ 30ന് ശേഷം റയലുമായുള്ള കരാർ അവസാനിക്കുന്നതോടെ താരം സഊദി പ്രോ ലീഗിലെത്തുമെന്നാണ് റിപ്പോർട്ടുകൾ. സഊദി ഫസ്റ്റ് ഡിവിഷനിലേക്ക് ഇത്തവണ എത്തിയ അൽ ഖാദിസിയ ക്ലബ്ബാണ് നാച്ചോക്കായി രണ്ട് വർഷത്തെ കരാർ വാഗ്ദാനം ചെയ്തിരിക്കുന്നത്. നേരത്തെ അൽ ഇത്തിഹാദ് ക്ലബ്ബും താരത്തിനായി രംഗത്തെത്തിയിരുന്നു. ലാ ലീഗയിലും ചാമ്പ്യൻസ് ലീഗിലും അനുഭവ സമ്പത്തുള്ള നാച്ചോയുടെ വരവ് ലീഗിലെ അരങ്ങേറ്റത്തിൽ തന്നെ തങ്ങൾക്ക് ഗുണകരമാവുമെന്നാണ് അൽ ഖാദിസിയ കരുതുന്നത്. ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ വരവോടെയാണ് സഊദി പ്രോ ലീഗിലേക്ക് യൂറോപ്യൻ താരങ്ങളുടെ ഒഴുക്ക് ആരംഭിച്ചത്.

ചന്ദ്രിക സ്പോർട്സ്



**ഇന്ത്യൻ** ഫുട്ബോൾ തടവറയിലാണ്. രണ്ട് ദശാബ്ദങ്ങൾ കഴിഞ്ഞാലും കാര്യങ്ങൾ മെച്ചപ്പെടുമെന്ന് തോന്നുന്നില്ല. മതിയായ പിന്തുണയില്ലാതെ, കള്ളത്തരങ്ങൾ നിറഞ്ഞവരും സ്വകാര്യ താൽപര്യങ്ങളുള്ളവരുമായി മുന്നോട്ടുപോവുക സാധ്യമല്ല. എന്നെ നിശ്ശബ്ദനാക്കിയെന്നതാണ് അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ ഏറ്റവും വലിയ നേട്ടം. ജനപ്രിയനാവുന്നതിൽ മാത്രമാണ് ചൗബെയുടെ ശ്രദ്ധ. എ.ഐ.എഫ്.എഫിലെ അംഗങ്ങൾക്ക് ഫുട്ബോൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോവണമെന്ന് അറിയില്ല. അവർക്ക് അധികാരത്തെക്കുറിച്ച് മാത്രമാണ് ശ്രദ്ധ.

–ഇഗോർ സ്റ്റിമാച്

www.chandrikadaily.com

**BREAKING** ബ്രസീലിയൻ യുവതാരം എസ്റ്റവോ വില്യനെ സ്വന്തമാക്കി ചെൽസി



### ഇന്ന്

യൂറോ 2024
സ്വിറ്റ്സർലൻഡ്–ജർമ്മനി
(രാത്രി 12–30)
സ്കോട്ട്ലൻഡ്–ഹംഗറി
(രാത്രി 12–30)
സോണി സ്പോർട്സ്
സോണി ലിവ്

കോപ്പ അമേരിക്ക
ഇക്വഡോർ– വെനസ്വേല
(രാവിലെ 3–30)
മെക്സിക്കോ–ജമൈക്ക
(രാവിലെ 6–30)
ലൈവ് ഇല്ല

ടി–20 ലോകകപ്പ്
സൂപ്പർ 08
അഫ്ഗാനിസ്താൻ–ഓസ്ട്രേലിയ
(രാവിലെ 6–00 മുതൽ)
യു.എസ്.എ–ഇംഗ്ലണ്ട്
(രാത്രി 8–00 മുതൽ)
സ്റ്റാർ സ്പോർട്സ്
ലൈവ്

# പറങ്കിപ്പടയോട്ടം

## ഫ്രാൻസ്–നെതർലൻഡ്സ്, ചെക്ക് റിപ്പബ്ലിക്–ജോർജിയ മത്സരങ്ങൾ സമനിലയിൽ

ഡോർട്മണ്ട്: തുർക്കിയെയെ എതിരില്ലാത്ത മൂന്നു ഗോളുകൾക്ക് തകർത്ത് പോർച്ചുഗൽ യൂറോ കപ്പ് പ്രീ ക്വാർട്ടറിൽ. 21–ാം മിനിറ്റിൽ ബെർണാഡോ സിൽവ, 28–ാം മിനിറ്റിൽ തുർക്കി താരം അകയ്ദിന്റെ സെൽഫ് ഗോൾ, 55–ാം മിനിറ്റിൽ ബ്രൂണോ ഫെർണാണ്ടസ് നേടിയ ഗോളുമാണ് പോർച്ചുഗലിന് പ്രീക്വാർട്ടറിലേക്ക് വഴികാട്ടിയത്.

ആദ്യ മത്സരത്തിൽ ചെക് റിപ്പബ്ലിക്കിനെ കീഴടക്കിയ പോർച്ചുഗലിന് ജയത്തോടെ രണ്ട് മത്സരങ്ങളിൽ നിന്നും ആറു പോയിന്റായി. മത്സരത്തിന്റെ തുടക്കത്തിൽ പോർച്ചുഗീസ് ഗോൾമുഖം ആക്രമിച്ചു കളിച്ച തുർക്കിയെയെ ഞെട്ടിച്ചു കൊണ്ടാണ് 21–ാം മിനിറ്റിൽ ബെർണാഡോ സിൽവ ഗോൾ നേടിയത്. ഗോളിന്റെ ഞെട്ടലിൽ നിന്നും മുക്തമാകും മുമ്പേ തുർക്കി താരം അകയ്ദ് ഗോൾ കീപ്പർക്ക് നൽകിയ മൈനസ് പാസ് വലയിലാവുകയായിരുന്നു. പൊസിഷൻ തെറ്റി നിന്ന ഗോൾകീപ്പർക്ക് ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. 55–ാം മിനിറ്റിൽ ക്രിസ്റ്റ്യാനോ റൊണാൾഡോ നടത്തിയ മികച്ച നീക്കമാണ് മൂന്നാം ഗോളിന് വഴിവെച്ചത്. റൊണാൾഡോയ്ക്ക് തന്നെ പോസ്റ്റിലേക്ക് അടിച്ചു കയറ്റാമായിരുന്ന പന്ത് അദ്ദേഹം ബ്രൂണോ ഫെർണാണ്ടസിന് കൈമാറുകയായിരുന്നു. അനായാസം ഫെർണാണ്ടസ് പന്ത് വലയിലെത്തിച്ചു. നിരവധി തവണ പോർച്ചുഗീസ് ഗോൾമുഖത്ത് ആക്രമണം നടത്തിയെങ്കിലും തുർക്കിയെക്ക് ഗോൾ കണ്ടെത്താനായില്ല.



തുർക്കിക്കെതിരായ മത്സരത്തിൽ പോർച്ചുഗലിനായി ഗോൾ നേടിയ ബെർണാഡോ സിൽവയുടെ ആഹ്ലാദം

ഗ്രൂപ്പ് എഫിൽ ഇന്നലെ നടന്ന ചെക്ക് റിപ്പബ്ലിക്–ജോർജിയ മത്സരം 1–1ന് സമനിലയിൽ പിരിഞ്ഞു. ആദ്യപകുതിയുടെ അവസാന മിനിറ്റിൽ പെനാൽറ്റി വഴി ജോർജിയയാണ് ആദ്യം മുന്നിലെത്തിയത്. 23ാം മിനിറ്റിൽ ചെക്ക് റിപ്പബ്ലിക്കിനു വേണ്ടി ഹോൾസെക്ക് ഗോൾ നേടിയെങ്കിലും കൈയിൽ പന്ത് തട്ടിയിരുന്നു എന്നതിനാൽ ഗോൾ അനുവദിച്ചില്ല. രണ്ടാം പകുതിയിൽ 58–ാം മിനിറ്റിൽ ചെക് റിപ്പബ്ലിക് സമനില പിടിച്ചു. ആദ്യപകുതിയുടെ അവസാന മിനിറ്റിൽ ബോക്സിനകത്തുവെച്ച് ചെക്ക് താരം റോബിൻ റാനക്കിന്റെ കൈയിൽ പന്തുതട്ടിയതിനെ തുടർന്ന് വാറിലൂടെയാണ് റഫറി ജോർജിയക്ക് പെനാൽറ്റി അനുവദിച്ചത്. കിക്കെടുത്ത മികോറ്റഡ്സെ അനായാസം പന്ത് വലയിലെത്തിച്ചു. മിക്കോറ്റഡ്സെ ഈ യൂറോ കപ്പിൽ നേടുന്ന രണ്ടാം ഗോളായിരുന്നു ഇത്. അടുത്ത മിനിറ്റിൽത്തന്നെ ചെക്കിന്റെ പാട്രിക് ഷിക്ക് ബോക്സിനകത്തു നിന്ന് ഗോൾ ലക്ഷ്യമാക്കി പന്ത് പായിച്ചെങ്കിലും ജോർജിയൻ കീപ്പർ മാമർദഷ്വി രക്ഷക്കെത്തി.

ആദ്യ പകുതിയിൽ നിരവധി അവസരം കൈവന്നെങ്കിലും ഗോൾ അകന്നു നിന്ന ചെക് റിപ്പബ്ലിക് രണ്ടാംപകുതിയുടെ 58ാം മിനിറ്റിൽ ഗോൾ തിരിച്ചടിച്ചു. കോർണറിൽ നിന്ന് ലഭിച്ച പന്ത് ചെക്ക് താരം പാട്രിക് ഷിക്ക് വലയിലെത്തിക്കുകയായിരുന്നു. 2020ന് ശേഷമുള്ള യൂറോ കപ്പുകളിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ താരമെന്ന റെക്കോഡും ഇതുവഴി ഷിക് സ്വന്തമാക്കി. ആറ് ഗോളുകളാണ് താരം നേടിയത്. മത്സരം അവസാനിക്കാൻ സെക്കന്റുകൾ മാത്രം ബാക്കി നിൽക്കെ ജോർജിയക്ക് ലഭിച്ച സുവർണാവസരം അവർ പാഴാക്കുകയും ചെയ്തു. ഇതോടെ ഗ്രൂപ്പ് എഫിൽ രണ്ട് കളിയിൽ ഓരോന്നു വീതം തോൽവിയും സമനിലയുമായി ചെക്ക് റിപ്പബ്ലിക് മൂന്നാം സ്ഥാനത്തും ജോർജിയ നാലാംസ്ഥാനത്തുമാണ്.

വെള്ളിയാഴ്ച രാത്രി നടന്ന മത്സരത്തിൽ യൂറോകപ്പ് ഫേവറിറ്റുകളായ ഫ്രാൻസ് നെതർലൻഡ്സ് പോരാട്ടം ഗോൾരഹിത സമനിലയിൽ പിരിഞ്ഞു. അവസരങ്ങൾ തുലക്കുന്ന കാര്യത്തിൽ ഇരു ടീമുകളും പരസ്പരം മത്സരിച്ചതോടെ മത്സരത്തിൽ ഗോൾ മാത്രം പിറന്നില്ല.

ഫ്രഞ്ച് ക്യാപ്റ്റൻ അന്റോയ്ൻ ഗ്രീസ്മാൻ ഗോളെന്നുറച്ച രണ്ട് സുവർണാവസരങ്ങൾ നഷ്ടപ്പെടുത്തിയ മത്സരത്തിൽ നെതർലൻഡ്സിനായി സാവി സിമോൺസ് ഫ്രഞ്ച് വല കുലുക്കിയെങ്കിലും ഗോൾ വാർ നിഷേധിച്ചത് നെതർലൻഡ്സിനും തിരിച്ചടിയായി. യൂറോയിലെ ഇത്തവണത്തെ ആദ്യ ഗോൾ രഹിത മത്സരമാണിത്. സമനിലയോടെ രണ്ട് കളികളിൽ നിന്ന് നാല് പോയന്റുമായി ഫ്രാൻസ് ഗ്രൂപ്പിൽ തലപ്പത്തെത്തി. നാലു പോയന്റുമായി നെതർലൻഡ്സ് രണ്ടാമതാണ്. ഓസ്ട്രിയക്കെതിരായ മത്സരത്തിൽ പരിക്കേറ്റ സൂപ്പർ താരം കിലിയൻ എംബാപ്പെയില്ലാതെയാണ് ഫ്രാൻസ് ആദ്യ ഇലവനെ ഇറക്കിയത്. 14ാം മിനിറ്റിൽ ഗോളെന്നുറപ്പിച്ച സുവർണാവസരം ഫ്രാൻസ് തുലച്ചു. നെതർലൻഡ്സ് ഗോൾകീപ്പർ മാത്രം മുന്നിൽ നിൽക്കെ അഡ്രിയാൻ റാബിയോട്ട് നൽകിയ പന്ത് ഗ്രീസ്മാന് വലയിലെത്തിക്കാനായില്ല. 69–ാം മിനിറ്റിൽ ഫ്രാൻസിനെ ഞെട്ടിച്ച് സാവി സിമോൺസ് പന്ത് വലയിലെത്തിച്ചെങ്കിലും ലൈൻ റഫറി ഓഫ്‌ലൈൻ ഫ്ളാഗ് ഉയർത്തിയിരുന്നു.

### ആഫ്കോൺ തീയതി മാറ്റി

കെയ്റോ:മൊറോക്കോയിൽ നടക്കേണ്ട 2025 ലെ ആഫ്രിക്ക കപ്പ് ഓഫ് നാഷൻസ് (ആഫ്കോ ൺ) ഡിസംബറിലേക്ക് മാറ്റി. ഡിസംബർ 21 മുതൽ 2026 ജനുവരി 18വരെയായിരിക്കും ചാമ്പ്യൻഷിപ്പ് നടക്കുകയെന്ന് കോൺഫെഡറേഷൻ ഓഫ് ആഫിക്കൻ ഫുട്ബോൾ (സി.എ.എഫ്) പ്രസിഡന്റ് പാട്രിസ് മോട്സെപെ അറിയിച്ചു. നേരത്തെ 2025 ജൂൺ 15 മുതൽ ജൂലൈ 13 വരെ നടത്താനായിരുന്നു നിശ്ചയിച്ചിരുന്നത്. ഇതേ സമയംത്ത് നടക്കുന്ന യുവേഫ ചാമ്പ്യൻഷിപ്പായിരിക്കും ആഫ്കോണിന് വെല്ലുവിളി തീർക്കുക. ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബ്ബുകളേയും മാറ്റിയ തീയതി സാരമായി ബാധിക്കും.

### ഒളിമ്പിക് വേദിക്കായി ഇന്ത്യൻ നീക്കം

ന്യൂഡൽഹി: 2036ലെ ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കാനുള്ള നീക്കങ്ങൾ ഊർജിതപ്പെടുത്താൻ ഇന്ത്യ. പാരീസ് ഒളിമ്പിക്സിൽ ഇതിനായുള്ള നയതന്ത്ര ശ്രമങ്ങൾ നടത്തുമെന്ന് ഇന്ത്യയുടെ മിഷൻ ഒളിമ്പിക് സെൽ(എം.ഒ.സി.) അധികൃതർ വ്യക്തമാക്കി. കായിക മന്ത്രി മൻസുഖ് മാണ്ഡവ്യക്ക് ഒളിമ്പിക്സ് നടത്തിപ്പ് സംബന്ധിച്ച് എം.ഒ.സി. വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ചെസ്സ്, ട്വന്റി20 ക്രിക്കറ്റ്, ഇന്ത്യയുടെ തനത് കായികയിനങ്ങളായ യോഗ, കബഡി, ഖൊ ഖൊ എന്നിവ 2036 ഒളിമ്പിക്സിൽ ഉൾപ്പെടുത്താനും ശ്രമം നടത്തും. പാരീസ് ഒളിമ്പിക്സിന് ശേഷമായിരിക്കും 2036 ഒളിമ്പിക്സ് വേദിക്കായുള്ള നടപടികൾ തുടങ്ങുന്നത്. എന്നാൽ, അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി(ഐ .ഒ.സി.) അംഗങ്ങളുമായി ഇതിനു മുൻപു തന്നെ ആശയവിനിമയം നടത്തേണ്ടതുണ്ട്.

# ഇന്ത്യ സെമിക്കരികെ

ആന്റിഗ്വ: ഇന്ത്യ ടി20 ലോകകപ്പ് സെമിക്കരികിൽ. ബംഗ്ലാദേശിനെ 50 റൺസിന് തോൽപിച്ചാണ് ഇന്ത്യ അവസാന നാലിലേക്കുള്ള സാധ്യത സജീവമാക്കിയത്. ഇന്ത്യതിരായ തോൽവിയോടെ ബംഗ്ലാദേശ് ലോകകപ്പിൽ നിന്നും പുറത്തായി. ഇന്ത്യ മുന്നോട്ടു വെച്ച അഞ്ചിന് 196 എന്ന സ്കോർ പിന്തുടർന്ന ബംഗ്ലാദേശിന് 20 ഓവറിൽ എട്ടിന് 146 റൺസെടുക്കാനെ ആയുള്ളൂ. 197 റൺസിന്റെ ലക്ഷ്യവുമായി ഇറങ്ങിയ ബംഗ്ലാദേശിന് 13 റൺസെടുത്ത ലിറ്റൻ ദാസിനെ തുടക്കത്തിൽ തന്നെ ഹാർദിക് പുറത്താക്കി. തൻസീദ് ഹസനെ (29) കുൽദീപും മടക്കി. ക്യാപ്റ്റൻ നജ്മുൽ ഹുസൈൻ ഷാന്റോ (40) ഭേദപ്പെട്ട പ്രകടനം പുറത്തെടുത്തു. തൗഹീദ് ഹൃദോയ് (04), ഷാക്കിബുൽ ഹസൻ (11) എന്നിവരേയും കുൽദീപ് മടക്കി. ഇന്ത്യക്കായി കുൽദീപ് മൂന്നും ബുംറ, അർഷ്ദീപ് എന്നിവർ രണ്ടു വിക്കറ്റും വീഴ്ത്തി. നേരത്തെ ആദ്യം ബാറ്റു ചെയ്ത ഇന്ത്യക്ക് ഹാർദിക് പാണ്ഡ്യയുടെ അർധ സെഞ്ചുറിയും വിരാട് കോലി, ഋഷഭ് പന്ത്, ശിവം ദുബെ, ക്യാപ്റ്റൻ രോഹിത് ശർമ എന്നിവരുടെ ഇന്നിങ്സുകളുമാണ് മികച്ച സ്കോർ സമ്മാനിച്ചത്. 27 പന്തിൽ നിന്ന് മൂന്ന് സിക്സും നാല് ഫോറുമടക്കം 50 റൺസോടെ പുറത്താവാതെ നിന്ന ഹാർദിക്കാണ് ടോപ് സ്കോറർ. ക്യാപ്റ്റൻ രോഹിത്തും കോലിയും ചേർന്ന ഓപ്പണിങ് ജോഡി മികച്ച തുടക്കമാണ് ഇന്ത്യക്ക് സമ്മാനിച്ചത്. 11 പന്തിൽ നിന്ന് ഒരു സിക്സും മൂന്ന് ഫോറുമടക്കം 23 റൺസെടുത്ത രോഹിതിനെ ഷാക്കിബുൽ ഹസൻ പുറത്താക്കി. തുടർച്ചയായ മത്സരങ്ങളിൽ ബാറ്റിങ് പരാജയമായ കോലി 28 പന്തിൽ നിന്ന് മൂന്ന് സിക്സും ഒരു ഫോറുമടക്കം 37 റൺസെടുത്തു. ഏകദിന ടി20 ലോകകപ്പുകളിലായി 3000 റൺസ് നേടുന്ന ആദ്യതാരമെന്ന റെക്കോഡും കോലി മത്സരത്തിനിടെ സ്വന്തമാക്കി. സിക്സറടിച്ച് തുടങ്ങിയ സൂര്യകുമാർ യാദവും (6) തൻസീമിന് വിക്കറ്റ് സമ്മാനിച്ചു മടങ്ങി. 24 പന്തിൽ നിന്ന് രണ്ട് സിക്സും നാല് ഫോറുമടക്കം 36 റൺസെടുത്ത പന്ത്, റിഷാദ് ഹുസൈന്റെ പന്തിൽ റിവേഴ്സ് സ്വീപ്പിന് ശ്രമിച്ച് പുറത്തായി. അഞ്ചാം വിക്കറ്റിൽ ദുബെ–ഹാർദിക് സഖ്യം 53 റൺസ് കൂട്ടിച്ചേർത്തു.ദുബെ 24 പന്തി ൽ നിന്ന് മൂന്ന് സിക്സടക്കം 34 റൺസെടുത്ത് പുറത്തായി. അവസാന ഓവറുകളിൽ ആഞ്ഞടിച്ച പാണ്ഡ്യയാണ് ഇന്ത്യൻ സ്കോർ 196ലെത്തിച്ചത്.



ബംഗ്ലാദേശിനെതിരെ ഇന്ത്യയുടെ ഹാർദിക് പാണ്ഡ്യയുടെ ബാറ്റിങ്

മറ്റൊരു മത്സരത്തിൽ യു.എസ്.എയെ ഒമ്പത് വിക്കറ്റിന് തകർത്ത് വെസ്റ്റിൻഡീസ് ടി20 ലോകകപ്പിന്റെ സെമി സാധ്യതകൾ സജീവമാക്കി. 128 റൺസിന് യു.എസ്.എയെ എറിഞ്ഞൊതുക്കിയ വിൻഡീസ് 55പന്തുകൾ ബാക്കി നിൽക്കേ ഒരു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. അർധ സെഞ്ചുറിയ പ്രകടനവുമായി തിളങ്ങിയ ഷായ് ഹോപ്പാണ് വിൻഡീസിന് അനായാസ ജയം സമ്മാനിച്ചത്. ഒരു ജയവും തോൽവിയുമടക്കം രണ്ട് പോയന്റോടെ ഗ്രൂപ്പ് രണ്ടിൽ വിൻഡീസ് രണ്ടാമതെത്തി. നാല് പോയിന്റോടെ ദക്ഷിണാഫ്രിക്കയാണ് ഒന്നാമത്. 129 റൺസിന്റെ വിജയലക്ഷ്യം പിന്തുടർന്ന വിൻഡീസിനായി ഓപ്പണർമാരായ ഷായ് ഹോപ്പും ജോൺസൺ ചാൾസും തകർത്തടിച്ചത്. ഏഴാം ഓവറിൽ ഹോപ് അർധ സെഞ്ചുറി തികച്ചു. നാല് വീതം സിക്സും ഫോറുമുൾപ്പെടെ 26പന്തിൽ നിന്നുമായിരുന്നു അർധസെഞ്ചുറി. 10–ാം ഓവറിൽ ടീം സ്കോർ നൂറു കടന്നു. 10.5 ഓവറിൽ വിജയലക്ഷ്യവും പൂർത്തിയാക്കി. 39പന്തിൽ നിന്ന് നാല് ഫോറുകളുടേയും എട്ട് സിക്സറുകളുടേയും അകമ്പടിയോടെ ഹോപ് 82 റൺസുമായി പുറത്താകാതെ നിന്നു.



പെറുവിനെതിരായ കോപ അമേരിക്ക മത്സരത്തിൽ ചിലെയുടെ അലക്സി സാഞ്ചസിന്റെ മുന്നേറ്റം

# ഗോളടിക്കാൻ മറന്ന് പെറുവും ചിലെയും

ടെക്സസ്: കോപ്പ അമേരിക്കയിൽ ഗ്രൂപ്പ് എയിൽ ചിലെ–പെറു മത്സരം ഗോൾരഹിത സമനിലയിൽ. മത്സരത്തിലുടനീളം ആധിപത്യം പുലർത്തിയ ചിലെയ്ക്ക് ഫിനിഷിങ്ങിലെ പോരായ്മകളാണ് തിരിച്ചടിയായത്.

15.ാം മിനിറ്റിൽ മികച്ച അവസരം ലഭിച്ച ചിലെയുടെ അലക്സിസ് സാഞ്ചസിന്റെ ഷോട്ട് ക്രോസ് ബാറിനു മുകളിലൂടെ പുറത്തേക്കു പോയി. രണ്ടാം പകുതിയിൽ മെച്ചപ്പെട്ട പ്രകടനവുമായി പെറു കളം നിറഞ്ഞെങ്കിലും, ഗോൾകീപ്പർ ക്ലോഡിയോ ബ്രാവോയുടെ സേവുകൾ ചിലെയ്ക്കു രക്ഷയായി. ജിയാൻലൂക്ക ലപാഡുല, പൗലോ ഗുറെയ്റോ എന്നിവരുടെ ഗോൾശ്രമങ്ങൾ ഏറെ പണിപ്പെട്ടാണ് 41കാരനായ ബ്രാവോ രക്ഷപ്പെടുത്തിയത്. ഇതോടെ, കോപ്പ അമേരിക്കയിൽ കളിക്കുന്ന പ്രായം കൂടിയ താരമെന്ന റെക്കോർഡും ബ്രാവോ സ്വന്തമാക്കി. സമനിലയോടെ ഇരു ടീമുകളും ഓരോ പോയിന്റ് വീതം സ്വന്തമാക്കി.

കാര്യമായ മുന്നേറ്റങ്ങളൊന്നുമില്ലാത്ത ഏറിയ സമയവും വിരസമായിരുന്നു മത്സരം. എഡ്വാർഡോ വർഗാസും അലക്സിസ് സാഞ്ചേസും അടങ്ങുന്ന ചിലിയൻ മുന്നേറ്റനിരയ്ക്ക് പെറുവിന്റെ പ്രതിരോധം വകഞ്ഞുമാറ്റാൻ ആയില്ല. മികച്ച പന്തടക്കവുമായി ചിലെയാണ് മുന്നിട്ടു നിന്നത്.

എന്നാൽ പെറുവിന്റെ ബോക്സിലേക്ക് പന്തെത്തിക്കാനും അവസരം സൃഷ്ടിച്ച് ഗോൾ കണ്ടെത്താനുമായില്ല. കിട്ടിയ അവസരങ്ങളിൽ പെറുവും മുന്നേറ്റങ്ങൾ നടത്തിയെങ്കിലും ലക്ഷ്യത്തിലെത്തിക്കാനായില്ല. ഇരുടീമുകൾക്കും ഗോൾ വലകുലുക്കാനാവാതെ വന്നതോടെ ടീമുകൾ ഓരോ പോയന്റ് വീതം പങ്കിട്ട് മടങ്ങി. ഗ്രൂപ്പ് എ യിൽ അർജന്റീനയാണ് നിലവിൽ ഒന്നാം സ്ഥാനത്ത്.

# പ്ലസ് വൺ സീറ്റ്: ആർ.ഡി.ഡി ഓഫീസ് പൂട്ടിയിട്ട് എം.എസ്.എഫ്

## നാലാം ദിവസവും നേതാക്കളും പ്രവർത്തകരും അറസ്റ്റിൽ







പ്ലസ് വൺ കോഴ്സിന് അപേക്ഷിച്ച മുഴുവൻ വിദ്യാർഥികൾക്കും സീറ്റ് നൽകണമെന്നാവശ്യപ്പെട്ട് എം.എസ്.എഫ് ജില്ല കമ്മിറ്റി നടത്തിയ മലപ്പുറം ആർ.ഡി.ഡി ഓഫീസ് ഉപരോധത്തിൽ പങ്കെടുത്ത പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കുന്നു

മലപ്പുറം: ഹയർസെക്കന്ററി മേഖലയിലെ സീറ്റ് പ്രതിസന്ധി പരിഹരിക്കുക, അപേക്ഷിച്ച മുഴുവൻ വിദ്യാർഥികൾക്കും സീറ്റ് ഉറപ്പാക്കുക, മലപ്പുറം ജില്ലയോടുള്ള ഇടതുസർക്കാർ അവഗണന അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് എം.എസ്.എഫിന്റെ നേതൃത്വത്തിൽ ആരംഭിച്ച അനിശ്ചിതകാല സമരങ്ങൾ തുടരുന്നു.

ആർ.ഡി.ഡി ഓഫീസ് പൂട്ടിയിടൽ സമരം നാലാംദിവസവും തുടർന്നു. ഇന്നലെ രാവിലെ 10 മണിയോടെ ഓഫീസിലേക്ക് മുദ്രാവാക്യം വിളിച്ചെത്തിയ പ്രവർത്തകർ ഓഫീസ് പൂട്ടിയിട്ടു. ഇവരെ തടയാൻ പൊലീസുമെത്തിയതോടെ നേരിയതോതിൽ ഉന്തും തള്ളുമുണ്ടായി.

തുടർന്ന് സമരക്കാരെ പൊലീസ് അറസ്റ്റു ചെയ്തു നീക്കി. എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പിന്റെ നേതൃത്വത്തിലാണ് ഇന്നലെ സമരം അരങ്ങേറിയത്.

ജില്ലാ വിങ് കൺവീനർ മബ്റൂഖ് കോട്ടക്കൽ, വേങ്ങര മണ്ഡലം പ്രസിഡന്റ് എൻ.കെ നിഷാദ് ചേറൂർ, ജനറൽ സെക്രട്ടറി സൽമാൻ കടമ്പോട്ട്, ഭാരവാഹികളായ ആബിദ് കൂന്തള, പി.കെ ബഷീർ, ആഷിഖ് കാവുങ്ങൽ, സക്കീർ കെ.പി, ശഫീഖ് കെ.പി, ജാനിഷ് ബാബു ഇ.കെ എന്നിവരാണ് അറസ്റ്റിലായത്.

എം.എസ്.എഫ് ജില്ലാ ജനറൽ സെക്രട്ടറി വി.എ വഹാബ് വെള്ളിയാഴ്ച നടന്ന സമരവുമായി ബന്ധപ്പെട്ട് റിമാന്റിലാണ്. സമരം ശക്തമായി തുടരുമെന്നും കുട്ടികൾക്ക് നീതിലഭിക്കുന്നത് വരെ പോരാട്ട രംഗത്ത് എം.എസ്.എഫ് ഉണ്ടാകുമെന്നും പ്രസിഡന്റ് കബീർ മുതുപറമ്പ് പറഞ്ഞു.

നിരവധി വിദ്യാർഥികൾ പുറത്തിരിക്കുമ്പോഴും മന്ത്രി തന്റെ പഴയ കണക്കുമായി വീണ്ടും വന്നിരിക്കുകയാണ്. അദ്ദേഹത്തിന് എവിടെ നിന്നാണ് കണക്ക് കിട്ടുന്നതെന്ന് വ്യക്തമാക്കണം.


മലപ്പുറം ജില്ലയിലെ കുട്ടികളോട് ഇടതുസർക്കാർ കാണിക്കുന്ന ക്രൂരതക്ക് തെറ്റായ കണക്ക് നൽകുന്ന ഉദ്യോഗസ്ഥർക്കും പങ്കുണ്ട്. അവർക്കെതിരെ കൂടി സമരം ശക്തമാക്കുമെന്നും അറസ്റ്റ് കൊണ്ട് എം.എസ്.എഫിന്റെ വീര്യം കെടുത്താനാവില്ലെന്നും കബീർ മുതുപറമ്പ് പറഞ്ഞു. പ്രശ്നം പരിഹരിക്കുന്നതുവരെ സമരം ശക്തമായി തുടരാൻ തന്നെയാണ് എം.എസ്.എഫ് തീരുമാനം. തിങ്കളാഴ്ച്ച മുതൽ ആർ.ഡി.ഡി ഓഫീസ് പൂട്ടിയിടൽ സമരം തുടരും.

### കള്ളം പറയുന്ന വിദ്യാഭ്യാസ മന്ത്രി അറിയണം

## മുഖ്യ അലോട്ട്മെന്റുകൾ പൂർത്തിയായി; മലപ്പുറത്ത് 32,432 വിദ്യാർഥികൾ പുറത്ത് തന്നെ

ഷഹബാസ് വെള്ളില
മലപ്പുറം

മലപ്പുറത്ത് സീറ്റ് പ്രതിസന്ധിയില്ലെന്ന് പറഞ്ഞ് വിദ്യാഭ്യാസമന്ത്രി കള്ളക്കണക്കുകളുമായി വാർത്താസമ്മേളനം നടത്തുമ്പോഴും തുടർപഠനത്തിന് യോഗ്യത നേടിയ മലപ്പുറത്തെ ആയിരക്കണക്കിന് കുട്ടികൾ സീറ്റ് കിട്ടാതെ നെട്ടോട്ടത്തിൽ. മുഖ്യഅലോട്ട്മെന്റുകൾ പൂർത്തിയാകുമ്പോൾ ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിന് സീറ്റ് കിട്ടാതെ പുറത്തായിരിക്കുന്നത് 32,432 വിദ്യാർത്ഥികളാണ്. ഏകജാലകം, മോഡൽ റസിഡൻഷ്യൽ സ്കൂൾ കമ്യൂണിറ്റി, മാനേജ്മെന്റ് ക്വാട്ടകളിലൂടെ 50,014 വിദ്യാർത്ഥികളാണ് മലപ്പുറത്ത് ഇതിനകം പ്രവേശനം നേടിയത്. മുഖ്യഅലോട്ട്മെന്റിന് 82,446 പേരാണ് അപേക്ഷ നൽകിയത്. ഇതുപ്രകാരം 32,432 പേരാണ് പുറത്തുള്ളത്. അൺഎയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ 950 പേരും പ്രവേശിച്ചു. ഏകജാലകം വഴിയുള്ള 50,080 സീറ്റിൽ 45,152 പേർ ഇതിനകം പ്രവേശനം നേടി. ഇതിൽ ഇനി 4,928 സീറ്റുകൾ ബാക്കിയുണ്ട്. കമ്യൂണിറ്റി, മാനേജ്മെന്റ് ക്വാട്ടകളിലുള്ള 8,850 സീറ്റുകളിൽ 4,862 പേർ പ്രവേശനം നേടി. ഇതിൽ 3,988 സീറ്റുകളും ഒഴിവുണ്ട്. ഇതടക്കം ആകെ 8,916 സീറ്റുകളാണ് ഇനി മലപ്പുറത്ത് ബാക്കിയുള്ളത്. ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേക്ക് ഇവരെ പരിഗണിച്ചാലും 23,516 പേർ പ്രവേശനം ലഭിക്കാതെ പുറത്തിരിക്കേണ്ടിവരും. സ്പോർട്സ്, കമ്യൂണിറ്റി, മാനേജ്മെന്റ് ക്വാട്ടകളിലെല്ലാം കൂടി 9,215 ഒഴിവുണ്ടെന്നാണ് സർക്കാർ വാദം. ഇതുപ്രകാരം ഈ ഒഴിവുകളിലേക്ക് പ്രവേശനം നൽകിയാലും 23,217 പേർക്ക് അലോട്ട്മെന്റ് ലഭിക്കില്ലെന്നു കണക്കുകൾ തന്നെ വ്യക്തമാക്കുന്നു. അതേസമയം മലപ്പുറത്ത് സീറ്റ് പ്രതിസന്ധിയില്ലെന്ന വാദം തുടരുകയാണ് സർക്കാറും വിദ്യാഭ്യാസ മന്ത്രിയും. എം.എസ്.എഫ് അടക്കമുള്ള സംഘടനകൾ രാഷ്ട്രീയ മുതലെടുപ്പ് നടത്തുകയാണെന്നും ഇന്നലെ കൂടി വിദ്യാഭ്യാസ മന്ത്രി ആവർത്തിച്ചു. അതേ സമയം എസ്.എഫ്.ഐക്കും സർക്കാറിനെ തള്ളിപ്പറയേണ്ട അവസ്ഥ വന്നിരിക്കുകയാണ്. മലപ്പുറത്ത് സീറ്റുകളുടെ കുറവുണ്ടെന്നാണ് അഖിലേന്ത്യാ പ്രസിഡന്റ് വി.പി സാനു കഴിഞ്ഞ ദിവസം മലപ്പുറത്ത് പറഞ്ഞത്. എം.എസ്.എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആർ.ഡി.ഡി ഓഫീസ് പൂട്ടിയിടൽ സമരം നാലാം ദിവസവും പിന്നിട്ടിരിക്കുകയാണ്. എം.എസ്.എഫ് ജില്ലാ ജനറൽ സെക്രട്ടറി വി.എ വഹാബ് സമരത്തിൽ അറസ്റ്റിലായി റിമാന്റിലാണ്. നിരവധി പ്രവർത്തകർക്കെതിരെയാണ് പൊലീസ് കേസെടുത്തിരിക്കുന്നത്.



മുസ്ലിം യൂത്ത് ലീഗ് പ്രവർത്തകർ പരപ്പനങ്ങാടിയിൽ പിണറായി വിജയന് നേരെ കരിങ്കൊടി കാട്ടുന്നു

## പരപ്പനങ്ങാടിയിൽ മുഖ്യമന്ത്രിക്കെതിരെ യൂത്ത് ലീഗ് കരിങ്കൊടി കാട്ടി

പരപ്പനങ്ങാടി: മലബാറിലെ പ്ലസ് വൺ സീറ്റ് പ്രശ്നം പരിഹരിക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് യൂത്ത് ലീഗ് എം.എസ്.എഫ് പ്രവർത്തകർ മുഖ്യമന്ത്രി പിണറായി വിജയനെതിരെ കരിങ്കൊടി കാട്ടി. ജില്ലാ എം.എസ്.എഫ് സിക്രട്ടറി ഹർഷദ് ചെട്ടിപ്പടി, പരപ്പനങ്ങാടി മുനിസിപ്പൽ യൂത്ത് ലീഗ് ജനറൽ സെക്രട്ടറി കെ.പി നൗഷാദ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു കരിങ്കൊടി കാട്ടിയത്. പൊലീസ് ഇവരെ പിടിച്ചു മാറ്റി.

## വളാഞ്ചേരി കൂട്ടബലാത്സംഗം; മൂന്നുപേർ അറസ്റ്റിൽ

വളാഞ്ചേരി: ദലിത് യുവതിയെ കൂട്ട ബലാത്സംഗം ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് മൂന്നുപേരെ തിരൂർ ഡിവൈ.എസ്.പി പി.പി ഷംസ് അറസ്റ്റ് ചെയ്തു. വളാഞ്ചേരി പീടികപ്പടി സ്വദേശികളായ വെള്ളാട്ട്പടി സുനിൽ, താമിത്തൊടി ശശി, പ്രകാശൻ എന്നിവരാണ് അറസ്റ്റിലായത്. പ്രകാശൻ ഒഴികെയുള്ള മറ്റ് രണ്ട്പേരെയും കഴിഞ്ഞദിവസം പൊലീസ് കസ്റ്റഡിയിൽ എടുത്തിരുന്നു. ചോദ്യം ചെയ്യലിൽ ഇരുവരും കുറ്റം സമ്മതിച്ചതോടെ ഇവരുടെ അറസ്റ്റ് രേഖപ്പെടുത്തി. മൂന്നാം പ്രതി പ്രകാശൻ രക്ഷപ്പെടുന്നതിനിടെ പാലക്കാട് നിന്നുമാണ് പിടിയിലായത്. അഞ്ച് ദിവസം മുമ്പായിരുന്നു സംസ്ഥാനത്തെ തന്നെ നടുക്കുന്ന സംഭവം ഉണ്ടായത്. രാത്രി വീടിനുള്ളിലേക്ക് അതിക്രമിച്ച് എത്തിയ പ്രതികൾ യുവതിയെ ഭീഷണിപ്പെടുത്തി ബലാത്സംഗം ചെയ്യുകയായിരുന്നു. ശാരീരികവും മാനസികവുമായി പ്രയാസം നേരിട്ട യുവതി സംഭവം തന്റെ സുഹൃത്തിനോട് പറഞ്ഞു. ഈ സുഹൃത്താണ് പൊലീസിനെ വിവരം അറിയിച്ചത്. തുടർന്ന് പൊലീസെത്തി യുവതിയുടെ മൊഴിയെടുക്കുകയായിരുന്നു. പേര് അറിയില്ലെങ്കിലും മൂന്നു പേരെയും കണ്ടാൽ തിരിച്ചറിയുമെന്ന് യുവതി നേരത്തെ തന്നെ പൊലീസിന് മൊഴി നൽകിയിരുന്നു. തിരൂർ ഡിവൈ.എസ്.പിയുടെ നേതൃത്വത്തിലുള്ള സംഘമാണ് സംഭവത്തിൽ അന്വേഷണം നടത്തുന്നത്. തിരൂർ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു. വരും ദിവസങ്ങളിൽ മജിസ്ട്രേറ്റിന്റെ അനുമതിയോടെ തിരിച്ചറിയൽ പരേഡ് നടത്താനാണ് തീരുമാനം. അതുകൊണ്ട് തന്നെ പ്രതികളെ കാണിക്കുന്നതിൽ നിയന്ത്രണമുണ്ടെന്നും പൊലീസ് അറിയിച്ചു. പിടിയിലായവർക്ക് പുറമേ മാറ്റാർക്കെങ്കിലും കേസിൽ ബന്ധമുണ്ടോയെന്ന് പൊലീസ് പരിശോധിക്കുന്നുണ്ട്.

### ലാബ് ടെക്നീഷ്യൻ നിയമനം

മങ്കട: മങ്കട സാമൂഹികാരോഗ്യകേന്ദ്രത്തിലെ ലാബിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ലാബ് ടെക്നിഷ്യനെ നിയമിക്കുന്നു. ഗവ. അംഗീകൃത ഡി.എം.എൽ.ടി/ ബി.എസ്.സി എം.എൽ.ടിയും കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റും സഹിതം 28 ന് രാവിലെ 10.30 ന് സാമൂഹികാരോഗ്യകേന്ദ്രത്തിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാവണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04933 239217.

## മലപ്പുറത്തിന്റെ ചരിത്രവും വളർച്ചയും ആരോപണങ്ങളുടെ മുനയൊടിച്ചു: പി.കെ കുഞ്ഞാലിക്കുട്ടി



മലപ്പുറം മണ്ഡലം മുസ്ലിം ലീഗ് കമ്മിറ്റി സംഘടിപ്പിച്ച 'മലപ്പുറത്തിന്റെ ഉള്ളടക്കം' സെമിനാർ ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു

മലപ്പുറം: ജില്ലാ രൂപീകരണ സമയത്തുന്നയിച്ച മുഴുവൻ ആരോപണങ്ങളുടെയും മുനയൊടിക്കുന്നതാണ് മലപ്പുറത്തിന്റെ വർത്തമാന ചരിത്രവും വളർച്ചയുമെന്ന് മുസലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി.

മത സൗഹാർദ്ദം, സ്ത്രീ വിദ്യാഭ്യാസം,സാക്ഷരത, ഐടി സാക്ഷരത, ആരോഗ്യം എന്നീ എല്ലാ മേഖലകളിലും അഭൂതപൂർവമായ വളർച്ചയാണ് മലപ്പുറം നേടിയത്. എല്ലാ കാര്യങ്ങൾക്കും രാജ്യത്തിന് തന്നെ മാതൃകയാണ് മലപ്പുറം. മലപ്പുറം മണ്ഡലം മുസ്ലിം ലീഗ് കമ്മിറ്റി സംഘടിപ്പിച്ച 'മലപ്പുറത്തിന്റെ ഉള്ളടക്കം' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു.

മണ്ഡലം ജനറൽ സെക്രട്ടറി പി.എ സലാം അധ്യക്ഷനായി. സ്ത്രീ വിദ്യാഭ്യാസ മേഖലയിൽ മലപ്പുറത്തിന്റെ കുതിച്ചുചാട്ടം അത്ഭുതപ്പെടുത്തുന്നതാണെന്ന് എം.ഇ.എസ് പ്രസിഡണ്ട് ഡോ. ഫസൽ ഗഫൂർ അഭിപ്രായപ്പെട്ടു. മതസൗഹാർദ്ദമാണ് മലപ്പുറത്തിന്റെ മുഖമുദ്ര. രാഷ്ട്രീയം എന്തായാലും മത സൗഹാർദ്ദ കാര്യത്തിൽ മലപ്പുറം ജില്ലക്കാർ ഒറ്റക്കെട്ടാണെന്ന് സി.പി.ഐ നേതാവ് അജിത് കൊളാടി പറഞ്ഞു. മുസ്ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.പി സൈതലവി, പി ഉബൈദുല്ല എം.എൽ.എ, നൗഷാദ് മണ്ണിശ്ശേരി, മുജീബ് കാടേരി, അരിമ്പ്ര അബൂബക്കർ, ബാവ വിസപ്പടി, കെ.വി മുഹമ്മദലി, വി മുഹമ്മദ്കുട്ടി, എം.സി കബീർ, ഹാരിസ് ആമിയൻ, അഡ്വ. എൻ.കെ മജീദ് പ്രസംഗിച്ചു. മലപുറത്തിന്റെ സമഗ്ര ചരിത്ര രചന നിർവഹിച്ച ടി.പി.എം ബഷീറിന് പി.കെ കുഞ്ഞാലിക്കുട്ടി ഉപഹാരം സമ്മാനിച്ചു.

## കോർട്ട് ഫീ വർധനക്കെതിരെ പരാതിയുമായി കേരള ലോയേഴ്സ് ഫോറം

മലപ്പുറം: കുടുംബകോടതി ഹരജികളിലും ചെക്ക് കേസുകളിലും ഭീമമായ രീതിയിൽ ഫീസ് വർധിപ്പിച്ച ഇടതു സർക്കാരിന്റെ തീരുമാനത്തിനെതിരെ ലോയേഴ്സ് ഫോറം മലപ്പുറം ജില്ലാ കമ്മിറ്റി കോഴിക്കോട് നടന്ന ജസ്റ്റിസ് വി.എം മോഹൻ കമ്മീഷൻ സിറ്റിങ്ങിൽ പരാതി നൽകി.

ആക്ടിങ് പ്രസിഡന്റ് അഡ്വ. നാസർ പരപ്പിൽ, സംസ്ഥാന പ്രവർത്തകസമിതി അംഗം അഡ്വ. കെ.കെ മുജീബ് എന്നിവർ ചേർന്ന് ഒബ്ജക്ഷൻ മെമ്മോറാണ്ടം സമർപ്പിച്ചു. തുടർന്ന് നടന്ന ജില്ലാ പ്രവർത്തകസമിതി ഓൺലൈൻ യോഗത്തിൽ ജൂലൈ ഒന്നിലെ ലോയേഴ്സ് ഫോറം സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന സെക്രട്ടേറിയേറ്റ് ധർണാസമരം വിജയിപ്പിക്കാൻ തീരുമാനിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എം.പി ഹുസൈൻ യോഗം ഉദ്ഘാടനം ചെയ്തു. ആക്ടിങ് പ്രസിഡന്റ് അഡ്വ. നാസർ പരപ്പിൽ അധ്യക്ഷനായി.

സംസ്ഥാന സെക്രട്ടറി അഡ്വ. വി.ഐ.എം അഷ്റഫ്, അഡ്വ. കെ.പി സൈതലവി, അഡ്വ. പി.ഇ മൂസ, അഡ്വ. നജ്മൽ ബാബു, അഡ്വ. എ.പി ഇസ്മായിൽ, അഡ്വ. ഷബ്ന, അഡ്വ. സലീം, അഡ്വ. ഹഫീഫ് പറവത്ത്, അഡ്വ. കെ.കെ മുജീബ് പ്രസംഗിച്ചു.



കോർട്ട് ഫീ വർധിപ്പിച്ചതിനെതിരെ ജസ്റ്റിസ് മോഹൻ കമ്മീഷൻ മുമ്പാകെ കേരള ലോയേഴ്സ് ഫോറം മലപ്പുറം ജില്ലാ കമ്മിറ്റി ഒബ്ജക്ഷൻ മെമ്മോറാണ്ടം സമർപ്പിക്കുന്നു

### സി.പി.എം നേതാവിന്റെ മകനു ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സ്ഥിരനിയമനം

## മന്ത്രിയുടെ ശുപാർശയിൽ യോഗ്യരെ തഴഞ്ഞ് വൈസ് ചാൻസലർ

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല കായിക പഠന വിഭാഗത്തിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ സി.പി.എം നേതാവിന്റെ മകനു നിയമനം നൽകുന്നു. മന്ത്രിയുടെ ശുപാർശ പരിഗണിച്ച് യോഗ്യരെ തഴഞ്ഞ് കാലിക്കറ്റ് വൈസ് ചാൻസലറും റാങ്ക് ലിസ്റ്റിനു അംഗീകാരം നൽകി. നിയമപരമായി സർവകലാശാലയിൽ ഇല്ലാത്ത പോസ്റ്റാണ് കായിക പഠന വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ എന്നുള്ളത്. ഇത്തരം ഒരു വിവാദ തസ്തികയിലാണ് സംവരണം പോലും അട്ടിമറിച്ച് വൈസ് ചാൻസലർ നിയമന റാങ്ക് ലിസ്റ്റിൽ ഒപ്പു വച്ചിരിക്കുന്നത്. ഗവേഷക വിദ്യാർഥി കൂടിയാണ് ഒന്നാം റാങ്ക് ലഭിച്ച ആലപ്പുഴയിലെ സി.പി.എം നേതാവിന്റെ മകൻ. പരിചയവും പി.എച്ച്.ഡി യോഗ്യതകൾ പോലും പരിഗണിക്കാതെയാണ് മന്ത്രി പറഞ്ഞത് അനുസരിക്കാൻ കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ തയ്യാറായിരിക്കുന്നതും സി.പി.എം നേതാവിന്റെ മകനു ഒന്നാം റാങ്ക് നൽകിയിരിക്കുന്നതും. നിയമവിരുദ്ധമായ തസ്തികയിൽ സി.പി.എം നേതാവിന്റെ മകനെ നിയമിക്കാനുള്ള നീക്കം ഒരു കാരണവശാലും അനുവദിക്കില്ലെന്നും സിൻഡിക്കേറ്റിൽ ഇതിനെ ചോദ്യം ചെയ്യുമെന്നും സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. റഷീദ് അഹമ്മദും സി.പി ഹംസയും വ്യക്തമാക്കി.

## ഭവന പുനരുദ്ധാരണത്തിന് അപേക്ഷിക്കാം

പാലക്കാട്: പട്ടികജാതി വിഭാഗത്തിലെ അതിദുർബല വിഭാഗത്തിൽപ്പെടുന്ന നായാടി, വേടൻ, ചക്ലിയൻ, അരുന്ധതിയാർ, കള്ളാടി വിഭാഗത്തിൽപെടുന്നവരിൽ നിന്നും പഠനമുറി, ടോയ്‌ലറ്റ്, ഭവന പുനരുദ്ധാരണം പദ്ധതികൾക്കായി അപേക്ഷ ക്ഷണിച്ചു. മലമ്പുഴ ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിൽ സ്ഥിരതാമസമുള്ളവരും ഒരു ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവരും ആകണം. അവസാന തിയ്യതി ജൂൺ 29. ഫോൺ: 8547630132.

## റെയിൽവെ സ്റ്റേഷനിൽ നിന്ന് വാങ്ങിയ വടയ്ക്കൊപ്പം ചത്ത തവളയും

ഷൊർണൂർ: ട്രെയിൻ യാത്രക്കാരൻ ഷൊർണൂർ റെയിൽവെ സ്റ്റേഷനിൽ നിന്ന് വാങ്ങിയ വടയോടൊപ്പം ചത്ത തവളയും. ഏഴാംനമ്പർ പ്ലാറ്റ്ഫോമിൽ നിന്നാണ് വടവാങ്ങിയത്. ചട്ട്ണിയിലാണ് ചത്ത തവളയെ കണ്ടതെന്ന് പറയുന്നു. ഇന്നലെ ഉച്ചക്കാണ് സംഭവം. ആലപ്പുഴ സ്വദേശിയായ യാത്രക്കാരൻ റെയിൽവെ സ്റ്റേഷൻ മാസ്റ്ററോട് പരാതിപ്പെട്ടു. നിലവിൽ ഷൊർണൂർ റെയിൽവെ സ്റ്റേഷനിൽ ഭക്ഷണശാലകളൊന്നും പ്രവർത്തിക്കുന്നില്ല. പരിമിതമായ സ്റ്റാളുകളാണ് ഉള്ളത്.

## ഡോക്ടറേറ്റ് നേടി

മണ്ണാർക്കാട്: മദ്രാസ് ഐ.ഐ.ടിയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടി കർക്കിടാംകുന്ന് ഉണ്ണിയാലിലെ പി.കെ ജസ്‌ല. നെല്ലിപ്പുഴ ദാറുന്നജാത്ത് ഹയർ സെക്കന്ററി സ്കൂളിലെ റിട്ട. അധ്യാപകൻ ഉണ്ണിയാലിലെ പുത്തൻകോട് കോട്ടയിൽ അബ്ബാസിന്റെ മകളാണ്. നെല്ലിപ്പുഴ സ്കൂളിലെ തന്നെ അധ്യാപികയായ കെ.സുലൈഖയാണ് മാതാവ്. ബാംഗ്ലൂരിൽ ആർ.എഫ്. എഞ്ചിനീയർ ഫൈസലാണ് ജസ്‌ലയുടെ ഭർത്താവ്.





വൈദ്യുതി തൂണിലിടിച്ച് കാർ വയലിലേക്ക് മറിഞ്ഞപ്പോൾ

## വൈദ്യുതി തൂണിലിടിച്ച് കാർ വയലിലേക്ക് മറിഞ്ഞു

ചെത്തല്ലൂർ: തൂത റോഡിൽ തൂത തെക്കേപ്പുറത്ത് കാർ വയലിലേക്ക് മറിഞ്ഞു. കാറിലുണ്ടായിരുന്ന നാലു യുവാക്കൾ നിസ്സാര പരിക്കുകളോടെ രക്ഷപ്പെട്ടു. കണ്ടപ്പാടി നിഷാദ്, പാറൽ തൊങ്ങത്ത് ആസിഫ്,തെക്കേപ്പുറത്തെ തിരുത്തുമ്മൽ മുബഷീർ, റിയാസ് എന്നിവരാണ് കാറിലുണ്ടായിരുന്നത്. ഇന്നലെ ഉച്ചയോടെയാണ് അപകടം. ജൽജീവൻ കുടിവെള്ളപദ്ധതിയുടെ പൈപ്പിട്ടതിനെ തുടർന്ന് ഈ പ്രദേശത്ത് റോഡിൽ ചെളിയുണ്ടായിരുന്നു. വിദേശത്ത് നിന്ന് വന്ന കണ്ടപ്പാടി നിഷാദിനെ വിമാനത്താവളത്തിൽനിന്ന് വീട്ടിലേക്കുകൊണ്ട് വരുന്നതിനിടെയാണ് അപകടം. കാർ നിയന്ത്രണംവിട്ട് വൈദ്യുതി തൂണിലിടിച്ച് വയലിലേക്ക് മറിയുകയായിരുന്നു. കാർ ഭാഗികമായി തകർന്നു.

## മസ്റ്ററിങ് പൂർത്തിയാക്കണം

പാലക്കാട്: കേരള സംസ്ഥാന അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് / സാമൂഹ്യ സുരക്ഷാ പെൻഷൻ 2023 ഡിസംബർ വരെ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ ജൂൺ 25 നും ഓഗസ്റ്റ് 24നും ഇടയിൽ മസ്റ്ററിങ് പൂർത്തിയാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0491 2505358.

# പ്ലാച്ചിമട: ഇരകളെ വഞ്ചിച്ച മുഖ്യമന്ത്രിയുടെ കോലം കത്തിച്ചു

പാലക്കാട്: കൊക്കകോള കമ്പനിയുടെ ആസ്തികൾ സ്വീകരിച്ചുകൊണ്ട് പ്ലാച്ചിമടയിലെ ആദിവാസികളെയും കർഷകരെയും വഞ്ചിച്ച മുഖ്യമന്ത്രി പിണറായി വിജയന്റെയും വൈദ്യുതി മന്ത്രി കൃഷ്ണൻകുട്ടിയുടെയും കോലം കത്തിച്ചുകൊണ്ട് പ്ലാച്ചിമട സമര സമിതിയും സംസ്ഥാന തല ഐക്യദാർഢ്യ സമിതിയും പ്രതിഷേധിച്ചു. കേരള നിയമസഭ ഐകകണ്ഠ്യേന പാസാക്കിയ പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തന്നെ തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ നൽകിയ ഉറപ്പും കാറ്റിൽ പറത്തി കൊണ്ടാണ് ഇടതുപക്ഷ സർക്കാർ കൊക്കകോള കമ്പനിക്ക് പ്രശ്നത്തിൽ നിന്നും തലയൂരാനുള്ള അവസരം കൊടുക്കുന്നത്. കൊക്കകോള പ്ലാച്ചിമടയിൽ ഉണ്ടാക്കിയ സകല നഷ്ടങ്ങൾക്കുമായി 216.24 കോടി രൂപ നഷ്ടപരിഹാരം പ്രാദേശിക ജനതക്ക് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ ഭൂമിയും അതിലെ കെട്ടിടങ്ങളും പ്ലാച്ചിമടയിൽ നഷ്ടപരിഹാരത്തിന് അർഹരായ ആദിവാസികൾക്കും കർഷകർക്കും അവകാശപ്പെട്ടതാണെന്ന് സമ്മേളനം പ്രഖ്യാപിച്ചു.

ഈയൊരു സാഹചര്യത്തിൽ കമ്പനിയുടെ പ്ലാച്ചിമടയിലെ ആസ്തികൾ സർക്കാരിന് കൈമാറി പ്രശ്നത്തിൽ നിന്ന് തലയൂരാനുള്ള കമ്പനിയുടെ തന്ത്രം സർക്കാർ തിരിച്ചറിയണമെന്നും കമ്പനിയെ കുറ്റവിചാരണ ചെയ്തു നഷ്ടപരിഹാരം ഈടാക്കണമെന്നും സമര സമിതി ചെയർപേഴ്സൺ വിളയോടി വേണുഗോപാൽ ആവശ്യപ്പെട്ടു.

രാവിലെ പ്ലാച്ചിമട കൊക്കകോള കമ്പനിക്ക് മുൻപിൽ നടന്ന പ്രതിഷേധ പരിപാടിക്ക് സമരസമിതി ചെയർപേഴ്സൺ വിളയോടി വേണുഗോപാൽ സ്വാഗതം പറഞ്ഞു. ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം ദേശീയ കൺവീനർ സി ആർ നീലകണ്ഠൻ പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്തു. റസാക്ക് പാലേരി, പ്ലാച്ചിമട ഐക്യദാർഢ്യ സമിതി കൺവീനർ എം.സുലൈമാൻ, സുരേഷ് ജോർജ്ജ്, കെ.മായാണ്ടി, വിജയൻ അമ്പലക്കാട്, ബാലചന്ദ്രൻ പുതുവയൽ, ശരത് ചേലൂർ, വി.പി നിസ്സലാമുദീൻ, എം.തങ്കവേലു, കെ.സുന്ദരൻ, എം.ഭാഗ്യം, സി.ശാന്തി, സി.രേവതി, എ.സരസ്വതി, ആർ.മുരുഗൻ എന്നിവർ സംസാരിച്ചു.



പ്ലാച്ചിമട സമരസമിതി പ്രതിഷേധ സമരത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെയും മന്ത്രി കൃഷ്ണൻകുട്ടിയുടെയും കോലം കത്തിച്ചപ്പോൾ

# ഗ്രീൻഫീൽഡ് ഹൈവേ: നഷ്ടപരിഹാരത്തുക വിതരണം 85 ശതമാനം പൂർത്തിയായി

മണ്ണാർക്കാട് : പാലക്കാട്-കോഴിക്കോട് നിർദിഷ്ട ഗ്രീൻഫീൽഡ് ഹൈവേക്കായി ജില്ലയിൽ സ്ഥലമേറ്റെടുത്തതിന്റെ നഷ്ടപരിഹാര വിതരണം 85 ശതമാനവും പൂർത്തിയായി. ദേശീയപാത അതോറിറ്റി വൈകാതെ ദർഘാസ് ക്ഷണിക്കും.1,755.88 കോടി രൂപയാണ് നഷ്ടപരിഹാരം നൽകാനായി കേന്ദ്രം ജില്ലയ്ക്ക് അനുവദിച്ചത്. മരുതറോഡ് മുതൽ എടത്തനാട്ടുകരവരെയുള്ള 21 വില്ലേജുകളിലൂടെയാണ് പാത കടന്നുപോകുക. 61.3 കിലോമീറ്ററാണ് ദൂരം. രേഖകൾ കൃത്യമായി ഹാജരാക്കാത്തതും വൈകിനൽകിയതുമായ അപേക്ഷകൾ, പാതക്കായി ഏറ്റെടുക്കേണ്ട വനഭൂമി എന്നിവയാണ് ശേഷിക്കുന്ന 15 ശതമാനത്തിലുൾപ്പെടുന്നതെന്ന് അധികൃതർ അറിയിച്ചു. അകത്തേത്തറ, മുണ്ടൂർ, അലനല്ലൂർ പഞ്ചായത്തുകളിലാണ് ഗ്രീൻഫീൽഡ് പാത വനാതിർ



ത്തി പങ്കിടുന്നത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവേ നടപടിക്രമങ്ങൾ പൂർത്തിയാക്കി ദേശീയപാതാ വിഭാഗത്തിന് റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭ്യമാകുന്നതോടെ ഇവിടെയും ഭൂമി ഏറ്റെടുക്കൽ പൂർണമാകും. റവന്യൂ, സാമൂഹിക വനവത്കരണം, പൊതുമരാമത്ത് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ നേതൃത്വത്തിലാണ് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. പാലക്കാട് മരുതറോഡ് മുതൽ കോഴിക്കോട് ജില്ലയിലെ ഇരിങ്ങല്ലൂർവരെ 121 കിലോമീറ്റർ ദൂരമാണ് ഗ്രീൻഫീൽഡ് പാതയ്ക്കുള്ളത്. 45 മീറ്റർ വീതിയിലാണ് സ്ഥലമേറ്റെടുപ്പ്. നഗരപരിധിയിൽ നിന്നു ഏറ്റെടുക്കുന്ന സ്ഥലത്തിലേക്കുള്ള ദൂരപരിധി, സ്ഥലത്തിന്റെ കിടപ്പ്, നിലവിലെ വിപണിവില എന്നിവയെല്ലാം കണക്കാക്കിയാണ് സ്ഥലവും വീടും വിട്ടുനൽകിയവർക്ക് തുക വിതരണം ചെയ്തിട്ടുള്ളത്. ആധാരമുൾപ്പെടെയുള്ള എല്ലാവിധ രേഖകളും പകർപ്പുകളും ഉടമകൾ റവന്യൂ അധികൃതർക്ക് കൈമാറുകയും ചെയ്തു. വീട് പൂർണമായി നഷ്ടപ്പെടുന്നവർക്ക് പുനരധിവാസപദ്ധതി പ്രകാരം 2.86 ലക്ഷംരൂപ അധികമായും നൽകുന്നുണ്ട്. മലമ്പുഴ, അകത്തേത്തറ, കോട്ടോപ്പാടം, അലനല്ലൂർ, മണ്ണാർക്കാട്, തെങ്കര, പൊറ്റശ്ശേരി ഭാഗങ്ങളിലൂടെയാണ് പാത ഏറെയും കടന്നുപോകുന്നത്.

## പൊതു വിദ്യാഭ്യാസ സംരക്ഷണ സമിതി നിയമസഭാ മാർച്ച് വിജയിപ്പിക്കും

പാലക്കാട്: പൊതു വിദ്യാഭ്യാസമേഖലയെ തകർക്കുന്ന ഹൈസ്കൂൾ ഹയർസെക്കന്ററി ലയനം ഉപേക്ഷിക്കുക, വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമായി ഇറക്കിയ അക്കാദമിക് കലണ്ടർ പിൻവലിക്കുക, പാഠ്യപദ്ധതി പരിഷ്കരണത്തിലെ രാഷ്ട്രീയവൽക്കരണം അവസാനിപ്പിക്കുക, ക്ഷാമബത്ത കുടിശ്ശിക അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുക, ശമ്പള പരിഷ്കരണ കമ്മീഷൻ നിയമിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക, ജീവാനന്ദം പദ്ധതി ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതി 26ന് നടത്തുന്ന നിയമസഭാ മാർച്ചിൽ ജില്ലയിൽ നിന്നും 500ലധികം അധ്യാപകർ പങ്കെടുക്കുമെന്ന് പി.വി.എസ്.എസ് ജില്ലാ സംഗമം പ്രഖ്യാപിച്ചു. പൊതുവിദ്യാഭ്യാസ രംഗത്തെ തകർക്കുന്ന നടപടികളിൽ നിന്ന് സർക്കാർ പിന്തിരിയണമെന്ന് സമിതി ആവശ്യപ്പെട്ടു. കെ.പി.എസ്.ടി.എ സംസ്ഥാന വൈസ് പ്രസിഡന്റ് സുനിൽകുമാർ അധ്യക്ഷത വഹിച്ചു. കെ.എ. ടി.എഫ് സംസ്ഥാന സീനിയർ വൈസ് പ്രസിഡന്റ് എം.ടി സൈനുൽ ആബിദീൻ ആമുഖ ഭാഷണം നിർവഹിച്ചു. കെ.എസ്.ടി.യു ജില്ലാ പ്രസിഡന്റ് നാസർ തേളത്ത് നന്ദി പറഞ്ഞു. ഷാജി എസ്, സുമേഷ് (കെ.പി.എസ്.ടി.എ), പി.സിദ്ധീഖ്, കാസിം കുന്നത്ത്, അലി മാസ്റ്റർ, ഷൗക്കത്തലി (കെ.എസ്.ടി.യു), മുഹമ്മദലി മിശ്കാത്തി, കെ.നൂറുൽ അമീൻ, വി.എ റസാഖ് (കെ.എ.ടി.എഫ് ), സജു വർഗീസ് (എ.എച്ച്.എസ്.ടി.എ ), ഫഹദ് (കെ.എച്ച്.എസ്.ടി.യു), വിമൽ ജോസഫ് ( എച്ച്.എസ്.എസ്.ടി.എ ) എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## വാഹനഗതാഗതം നിരോധിച്ചു

പാലക്കാട്: ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡിലെ കെ.പി.ഐ.പി കനാലിനു കുറുകെയുള്ള പഴയ പാലത്തിന്റെ സമീപ റോഡിന്റെ സംരക്ഷണഭിത്തികൾക്ക് ബലക്ഷയം സംഭവിച്ച് അപകടാവസ്ഥയിലായതിനാൽ പഴയ പാലത്തിലൂടെയുള്ള വാഹനഗതാഗതം പൂർണ്ണമായും നിരോധിച്ചു. കനാലിന് കുറുകെ സമാന്തരമായി നിർമിച്ചുകൊണ്ടിരിക്കുന്ന പുതിയ പാലത്തിന്റെ പണി പൂർത്തിയാകുന്നത് വരെ ശ്രീകൃഷ്ണപുരം ഹോസ്പിറ്റൽ ജങ്ഷനിൽ നിന്നും മുറിയങ്കണ്ണി ഭാഗത്തോട്ടും തിരിച്ചും പോകുന്ന വാഹനങ്ങൾ ശ്രീകൃഷ്ണപുരം അമ്പാടി ജംഗ്ഷൻ കനാൽ റോഡ് വഴി തിരിഞ്ഞുപോകണം.

## ഫിസിയോ തെറാപ്പി ഉദ്ഘാടനം ചെയ്തു

മണ്ണാർക്കാട്: കുമരംപുത്തൂർ ലയൺസ് ക്ലബ്ബ് നവീകരിച്ച വട്ടമ്പലം ജി.എൽ.പി സ്കൂളിലെ ബി.ആർ.സിയുടെ ഫിസിയോ തെറാപ്പി റൂമിന്റെ ഉദ്ഘാടനം അഡ്വ. എൻ ഷംസുദ്ദീൻ എം.എൽ.എ നിർവഹിച്ചു. ലയൺസ് ക്ലബ്ബ് പ്രസിഡന്റ് ദേവദാസ് അധ്യക്ഷനായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജൻ ആമ്പാടത്ത്, ഡി.പി.ഒ ഷാജി പി.എസ്, വൈസ് പ്രസിഡന്റ് റസീന വറോടൻ, സ്ഥിരം സമിതി ചെയർമാൻമാരായ സഹദ് അരിയൂർ, ഇന്ദിരമഠത്തുംപുള്ളി, ജനപ്രതിനിധികളായ ഷമീർ. ടി.കെ, രുഗ്മിണി, ഹരിദാസൻ, വിജയലക്ഷ്മി, മേരി സന്തോഷ്., മുഹമ്മദാലി, സജീവ് കുമാർ, ട്രെയ്നർ സുകുമാരൻ, അബ്ദുൽ അസീസ, .ജിസ് മാത്യ, അനസ് മോൻ, ഫിസിയൊ തെറാപിസ്റ്റ് ദീപ ജോൺ,സ്പെഷ്യൽ എഡ്യൂക്കേറ്റർ സൗമ്യ, പ്രവീൺ, വൈശാഖ്, സുരേഷ് ബാബു. സാജു ജേക്കപ്പ് സൂര്യനാരായണൻ സംബന്ധിച്ചു. ലയൺസ് ക്ലബ്ബ് സെക്രട്ടറി മുജീബ് മല്ലിയിൽ സ്വാഗതവും സുരേഷ് നന്ദിയും പറഞ്ഞു.




വട്ടമ്പലം ജി.എൽ.പി സ്കൂളിലെ ബി.ആർ.സിയുടെ ഫിസിയോ തെറാപ്പി റൂമിന്റെ ഉദ്ഘാടനം അഡ്വ.എൻ ഷംസുദ്ദീൻ എം.എൽ.എ നിർവഹിക്കുന്നു.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ കായികക്ഷമതാ പരീക്ഷ

പാലക്കാട്: ജില്ലയിലെ വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (നേരിട്ടുള്ള നിയമനം, തസ്തികമാറ്റം വഴിയുള്ള നിയമനം, എൻ.സി.എ) തസ്തികയിലേയ്ക്ക് വിവിധ കാറ്റഗറി നമ്പറുകൾക്കായി അപേക്ഷ സമർപ്പിച്ച ഉദ്യോഗാർഥികൾക്കായുള്ള ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും (പ്രതികൂല കാലവസ്ഥ കാരണം മാറ്റിവയ്ക്കപെട്ടത്) ജൂൺ 26 മുതൽ ജൂലൈ നാല് വരെ തീയതികളിലായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി നടത്തും. ഉദ്യോഗാർഥികൾ തങ്ങളുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള അഡ്മിഷൻ ടിക്കറ്റ്, ഒറിജിനൽ തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം രാവിലെ 5.30ന് മുമ്പായി സ്വന്തം ചെലവിൽ അഡ്മിഷൻ ടിക്കറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് എത്തിച്ചേരേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം എത്തുന്ന ഉദ്യോഗാർഥികളെ യാതൊരു കാരണവശാലും ശാരീരിക അളവെടുപ്പിനും കായികക്ഷമതാ പരീക്ഷയ്ക്കും പങ്കെടുപ്പിക്കുന്നതല്ലെന്ന് ജില്ലാ ഓഫീസർ അറിയിച്ചു.

## മോട്ടോർ തൊഴിലാളി ക്ഷേമനിധി കുടിശ്ശിക തീർക്കാൻ അവസരം

പാലക്കാട്: കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ കുടിശ്ശിക വരുത്തിയ തൊഴിലാളികൾക്ക് മൂന്നുവർഷ കാലയളവ് വരെയുള്ള കുടിശ്ശിക ഒടുക്കുന്നതിന് സെപ്റ്റംബർ 30വരെ സമയം അനുവദിക്കും. തൊഴിലാളികൾ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ബോർഡ് ചെയർമാൻ അറിയിച്ചു.

## യോഗ ദിനാചരണം

ഷൊർണൂർ: അന്തർദ്ദേശീയ യോഗാ ദിനത്തോടനുബന്ധിച്ച് ചെറുതുരുത്തി പി.എൻ.എൻ.എം.ആയുർവേദ മെഡിക്കൽ കോളജിൽ രണ്ടുദിവസം നീണ്ടു നിന്ന വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ചടങ്ങിൽ കോളജ് ഡയറക്ടർ സന്ധ്യ മണ്ണത്ത്,കോളജ് പ്രിൻസിപ്പാൾ ഇൻചാർജ് ഡോ.ജിജി മാത്യൂ, ഡോ.സ്മിത എ.വി., ഡോ.അങ്കുഷ് ജി. പ്രസംഗിച്ചു.




പി.ടി.എം ഹയർസെക്കന്ററി സ്കൂളിൽ വിജയോത്സവം 2024 നിയുക്ത എം.പി വി.കെ ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു.

### തൃക്കടീരി പി.ടി.എം സ്കൂളിൽ വിജയോത്സവം

## എപ്ലസുകാർക്ക് ന്യൂഡൽഹി കാണാൻ അവസരമൊരുക്കി ശ്രീകണ്ഠൻ

ചെർപ്പുളശേരി: പി.ടി.എം ഹയർസെക്കന്ററി സ്കൂളിൽ വിജയോത്സവം 2024 സംഘടിപ്പിച്ചു. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ അനുമോദിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി വി.കെ ശ്രീകണ്ഠൻ എം.പി ഉദ്ഘാടനം ചെയ്തു. പി.ടി.എ വൈസ് പ്രസിഡന്റ് ഹംസ കിളായിൽ അധ്യക്ഷത വഹിച്ചു. കുട്ടികൾക്ക് ദില്ലി കാണാൻ അവസരം ഒരുക്കുക എന്ന ആശയം ആദ്യമായി തന്റെ മനസ്സിൽ വന്നത് രണ്ടു വർഷങ്ങൾക്ക് മുമ്പ് തൃക്കടീരി പി.ടി.എം സ്കൂളിൽ വിജയോത്സവം ഉദ്ഘാടനം ചെയ്യുന്ന സമയത്തായിരുന്നുവെന്നും ഇത്തവണയും ഡൽഹി സന്ദർശിക്കാൻ ഫുൾ എപ്ലസ് ലഭിച്ചവരിൽ നിന്ന് തിരഞ്ഞെടുത്ത പതിനഞ്ച് പേർക്ക് അവസരം ഒരുക്കുമെന്നും എം.പി പറഞ്ഞു. ചടങ്ങിൽ പ്രധാനാധ്യാപിക എം.വി സുധ സ്വാഗതം പറഞ്ഞു. ഗ്രാമപഞ്ചായത്തംഗം ഷബീർ നീരാണി,സ്കൂൾ മാനേജർ പി.മുഹമ്മദ്, എം.സതീദേവി, കാസിം കുന്നത്ത്, സി.എ ബക്കർ എന്നിവർ പ്രസംഗിച്ചു.

## അഗളിയിൽ വ്യാപാര സ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പിന്റെ പരിശോധന

പാലക്കാട്: അഗളി ഗ്രാമപഞ്ചായത്ത് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് കള്ളമല, ഓടപ്പെട്ടി, കണ്ടിയൂർ എന്നീ സ്ഥലങ്ങളിലെ ഹോട്ടലുകൾ, ബേക്കറികൾ, ഇറച്ചിക്കടകൾ, പലചരക്കുകടകൾ തുടങ്ങിയ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചുവന്നിരുന്ന ഓടപ്പെട്ടിയിലെ അമ്പാടി ടീ സ്റ്റാൾ എന്ന സ്ഥാപനം അടച്ചുപൂട്ടി. കണ്ടിയൂരിലെ ഹരിത സ്റ്റോറിൽ നിന്നും പഴകിയ ഭക്ഷണസാധനങ്ങൾ പിടിച്ചെടുത്ത് നശിപ്പിച്ചു. നാല് കടകൾക്ക പിഴയിട്ടു. പരിശോധനയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടർ പി.മുരളി കൃഷ്ണൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ വി.പി.കൃഷ്ണകുമാർ, എം.ലവൻ, എം. ജ്യോതിലക്ഷ്മി എന്നിവർ നേതൃത്വം നൽകി.



അഗളിയിൽ വ്യാപാര സ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തുന്നു

## സി.പി.ഐ നേതാക്കളെ അറിയിക്കാതെ മുഹമ്മദ് മുഹ്സിന്റെ അവാർഡ്ദാന പരിപാടി

പട്ടാമ്പി: വിവിധ മത്സര വിജയികൾക്കായി മുഹമ്മദ് മുഹ്സിൻ എം.എൽ.എ. നൽകുന്ന അവാർഡ്ദാന ചടങ്ങ് അറിയിച്ചില്ലെന്ന വിമർശനവുമായി സി.പി.ഐ മണ്ഡലം കമ്മിറ്റി. കഴിഞ്ഞദിവസം പാർട്ടി പുറത്താക്കിയ മുൻ മണ്ഡലം സെക്രട്ടറി പി.കെ സുഭാഷ് ചെയർമാനായ സംഘാടകസമിതിയാണ് പട്ടാമ്പിയിൽ 'പട്ടാമ്പി എം.എൽ.എ. അവാർഡ് ഫോർ എക്സലൻസ്' പരിപാടി സംഘടിപ്പിച്ചത്. കോൺഗ്രസ്, ബി.ജെ.പി., എൻ.സി.പി തുടങ്ങിയ പാർട്ടികളിൽ നിന്നുള്ള പ്രതിനിധികൾ പരിപാടികൾ പങ്കെടുത്തെങ്കിലും സി.പി.ഐയുടെ ഒരു പ്രതിനിധി പോലും വേദിയിൽ ഉണ്ടായിരുന്നില്ല. സി.പി.ഐ എം.എൽ.എ. സംഘടിപ്പിക്കുന്ന പരിപാടിയുടെ വേദിയിൽ ഔദ്യോഗിക നേതൃത്വത്തിൽ നിന്നും ഒരാൾ പോലും പങ്കെടുക്കാതിരുന്നതും ശ്രദ്ധേയമായി. അതേസമയം പരിപാടിയുടെ സ്വാഗതസംഘം രൂപവത്കരണം മുതൽ പാർട്ടിയെ അറിയിച്ചിരുന്നില്ലെന്ന് സി.പി.ഐ മണ്ഡലം സെക്രട്ടറി ഒ.കെ സെയ്തലവി പറഞ്ഞു. എം. എൽ.എയുടെ പല പരിപാടികളും പാർട്ടിയെ അറിയിക്കാറില്ലെന്നും ഒ.കെ.സെയ്തലവി ആരോപിച്ചു. പാർട്ടി മെമ്പർഷിപ്പ് പോലും ഇല്ലാത്തയാളുകളെ സി.പി.ഐ. പ്രതിനിധികളായി പരിപാടിയിൽ പങ്കെടുപ്പിച്ചിരുന്നുവെന്ന് മണ്ഡലം കമ്മിറ്റി ആരോപിക്കുന്നു. അതേസമയം കഴിഞ്ഞ ദിവസം പാർട്ടിയിൽ നിന്നും പുറത്താക്കപ്പെട്ട നേതാക്കളായ കോടിയിൽ രാമകൃഷ്ണൻ, പി.കെ സുഭാഷ് തുടങ്ങിയവർ പട്ടാമ്പിയിൽ പത്രസമ്മേളനം നടത്തി ജില്ലാ നേതൃത്വത്തിനെതിരെയും മണ്ഡലം കമ്മിറ്റിക്കെതിരെയും രൂക്ഷമായ വിമർശനമുയർത്തിയിരുന്നു. ഇതോടെ എം.എൽ.എ അവാർഡ്ദാന ചടങ്ങും വിവാദമാവുകയാണ്. സി.പി.ഐ പാലക്കാട് ജില്ലാ കമ്മിറ്റിയിൽ നിന്നും മുമ്പ് തരംതാഴ്ത്തൽ നടപടി നേരിട്ടതിന് ശേഷം പ്രാഥമികാംഗത്വത്തിൽ നിന്നും പുറത്താക്കിയയാളാണ് വാടാനാംകുറുശ്ശി ബ്രാഞ്ച് കമ്മിറ്റിയംഗം കോടിയിൽ രാമകൃഷ്ണൻ, ചെമ്പ്ര ബ്രാഞ്ച് കമ്മിറ്റി അംഗമായിരുന്നു പി.കെ. സുഭാഷ് എം.എൽ.എ.യുമായി ബന്ധപ്പെട്ട പരിപാടികളൊന്നും പാർട്ടിയെ അറിയിക്കാറില്ലെന്നതാണ് ഔദ്യോഗിക പക്ഷത്തിന്റെ പ്രധാന ആരോപണം. വരുംദിവസങ്ങളിൽ ഇതും ചർച്ചയാവും. അതേസമയം പാർട്ടിയുടെ പട്ടാമ്പി ലോക്കൽകമ്മിറ്റി ഭാരവാഹികളടക്കം പരിപാടിയിൽ പങ്കെടുത്തിട്ടുണ്ടെന്ന് സംഘാടക സമിതി ഭാരവാഹികൾ പറഞ്ഞു.

## സിറ്റി സ്നേഹ സല്ലാപം വാർഷികാഘോഷം

കണ്ണൂർ: കണ്ണൂർ സിറ്റി സ്നേഹ സല്ലാപം കൂട്ടായ്മ അഞ്ചാം വാർഷികാഘോഷം വിപുലമായി നടത്താൻ സംഘാടക സമിതി രൂപീകരിച്ചു. മുസ്ലിഹ് മഠത്തിൽ ചെയർമാനും, കണ്ണൂർ എംപി. കെ സുധാകരൻ,മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ, മുൻ കോർപ്പറേഷൻ മേയർ അഡ്വ.ടി ഒ മോഹനൻ, മുൻ ഡെ.മേയർ സി സമീർ, മുൻ എ.ഡി.എം ഒ മുഹമ്മദ് അസ്‌ലം, പ്രൊഫ.ഡോ. ഖലീൽ ചൊവ്വ, ഡോ.പി സലീം, കൗൺസിലർ അഷ്‌റഫ് ചിറ്റുള്ളി എന്നിവർ രക്ഷാധികാരികളായും സംഘാടക സമിതി രൂപീകരിച്ചു.ജനറൽ കൺവീനർ എംസി അബ്ദുൽ ഖല്ലാക്ക്, ട്രഷറർ മുനീർ അബ്ദുല്ല. വൈ. ചെയർമാൻമാരായി റഫീഖ് കളത്തിൽ, അശ്രഫ് ബംഗാളി മുഹല്ല, ജോ. കൺവീനർമാരായി പി എം മുഹമ്മദ് റയീസ്, സഹീർ അറക്കകത്ത് എന്നിവരെ തെരഞ്ഞെടുത്തു.

## മേധാപട്കറുടെ ഉപവാസത്തിന് ഐക്യദാർഢ്യം

കണ്ണൂർ: നർമദ സരോവർ പദ്ധതിയുടെ ഭാഗമായി കുടിയിറക്കപ്പെടുന്നവർക്ക് പുനരധിവാസം നൽകണമെന്ന് ആവശ്യപ്പെട്ട് മേധാപട്കർ നടത്തുന്ന ഉപവാസ സമരത്തിന് കണ്ണൂരിൽ ഐക്യദാർഢ്യം. പഴയ ബസ്സ്റ്റാന്റ് പരിസരത്ത് നടന്ന പരിപാടി സാമൂഹ്യ പ്രവർത്തകൻ ഡോ.ഡി സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു.അഡ്വ വിനോദ് പയ്യട,മനോജ് ടി സാരംഗ്,കെ.സുനിൽ കുമാർ, രാജലക്ഷ്മി,രാജൻ കോരമ്പേത്ത്, അഡ്വ. കസ്തൂരി ദേവൻ, മനോജ് ടി സാരംഗ്,പി.ടി ഭാസ്കരൻ,സൗമ്യ ഇസബെൽ,ടി.ശശി സംസാരിച്ചു

## പെൻഷൻ ഗുണഭോക്താക്കൾ മസ്റ്ററിംഗ് നടത്തണം

ചെറുപുഴ: സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ ജൂൺ 25 മുതൽ ആഗസ്ത് 24 വരെ കാലയളവിൽ വാർഷിക മസ്റ്ററിംഗ് നടത്തണം.ഈ മാസം 25 മുതൽ അക്ഷയ കേന്ദ്രങ്ങളിൽ മസ്റ്ററിംഗ് ചെയ്യാം.

# കണ്ണൂർ വാർത്തകൾ

## കേസുകളുടെ കോടതി മാറ്റം;

# നടപടികൾ ബഹിഷ്കരിച്ച് തലശ്ശേരിയിലെ അഭിഭാഷകരുടെ പ്രതിഷേധം

### അഭിഭാഷകരുടെ നടപടി ജനങ്ങളോടുള്ള വെല്ലുവിളിയെന്ന് കണ്ണൂർ ബാർ അസോസിയേഷൻ



തലശ്ശേരിയിലെ അഭിഭാഷകരുടെ ഉപവാസ സമരം ജില്ലാ ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.കെഎ സജീവൻ ഉദ്ഘാടനം ചെയ്യുന്നു

തലശ്ശേരി: തലശ്ശേരി സി.ജെ.എം കോടതിയിലുള്ള ചക്കരക്കൽ പൊലീസ് സ്റ്റേഷൻ പരിധിയിലുള്ള കേസുകൾ കണ്ണൂർ ജുഡീഷ്യൽ കോടതി മൂന്നിന്റെ പരിധിയിലേക്ക് മാറ്റുന്നതിനെതിരെ തലശ്ശേരി ബാർ അസോസിയേഷൻ നേതൃത്വത്തിൽ അഭിഭാഷകരുടെ പ്രതിഷേധം. കഴിഞ്ഞ ദിവസമാണ് കോടതി നടപടികൾ ബഹിഷ്കരിച്ച് അഭിഭാഷകർ ഉപവാസം നടത്തിയത്. എന്നാൽ തലശ്ശേരിയിലെ അഭിഭാഷകരുടെ നടപടിക്കെതിരെ കണ്ണൂർ ബാർ അസോസിയേഷൻ രംഗത്തെത്തി.

ചക്കരക്കൽ, കൊളവല്ലൂർ പൊലീസ് സ്റ്റേഷനും റെയിൽവെ കേസുകളും ഉൾപ്പെട്ടതാണ് തലശ്ശേരി സി.ജെ.എം കോടതിയുടെ അധികാരപരിധി. ഇതിൽ നിന്നു ചക്കരക്കൽ സ്റ്റേഷൻ പരിധി കണ്ണൂരിലേക്ക് മാറ്റാനാണ് തീരുമാനം. ഇതിനെതിരെയാണ് തലശ്ശേരിയിൽ പ്രതിഷേധം ശക്തമാക്കിയത്. തലശ്ശേരി സി.ജെ.എം കോടതിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന തീരുമാനമാണിതെന്ന് തലശ്ശേരി ബാർ അസോസിയേഷൻ ചൂണ്ടിക്കാട്ടുന്നു. എന്നാൽ തലശ്ശേരിയിലെ അഭിഭാഷകരുടെ നീക്കം ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് കണ്ണൂർ ബാർ അസോസിയേഷൻ പ്രസ്താവിച്ചു. കണ്ണൂർ ജില്ലയിൽ പുതിയ ജില്ലാ കോടതിയും വാഹനാപകട നഷ്ടപരിഹാര കോടതിയും തലശ്ശേരിക്ക് പുറത്ത് അനുവദിച്ചപ്പോൾ നിശബ്ദരായിരുന്നവർ ഇപ്പോൾ അധികാര പരിധി കുറച്ചതിനെതിരെ മുറവിളികൂട്ടുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് കണ്ണൂർ ബാർ അസോസിയേഷൻ ആരോപിച്ചു. എന്നാൽ ജില്ലയുടെ ചുമതലയുള്ള ഹൈക്കോടതി ജസ്റ്റിസ് അരുണിന് നിവേദനം നൽകി കാത്തിരിക്കുന്നതിനിടയിലുള്ള തീരുമാനം ദുരൂഹമാണെന്ന് തലശ്ശേരിയിലെ അഭിഭാഷകർ പറയുന്നു. ഉപവാസ സമരം ജില്ലാ ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ.കെ എ സജീവൻ ഉദ്ഘാടനം ചെയ്തു. സമരസമിതി ചെയർമാൻ കെ വിശ്വൻ അധ്യക്ഷനായി. ബാർ അസോസിയേഷൻ സെക്രട്ടറി ജി.പി ഗോപാലകൃഷ്ണൻ, വിവിധ അഭിഭാഷക സംഘടന നേതാക്കളായ വിനോദ്കുമാർ, പി.വി സൈനുദ്ദീൻ അമൃത, പ്രേമരാജ്, നിഷാദ് സംസാരിച്ചു.

ബാർ അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി ഭാരവാഹികളായ അഡ്വ.എം.എസ് നിഷാന്ത്, സുജിത് മോഹൻ, ഷിമി, എസ് രാഹുൽ, യു ആഷിത, കവിത, ഇ.എ സജ്ന, അഡ്വ.പി പ്രനിൽ നേതൃത്വം നൽകി.

### മുസ്‌ലിം ലീഗ് യോഗം ഇന്ന്

കണ്ണൂർ: മുസ്‌ലിം ലീഗ് കണ്ണൂർ മണ്ഡലം പ്രവർത്തക സമിതി അംഗങ്ങളുടെയും പോഷക സംഘടന, മണ്ഡലം പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാരുടെയും ചന്ദ്രിക കോഓർഡിനേറ്റർമാരുടെയും പ്രത്യേക ക്ഷണിതാക്കളുടെയും യോഗം ഇന്ന് വൈകീട്ട് മൂന്നിന് കണ്ണൂർ ബാഫഖി സൗധത്തിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി സി സമീർ അറിയിച്ചു.

### അധ്യാപക ഒഴിവ്

ശ്രീകണ്ഠപുരം: ഗവ.ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി വിഭാഗം ഫിസിക്സ് താൽക്കാലിക അധ്യാപക ഒഴിവുണ്ട്. അഭിമുഖം നാളെ രണ്ട് മണിക്ക്.

### വാക്ക്ഇൻ ഇന്റർവ്യൂ

ഇരിട്ടി: ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 27ന് രാവിലെ 10ന് അഭിമുഖം നടത്തും.




തളിപ്പറമ്പിൽ നിന്ന് സ്‌ക്വാഡ് പിടികൂടിയ നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ

# തളിപ്പറമ്പിൽ അരടണ്ണിലധികം പ്ലാസ്റ്റിക് ഉൽപന്നങ്ങൾ പിടികൂടി

തളിപ്പറമ്പ: തളിപ്പറമ്പിൽ അരടണ്ണിലധികം നിരോധിത പ്ലാസ്റ്റിക്കും കുപ്പിവെള്ളവും പിടികൂടി.ജില്ലാ എൻഫോഴ്സ്മെന്റ് സ്‌ക്വാഡ് തളിപ്പറമ്പ് നഗരത്തിൽ നടത്തിയ പരിശോധനയിലാണ് അരടണ്ണിലധികം ഒറ്റത്തവണ നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും അയ്യായിരത്തിലധികം 300 മില്ലിലിറ്റർ നിരോധിത വെള്ളക്കുപ്പികളും പിടിച്ചെടുത്തത്.

തളിപ്പറമ്പിലെ പ്രസ്റ്റീജ് പ്ലാസ്റ്റിക് സൊല്യൂഷൻ,ബിസ്മി മാർക്കറ്റിംഗ് എന്നിവിടങ്ങളിൽ നിന്നാണ് 520 കി.ഗ്രാം നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുത്തത്. ബിസ്മി മാർക്കറ്റിംഗ് കമ്പനിയുടെ ഗോഡൗണിൽ നിന്നാണ് കാറ്ററിംഗ് ഏജൻസികൾക്ക് വിൽക്കാനായി രഹസ്യമായി സൂക്ഷിച്ച അയ്യായിരത്തിലധികം 300 മില്ലി ലിറ്റർ കുടിവെള്ള കുപ്പികൾ പിടികൂടിയത്.

നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് ആവരണമുള്ള പേപ്പർ കപ്പുകൾ, തെർമോകോൾ പ്ലേറ്റുകൾ, ഗാർബേജ് ബാഗുകൾ എന്നിവയാണ് പ്രസ്റ്റീജ് പാക്കിംഗ് സൊല്യൂഷനിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാ എൻഫോഴ്സ്മെന്റ് സ്‌ക്വാഡ് പിടിച്ചെടുത്തത്.എൻഫോഴ്സ്മെന്റ് സ്‌ക്വാഡ് ലീഡർ പി.പി അഷ്റഫ്,നിതിൻ വത്സൻ,തളിപ്പറമ്പ് നഗരസഭയിലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരായ രമ്യ കെ.എം,ലതീഷ് പി പരിശോധനയിൽ പങ്കെടുത്തു.



അനുമോദന ചടങ്ങിൽ ഉപഹാരം സ്വീകരിച്ച ഉന്നത വിജയികളായ വിദ്യാർഥികൾ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിക്കും പ്രസ്ക്ലബ് ഭാരവാഹികൾക്കുമൊപ്പം

# ഉന്നത വിജയികളെ അനുമോദിച്ചു

കണ്ണൂർ: കേരള പത്രപ്രവർത്തക യൂണിയൻ അംഗങ്ങളുടെ മക്കളിൽ പത്താം ക്ലാസ്, ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടിയവരെ അനുമോദിച്ചു. കണ്ണൂർ പ്രസ്ക്ലബിൽ നടന്ന ചടങ്ങിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മെമന്റോയും ക്യാഷ് അവാർഡും സമ്മാനിച്ചു. പ്രസ്ക്ലബ് പ്രസിഡന്റ് സിജി ഉലഹന്നാൻ അധ്യക്ഷനായി. സെക്രട്ടറി കെ.വിജേഷ്, ട്രഷറർ കബീർ കണ്ണാടിപ്പറമ്പ് എന്നിവർ സംസാരിച്ചു.



താജുൽ ഉലൂം ഇംഗ്ലീഷ് മിഡിയം സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി അൽ സബാഹിന് ചന്ദ്രിക കൈമാറി വി.പി വമ്പൻ ഉദ്ഘാടനം ചെയ്യുന്നു

**ചന്ദ്രിക — അറിവിൻ തിളക്കം**

# വളപട്ടണം താജുൽ ഉലൂമിലും

വളപട്ടണം: താജുൽ ഉലൂം ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിക്ക് തുടക്കം.

സ്കൂൾ ലീഡർ അൽ സബാഹിന് ചന്ദ്രിക കൈമാറി മുസ്‌ലിംലീഗ് ജില്ലാ വൈസ് പ്രസിഡന്റ് വി.പി വമ്പൻ ഉദ്ഘാടനം ചെയ്തു. വളപട്ടണം പഞ്ചായത്ത് പ്രസിഡന്റ് പി.പി ഷമീമ, മുസ്‌ലിംലീഗ് പഞ്ചായത്ത് പ്രസിഡന്റ് കെ ജലീൽ ഹാജി, എം അബ്ദുറഹിമാൻ ഹാജി, പ്രിൻസിപ്പൽ എം.കെ സർനിൽ, എ.ടി ഷയിർ, പി ഇല്ല്യാസ്, കെ.എം ഖാലിദ്, എസ്.ഇ മജീദ്, ചന്ദ്രിക പ്രചാരണ സമിതി മണ്ഡലം കൺവീനർ കെ.പി.എം ഹാരിസ്, ജലാലുദ്ദീൻ അറഫാത്ത്, പിടിഎ വൈസ് പ്രസിഡന്റ് അബ്ദുൽ മജീദ്, അധ്യാപകരായ രവീന്ദ്രൻ, സാജിദ് റഹ്മാനി, അൻസാരി, ടി നിധി, രമ്യശ്രീ, ഷജില, ഷംനശ്രി, സന്ധ്യ പങ്കെടുത്തു.



പാമ്പുരുത്തി മാപ്പിള എയുപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി ഇ.പി ഗീതയ്ക്ക് ചന്ദ്രിക കൈമാറി എം അബ്ദുൽ അസീസ് ഹാജി ഉദ്ഘാടനം ചെയ്യുന്നു

**ചന്ദ്രിക — അറിവിൻ തിളക്കം**

# പാമ്പുരുത്തി എയുപി സ്കൂളിലും


പാമ്പുരുത്തി: മാപ്പിള എയുപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിക്ക് തുടക്കം.

പ്രധാനാധ്യാപിക ഇ.പി ഗീതയ്ക്ക് ചന്ദ്രിക കൈമാറി മുസ്‌ലിംലീഗ് കൊളച്ചേരി പഞ്ചായത്ത് പ്രസിഡന്റ് എം അബ്ദുൽ അസീസ് ഹാജി ഉദ്ഘാടനം ചെയ്തു. ശാഖ പ്രസിഡന്റ് എം ആദം ഹാജി അധ്യക്ഷനായി.

സ്കൂൾ മാനേജർ എം.എം അമീർ ദാരിമി, യൂത്ത് ലീഗ് പഞ്ചായത്ത് പ്രസിഡന്റ് മൻസൂർ പാമ്പുരുത്തി, മുസ്‌ലിം ലീഗ് ശാഖ ട്രഷറർ എം അബ്ദുല്ല, വൈസ് പ്രസിഡന്റ് എം.പി അബ്ദുൽ ഖാദർ, സെക്രട്ടറി സി.കെ അബ്ദുൽ റസാഖ്, അധ്യാപകരായ കെ.പി ഇബ്രാഹിം, ജിതിൻ, എം അഷ്റഫ് മുസ്‌ലിംലീഗ് ശാഖ ജനറൽ സെക്രട്ടറി കെ.പി അബ്ദുൽ സലാം, ചന്ദ്രിക പ്രചാരണ സമിതി ശാഖ കൺവീനർ എൻ.പി റിയാസ് പങ്കെടുത്തു.

## ചാലാട്ടെ വീട്ടിൽ കയറി കവർച്ചാ ശ്രമം

# രണ്ടു പേർ അറസ്റ്റിൽ



അറസ്റ്റിലായ പ്രതികൾ




കണ്ണൂർ: ചാലാട്ട് വീട്ടുകാരെ അക്രമിച്ച് സ്വർണ്ണം കവരാൻ ശ്രമിച്ച രണ്ടു പേർ അറസ്റ്റിൽ.തമിഴ്നാട് സ്വദേശികളും വർഷങ്ങളായി ചക്കരക്കൽ ഭാഗത്ത് താമസിക്കുന്ന വലിയന്നൂരിലെ ആനന്ദൻ, മകളുടെ ഭർത്താവ് വാരം മതുക്കോത്ത് താമസിക്കുന്ന പി.വി സൂര്യൻ എന്നിവരെയാണ് കണ്ണൂർ ടൗൺ പൊലീസ് അറസ്റ്റ് ചെയ്തത്. കവർച്ചാ സംഘത്തിലെ മൂന്നാമനെ കണ്ടെത്താനുള്ള ശ്രമത്തിലാണ് പ്രത്യേക അന്വേഷണ സംഘം. കഴിഞ്ഞ ദിവസം ചക്കരക്കല്ലിൽ വെച്ചാണ് പ്രതികളെ പിടികൂടിയതെന്ന് പൊലീസ് അറിയിച്ചു.

ഞായറാഴ്ച്ച പുലർച്ചെ ചാലാട് അമ്പലത്തിന് സമീപം ഉപ്പടം റോഡിൽ കെ.വി കിഷോറിന്റെ വീട്ടിൽ കയറി ഭാര്യ ലിനിയുടെ കഴുത്തിൽ നിന്ന് മാല കവരാൻ ശ്രമിക്കുകയും സമീപത്തെ വീട്ടിന്റെ ജനൽപാളി ഇളക്കിമാറ്റിയതും ഇവരാണ്.

കവർച്ച സംഘത്തിന്റെ ദൃശ്യം വീട്ടിലെ സിസി ടിവിയിൽ പതിഞ്ഞിരുന്നെങ്കിൽ വ്യക്തമായിരുന്നില്ല. തുടർന്ന് പൊലീസ് സമീപത്തെ സിസി ടിവി ദൃശ്യങ്ങൾ കൂടി പരിശോധിച്ചപ്പോഴാണ് പ്രതികളെ കുറിച്ച് സൂചന ലഭിച്ചത്. വീട്ടിലെത്തിയത് തമിഴ്നാട് സ്വദേശികളെന്ന് തോന്നിപ്പിക്കുന്നവരാണെന്ന് ലിനി പൊലീസിനെ അറിയിച്ചിരുന്നു. ഇതിനെ തുടർന്നാണ് കണ്ണൂർ കേന്ദ്രീകരിച്ചുള്ള കവർച്ച സംഘത്തിന്റെ വിവരങ്ങൾ പൊലീസ് ശേഖരിച്ച് പരിശോധന നടത്തിയത്. സംഭവം നടന്നതിന്റെ പിറ്റേ ദിവസം തന്നെ പ്രതികളെ തിരിച്ചറിഞ്ഞിരുന്നു.

ഞായറാഴ്ച്ച പുലർച്ചെ നാലുമണിയോടെയാണ് വീട്ടിന്റെ സെന്റർ ഹാളിൽ വെച്ച് ലിനിയുടെ കഴുത്തിൽ നിന്ന് മാല കവരാൻ ശ്രമിച്ചത്. അമ്മയുടെ നിലവിളി കേട്ട് മുകളിൽ കിടന്നുറങ്ങുന്ന മകൻ അഖിൽ എഴുനേറ്റ് കവർച്ചാ സംഘത്തെ സ്റ്റൂളുകൊണ്ട് നേരിടുകയായിരുന്നു. ഇതിനിടെ മോഷ്ടാക്കൾ വീട്ടുകാരെയും അക്രമിച്ചു. രണ്ടു പേർ വീട്ടിൽ കയറിയപ്പോൾ ഒരാൾ പുറത്തു കാത്തിരിക്കുകയായിരുന്നു. ടൗൺ ഇൻസ്പെക്ടർ ടോണി ജെ മറ്റത്തിന്റെ നേതൃത്വത്തിലാണ് അന്വേഷണം നടത്തുന്നത്..

## മാങ്ങാട്ടിടത്ത് ഉഗ്രശേഷിയുള്ള സ്റ്റീൽ ബോംബുകൾ കണ്ടെത്തി



കൂത്തുപറമ്പ്: സിപിഎം-ബിജെപി സംഘർഷം നേരത്തെ ഉണ്ടാകാറുള്ള മാങ്ങാട്ടിടം കിണറ്റിന്റവിടയിൽ പൊലീസ് നടത്തിയ റെയ്ഡിൽ ഉഗ്രശേഷിയുള്ള രണ്ട് സ്റ്റീൽ ബോംബുകൾ കണ്ടെത്തി. ആമ്പിലാട് റോഡിലെ ആൾ താമസമില്ലാത്ത പറമ്പിലായിരുന്നു ചാക്കിൽ പൊതിഞ്ഞ നിലയിൽ സ്റ്റീൽ ബോംബുകൾ സൂക്ഷിച്ചിരുന്നത്.എരഞ്ഞോളിയിൽ സ്റ്റീൽ ബോംബ് പൊട്ടി വയോധികൻ മരിച്ച ഞെട്ടൽ മാറും മുമ്പേയാണ് ഏതാനും കിലോമീറ്റർ മാത്രം അകലെയുള്ള മാങ്ങാട്ടിടത്ത് രണ്ട് സ്റ്റീൽ ബോംബുകൾ കണ്ടെത്തിയത്.വയനാട്ടിൽ നിന്നെത്തിയ പ്രത്യേക ബോംബ് സ്ക്വാഡാണ് കൂത്തുപറമ്പ് പൊലീസിന്റെ സഹായത്തോടെ പ്രദേശത്ത് തിരച്ചിൽ നടത്തിയത്.

ബോംബിന്റെ ഉറവിടത്തെപ്പറ്റി അന്വേഷിച്ച് വരികയാണെന്ന് പൊലീസ്പറഞ്ഞു. കണ്ടെടുത്ത ബോംബുകൾ പിന്നീട് വിദഗ്ധസംഘം നിർവീര്യമാക്കി. വയനാട് ബോംബ് സ്ക്വാഡ് എസ്ഐ സുധീഷ്, എഎസ്ഐ ജയൻ, സ്ക്വാഡ് അംഗങ്ങളായ റെജി, കാഷിഫ്, കണ്ണൂരിൽ നിന്നെത്തിയ ഡോഗ് സ്ക്വാഡ് കൂത്തുപറമ്പ് എസ്ഐ ടി അഖിൽ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

## പേപ്പട്ടി വളർത്തുമൃഗങ്ങളെ കടിച്ചു

ചെറുപുഴ: പഞ്ചായത്തിലെ പ്രാപ്പോയിൽ, പാണ്ടിക്കടവ് എന്നിവിടങ്ങളിൽ പേപ്പട്ടി വളർത്തുമൃഗങ്ങളെ കടിച്ചു. പാണ്ടിക്കടവിലെ പുളിമൂട്ടിൽ ഷേർളിയുടെ പശു, മണിമലക്കുന്നേലെ പുളിവേലിൽ ജോസിന്റെ പശു, മഞ്ജു സുരേഷിന്റെ വളർത്തു നായ, മുളപ്രയിലെ തൊഴുത്തിനകത്ത് ജയന്റെ നായ, മാവിലാവീട്ടിൽ രമേശന്റെ രണ്ടു നായ എന്നിവയെയാണ് കടിച്ചു പരിക്കേൽപിച്ചത്. ഇന്നലെ രാവിലെ ഒൻപതരയോടെയാണ് പേപ്പട്ടിയുടെ ആക്രമണമുണ്ടായത്. തൊഴുത്തിൽ കെട്ടിയിരുന്ന പശുക്കിടാവിന്റെ മൂക്കിന് മുകളിൽ ആഴത്തിൽ മുറിവേറ്റിട്ടുണ്ട്. പ്രദേശത്ത് നിരവധി വളർത്തുമൃഗങ്ങളെ പേപ്പട്ടി കടിച്ചതായി പറയുന്നു. പാണ്ടിക്കടവിലെ കുര്യാശേരിൽ സുരേഷിന്റെ ആടിനേയും പട്ടിയേയും പുളിവേലിൽ ജോസിന്റെ പശുവിനേയും കടിച്ചു.പാടിയോട്ടുചാൽ മൃഗാശുപത്രിയിൽ നിന്നെത്തിയ വെറ്ററിനറി ഡോക്ടറുടെ നേതൃത്വത്തിൽ കടിയേറ്റ മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് എടുത്തു.

## വട്ടപ്പാറയിൽ ബഡ്സ് സ്കൂൾ തുടങ്ങാൻ തളിപ്പറമ്പ് നഗരസഭ

തളിപ്പറമ്പ്: മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി വട്ടപ്പാറയിൽ ബഡ്സ് സ്കൂൾ ആരംഭിക്കാൻ നഗരസഭ കൗൺസിൽ യോഗം തീരുമാനിച്ചു.

ചെയർപേഴ്സൺ മുർഷിദ കൊങ്ങായി അധ്യക്ഷയായി. ചെയർപേഴ്സന്റെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായമുൾപ്പെടെ വിവിധ ക്ഷേമപദ്ധതികൾക്ക് യോഗം അംഗീകാരം നൽകി.

2024-25 വാർഷിക പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി വാർഡ്സഭ വിളിച്ച് ചേർക്കാനും യോഗം തീരുമാനിച്ചു. വൈസ് ചെയർമാൻ കല്ലിങ്കിൽ പത്മനാഭൻ, സ്ഥിരം സമിതി അധ്യക്ഷരായ എംകെ ഷബിത, പിപി മുഹമ്മദ് നിസാർ, അംഗങ്ങളായ ഒ സുഭാഗ്യം, പിസി നസീർ, സിവി ഗിരീശൻ, കെഎം ലത്തീഫ് സംസാരിച്ചു.



കണ്ണൂർ ചാല ചിന്മയ സ്കൂൾ കാമ്പസിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിച്ച നിലയിൽ

# പ്ലാസ്റ്റിക് മാലിന്യം കത്തിച്ച സ്കൂളിന് 20,000 രൂപ പിഴ

കണ്ണൂർ: പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിച്ചതിന് ചിൻമയ സ്കൂളിന് 20000 പിഴ ചുമത്തി. സ്കൂൾ കാമ്പസിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കത്തിച്ചതിനും തരം തിരിക്കാതെ മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിനുമാണ് കണ്ണൂർ ചാല ഗോവിന്ദഗിരിയിലെ ചിന്മയ സ്കൂൾ സമുച്ചയത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ എൻഫോഴ്സ് സ്ക്വാഡ് പിഴ ചുമത്തിയത്. ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡും ആരോഗ്യവകുപ്പും ചേർന്ന് നടത്തിയ പരിശോധനയിലാണ് സ്കൂൾ കാമ്പസിൽ മൂന്ന് സ്ഥലങ്ങളിലായി പതിവായി പ്ലാസ്റ്റിക് കത്തിക്കുന്നത് കണ്ടെത്തിയത്.

പരിശോധനയ്ക്ക് എത്തിയപ്പോഴും പ്ലാസ്റ്റിക് കത്തിക്കുന്നതായി സ്ക്വാഡ് കണ്ടെത്തി. കാമ്പസിലെ രണ്ട് ഹോസ്റ്റലുകളിൽ നിന്നും ഹരിത കർമ്മ സേനയ്ക്ക് പ്ലാസ്റ്റിക് കൈമാറിയിരുന്നില്ല. ഭക്ഷണശാലയിൽ നിന്നുള്ള ജൈവ അജൈവ മാലിന്യങ്ങൾ തുറസായ സ്ഥലത്ത് കെട്ടി ഉണ്ടാക്കിയ നിർമ്മിതിയിൽ നിക്ഷേപിക്കുന്നതായും പരിശോധന സംഘം കണ്ടെത്തി.

സ്കൂൾ മാനേജ്മെന്റിന് ഇരുപതിനായിരം രൂപ പിഴ ചുമത്തി തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് കണ്ണൂർ നഗരസഭാകോർപ്പറേഷന് നിർദേശം നൽകി. പരിശോധനയിൽ സ്ക്വാഡ് ലീഡർ ഇപി സുധീഷ്,എൻഫോഴ്സ്മെന്റ് ഓഫീസർ കെ.ആർ അജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## നീറ്റ്, നെറ്റ് പരീക്ഷാ ക്രമക്കേട്; എം.എസ്.എഫ് മാർച്ച് നാളെ

തൃക്കരിപ്പൂർ: നീറ്റ്, നെറ്റ് പരീക്ഷകളുടെ നടത്തിപ്പിലുണ്ടായ എൻ.ടി.എ, കേന്ദ്ര സർക്കാർ കെടുകാര്യസ്ഥതയ്ക്കെതിരെ തൃക്കരിപ്പൂർ ബി.എസ്.എൻ.എൽ ഓഫീസിലേക്ക് നാളെ രാവിലെ 10 മണിക്ക് മണ്ഡലം എം.എസ്.എഫ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർച്ച് നടത്തുമെന്ന് മണ്ഡലം പ്രസിഡന്റ് റാഹിൽ മൗക്കോട് അറിയിച്ചു. അഞ്ഞൂറോളം വിദ്യാർഥികൾ മാർച്ചിൽ പങ്കാളികളാകും.

## ഹയർ സെക്കന്ററി അധ്യാപക ഒഴിവ്

കാസർകോട്: ആലംപാടി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഹയർസെക്കന്ററി വിഭാഗത്തിൽ സ്റ്റാറ്റിസ്റ്റിക്സ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ അധ്യാപകരുടെ താത്കാലിക ഒഴിവുകൾ ഉണ്ട്. ഉദ്യോഗാർഥികൾ സർട്ടിഫിക്കറ്റ് സഹിതം 25ന് ഉച്ചയ്ക്ക് രണ്ടിന് സ്കൂൾ ഓഫീസിൽ ഹാജരാകണം. 9895255427.

## ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ സീറ്റ് ഒഴിവ്

കാസർകോട്: ടൂറിസം വകുപ്പിന് കീഴിൽ ഉദുമയിൽ പ്രവർത്തിക്കുന്ന ഗവ. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പി.എസ്.സി അംഗീകൃതമായ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളിൽ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് ആൻഡ് ബീവറേജ് സർവീസ്, ഫുഡ് പ്രൊഡക്ഷൻ എന്നീ കോഴ്സുകളിൽ സീറ്റുകൾ ഒഴിവുണ്ട്. 04672236347.

**കാസർകോട് വാർത്തകൾ**

### സർക്കാർ തീരുമാനത്തിനു വർഷങ്ങൾ മുമ്പേ

# മൊഗ്രാൽ കടപ്പുറം എസ്.സി കോളനി 'ഗാന്ധി നഗറാണ്'

മൊഗ്രാൽ: സംസ്ഥാന പട്ടിക ജാതി വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ മന്ത്രി സ്ഥാനം ഒഴിയുന്നതിന് തൊട്ടുമുമ്പെടുത്ത 'കോളനികളില്ലാത്ത സംസ്ഥാനം' എന്ന ആശയം സർക്കാർ തീരുമാനം വരുന്നതിനു മുമ്പ് തന്നെ നടപ്പിലാക്കിയത് മൊഗ്രാൽ ഗാന്ധിനഗർ പ്രദേശവാസികൾ.

അഞ്ചുവർഷങ്ങൾക്കു മുമ്പ് തന്നെ കടപ്പുറം എസ്.സി കോളനിയെ 'ഗാന്ധി നഗർ' എന്ന പേരിൽ പ്രദേശവാസികൾ നാമകരണം ചെയ്തിരുന്നു. സർക്കാറാകട്ടെ ഇപ്പോഴാണ് തീരുമാനമെടുത്തിരിക്കുന്നത്. പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശത്തെ കോളനി എന്നു വിളിക്കുന്നത് നിർത്തലാക്കി കൊണ്ടാണ് മന്ത്രി ഉത്തരവ് പുറപ്പെടുവിച്ചത്. മന്ത്രി കെ. രാധാകൃഷ്ണൻ പാർലമെന്റ് അംഗമായതിനെ തുടർന്നാണ് മന്ത്രിസ്ഥാനം രാജിവെച്ചത്. ഇതു കേരളീയ സമൂഹം പരക്കെ സ്വാഗതം ചെയ്യുകയും ചെയ്തു.

ദളിത് സമൂഹത്തിന്റെ സാമൂഹിക പദവി ഉയർത്തുന്നതാണ് മന്ത്രിയുടെ നിർണായക തീരുമാനമെന്ന് രാഷ്ട്രീയ സാമൂഹിക സാംസ്കാരിക നേതാക്കൾ ഈ വിഷയത്തിൽ പ്രതികരിക്കുകയും ചെയ്തിരുന്നു. കോളനി എന്ന പേര് മാറ്റണമെന്ന് ആവശ്യപ്പെട്ട് മുസ്‌ലിം ലീഗ് എം.എൽ.എ നജീബ് കാന്തപുരം നേരത്തെ മന്ത്രിക്ക് നിവേദനം നൽകിയിരുന്നതുമാണ്.

വൈകിയാണെങ്കിലും സർക്കാർ എടുത്ത തീരുമാനത്തെ മുൻ പഞ്ചായത്ത് അംഗവും കോൺഗ്രസ് പ്രവർത്തക നുമായ രമേശ് ഗാന്ധി നഗർ, മൊഗ്രാൽ ദേശീയവേദി പ്രസിഡന്റ് വിജയകുമാർ, ഗാന്ധിനഗർ ശ്രീ കോഡ്ദബ്ബു ദൈവസ്ഥാനം പ്രസിഡന്റ് ജനാർദ്ദന എന്നിവർ സ്വാഗതം ചെയ്തു.



*മൊഗ്രാൽ ഗാന്ധിനഗറിൽ നിർമിച്ച ചുറ്റുമതിൽ*


*കെ.എസ്.യു ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കലക്ടറേറ്റ് മാർച്ച് ഡി.സി.സി പ്രസിഡന്റ് പി.കെ ഫൈസൽ ഉദ്ഘാടനം ചെയ്യുന്നു*

# കെ.എസ്.യു കലക്ടറേറ്റ് മാർച്ചിൽ സംഘർഷം

കാസർകോട്: കെ.എസ്.യു ജില്ലാ കമ്മിറ്റയുടെ നേതൃത്വത്തിൽ നടത്തിയ കലക്ട്രേറ്റ് മാർച്ചിൽ സംഘർഷം. മലബാറിലെ പ്ലസ് വൺ സീറ്റ് പ്രശ്നം പരിഹരിക്കുക, ഇഗ്രാന്റ്, എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് വിതരണം മുടങ്ങിയത് ഉടനെ പരിഹരിക്കുക, നീറ്റ്-നെറ്റ് പരീക്ഷയിൽ നടന്ന ക്രമക്കേടുകളിലെ ശരിയായ രീതിയിൽ അന്വേഷണം നടത്തുക, വിദ്യാഭ്യാസ മേഖലയിൽ കേന്ദ്ര- സംസ്ഥാന സർക്കാർ പുലർത്തുന്ന അവഗണന മതിയാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് മാർച്ച് നടത്തിയത്.

ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി വിദ്യാർഥികൾ മാർച്ചിൽ അണിനിരന്നു. പ്രതിഷേധവുമായി എത്തിയ പ്രവർത്തകർക്ക് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു. പ്രവർത്തകർ പ്രതിഷേധം കടുപ്പിച്ചതോടെ പൊലീസ് പ്രവർത്തകരെ അറസ്റ്റ് ചെയ്തു.

പ്രതിഷേധം ജില്ല കോൺഗ്രസ് അധ്യക്ഷൻ പി.കെ ഫൈസൽ ഉദ്ഘാടനം ചെയ്തു. കെ.എസ്.യു ജില്ലാ പ്രസിഡന്റ് ജവാദ് പുത്തൂർ അധ്യക്ഷത വഹിച്ചു.

സംസ്ഥാന കമ്മിറ്റി അംഗം സേറാ മറിയം, എ.ഐസി.സി കോർഡിനേറ്റർ മനാഫ് നുള്ളിപ്പാടി, ഡി.സി.സി ജനറൽ സെക്രട്ടറി എം.സി പ്രഭാകരൻ,

കെ.എസ്.യു ജില്ലാ വൈസ് പ്രസിഡന്റ് വിഷ്ണു കാട്ടുമാടം, അനുരാഗ്, ജില്ലാ ജനറൽ സെക്രട്ടറി നുഹ്മാൻ പള്ളങ്കോട്, അഖിൽ ജോൺ, വി.എൻ വിഷ്ണു, ലിയോൺസ്, അൻസാരി കോട്ടക്കുന്ന്, അജിൽ ബിനു, ചന്ദ്രകല, നിതിൻ രാജ്, ജിഷ്ണു തുടങ്ങിയവർ നേതൃത്വം നൽകി.

## അധ്യാപക ഒഴിവ്

കാസർകോട്: ഗവ. ഹയർ സെക്കന്ററി സ്കൂളിൽ യു.പി.എസ്.ടി (അറബിക്) താത്ക്കാലിക ഒഴിവുണ്ട്. കൂടിക്കാഴ്ച നാളെ രാവിലെ 10ന് സ്കൂൾ ഓഫീസിൽ.

ഇരിയണ്ണി:
ഇരിയണ്ണി ജി.വി.എച്ച്.എസ്.എസ് ഹൈസ്കൂൾ വിഭാഗത്തിൽ എച്ച്.എസ്.ടി ഹിന്ദി തസ്തികയിൽ ഒരു താൽക്കാലിക ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർഥികൾ നാളെ രാവിലെ പത്തിന് കൂടിക്കാഴ്ചയ്ക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി ഓഫീസിൽ ഹാജരാകണം. ഫോൺ 9495093814

കാസർകോട്:
എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളജിൽ അപ്ലൈഡ് സയൻസ് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഫിസിക്സ്, കെമിസ്ട്രി, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ 25ന് രാവിലെ 10ന് കോളജിൽ നടത്തുന്ന എഴുത്തു പരീക്ഷയിലും അഭിമുഖത്തിലും പങ്കെടുക്കണം. www.l-bscek.ac.in. ഫോൺ- 04994 250290.

# മുഴുവൻ വിദ്യാർഥികൾക്കും ഉന്നതപഠനത്തിന് സാഹചര്യമൊരുക്കണം: യു.ഡി.എഫ്

കാസർകോട്: ജില്ലയിൽ എസ്.എസ്.എൽ.സി പാസായ മുഴുവൻ വിദ്യാർഥികൾക്കും ഉന്നതപഠനത്തിന് സാഹചര്യം ഒരുക്കണമെന്ന് യു.ഡി.എഫ് ജില്ല കമ്മിറ്റി ആവശ്യപ്പെട്ടു. വിദ്യാർഥികൾക്ക് അവർക്ക് ഇഷ്ടപ്പെട്ട മേഖലാ തിരഞ്ഞെടുത്ത് പഠിക്കാൻ സാധിക്കണം. പ്ലസ് വണ്ണിന് കൂടുതൽ ബാച്ച് അനുവദിച്ച് ഓരോ ക്ലാസിലേയും കുട്ടികളുടെ എണ്ണം അമ്പതായി നിജപ്പെടുത്തണമെന്നും യോഗം ആവശ്യപ്പെട്ടു. ചെയർമാൻ കല്ലട്ര മാഹിൻ ഹാജി അധ്യക്ഷത വഹിച്ചു. കൺവീനർ എ. ഗോവിന്ദൻ നായർ സ്വാഗതം പറഞ്ഞു. എൻ.എ നെല്ലിക്കുന്ന് എം.എൽ.എ, കെ.പി കുഞ്ഞിക്കണ്ണൻ, എ. അബ്ദുൽ റഹിമാൻ, കെ. നീലകണ്ഠൻ, യു.ഡി.എഫ് സെക്രട്ടറി അഡ്വ. എ. ഗോവിന്ദൻ നായർ, പി.എം മുനീർ ഹാജി, പി.എ അഷ്റഫ് അലി, ഹരീഷ് ബി നമ്പ്യാർ, അഡ്വ. കെ.കെ രാജേന്ദ്രൻ, എ.ജി.സി ബഷീർ, കരിവള്ളൂർ വിജയൻ, കൂക്കൾ ബാലകൃഷ്ണൻ, നാഷണൽ അബ്ദുള്ള സംബന്ധിച്ചു.

# അകക്കണ്ണിലൂടെ അറിവുനേടാൻ ആദിത്യയ്ക്ക് ലാപ്ടോപ്

പാലക്കുന്ന്: ഇരുട്ടിനെ വെളിച്ചമാക്കി പത്തിലും പന്ത്രണ്ടിലും മുഴുവൻ എപ്ലസ് നേടിയ ആദിത്യ ബാബുവിന് തുടർപഠനത്തിന് തീയ്യമഹാസഭയുടെ എജുക്കേഷണൽ ആന്റ് ചാരിറ്റി ട്രസ്റ്റ് ലാപ്ടോപ്പ് നൽകി. ജന്മനാ ഇരുകണ്ണിനും കാഴ്ച നഷ്ടപ്പെട്ട കീഴൂർ കണ്ടത്തിൽ വീട്ടിൽ ബാബുവിന്റെയും ശാലിനിയുടെയും ഇളയമകളായ ആദിത്യയ്ക്ക് തുടർ പഠനത്തിന് ലാപ്ടോപ് അത്യാവശ്യമാണെന്നും അതുവാങ്ങാൻ നിവൃത്തിയില്ലെന്നും മനസിലാക്കിയ തീയ്യ മഹാസഭയുടെ സംസ്ഥാന പ്രസിഡന്റ് ഗണേശൻ അരമങ്ങാനം രക്ഷിതാക്കളുമായി ബന്ധപ്പെട്ട് സഹായ വാഗ്ദാനം ചെയ്തിരുന്നു.

തീയ്യ മഹാസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന എജ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് ആ ദൗത്യം ഏറ്റെടുത്തു. പാലക്കുന്ന് കഴകം ഭഗവതി ക്ഷേത്ര ഭണ്ഡാരവീട്ടിൽ മുഖ്യകർമി സുനീഷ് പൂജാരി, ക്ഷേത്ര ഭരണ സമിതി പ്രസിഡന്റ് അഡ്വ. കെ. ബാലകൃഷ്ണൻ, തീയ്യ മഹാസഭ സംസ്ഥാന പ്രസിഡന്റ് ഗണേശൻ അരമങ്ങാനം എന്നിവർ ചേർന്ന് ലാപ്ടോപ് ആദിത്യയ്ക്ക് കൈമാറി. കപ്പണക്കാൽ കുഞ്ഞിക്കണ്ണൻ ആയത്താർ, തീയ്യ മഹാസഭ ജില്ലാ പ്രസിഡന്റ് പിസി വിശ്വംഭരൻ, സെക്രട്ടറി കെവി പ്രസാദ്, ട്രഷറർ ടിവി രാഘവൻ, എം. അപ്പു പണിക്കർ, ക്ഷേത്ര ഭരണസമിതി ഭാരവാഹികളായ പി.കെ രാജേന്ദ്രനാഥ്, കെ.വി അപ്പു, ടി.കെ പ്രദീപ് കുമാർ, പി.വി ചിത്രഭാനു, സി.എച്ച് നാരായണൻ, ഉദയമംഗലം സുകുമാരൻ, പി.പി ചന്ദ്രശേഖരൻ, ദാമോദരൻ കൊമ്പത്ത്, ഉദിനൂർ സുകുമാരൻ, പാലക്കുന്നിൽ കുട്ടി, കൊപ്പൽ പ്രഭാകരൻ പ്രസംഗിച്ചു.

ചെമ്മനാട് സർക്കാർ സ്കൂളിൽ നിന്ന് എസ്.എസ്.എൽ.സിയിലും ചന്ദ്രഗിരി സർക്കാർ സ്കൂളിൽ നിന്ന് പ്ലസ്ടുവിലും മുഴുവൻ എപ്ലസ് നേടിയ ആദിത്യ മലയാളത്തിൽ ബിരുദ പഠനത്തിനായി കാസർകോട് സർക്കാർ കോളജിൽ പ്രവേശനം നേടിയിരിക്കുകയാണ്. ബിരുദാനന്തര ബിരുദം നേടി അധ്യാപികയാകാനും തുടർന്ന് സിവിൽ പരീക്ഷയ്ക്ക് തയാറെടുക്കാനുമാണ് ആഗ്രഹം.


*കീഴൂരിലെ ആദിത്യ ബാബുവിന് തീയ്യ മഹാസഭ എജ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ് പാലക്കുന്ന് ക്ഷേത്ര ഭണ്ഡാര വീട്ടിൽ ലാപ്ടോപ് കൈമാറിയപ്പോൾ*

# ബ്രൂസല്ലോസിസ് പ്രതിരോധ കുത്തിവെയ്പ് വെസ്റ്റ് എളേരി പഞ്ചായത്തിൽ തുടക്കം

ഭീമനടി: കന്നുകാലികളിലെ ബ്രൂസെല്ലോസിസ് പ്രതിരോധ വാക്സിനേഷൻ കാമ്പയിന് വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. വളർത്തു മൃഗങ്ങളിലും മനുഷ്യരിലും വന്ധ്യത പടർത്തുന്ന അതീവ ഗുരുതരമായ രോഗമാണ് ബ്രൂസെല്ലോസിസ്. ഈ മഹാമാരി തടയുന്നതിനായി സംസ്ഥാന വ്യാപകമായി പ്രതിരോധ വാക്സിനേഷൻ കാമ്പയിൻ, മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും കൈകോർത്താണ് നടത്തുന്നത്.

പഞ്ചായത്തിലെ മുഴുവൻ കന്നുകാലികൾക്കും വാക്സിനേഷൻ നൽകുന്ന പദ്ധതി വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.സി ഇസ്മായിൽ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ശാന്തി കൃപ അധ്യക്ഷത വഹിച്ചു. പ്ലാച്ചിക്കര വെറ്ററിനറി സർജൻ ഡോ. ടി.കെ നീരജ്, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായ എൻ.എസ് ഷാഹിദ്, ഡി. ബിജീഷ്, പി.പി ജയൻ എന്നിവർ കാമ്പയിൻ നേതൃത്വം നൽകി.


*കന്നുകാലികളിലെ ബ്രൂസെല്ലോസിസ് പ്രതിരോധ വാക്സിനേഷൻ കാമ്പയിൻ വെസ്റ്റ് എളേരി പഞ്ചായത്തിൽ വൈസ് പ്രസിഡന്റ് പി.സി ഇസ്മായിൽ ഉദ്ഘാടനം ചെയ്യുന്നു*

## സായി ഗ്രാമത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി

പെർള: എൻമകജെ പഞ്ചായത്തിലെ പെർള ബജകുഡ്‌ലു സായി ഗ്രാമത്തിൽ സൗജന്യ മെഡിക്കൽ കേമ്പ് സംഘടിപ്പിച്ചു. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടി അനുവദിച്ച വീടുകളിൽ താമസിക്കുന്നവർക്കാണ് മെഡിക്കൽ കേമ്പ് സംഘടിപ്പിച്ചത്. കേമ്പിൽ സൗജന്യമായി മരുന്നുകളും മറ്റും ആരോഗ്യവകുപ്പ് ലഭ്യമാക്കി. ജില്ലാ കലക്ടർ കെ. ഇമ്പശേഖറിന്റെ നിർദ്ദേശ പ്രകാരമായിരുന്നു കേമ്പ് നടത്തിയത്. എൻഡോസൾഫാൻ സ്പെഷ്യൽ സെൽ ഡെപ്യൂട്ടി കലക്ടർ സുർജിത് കേമ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ജില്ലാ മെഡിക്കൽ ഓഫീസ് പെർള കുടുംബ ആരോഗ്യ കേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിലാണ് മെഡിക്കൽ കേമ്പ് നടത്തിയത്. 30 രോഗികളെ മെഡിക്കൽ കേമ്പിൽ പരിശോധിച്ചു. രണ്ടുരോഗികളെ വീടുകളിൽ പോയി ഡോക്ടർമാർ പരിശോധന നടത്തി.

## വാഹനം വാടകയ്ക്ക്

പൈവളികെ: പൈവളികെ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ലേിറല്യഹൈസല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ സന്ദർശിക്കണം. ഫോൺ 0499 8205028.

## റിഷാദ് മാഷിന്റെ വേർപാട് മൊഗ്രാൽ പുത്തൂരിനെ കണ്ണീരിലാഴ്ത്തി



മൊഗ്രാൽ പുത്തൂർ: മൊഗ്രാൽപുത്തൂർ ജിഎച്ച്എസ്എസിലെ ഹൈസ്കൂൾ വിഭാഗം അധ്യാപകനായിരുന്ന കക്കാട് സ്വദേശി റിഷാദ് മാഷിന്റെ പെട്ടെന്നുള്ള വിയോഗം വിശ്വസിക്കാനാവാതെ വിതുമ്പുകയാണ് വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും. അടുത്തിടെ ഒരു സർജറിക്ക് വിധേയമായിരുന്നു. തുടർന്ന് ചികിത്സയിലായിരുന്നു. കോഴിക്കോട് സ്വകാര്യ ആശുപത്രിയിലാണ് മരണം. കുട്ടികൾക്കും സഹപ്രവർത്തകർക്കും ഒരുപോലെ പ്രിയപ്പെട്ടവനായിരുന്നു റിഷാദ് മാഷ്. പഠന- പാഠ്യേതര കാര്യങ്ങളിലും സമർഥൻ. ആത്മാർഥതയും അർപ്പണബോധവും സൽസ്വഭാവവും കൊണ്ട് എല്ലാവരുടേയും മനംകവർന്ന അധ്യാപകൻ. താൻ സേവനം ചെയ്യുന്ന സ്കൂളിന്റെ ഉന്നമനത്തിനും വിജയശതമാനത്തിനും നിരന്തരം പരിശ്രമിച്ചു. കഴിഞ്ഞവർഷം എസ്.എസ്.എൽ.സി വിദ്യാർഥികൾക്ക് നൈറ്റ് ക്ലാസ് സംഘടിപ്പിക്കുന്നതിൽ മുന്നിലുണ്ടായിരുന്നത് അദ്ദേഹമായിരുന്നു.

വിയോഗത്തിൽ പി.ടി.എ പ്രസിഡന്റ് നെഹ്റു കടവത്ത്, എസ്എംസി ചെയർമാൻ മഹമൂദ് ബള്ളൂർ, വൈസ് ചെയർമാൻ മാഹിൻ കുന്നിൽ, പിടിഎ വൈസ് പ്രസിഡന്റ് കാദർ കടവത്ത്, ഹെഡ്മിസ്ട്രസ് ബീന, പ്രിൻസിപ്പൽ ഇൻചാർജ് രഘു പിടിഎ, എസ്എംസി, സ്റ്റാഫ് എന്നിവരും അനുശോചിച്ചു.

## ഷേഖ് അബ്ദുല്ലയുടെ മരണം ഹൃദയാഘാതം മൂലമെന്ന്

ഉപ്പള: ഫ്ളാറ്റിലെ താമസക്കാരനും ആനക്കല്ല് കതിനമൂല കറുവപ്പടി സ്വദേശിയുമായ ഷേഖ് അബ്ദുല്ല (49)യുടെ മരണം ഹൃദയാഘാതം മൂലമാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. പെരുന്നാൾ ദിവസം അബ്ദുല്ലയുടെ ഭാര്യ ബുഷ്റയും മക്കളും തറവാട് വീട്ടിലേക്ക് പോയിരുന്നു. അബ്ദുല്ല മാത്രമായിരുന്നു ഫ്ളാറ്റിൽ ഉണ്ടായിരുന്നത്. ഇന്നലെ രാവിലെ ഭാര്യ തിരിച്ചെത്തിയപ്പോൾ ഫ്ളാറ്റിൽ നിന്ന് ദുർഗന്ധം വമിക്കുന്നതിനാൽ പൊലീസിൽ വിവരം അറിയിച്ചു. മഞ്ചേശ്വരം പൊലീസ് എത്തി അകത്ത് നിന്ന് പൂട്ടിയ വാതിൽ തകർത്ത് അകത്ത് കയറി പരിശോധിച്ചപ്പോഴാണ് കുളിമുറിയിൽ വീണ് മരിച്ച് കിടക്കുന്നത് കണ്ടത്.

# മലിനജലം റോഡിലേക്ക് ഒഴുക്കുന്നു; റസ്റ്റോറന്റിന് പിഴ

കാസർകോട്: ഹോട്ടലിൽ നിന്നുള്ള മലിനജലം മഴവെള്ളത്തോടൊപ്പം റോഡിലേക്ക് ഒഴുക്കിവിടുന്നുണ്ടെന്ന പരാതിയിൽ ജില്ല എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തിയ പരിശോധനയിൽ കാഞ്ഞങ്ങാട് സൗത്തിലെ സ്ഥാപനത്തിന് 25000 രൂപ തത്സമയ പിഴ ചുമത്തി. പുതുതായി നിർമിക്കുന്ന ഹൈവേ റോഡിന്റെ മറുഭാഗത്തേക്ക് ഡ്രൈനേജിലൂടെ ഒഴുകിപ്പോയ ദ്രവമാലിന്യങ്ങൾ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്തിട്ടുണ്ട്. ദ്രവമാലിന്യങ്ങൾ കെട്ടിനിന്ന സ്ഥലം അണുവിമുക്തമാക്കുന്നതിന് നിർദ്ദേശിച്ചു. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കൈവശംവച്ച് ഉപയോഗിക്കുന്നതിന് കഫെ സ്ഥാപനത്തിന് പതിനായിരം രൂപ പിഴ നൽകിയിട്ടുണ്ട്. മാലിന്യങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്തതിന് കാഞ്ഞങ്ങാട് വാഹന സ്ഥാപനത്തിന് 5000രൂപ തത്സമയ പിഴ ചുമത്തി. മലിനജലം ജലസ്രോതസ്സിലേക്കും പൊതുസ്ഥലങ്ങളിലേക്കും ഒഴുക്കി വിടുന്നവർക്കെതിരിലും മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരിലും എൻഫോഴ്സ്മെന്റ് സ്ക്വാഡ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പരിശോധനയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ലീഡർ കെ.വി മുഹമ്മദ് മദനി, പൊല്യൂഷൻ കൺട്രോൾ ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയർ ആദർശ്, മുനിസിപ്പൽ ഹെൽത്ത് ഇൻസ്പെക്ടർ ഷിജു, ഇ.കെ ഫാസിൽ പങ്കെടുത്തു.

# അബൂബക്കർ സിദ്ധിഖ് വധക്കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി

പൈവളിഗെ: മുഗു സ്വദേശിയും ഗൾഫുകാരനുമായ അബൂബക്കർ സിദ്ദിഖിനെ (32) കാറിൽ തട്ടിക്കൊണ്ടുപോയി മരത്തിൽ തലകീഴായി കെട്ടിത്തൂക്കി മർദ്ദിച്ച് കൊലപ്പെടുത്തിയ കേസ് ക്രൈംബ്രാഞ്ചിന് കൈമാറി. കൊലയ്ക്ക് പിന്നിലെ ഗൂഢാലോചന സംബന്ധിച്ച് കാര്യമായ അന്വേഷണം നടന്നില്ലെന്ന വിമർശനമുയർന്ന സാഹചര്യത്തിലാണ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയത്.

2022 ജൂൺ 26നാണ് പ്രവാസിയായ അബൂബക്കർ സിദ്ദീഖിനെ നാട്ടിൽ വിളിച്ചുവരുത്തുകയും തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തുകയും ചെയ്തത്. അബൂബക്കർ സിദ്ദീഖിനെയും ബന്ധുവിനെയും ചില കാര്യങ്ങൾ സംസാരിക്കാനുണ്ടെന്ന് പറഞ്ഞു കാറിൽ പൈവളിഗെയിലെ ആളൊഴിഞ്ഞ പറമ്പിലെ വീട്ടിൽ കൊണ്ടുപോയി തടങ്കലിൽ വെക്കുകയും ക്രൂരമായി മർദ്ദിക്കുകയുമായിരുന്നു. പിന്നീട് 19 പേർ അടങ്ങുന്ന സംഘം വിജനമായ സ്ഥലത്തെ കുന്നിൻ മുകളിലേക്ക് കൊണ്ടുപോവുകയും മരത്തിൽ ബലമുള്ള കമ്പുകൾ കെട്ടിയ ശേഷം യുവാവിനെ തലകീഴായി കെട്ടിത്തൂക്കി മർദ്ദനം തുടരുകയും ചെയ്തു. ഗൾഫിലേക്ക് കൊടുത്തയച്ച സ്വർണ്ണം എവിടെയാണെന്ന് ചോദിച്ച് മണിക്കൂറുകളോളമാണ് ക്രൂരമായി മർദ്ദിച്ചത്. ബന്ധുവിനെ മർദ്ദിച്ച ശേഷം നാലുമണിയോടെ വിട്ടയച്ചിരുന്നു. മർദ്ദനമേറ്റ് ഗുരുതര നിലയിൽ അബോധാവസ്ഥയിലായാണ് അബൂബക്കർ സിദ്ദീഖ് മരണപ്പെട്ടത്. ഏഴുമണിയോടെ യുവാവിന്റെ മൃതദേഹം കാറിൽ കൊണ്ടുവന്ന് ബന്തിയോട്ടെ സ്വകാര്യ ആശുപത്രി മുറ്റത്ത് ഉപേക്ഷിച്ച ശേഷം പ്രതികൾ രക്ഷപ്പെടുകയായിരുന്നു. സംഭവത്തിന് രണ്ടുദിവസം മുമ്പ് സിദ്ദിഖിന്റെ സഹോദരൻ അൻസാരിയെയും സുഹൃത്തിനേയും ഇതേസംഘം തട്ടിക്കൊണ്ടുപോയി തടങ്കലിൽ വെച്ചിരുന്നു. ഉടൻ നാട്ടിലെത്തണമെന്നും ഇല്ലെങ്കിൽ അൻസാരിയെയും സുഹൃത്തിനെയും അപായപ്പെടുത്തുമെന്നും സംഘം ഗൾഫിലായിരുന്ന അബൂബക്കർ സിദ്ദിഖിനെ വിളിച്ച് ഭീഷണിപ്പെടുത്തി. ഇതോടെ അബൂബക്കർ സിദ്ദിഖ് നാട്ടിലെത്തി. ഈ വിവരം അറിഞ്ഞ സംഘം തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തുകയായിരുന്നു. കൊലപാതകത്തിന് ശേഷം ഗൾഫിലേക്ക് രക്ഷപ്പെട്ട പ്രതികളിൽ 13 പേരെ മഞ്ചേശ്വരം പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

## ജലശക്തി അഭിയാൻ അവലോകനം നടത്തി

കാസർകോട്: ജില്ലയിൽ നടക്കുന്ന ജലശക്തി അഭിയാൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജില്ലാ കലക്ടർ കെ ഇമ്പശേഖറിന്റെ അധ്യക്ഷതയിൽ കലക്ടറുടെ ചേമ്പറിൽ യോഗം ചേർന്നു വിവിധവകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. ജലശക്തി അഭിയാൻ പ്രവർത്തനങ്ങളെ കുറിച്ചു ഭൂജല ഓഫീസർ ഒ രതീഷ് റിപ്പോർട്ട് അവതരിപ്പിച്ചു. തോടുകളുടെ നവീകരണം, വനവൽക്കരണം ജലസംരക്ഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ തോടുകളും കുളങ്ങളും ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ പുഴകളിലെയും തോടുകളിലെയും ചെളിമണ്ണുകൾ നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം വിലയിരുത്തി. മഴവെള്ള സംഭരണത്തിനായി ജലശക്തി അഭിയാന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തി ബംബ്രാണ ഡാം നിർമാണം ചിത്താരി റഗുലേറ്റർ കംബ്രിഡ്ജ് നിർമാണം, മാനൂരി ചാൽ നവീകരണം, കൽമാടി തോട് നവീകരണം സുറുമച്ചാൽ വൃത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ. കേന്ദ്രസംഘത്തെ ധരിപ്പിക്കും. നവകേരള മിഷൻ ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ ചെറുകിട ജലസേചനം എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ടി. സഞ്ജീവ്, ജലസേചന വകുപ്പ് അസി എക്സിക്യുട്ടിവ് എഞ്ചിനീയർ ഇ.കെ. അർജുനൻ സി പി സി ആർ ഐ കൃഷിവിജ്ഞാൻ കേന്ദ്ര മേധാവി ടി കെ മനോജ് കുമാർ പങ്കെടുത്തു.

## വിമൻ ഫെസിലിറ്റേറ്ററെ നിയമിക്കുന്നു




പരപ്പ: പരപ്പ ബ്ലോക്ക് പഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്റർ പദ്ധതിയിലേക്ക് വിമൻ ഫെസിലിറ്റേറ്ററെ നിയമിക്കുന്നു. അപേക്ഷകർ വിമൻ സ്റ്റഡീസ്/ ജന്റർ സ്റ്റഡീസ്/ സോഷ്യൽ വർക്ക്/ സൈക്കോളജി/ സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ ബിരുദാന്തര ബിരുദമുള്ള വനിത ആയിരിക്കണം. കൂടിക്കാഴ്ച 28ന് രണ്ടിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടത്തും. ഫോൺ 9447044838.

## കാത്തിരിപ്പിന് വിരാമം
## മാഹി ആശുപത്രിയിലെ പുതിയ ലിഫ്റ്റ് ഉദ്ഘാടനം ചെയ്തു

മാഹി: ഏറെ കാലത്തെ കാത്തിരിപ്പിനൊടുവിൽ മാഹി ഗവ.ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച പുതിയ ലിഫ്റ്റിന്റെ ഉദ്ഘാടനം മാഹി റീജിയണൽ അഡ്മിനിസ്ട്രേറ്റർ എം മോഹൻ കുമാറിന്റെ അധ്യക്ഷതയിൽ രമേഷ് പറമ്പത്ത് എംഎൽഎ നിർവഹിച്ചു. മൂന്ന് വർഷത്തോളമായി പ്രവർത്തനരഹിതമായ ആശുപത്രിയിലെ ലിഫ്റ്റ് മാറ്റാനായി ആരോഗ്യ വകുപ്പിന്റെ കൂടി ചുമതലയുള്ള മുഖ്യമന്ത്രി എൻ രംഗസ്വാമിയോട് രാഷ്ട്രീയ ഭേദമന്യേ വിവിധ സംഘടനകൾ അഭ്യർത്ഥിച്ചിരുന്നു.ഇടക്ക് അറ്റകുറ്റപ്പണി നടന്നെങ്കിലും വീണ്ടും പ്രവർത്തന രഹിതമായി. 27 ലക്ഷം ചെലവിലാണ് പുതിയ ലിഫ്റ്റ് സ്ഥാപിച്ചത്. ഡെപ്യൂട്ടി ഡയറക്ടർ ഡോ.എ.പി ഇഷ്ഹാഖ്, അസി. ഡയറക്ടർ ഡോ.സൈബുനീസ, ഡോ.അശോക് കുമാർ, ഡോ.പിപി ബിജു, ഡോ.പുഷ്പ ദിൻരാജ്, ആർബിഎസ്കെ നോഡൽ ഓഫീസർ ഹരി ബാലകൃഷ്ണൻ, പിപി രാജേഷ്, ശോഭന ബി, അജിത കുമാരി, ശാലിനി അമിത പങ്കെടുത്തു.

## കെ.സി കുഞ്ഞാദ് അനുസ്മരണം

കണ്ണൂർ:കടാങ്കോട് നടന്ന മുസ്‌ലിം ലീഗ് നേതാവ് കെ.സി കുഞ്ഞാദ് അനുസ്മരണവും പ്രാർഥന സദസും ജില്ലാ വൈസ് പ്രസിഡന്റ് കെ.പി താഹിർ ഉദ്ഘാടനം ചെയ്തു. ടി.വി മഹമൂദ് അധ്യക്ഷനായി. അബ്ദുല്ല മൗലവി പ്രാർഥനയ്ക്ക് നേതൃത്വം നൽകി. ജില്ലാ സെക്രട്ടറി അൻസാരി തില്ലങ്കേരി, മുസ്തഫ ചൂര്യോട്, ഫാറൂഖ് വട്ടപ്പൊയിൽ, സി എറമുള്ളാൻ, പി.സി അഹമദ്കുട്ടി, നസീർ പുറത്തീൽ, എൻ.പി ബഷീർ, ജാബിർ, കുട്ട്യാലി, സാജിദ് വട്ടപ്പൊയിൽ, അസീസ് പങ്കെടുത്തു.

# പൊതുവാർത്തകൾ



കവ്വായിയിൽ നടന്ന സമാപന യോഗത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ എംപി പ്രസംഗിക്കുന്നു

## തിരഞ്ഞെടുപ്പിലെ തിരിച്ചടി മോദിയെ മര്യാദ രാമനാക്കി: ഉണ്ണിത്താൻ

പയ്യന്നൂർ: തനിച്ച് ഭൂരിപക്ഷം നേടി വീണ്ടും രാജ്യത്തിന്റെ ഭരണഘടന മാറ്റി എഴുതാൻ ബി.ജെ.പി നടത്തിയ നീക്കത്തിനുള്ള കനത്ത തിരിച്ചടിയാണ് തിരഞ്ഞെടുപ്പിലെ ജനവിധിയെന്ന് കാസർകോട് മണ്ഡലത്തിൽ നിന്ന് ചരിത്ര ഭൂരിപക്ഷത്തിൽ വിജയിച്ച യു.ഡി.എഫ് സ്ഥാനാർത്ഥി രാജ്മോഹൻ ഉണ്ണിത്താൻ. വോട്ടർമാർക്ക് നന്ദി അറിയിച്ച് പയ്യന്നൂർ മണ്ഡലത്തിൽ നടത്തിയ പര്യടന പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

തിരഞ്ഞെടുപ്പിന് മുമ്പ് ഭരണഘടന മാറ്റി എഴുതുമെന്ന് പറഞ്ഞ നരേന്ദ്ര മോദി, തിരഞ്ഞെടുപ്പിലുണ്ടായ തിരിച്ചടി മൂലം ഭരണഘടനയെ ചുംബിച്ച് മര്യാദരാമനായി മാറുകയാണെന്ന് ഉണ്ണിത്താൻ പരിഹസിച്ചു. പിണറായി വിരുദ്ധ വികാരത്തിൽ കനത്ത പരാജയമുണ്ടായിട്ടും അതൊന്നും കാണാതെ ക്രൈസ്തവ സഭയും വെള്ളാപ്പള്ളി നടേശനുമാണ് പരാജയത്തിന് കാരണക്കാരാണെന്ന് വരുത്തി തീർക്കാനാണ് സി.പി.എം നേതൃത്വം ശ്രമിക്കുന്നത്.എന്നാൽ ഇത്തരം വരട്ടുവാദങ്ങളൊന്നും ഇനി അണികൾ വിശ്വസിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

ഇന്നലെ രാമന്തളി പഞ്ചായത്തിലെ എട്ടിക്കുളത്ത് നിന്ന് പര്യടനം തുടങ്ങി.പാലക്കോട്, രാമന്തളി സെൻട്രൽ, വടക്കുമ്പാട്, നഗരസഭയിലെ പുഞ്ചക്കാട്, മഹാദേവ ഗ്രാമം, തായിനേരി, അന്നൂർ, കാറമേൽ, പാലത്തര, കോത്തായിമുക്ക്, കോറോം സെൻട്രൽ, മണിയറ സ്വീകരണങ്ങൾക്ക് ശേഷം രാത്രി കവ്വായിയിൽ പര്യടനം സമാപിച്ചു. യു.ഡി.എഫ് നേതാക്കളായ കെ.ടി സഹദുല്ല, എസ്.എ ഷുക്കൂർ ഹാജി, കെ.ജയരാജ്, അഡ്വ.ഡി.കെ ഗോപിനാഥ്, എ.രൂപേഷ്, വി.കെ ഷാഫി, പി.രത്നാകരൻ, കെ.വി കൃഷ്ണൻ, പിഎം ലത്തീഫ്, ഉസ്മാൻ കരപ്പാത്ത്, വി.പി സുഭാഷ്, കക്കുളത്ത് അബ്ദുൽ ഖാദർ, സി.എച്ച് അബ്ദുറഹിമാൻ, ഫായിസ് കവ്വായി, ടി.പി അബ്ദുൽ ഖാദർ, എം.ടി.പി മുഹമ്മദ് ഇഖ്ബാൽ കെ.സി അഷ്റഫ്, പി.പി മുഹമ്മദലി, പി.കെ ശബീർ, പഞ്ചായത്ത് മെമ്പർമാരായമോണങ്ങാട്ട് മൊയ്തു, പിഎം ശുഹൈബ പങ്കെടുത്തു.

## എടക്കാട് റെയിൽവേ ക്വാർട്ടേഴ്സ് കുത്തിത്തുറന്ന് കവർച്ച

എടക്കാട്: താമസക്കാർ പുറത്തു പോയ സമയത്ത് റെയിൽവേ ക്വാർട്ടേഴ്സ് കുത്തിത്തുറന്ന് സ്വർണ്ണാഭരണങ്ങൾ കവർന്നു.എടക്കാട് റെയിൽവെ സ്റ്റേഷന് സമീപം റെയിൽവേ ഉദ്യോഗസ്ഥ താമസിക്കുന്ന മുഴപ്പിലങ്ങാട് റെയിൽവെ ക്വാർട്ടേഴ്സിലാണ് മോഷണം നടന്നത്. വാതിൽ കുത്തിത്തുറന്ന് അകത്ത് കയറിയ മോഷ്ടാവ് അലമാരയിലെ ബാഗിൽ സൂക്ഷിച്ച സ്വർണ്ണ താലിയും വെള്ളി പാദസരവുമാണ് കവർന്നത്.കഴിഞ്ഞ ദിവസം ഉച്ചക്ക് 1.30 നും 2.30 നുമിടയിലാണ് മോഷണം. 82, 800 രൂപയുടെ ആഭരണങ്ങളാണ് മോഷണം പോയത്.

## കടവത്തൂരിലെ കടകളിൽ മോഷണം; പ്രതി പിടിയിൽ



പാനൂർ: കടവത്തൂർ ടൗണിലെ കടകളിൽ മോഷണം. പ്രതി പിടിയിൽ. വാണിമേൽ സ്വദേശി മുഹമ്മദ് സുഹൈലി(25) നെയാണ് കൊളല്ലൂർ പൊലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ സുമിത്ത് കുമാറും സംഘവും അറസ്റ്റ് ചെയ്തത്.കടവത്തൂരിലെ ജൗദാ ഫാൻസി, മെട്രോ ഫൂട്വെയർ, ഡേസിൽ സ്റ്റേഷനറീസ് എന്നീ കടകളിലാണ് കഴിഞ്ഞ ദിവസങ്ങളിൽ മോഷണം നടന്നത്.കടകളിൽ നിന്ന് പണം നഷ്ടപെട്ടിരുന്നു. ഇയാൾക്കെതിരെ മറ്റ് സ്റ്റേഷനുകളിലും വിവിധ കേസുകളുണ്ട്. സംഭവത്തിൽ പങ്കാളിയായ മറ്റൊരു പ്രതി അജ്മൽ വളയം സ്റ്റേഷനിലെ ഒരു കേസിൽ ഉൾപ്പെട്ട് ജയിലിലാണ്.



യോഗപ്രദർശനവും യോഗ ക്ലബും നഗരസഭ വൈസ് ചെയർപേഴ്സൺ പ്രീത അശോക് ഉദ്ഘാടനം ചെയ്യുന്നു

## യോഗ പ്രദർശനവും ക്ലബ് രൂപീകരണവും

പാനൂർ: പത്താമത് അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി പാനൂർ നഗരസഭ ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ യോഗ പ്രദർശനവും യോഗ ക്ലബ് രൂപീകരണവും നടത്തി.പെരിങ്ങളം ഗവ.ഹോമിയോ ഡിസ്പൻസറി ഹാളിൽ നഗരസഭ വൈസ് ചെയർപേഴ്സൺ പ്രീത അശോക് ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.പി ഹാഷിം അധ്യക്ഷനായി. കെ.അച്യുതൻ മാസ്റ്റർ, കെ ബാലൻ, വികെ രജിൽ, എച്ച്എംസി മെമ്പർ എൻപി മുനീർ, യോഗ ട്രയിനർ ഡോ.അശ്വതി സംസാരിച്ചു. തുടർന്ന് യോഗ പ്രദർശനവും നടന്നു.

## ലൈസൻസില്ലാതെ പ്രവർത്തിച്ച കട നഗരസഭ പൂട്ടിച്ചു

തളിപ്പറമ്പ്:ലൈസൻസില്ലാതെ പ്രവർത്തിച്ചു വന്ന കട നഗരസഭാ അധികൃതരുടെ നേതൃത്വത്തിൽ പൂട്ടി സീൽ ചെയ്തു.കോർട്ട് റോഡിൽ നിന്ന് മാർക്കറ്റിലേക്കുള്ള റോഡിൽ പ്രവർത്തിച്ചു വരുന്ന സലാല റെഡിമെയ്ഡ് ഷോപ്പാണ് പൂട്ടി സീൽ ചെയ്തത്.




പാപ്പിനിശ്ശേരി ആയിഷ ഗോൾഡിന് മുന്നിൽ പ്രതിഷേധിക്കുന്ന നിക്ഷേപകർ

## പണം തിരിച്ചു കിട്ടാത്ത നിക്ഷേപകർ സ്ഥാപനത്തിന് മുന്നിൽ പ്രതിഷേധിച്ചു

പാപ്പിനിശ്ശേരി: സ്വർണ നിക്ഷേപത്തിൽ പണം നിക്ഷേപിച്ചവർ തിരിച്ച് ലഭിക്കാത്തതിനെ തുടർന്ന് പാപ്പിനിശ്ശേരിയിലെ ആയിഷ ഗോൾഡിന് മുന്നിൽ പ്രതിഷേധം സംഘടിപ്പിച്ചു. മാസങ്ങൾക്ക് മുൻപ് തന്നെ സ്ഥാപനം പൂട്ടിയിരുന്നു. ലക്ഷങ്ങൾ നിക്ഷേപം നടത്തിയവരാണ് പ്രതിഷേധവുമായി എത്തിയത്. സ്ഥാപനത്തിന്റെ പേരിൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും വലിയ തുക വായ്പാ കുടിശ്ശികയായതിനാൽ ബാങ്ക് അധികൃതരും സ്ഥാപനം പൂട്ടി സീൽ വെച്ചിരുന്നു. വരും ദിവസങ്ങളിൽ പ്രതിഷേധം കടുപ്പിക്കുമെന്ന് നിക്ഷേപകർ പറഞ്ഞു.

### പിടിഎ അംഗസംഖ്യ വർധിപ്പിക്കണം

കണ്ണൂർ: എൽപി സ്കൂൾ മുതൽ ഹയർസെക്കന്ററി വരെ പിടിഎ എക്സിക്യൂട്ടീവിൽ അംഗസംഖ്യ വർധിപ്പിക്കണമെന്ന് പെരിങ്ങത്തൂർ സ്വദേശി ഖാലിദ് പിലാവുള്ളതിൽ.വാർത്താസമ്മേളനത്തിലാണ് വിദ്യാഭ്യാസ സാമൂഹ്യ പ്രവർത്തകനായ ഇദ്ദേഹം ഈ കാര്യം ആവശ്യപ്പെട്ടത്. സ്കൂളുകളിൽ പിടിഎ അംഗസംഖ്യ കൂട്ടിയാൽ വിദ്യാഭ്യാസ മേഖലയിൽ രക്ഷിതാക്കളും കുട്ടികളും നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് എളുപ്പത്തിൽ പരിഹാരം കാണാൻ സാധിക്കും. ഇതിനായി വിദ്യാഭ്യാസ വകുപ്പും സർക്കാരും മുൻകൈ എടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



വിദ്യാർഥി യുവജന കൺവൻഷനും അനുമോദനവും മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യുന്നു

## വിദ്യാർഥി യുവജന കൺവൻഷനും അനുമോദനവും

മാണിയൂർ: എടവച്ചാൽ ശാഖാ മുസ്‌ലിം യൂത്ത് ലീഗ്, എം.എസ്.എഫ് നേതൃത്വത്തിൽ വിദ്യാർഥി യുവജന കൺവൻഷനും എസ്എസ്എൽസി, പ്ലസ്ടു, എൽ.എസ്.എസ് ഉന്നതവിജയികൾക്കുള്ള അനുമോദനവും സംഘടിപ്പിച്ചു.മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു. ദിയ ഫാത്തിമ പി.പി, നാസിറ വി.കെ, അഹമദ് കബീർ കെ.കെ, മുഹമ്മദ് സവാദ്.സി, സഫ്‌വാൻ പി.വി എന്നിവർക്കുള്ള ഉപഹാരവും അദ്ദേഹം നൽകി.വാർഡ് മെമ്പർ കെ.കെ.എം ബഷീർ മാസ്റ്റർ അധ്യക്ഷനായി. കീച്ചേരി അബ്ദുൽ ഗഫൂർ മൗലവി ഉദ്ബോധനം നടത്തി.പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് എ. അബ്ദുൽ ഖാദർ മൗലവി, തളിപ്പറമ്പ് മണ്ഡലം യൂത്ത് ലീഗ് സെക്രട്ടറി പി.കെ ഷംസുദ്ദീൻ, ഇബ്രാഹിം എടവച്ചാൽ, എം.വി അമീൻ ഹുദവി, ടി.പി ഷഹനാദ് വാഫി സംസാരിച്ചു.



മട്ടന്നൂർ മണ്ഡലം ഖത്തർ കെഎംസിസി വക പഴശ്ശി ശാഖയിലെ നിർധന കുടുംബത്തിന് ധനസഹായം കൈമാറിയപ്പോൾ

## ധനസഹായം കൈമാറി

ഉരുവച്ചാൽ: മട്ടന്നൂർ മണ്ഡലം ഖത്തർ കെഎംസിസി വക പഴശ്ശി ശാഖയിലെ നിർധന കുടുംബത്തിന് ധനസഹായം കൈമാറി. ശാഖാ ലീഗ് പ്രസിഡന്റ് മംഗലാട്ട് ബഷീർ, മഹല്ല് സെക്രട്ടറി കെ കെഅബ്ദുൽ സലാം, യുവി ഹാരിസ് എന്നിവർ ചേർന്ന് ഖത്തർ കെഎംസിസി മണ്ഡലം ഭാരവാഹികളായ എടിനാസർ പഴശ്ശി, എംഎൻ സുഹൈൽ നീർവേലി, ശമീർ ചൂര്യോട്ട് എന്നിവരിൽ നിന്ന് ഏറ്റുവാങ്ങി.

## അറിവരങ്ങ് പുരസ്കാരം അബ്ദുസ്സലാം ഹനീഫിക്ക്



തളിപ്പറമ്പ്;തോട്ടിക്കൽ അറിവരങ്ങ് വിദ്യാഭ്യാസ ഗ്രൂപ്പ് ഏർപ്പെടുത്തിയ അറിവരങ്ങിന്റെ 1500 ദിന പുരസ്കാരത്തിന് തോട്ടിക്കൽ ജുമാമസ്ജിദ് ഖത്തീബ് അബ്ദുസ്സലാം ഹനീഫി അർഹനായി.തോട്ടിക്കൽ മഹല്ലിന്റെ സമഗ്ര വികസനത്തിന് നേതൃപരമായ പങ്ക് വഹിക്കുന്നതിനാണ് പുരസ്കാരമെന്ന് ഭാരവാഹികൾ അറിയിച്ചു.ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ സെക്രട്ടറിയും പരിയാരം റെയിഞ്ച് ജനറൽ സെക്രട്ടറിയുമായ സലാം ഹനീഫി ആലക്കാട് സ്വദേശിയാണ്. അറിവരങ്ങ് ഫലകവും പ്രശസ്തി പത്രവും അടങ്ങിയ പുരസ്കാരം ജൂലായ് ആദ്യവാരം വിതരണം ചെയ്യുമെന്ന് ചെയർമാൻ ഷാക്കിർ തോട്ടിക്കലും ജനറൽ കൺവീനർ യു.എം ഉനൈസും അറിയിച്ചു.



അമൽ രാജിന്റെ നഷ്ടപ്പെട്ട പണവും ഡ്രൈവിംഗ് ലൈസൻസും എംപി റാസിഖ് തിരിച്ചു നൽകുന്നു

## വീണുകിട്ടിയ പണവും ലൈസൻസും തിരികെ നൽകി മാതൃകയായി

കാഞ്ഞിരോട്: വീണുകിട്ടിയ ഒരു വലിയ തുകയും ഡ്രൈവിംഗ് ലൈസൻസും തിരികെ നൽകി കാഞ്ഞിരോട് ശാഖാ മുസ്‌ലിം ലീഗ് സെക്രട്ടറിയും വ്യാപാരി വ്യവസായി ഏകോപന സമിതി യൂണിറ്റ് ജനറൽ സെക്രെട്ടറിയുമായ എംപി റാസിഖ് മാതൃകയായി. കാഞ്ഞിരോട് ബസാർ റോഡ് അരികിൽ നിന്ന് ഒരു ആഴ്ച്ച മുൻപ് കിട്ടിയ ഇരിട്ടി സ്വദേശി അമൽ രാജിന്റെ തുകയും ഡ്രൈവിംഗ് ലൈസൻസും തിരിച്ചു നൽകിയാണ് എംപി റാസിഖ് നാട്ടിന് അഭിമാനമായത്.



### നാറാത്ത്

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' നാറാത്ത് പഞ്ചായത്ത് തല ഉദ്ഘാടനം കണ്ണാടിപ്പറമ്പ് നാഷണൽ ഫർണിച്ചർ ഉടമ മൊയ്തീനെ വരിക്കാരനാക്കി അഴീക്കോട് മണ്ഡലം മുസ്‌ലിംലീഗ് പ്രസിഡന്റ് പി വി അബ്ദുല്ല മാസ്റ്റർ നിർവഹിക്കുന്നു.ജില്ലാ കമ്മിറ്റി അംഗങ്ങളായ സി കുഞ്ഞഹമ്മദ് ഹാജി, കെഎൻ മുസ്തഫ, മണ്ഡലം യൂത്ത് ലീഗ് ജനറൽ സെക്രട്ടറി അഷ്ക്കർ കണ്ണാടിപ്പറമ്പ്, പഞ്ചായത്ത് ലീഗ് ജനറൽ സെക്രട്ടറി എംടി മുഹമ്മദ്, ഭാരവാഹികളായ സി ആലിക്കുഞ്ഞി, ഷംസുദ്ദീൻ പിപി, മുഹമ്മദലി ആറാംപീടിക, കെ പി അബൂബക്കർ, എംവി ഹുസൈൻ, സിഎൻ അബ്ദുറഹിമാൻ, ഇവി മുഹമ്മദ്, ബി ഹാരിസ് പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്'ഇരിക്കൂർ പഞ്ചായത്ത് ടൗൺ വാർഡിൽ പ്രവാസി ലീഗ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കായക്കൂൽ മൊയ്തു ഹാജിയെ വരിക്കാരനാക്കി പഞ്ചായത്ത് മുസ്‌ലിം ലീഗ് സെക്രട്ടറി സിസി ഹിദായത്ത് ഉദ്ഘാടനം ചെയ്തു. സികെ മുഹമ്മദ് മാസ്റ്റർ, എം ഉമ്മർ ഹാജി, യു.പി അബ്ദുറഹ്മാൻ, കെപി അഷ്റഫ് പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പരപ്പിൻ മൊട്ട ശാഖാതല ഉദ്ഘാടനം വി.സി അബ്ദുൽ ലത്തീഫിനെ വരിക്കാരനാക്കി ശാഖാ പ്രസിഡന്റ് എ.എം കക്കാട് നിർവഹിക്കുന്നു.ശാഖാ ജനൽ സെക്രട്ടറി കെ.ടി മുർഷിദ്, പി നൗഷാദ്, പി.കെ മഹറൂഫ്, വി.സി സലാം, വി.കെ അബൂബക്കർ കെ.കെ നിസാർ, വി.സി മഹറൂഫ് വി.കെ മഹമൂദ് പങ്കെടുത്തു.




'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ഇരിക്കൂറിലെ വ്യാപാര സ്ഥാപനങ്ങളിൽ ചന്ദ്രിക വരിക്കാരെ ചേർക്കുന്ന പ്രവർത്തനം ഊർജ്ജിതമായി. ഇരിക്കൂർ സെന്റർ പോയിന്റ് എംഡി അയ്യൂബിനെ വരിക്കാരനാക്കി പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് എം ഉംറ ഹാജി ഉദ്ഘാടനം ചെയ്തു.ജില്ലാ ലീഗ് സെക്രട്ടറി സികെ മുഹമ്മദ് മാസ്റ്റർ, ചന്ദ്രിക കോഓർഡിനേറ്റർ യുപി അബ്ദുറഹ്മാൻ, പഞ്ചായത്ത് ലീഗ്ഭാരവാഹികളായ സിസി ഹിദായത്ത്, കെപി അഷ്റഫ്, ജിസിസി കെഎംസിസി പ്രവർത്തകസമിതി യംഗം നജീബ് കീത്തടത്ത് പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പെരുമ്പ ശാഖാതല ഉദ്ഘാടനം ഷംസീർ തായത്ത് വയലിനെ വരിക്കാരനാക്കിചന്ദ്രിക പ്രചാരണ കമ്മിറ്റി പയ്യന്നൂർ മണ്ഡലം ചെയർമാൻ കാട്ടൂർ ഹംസ നിർവഹിക്കുന്നു. മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി കെ.ടി സഹദുല്ല മണ്ഡലം ലീഗ് വൈസ് പ്രസിഡന്റ് വികെപി ഇസ്മായിൽ മുനിസിപ്പൽ ഭാരവാഹികളായ വികെ ശാഫി, കെ ഖലീൽ, ശാഖാ ഭാരവാഹികളായ എസ്.സി അശ്രഫ്, എസ് ഹാരിസ്, എസ്.വി മുസ്തഫ ഹാജി, ഇഎം മുഫീദ്, കെഎം ഷരീഫ്, കെപി നാസർ, എസ്കെപി ഷാഫി പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' മുണ്ടേരി കോളിൽമൂല ശാഖാതല ഉദ്ഘാടനം കെഎംസിസി നേതാവ് നൂറുദ്ദീൻ, മശൂദ്(പുറയൻകോട്ട്), അബ്ദുസ്സലാം(മലേഷ്യ) അബ്ദുൽ ഗഫൂർ(പുത്തൻവളപ്പിൽ) എന്നിവരെ വരിക്കാരാക്കി പഞ്ചായത്ത് മുസ്‌ലിം ലീഗ് വൈസ് പ്രസിഡന്റ് പിപി മുഹമ്മദലി നിർവഹിക്കുന്നു. ശാഖാ പ്രസിഡന്റ് അബ്ദുല്ല ഹാജി, സെക്രട്ടറി അബ്ദുൽ റഷീദ് കെസി, മുൻ സെക്രട്ടറി റഹീസ്, മുഹമ്മദ് എൻകെ, മുഹമ്മദ് ഇജാസ് പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' മുണ്ടയാട് ശാഖാതല ഉദ്ഘാടനം സി.പി താഹിറലിയെ വരിക്കാരനാക്കി സ്വതന്ത്ര കർഷക സംഘം ജില്ലാ വൈസ് പ്രസിഡന്റ് പി.കെ.സി ഇബ്രാഹീം ഹാജി നിർവഹിക്കുന്നു. എളയാവൂർ മേഖലാ ജനറൽ സെക്രട്ടറി അരീക്കര അബൂഞ്ഞി, ശാഖാ സെക്രട്ടറി ടി.വി ഉമ്മർ ഹാജി, ട്രഷറർ പി കെ ഫാറൂഖ് ഹാജി, എൽ.സി ഫൈസൽ പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' എളയാവൂർ ശാഖാതല ഉദ്ഘാടനം എംവി നൗഷാദിനെ(തൈവളപ്പ്)വരിക്കാരനാക്കി എളയാവൂർ മേഖലാ പ്രസിഡന്റ് പി.കെ ത്വയ്യിബ് നിർവഹിക്കുന്നു.ശാഖാ പ്രസിണ്ടന്റ് റഹീം വി.കെ വാരം ടൗൺ ശാഖാ ജനറൽ സെക്രട്ടറി പി ലത്തീഫ്, റഫീഖ് ആളാൻകോട്ട പങ്കെടുത്തു.




'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ചെണ്ടയാട് വരപ്ര ശാഖാതല ഉദ്ഘാടനം കെപി ബാബു മാസ്റ്ററെ വരിക്കാരനാക്കി മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി ടിപി മുസ്തഫ നിർവഹിക്കുന്നു.ശാഖാ സെക്രട്ടറി എ യൂസഫ്, ഒ യൂസഫ് മാസ്റ്റർ, കളത്തിൽ മജീദ്, മഠത്തിൽ അബ്ദു ലത്തീഫ് പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ചക്കരക്കൽ ടൗണിൽ ദർശന ഫൈസലിനെ വരിക്കാരനാക്കി മുസ്‌ലിം ലീഗ് ചെമ്പിലോട് പഞ്ചായത്ത് പ്രസിഡന്റ് എ.പി ബഷീർ ഉദ്ഘാടനം ചെയ്യുന്നു.സി.പി മുഹമ്മദ്, എൻ അക്തർ, കെ.കെ സമീർ, കെ.കെ ജംഷീർ പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ഇരിക്കൂർ ഏഴാം വാർഡ്തല ഉദ്ഘാടനം ശ്രീകണ്ഠപുരം ഭാരത് സെയിൽസ് കോർപ്പറേഷൻ എംഡി കെ.ടി മുഹമ്മദ് ഹാജിയെ വരിക്കാരനാക്കി മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി സികെ മുഹമ്മദ് മാസ്റ്റർ നിർവഹിക്കുന്നു. എം ഉമ്മർ ഹാജി, യു പി അബ്ദുറഹ്മാൻ, സിസി ഹിദായത്ത് പങ്കെടുത്തു.




'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' അതിരകം ശാഖാതല ഉദ്ഘാടനം ബി മഹമൂദിനെ വരിക്കാരനാക്കി ശാഖാ പ്രസിഡന്റ് പി.റഷീദ് നിർവഹിക്കുന്നു.മേഖലാ സെക്രട്ടറി അക്രം അതിരകം, ശാഖാ വൈസ് പ്രസിഡന്റ് കൊളേക്കര ഇബ്രാഹീം, സെക്രട്ടറി എ.സി അഫ്സൽ പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' കുനിയിൽ പീടിക ശാഖാതല ഉദ്ഘാടനം സി.വി നിസാറിനെ വരിക്കാരാക്കി എളയാവൂർ മേഖലാ ജനറൽ സെക്രട്ടറി അരീക്കര അബൂഞ്ഞി നിർവഹിക്കുന്നു. ശാഖാ പ്രസിഡന്റ് വി.പി ഹാരിസ്, ജനറൽ സെക്രട്ടറി കെ.പി റാഷിദ് പങ്കെടുത്തു.

## അറിയിപ്പ്

ചെർക്കള: നിർമാണ തൊഴിലാളി യൂണിയൻ (എസ്.ടി.യു) എതിർത്തോട് യൂണിറ്റ് യോഗം ഇന്ന് വൈകിട്ട് നാലു മണിക്ക് എതിർത്തോട് ലീഗ് ഹൗസിൽ നടക്കുമെന്ന് സെക്രട്ടറി അറിയിച്ചു.




## അപേക്ഷ ക്ഷണിച്ചു

കാസർകോട്: അർബൻ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളിൽ ഡി.ഇ.ഒ കം അക്കൗണ്ടന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ 29ന് വൈകിട്ട് അഞ്ചിന് മുമ്പായി www.arogyakeralam.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓൺലൈൻ അപ്ലിക്കേഷൻ ഫോമിൽ അപേക്ഷ നൽകണം. ഫോൺ- 0467-2209466. ഫോം ലിങ്ക് https://forms.gle/ziaVyvoh6gqzCAuK9.

## ഐ.ടി.ഐ പ്രവേശനം

കാഞ്ഞങ്ങാട്: 2024-25 വർഷത്തേക്കുള്ള പ്രവേശനത്തിന് മടിക്കൈ ഗവ. ഐ.ടി.ഐയിൽ അപേക്ഷ ക്ഷണിച്ചു. വെൽഡർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ എ=ൻ.സി.വി.ടി ട്രേഡിലേക്കുള്ള അപേക്ഷ ഓൺലൈനായി https:itiadmissions.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ജൂൺ 29ന് വൈകുന്നേരം അഞ്ചിനുള്ളിൽ സമർപ്പിക്കണം. ഫോൺ- 04672240282, 9496140010, 9446270090.

പൊതുവാർത്തകൾ

# കുടുംബശ്രീ കുടിവെള്ള യൂണിറ്റ് പൂട്ടിച്ചത് സി.പി.എമ്മും സ്വകാര്യ മാഫിയയും

## എസ്.ടി.യു തുടർ സമരത്തിന്

കാസർകോട്: നഗരസഭയുടെ കുടുംബശ്രീ സംരംഭമായ പ്യൂവർ വാട്ടർ യൂണിറ്റ് അടച്ചുപൂട്ടാൻ ഫുഡ് സേഫ്റ്റി അധികൃതർ തീരുമാനിച്ചത് സി.പി.എമ്മിന്റെയും സ്വകാര്യ കുടിവെള്ള വിതരണ മാഫിയയുടെയും സമ്മർദ്ദ ഫലമാണെന്നും ഇതിനെതിരെ ഫുഡ് സേഫ്റ്റി അസി. കമ്മീഷണർ ഓഫീസ് ഉപരോധിക്കുന്നതടക്കമുള്ള ശക്തമായ പ്രക്ഷോഭ പരിപാടികൾ നടത്താൻ എസ്ടിയു കാസർകോട് മേഖലാ കമ്മിറ്റി തീരുമാനം. കാസർകോടിന് പുറമെ സംസ്ഥാനത്തെ പാലാ, ഫോർട്ട് കൊച്ചി, കൊച്ചി, പുനലൂർ, തൃശൂർ, മലപ്പുറം, കോഴിക്കോട്, പയ്യന്നൂർ തുടങ്ങിയ എട്ടുനഗരസഭകളിൽ ഇത്തരത്തിലുള്ള കുടിവെള്ള യൂണിറ്റുകൾ കുടുംബശ്രീക്ക് കീഴിൽ നടത്തിവരുന്നുണ്ട്.

സി.പി.എം ഭരിക്കുന്ന പയ്യന്നൂർ നഗരസഭയിലെ കുടുംബശ്രീയുടെ യൂണിറ്റ് നഗരസഭാ ഓഫീസിനോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. പയ്യന്നൂരിലും മറ്റിടങ്ങളിലും ഇല്ലാത്ത നിബന്ധനകളും മാനദണ്ഡങ്ങളുമാണ് ഫുഡ് സേഫ്റ്റി അധികൃതർ കാസർകോട് നടപ്പിലാക്കുന്നത്. കുറഞ്ഞ വിലയിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം എത്തിക്കുന്നതിനായി കാസർകോട് നഗരസഭ അംഗീകരിച്ച പദ്ധതി അതേ വർഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച് സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കിയത്.




പയ്യന്നൂർ നഗരസഭ ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന ശീതളം കുടിവെള്ള യൂണിറ്റ്

2015 വർഷത്തിൽ തന്നെ യൂണിറ്റ് പ്രവർത്തിപ്പിക്കാനാവശ്യമായ ലൈസൻസിനും അനുമതിക്കും അപേക്ഷ നൽകിയിരുന്നതാണ്. അപേക്ഷ നിരസിച്ചതായോ മറ്റോ യാതൊരു അറിയിപ്പുകളും ഫുഡ് സേഫ്റ്റി അധികൃതരുടെ ഭാഗത്ത് നിന്നും പിന്നീട് ഉണ്ടായിട്ടില്ല. ഒമ്പതു വർഷം നല്ല നിലയിൽ പ്രവർത്തിക്കുകയും സംസ്ഥാനത്തെ ഇത്തരത്തിലുള്ള മറ്റു യൂണിറ്റുകളെ പോലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്ത കാസർകോട് യൂണിറ്റിനോട് മാത്രം ഫുഡ് സേഫ്റ്റി അധികൃതർ കാണിക്കുന്ന വിവേചനം സംശയാസ്പദമാണ്.

കഴിഞ്ഞ ദിവസം കാസർകോട് യൂണിറ്റിനെതിരെ ഒരു മാധ്യമത്തിൽ വന്ന വാർത്തകളിലെ അതേ വാചകങ്ങൾ തന്നെയാണ് തന്നെ കാണാൻ വന്ന ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവരോട് ഫുഡ് സേഫ്റ്റി അധികൃതർ പറഞ്ഞത്. സ്വകാര്യ കുടിവെള്ളക്കമ്പനികൾ 20 ലിറ്ററിന്റെ ബോട്ടിൽ 70 രൂപക്ക് നൽകുമ്പോൾ കുടുംബശ്രീ യൂണിറ്റ് വെറും 40 രൂപക്കാണ് വെള്ളം വിതരണം ചെയ്യുന്നത്. ഇതിൽ നിന്ന് 10 രൂപ വീതം ഓരോ ബോട്ടിലിനും സിപിഎം നേതാവ് കെസി റോസക്കുട്ടി ചെയർപേഴ്സണായ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകേണ്ടതുണ്ട്. 15 ദിവസം കൂടുമ്പോൾ വാട്ടർ അതോറിറ്റിയുടെ ലബോറട്ടറിയിൽ പരിശോധിച്ച് വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സർക്കാരിന്റെ നിബന്ധനകളോ നിയമങ്ങളോ മാറിയിട്ടുണ്ടെങ്കിൽ യഥാസമയം നഗരസഭയേയും സ്ഥാപനത്തേയും അറിയിക്കേണ്ട ഉത്തരവാദിത്തം ഫുഡ് സേഫ്റ്റി അധികൃതർക്കാണ്. യൂണിറ്റ് അടച്ച് പൂട്ടാൻ ഫുഡ് സേഫ്റ്റി അധികൃതർ നോട്ടീസ് നൽകുന്നതിന് മുന്നേ അക്കാര്യം ഒരു പത്രത്തിൽ വാർത്തയായി വന്നതും നോട്ടീസ് നൽകിയ ഉടൻ തന്നെ ഒരു സ്വകാര്യ കുടിവെള്ള സ്ഥാപനത്തിന്റെ പ്രതിനിധികൾ സ്ഥാപനത്തിലെത്തി നിങ്ങൾക്ക് നോട്ടീസ് ലഭിച്ചില്ലേ എന്നും ഇനി ഞങ്ങളുടെ ഉല്പന്നം വിതരണം ചെയ്ത് കൂടെ എന്നും ചോദിച്ചത് യാദൃ ശ്ചികമല്ല.

സ്വകാര്യ കുടിവെള്ള മാഫിയകളുടെ കണ്ണിലെ കരടായ കുടുംബശ്രീ സ്ഥാപനത്തെ ഇല്ലാതാക്കാൻ സി.പി.എമ്മിന്റെ ആശീർവാദത്തോടെ നടത്തിയ ഗൂഢാലോചനയുടെ ഫലമാണ് പ്യൂവർ വാട്ടർ യൂണിറ്റ് അടച്ചുപൂട്ടാനുള്ള അധികൃതരുടെ തീരുമാനമെന്ന് വ്യക്തം. സ്ത്രീ ശാക്തീകരണത്തിനായി ഒരുവശത്ത് വാതോരാതെ സംസാരിക്കുകയും മറുവശത്ത് സ്വകാര്യ കുടിവെള്ള മാഫിയക്ക് വേണ്ടി ഒരു സ്ഥാപനത്തെ പൂട്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പ് തൊഴിലാളികൾ തിരിച്ചറിഞ്ഞതിന്റെ തെളിവാണ് കഴിഞ്ഞ ദിവസം എസ്.ടി.യു നേതൃത്വത്തിൽ തൊഴിലാളികൾ നടത്തിയ സമരത്തിലെ വനിതാ പങ്കാളിത്തം. കുടുംബശ്രീ സ്ഥാപനം അടച്ചു പൂട്ടിപാവങ്ങളായ വനിതകളെ വഴിയാധാരമാക്കിയ ഫുഡ് സേഫ്റ്റി അധികൃതരുടെ തീരുമാനത്തിനെതിരെ നടത്തുന്ന തുടർ സമരത്തിന്റെ ഭാഗമായി വനിതകളുടെ നേതൃത്വത്തിൽ ഓഫീസ് ഉപരോധമടക്കമുള്ള സമര പരിപാടികളാണ് എസ്.ടി.യു മേഖലാ കമ്മിറ്റി ആവിഷ്കരിച്ചിട്ടുള്ളത്.

ഓരോ കല്ലും കെട്ടിപ്പൊക്കിയത് തനിച്ച്

# ഒറ്റയ്ക്കൊരു ക്ഷേത്രക്കുളം; കയ്യടി നേടി വിനീഷ്

കാഞ്ഞങ്ങാട്: നീലേശ്വരം പൂവാലംകൈ ശാസ്തമംഗലത്തപ്പൻ ശിവക്ഷേത്രത്തിലെ 'ഒറ്റയാൾക്കുളം' വിസ്മയമാകുന്നു. നാലു നില കെട്ടിടത്തിന്റെ ഉയരവും ഒപ്പം നല്ല നീളവും വീതിയുമുള്ള ഈ കുളം നിർമിച്ചത് ചാത്തമത്തെ വി.കെ വിനീഷ് എന്ന യുവാവ് ഒറ്റയ്ക്കാണ്. ഒരു ലക്ഷത്തിനടുത്ത് ചെങ്കല്ല് കൊണ്ട് നിർമിച്ച 'തീർഥക്കുള'ത്തിലെ ഓരോ കല്ലും കെട്ടിപ്പൊക്കിയത് ഈ 39കാരൻ ഒറ്റയ്ക്കാണെന്ന് അറിയുമ്പോൾ വിസ്മയിക്കാതിരിക്കുന്നതെങ്ങനെ? കല്ലുകൾ കെട്ടുമ്പോൾ ഒരു പൊടിപോലും സിമന്റ് ഉപയോഗിച്ചിട്ടില്ല എന്നതും ശ്രദ്ധേയമാണ്. രണ്ട് കല്ലുകൾ പരസ്പരം ഒട്ടിക്കിടക്കുന്ന രീതിയിൽ മിനുസപ്പെടുത്തിയാണ് പരമ്പരാഗത ശൈലിയിലുള്ള നിർമാണം.



നീലേശ്വരം പൂവാലംകൈ ശിവക്ഷേത്രത്തിലെ കുളത്തിനരികെ വിനീഷ്

തന്റെ 22-ാം വയസിലാണ് വിനീഷ് കല്ലുകെട്ട് തൊഴിലിലേക്കിറങ്ങുന്നത്. നിരവധി വീടുകളും ക്ഷേത്രമുറ്റത്ത് ഉൾപ്പെടെ കല്ലുപാകലുമൊക്കെ ചെയ്തിട്ടുണ്ടെങ്കിലും കുളം നിർമാണത്തിന് തുനിയുന്നത് ആദ്യമായിട്ടായിരുന്നു. ക്ഷേത്ര കമ്മിറ്റി വിശ്വസിച്ചേൽപ്പിച്ച പണി ഭംഗിയായി ചെയ്തു തീർക്കാൻ പറ്റിയ സന്തോഷത്തിലാണ് അദ്ദേഹം. 2022 ഫെബ്രുവരിയിലാണ് വിനീഷ് ഈ ദൗത്യം ഏറ്റെടുക്കുന്നത്. കൃത്യം ഒരു വർഷമേയെടുത്തുള്ളൂ, 2023 ഫെബ്രുവരി 22ന് കുളം ക്ഷേത്രത്തിന് സമർപ്പിച്ചു. സ്വയം ആർജിച്ചെടുത്ത അറിവിൽ നിന്നായിരുന്നു പടിപടിയായുള്ള കുളം നിർമാണം.

കല്ലെത്തിക്കാനും മിനുസപ്പെടുത്താനും സഹോദരങ്ങളെപ്പോലെ ഏഴു പേർ ഒപ്പമുണ്ടായിരുന്നതായി വിനീഷ് പറയുന്നു. ഏകദേശം നൂറിനടുത്ത് പടവുകളുള്ള കുളത്തിൽ ഇപ്പോൾ പകുതിയോളം വെള്ളമുണ്ട്. നിർമാണത്തിന് ഏകദേശം 75 ലക്ഷം രൂപയോളം ചെലവ് വന്നതായി ക്ഷേത്രഭാരവാഹികൾ പറയുന്നു. കുളമൊരുങ്ങിയതോടെ പ്രദേശത്തെ കിണറുകളെല്ലാം ജലസമൃദ്ധമായി. അതിന് ശേഷം കാസർകോട് ജില്ലയിൽ ഇതേ പോലെ അഞ്ചു കുളം കൂടി നിർമിക്കാൻ വിനീഷിന് അവസരം ലഭിച്ചു. അനശ്വരയാണ് വിനീഷിന്റെ ഭാര്യ. ശിവാത്മിക, സാർവിക എന്നിവർ മക്കളാണ്.



കുണ്ടുപ്പള്ളിയിൽ കണ്ടെത്തിയ ഹനുമാൻ കുരങ്ങ്

## നാട്ടുകാർക്ക് കൗതുകമായി ഹനുമാൻ കുരങ്ങ്

റാണിപുരം: കുണ്ടുപ്പള്ളിയിൽ എത്തിയ ഹനുമാൻ കുരങ്ങ് നാട്ടുകാർക്ക് കൗതുകമായി. കഴിഞ്ഞ ദിവസം വൈകുന്നേരമാണ് കുണ്ടുപ്പള്ളി എം.കെ ബാലകൃഷ്ണന്റെ വീടിന്റെ സമീപത്തായി ഹനുമാൻ കുരങ്ങിനെ കണ്ടത്. റാണിപുരം വനമേഖലയിൽ ഹനുമാൻ കുരങ്ങിനെ കാണാറില്ല. ആദ്യമായാണ് ഇത്തരം കുരങ്ങുകളെ ഈ ഭാഗത്ത് കാണാൻ കഴിഞ്ഞത്. സാധാരണയായി ഇവ ഒറ്റയ്ക്ക് സഞ്ചരിക്കാറില്ല എന്നും കുടുംബമായാണ് ഇത്തരം കുരങ്ങുകളെ കാണാറെന്നും കർണാടക വനമേഖലയിൽ നിന്നായിരിക്കാം. ഇതു ഇവിടേയ്ക്ക് എത്തിയതെന്നും വനവകുപ്പു ഉദ്യോഗസ്ഥർ പറഞ്ഞു.

## ഫേസ്ടു ഫേസ് വിത്ത് ലീഡേർസ് ചലനം കാമ്പയിൻ ആരംഭിച്ചു

കാസർകോട്: കാസർകോട് മുനിസിപ്പൽ പരിധിയിലെ ശാഖാ കമ്മിറ്റികൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി യൂത്ത് ലീഗ് കാസർകോട് മുനിസിപ്പൽ കമ്മിറ്റിയുടെ ചലനം കാമ്പയിന്റെ ഭാഗമായുള്ള ഫേസ് ടു ഫേസ് വിത്ത്ലീഡേർസ് യൂത്ത് ലീഗ് ഖാസിലൈൻ പള്ളിക്കാൽ ശാഖയിൽ ആരംഭിച്ചു. ജില്ലാ യൂത്ത് ലീഗ് ജനറൽ സെക്രട്ടറി സഹീർ ആസിഫ് ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ യൂത്ത് ലീഗ് സെക്രട്ടറി ശിഹാബ് ഊദ് അധ്യക്ഷത വഹിച്ചു. പ്രസിഡന്റ് അജ്മൽ തളങ്കര, അഷ്ഫാഖ് തുരുത്തി, മുസമ്മിൽ ഫിർദൗസ് നഗർ, നൗഫൽ തായൽ, റഹ്മാൻ തൊട്ടാൻ, അനസ് കണ്ടത്തിൽ, എൻഎ അബ്ദുല്ല കുഞ്ഞി, മഹ്മൂദ് അരമന, അമാൻ അങ്കാർ, ഖലീൽ ഷെയ്ഖ്, ദുബായ് കെ.എം.സി.സി നേതാവ് ഗഫൂർ ഊദ്, അമീൻ ഹുദവി ഖാസിയാറകം, ഇംതിയാസ് കെ.എ, ആഷിഖ് തളങ്കര പ്രസംഗിച്ചു.

ഖാസിലേൻ പള്ളിക്കാൽ ശാഖാ യൂത്ത് ലീഗ് കമ്മിറ്റി ഭാരവാഹികളെ തിരഞ്ഞെടുത്തു. ഇംതിയാസ് കെഎ (പ്രസി), ഹംസ അങ്കോള, അമീൻ ഹുദവി ഖാസിയാറകം, മനാഫ് ഊദ് (വൈസ് പ്രസി), ആഷിക് തളങ്കര (ജന. സെക്ര), അഷ്കർ, മുനാസിർ, ശാമിൽ (ജോ. സെക്ര), സുഹൈൽ തളങ്കര (ട്രഷ).

## മുസ്‌ലിം ലീഗ് ജില്ലാ പ്രവർത്തക സമിതി യോഗം രണ്ടിന്

കാസർകോട്: മുസ്‌ലിം ലീഗ് ജില്ലാ പ്രവർത്തക സമിതി യോഗം ജൂലായ് രണ്ടിന് രാവിലെ 11 മണിക്ക് കാസർകോട് ടി.എ ഇബ്രാഹിം സ്മാരക മന്ദിരത്തിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി എ. അബ്ദുൽ റഹ്മാൻ അറിയിച്ചു.

## ദുബായ് കെ.എം.സി.സി ജില്ലാ പ്രവർത്തക കൺവൻഷൻ ഇന്ന്

ദുബായ്: ദുബായ് കെ.എം.സി.സി കാസർകോട് ജില്ലാ കമ്മിറ്റിയുടെ പ്രവർത്തക കൺവൻഷൻ ഇന്ന് രാവിലെ 9.30ന് അബുഹൈൽ കെ.എം.സി.സി പി.എ ഇബ്രാഹിം ഹാജി ഓഡിറ്റോറിയത്തിൽ നടക്കും. യു.എ.ഇ കെ.എം.സി.ഐ ഉപദേശക സമിതി വൈസ് ചെയർമാൻ യഹ്‌യ തളങ്കര, കെ.എം.സി.സി നാഷണൽ കമ്മിറ്റി ട്രഷറർ നിസാർ തളങ്കര, മുസ്‌ലിം ലീഗ് കാസർകോട് ജില്ലാ വൈസ് പ്രസിഡന്റുമാരായ കെ.ഇ.എ ബക്കർ, വൺഫോർ അബ്ദുൽ റഹ്മാൻ, ദുബായ് കെ.എം.സി.സി നേതാക്കളായ എം.സി ഹുസൈനാർ ഹാജി എടച്ചാക്കൈ, ഹംസ തൊട്ടി,അഡ്വ. ഇബ്രാഹിം ഖലീൽ, അബ്ദുല്ല ആറങ്ങാടി, അഫ്സൽ മെട്ടമ്മൽ സംബന്ധിക്കും.

## കലക്ടറേറ്റ് യോഗ ഗ്രൂപ്പ് യോഗ ദിനം ആചരിച്ചു

കാസർകോട്: കലക്ടറേറ്റ് യോഗ ഗ്രൂപ്പ് യോഗ ദിനാചരണം ജില്ലാ കലക്ടർ കെ. ഇമ്പശേഖർ ഉദ്ഘാടനം ചെയ്തു. ആയുഷ് ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഭാഗ്യലക്ഷ്മി അധ്യക്ഷത വഹിച്ചു. ഡോ. റോഷിത യോഗ ക്ലാസെടുത്തു. കെ.പി രാജൻ, എ.വി രാജൻ, ഡോ. എം. പ്രസീത കുമാരി, പി. പ്രഭാകരൻ, കലക്ടറേറ്റ് ആയുഷ് മെഡിക്കൽ ഓഫീസർ പ്രതിഭ സംസാരിച്ചു.

## കാർഷിക വിദ്യാഭ്യാസ സെമിനാർ 25ന്

കാഞ്ഞങ്ങാട്: കേരള കാർഷിക സർവകലാശാല സൗജന്യ കാർഷിക വിദ്യാഭ്യാസ സെമിനാർ സംഘടിപ്പിക്കുന്നു. ജൂൺ 25ന് താവക്കര കണ്ണൂർ യൂണിവേഴ്സിറ്റി ചെറുശ്ശേരി ഓഡിറ്റോറിയത്തിലാണ് പരിപാടി. നൂതന കാർഷിക കോഴ്സുകളും മികച്ച തൊഴിലവസരങ്ങളും നൽകുക എന്ന ലക്ഷ്യത്തോടെയാണ് സെമിനാർ. വിദ്യാഭ്യാസ വിദഗ്ധനും കാർഷിക സർവകലാശാല അധ്യാപകനുമായ ഡോ. സേതുമാധവൻ സെമിനാറിന് നേതൃത്വം നൽകും. പത്താം ക്ലാസ്, പ്ലസ്ടു, ബിരുദ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പരിപാടിയിൽ പങ്കെടുക്കാമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോ. ബി. അശോകൻ ഉദ്ഘാടനം നിർവഹിക്കും. 25ന് താവക്കര കണ്ണൂർ യൂണിവേഴ്സിറ്റി ചെറുശ്ശേരി ഓഡിറ്റോറിയത്തിലാണ് പരിപാടി. വാർത്താ സമ്മേളനത്തിൽ പടന്നക്കാട് കാർഷിക കോളജ് ഡീൻ ഡോക്ടർ ടി. സജിത റാണി, അസിസ്റ്റന്റ് പ്രൊഫസർമാരായ കെ.ടി ശിവജി, ഡോ. എൻ. ഷംന പങ്കെടുത്തു.



ചട്ടഞ്ചാൽ ഹയർസെക്കന്ററി സ്കൂൾ വിദ്യാരംഗം കലസാഹിത്യ വേദിയുടെ ഉദ്ഘാടനവും പി.എൻ പണിക്കർ അനുസ്മരണവും റിട്ട. എ.ഇ.ഒ ഷരിഫ് കുരിക്കൾ നിർവഹിക്കുന്നു

## എം.വി ദാമോധരനെ അനുസ്മരിച്ചു

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് പ്രസ് ഫോറം മുൻ പ്രസിഡന്റ് എം.വി ദാമോധരന്റെ 28-ാം ചരമവാർഷികത്തോടനുബന്ധിച്ച് അനുസ്മരണ സമ്മേളനവും പുഷ്പാർച്ചനയും സംഘടിപ്പിച്ചു. പ്രസ് ഫോറം പ്രസിഡന്റ് ടി.കെ നാരായണൻ അധ്യക്ഷത വഹിച്ചു. എം.വി ദാമോധരൻ കാഞ്ഞങ്ങാട്ടെ മാധ്യമപ്രവർത്തകർക്ക് എന്നും വഴികാട്ടിയും മാതൃകയുമാണെന്ന് സഹപ്രവർത്തകർ അനുസ്മരിച്ചു. പ്രസ് ഫോറം സെക്രട്ടറി ബാബു കോട്ടപ്പാറ ,മുൻ പ്രസിഡന്റ് പി. പ്രവീൺകുമാർ, ജോയി മാലൂർ, ആകാശ്, എം. സുധിൽ, കെ.വി ബൈജു, ദിനേശ് ടി. സുനിൽ കുമാർ, പാക്കം മാധവൻ ,എൻ ഗംഗാധരൻ, ജയരാജ്, കാവുങ്കൽ നാരായണ, സജേഷ് അടമ്പിൽ, ജയരാജ് പങ്കെടുത്തു.




കാഞ്ഞങ്ങാട് പ്രസ് ഫോറം മുൻ പ്രസിഡന്റ് എം.വി ദാമോധരന്റെ 28-ാം ചരമവാർഷികത്തോടനുബന്ധിച്ച് പുഷ്പാർച്ചന നടത്തുന്നു

## പശു, എരുമ കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് യജ്ഞം തുടങ്ങി

കാസർകോട്: ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ ബ്രൂസല്ലോസിസ് നിയന്ത്രണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ബദിയടുക്ക വെറ്ററിനറി ഡിസ്പെൻസറിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ വാക്സിനേഷൻ കിറ്റ് കൈമാറി നിർവഹിച്ചു. യോഗം ബദിയടുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി. ശാന്ത ഉദ്ഘാടനം ചെയ്തു വൈസ് പ്രസിഡന്റ് എം. അബ്ബാസ് അധ്യക്ഷത വഹിച്ചു. ജില്ലാ മൃഗസംരക്ഷണം ഓഫീസർ പി.കെ മനോജ് കുമാർ മുഖ്യപ്രഭാഷണം നടത്തി. ക്ഷീര കർഷകരും ഉദ്യോഗസ്ഥരും പങ്കെടുത്തു. നാലു മുതൽ എട്ടുമാസം വരെയുള്ള പശുക്കുട്ടികളിലും എരുമ കുട്ടികളിലും വാക്സിനേഷൻ നടത്തണം ജൂൺ 25 വരെ നടക്കുന്ന വാക്സിനേഷൻ തീവ്ര യജ്ഞത്തിൽ കർഷകർ പങ്കാളികളാകണമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

## കേരളത്തിലെ തിരിച്ചടി ബംഗാളിന്റെയും ത്രിപുരയുടെയും വഴിയിൽ: സി.പി ജോൺ

കാഞ്ഞങ്ങാട്: കേരളത്തിലെ തിരിച്ചടി ബംഗാളിന്റെയും ത്രിപുരയുടെയും വഴിയിലെന്ന് സി.എം.പി സംസ്ഥാന സെക്രട്ടറി സി.പി ജോൺ സി.എം.പി ജില്ലാ പ്രവർത്തക കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നുഅദ്ദേഹം. ഒരു വ്യാഴവട്ടക്കാലമായി ബംഗാളിലും ത്രിപുരയിലും സിപിഎമ്മിനേറ്റ കനത്ത തകർച്ചയുടെ ആരംഭമാണ്. കേരളത്തിലെ പാർലിമെന്റ് തിരഞ്ഞെടുപ്പിൽ കണ്ടുതുടങ്ങിയതെന്ന് ജോൺ കൂട്ടിച്ചേർത്തു.

ബംഗാളിലും ത്രിപുരയിലും അവരുടെ തകർച്ച 2024ലെ തിരഞ്ഞെടുപ്പോടു കൂടി പൂർത്തിയായി. ത്രിപുരയിൽ 70 ശതമാനം വോട്ടും ബി.ജെ.പിക്ക് ലഭിച്ചു. ബംഗാളിൽ കോൺഗ്രസുമായി ബന്ധമുണ്ടാക്കിയിട്ട് പോലും സി.പി.എമ്മിനോ ഇടതുമുന്നണിക്കോ ഒരുസീറ്റും ലഭിച്ചില്ല. കേരളത്തിൽ ഇടതു ജനാധിപത്യ മുന്നണിക്കുണ്ടായ പരാജയം ആഴത്തിൽ പഠിക്കേണ്ടതാണ്. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രഭവകേന്ദ്രവും ശക്തികേന്ദ്രവുമായ മലബാറിൽ ഒമ്പത് പാർലിമെന്റ് മണ്ഡലങ്ങളുള്ള മലബാറിൽ എട്ടിലുലും സി.പി.എം പരാജയപ്പെട്ടു. കാസർകോട് മുതൽ ആലത്തൂർ വരെയുള്ള മണ്ഡലങ്ങളിൽ എൽ.ഡി.എഫും യു.ഡി.എഫുംതമ്മിലുള്ള വ്യത്യാസം 13 ലക്ഷം വോട്ടുകളാണ്. പാർട്ടി ഗ്രാമങ്ങളിൽ പോലും സി.പിഎമി നെതിരായി വോട്ടുചെയ്യാൻ അവിടെയുള്ള പ്രവർത്തകർ തയാറായി. സി.പി.എം എടുക്കുന്ന തെറ്റായ സമീപനത്തിനെതിരായും കേരളത്തിലെ പിണറായി സർക്കാറിന്റെ തികഞ്ഞ പരാജയത്തിനും എതിരായ വിധിയെഴുത്താണ് തിരഞ്ഞെടുപ്പിൽ നടന്നത്. ഇതു പരിഹരിക്കുവാൻ പിണറായി പൂജ നിർത്തി വച്ച് പിണറായി നിന്ദ ആരംഭിച്ചത് കൊണ്ട്സി.പി.എമിന് സാധിക്കില്ല. കേരളത്തിലെ ഇടതുപക്ഷ സർക്കാർ എടുത്ത തൊഴിലാളിവിരുദ്ധവും ജനവിരുദ്ധവുമായ നയങ്ങൾ തിരുത്താനും ബിജെപിയെ തോൽപിക്കുന്ന വിശാലമായ മതേതര ഐക്യത്തിനോടപ്പം നിൽക്കാനും സാധിച്ചില്ലെങ്കിൽ വീണ്ടും തകർച്ചയിലേക്ക് കൂപ്പുകുത്തനാണ് പോകുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചു.




സി.എം.പി ജില്ലാ പ്രവർത്തക കൺവൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സി.പി ജോൺ ഉദ്ഘാടനം ചെയ്യുന്നു

സെക്രട്ടറിയേറ്റംഗം വി.കെ രവിന്ദ്രൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സി.എ അജീർ, വി കമ്മാരൻ, സി.വി തമ്പാൻ, കെഎസ്വൈഎഫ് സെകട്ടറി സുധിഷ് കടന്നപ്പള്ളി, കെഎംഎഫ് സെക്രട്ടറി കാഞ്ചന മേച്ചേരി, ജില്ലാ ആക്ടിംഗ് സെക്രട്ടറി ടി.വി ഉമേശൻ, എം.ടി കമലാക്ഷി, കെ.വി സാവിത്രി പ്രസംഗിച്ചു.

## കെ.പി.സി.സി അംഗം ഉൾപ്പെടെ നാലു നേതാക്കളെ പുറത്താക്കി

കാസർകോട്: പെരിയ ഇരട്ടക്കൊലക്കേസ് പ്രതിയുടെ മകന്റെ വിവാഹസൽക്കാരത്തിൽ പങ്കെടുത്ത നാലു കോൺഗ്രസ് നേതാക്കളെ പാർട്ടിയിൽ നിന്ന് പുറത്താക്കിയതായി കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ അറിയിച്ചു. കെ.പി.സി.സി അംഗം ബാലകൃഷ്ണൻ പെരിയ, ഉദുമ മണ്ഡലം യു.ഡി.എഫ് ചെയർമാനും മുൻ ബ്ലോക്ക് പ്രസിഡന്റുമായ രാജൻ പെരിയ, മുൻ മണ്ഡലം പ്രസിഡന്റുമാരായ പ്രമോദ് പെരിയ, ടി. രാമകൃഷ്ണൻ എന്നിവരെയാണ് കോൺഗ്രസിന്റെ പ്രാഥമികാംഗത്വത്തിൽ നിന്ന് പുറത്താക്കിയത്. യൂത്ത് കോൺഗ്രസ് പ്രവർത്തകരായ പെരിയ കല്ല്യോട്ടെ കൃപേഷ്, ശരത് ലാൽ എന്നിവരെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ 13-ാം പ്രതിയായ സി.പി.എം പ്രാദേശിക നേതാവിന്റെ വിവാഹ സൽക്കാര ചടങ്ങിൽ നാലു കോൺഗ്രസ് നേതാക്കൾ പങ്കെടുക്കുകയും പ്രതിക്കൊപ്പം ഫോട്ടോയെടുക്കുകയും ചെയ്തതായി കെ.പി.സി.സി നിയോഗിച്ച അന്വേഷണ കമ്മീഷൻ കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നടപടി. വിവാഹ സൽക്കാരത്തിൽ പങ്കെടുത്ത ഫോട്ടോ പുറത്തുവന്ന ഉടൻ തന്നെ പ്രമോദ് പെരിയയെ കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് സ്ഥാനത്തു നിന്ന് സസ്പെന്റ് ചെയ്തിരുന്നു.

## വിദ്യാരംഗം കലസാഹിത്യവേദി ഉദ്ഘാടനവും അനുസ്മരണവും

ചട്ടഞ്ചാൽ: ചട്ടഞ്ചാൽ ഹയർസെക്കന്ററി സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനവും പി.എൻ പണിക്കർ അനുസ്മരണവും റിട്ട. എ.ഇ.ഒ ഷരിഫ് കുരിക്കൾ നിർവഹിച്ചു. വിദ്യാർഥികളെ വായന സംസ്കാരത്തിലേക്ക് എത്തിക്കാൻ നൂതനമായ ആശയങ്ങൾ രൂപപ്പെടണമെന്ന് അദ്ദേഹം പറഞ്ഞു. കെ.വി വാസുദേവൻ നമ്പൂതിരി അധ്യക്ഷത വഹിച്ചു. പ്രധാനധ്യാപകൻ പി.വി മനോജ്കുമാർ, ഇ. സുരേഖ ബേബി, രതീഷ് പിലിക്കോട്, കെ. പ്രേംരാജ്, ശിൽപ, ശ്രീഷ്ണ പ്രസംഗിച്ചു.

## നവനീതം തൗര്യത്രികം 29ന്

തൃശൂർ: നവനീതം കൾച്ചറൽ ട്രസ്റ്റിന്റെ പ്രതിമാസ നൃത്ത പരമ്പര തൗര്യത്രികം കേരള സംഗീത നാടക അക്കാദമി ബ്ലാക്ക് ബോക്സ് തീയേറ്ററിൽ നടക്കും. ജൂൺ എഡിഷനിൽ 29 നു വൈകീട്ട് 6.00 ന് നടക്കുന്ന കലാസന്ധ്യയിൽ കലാമണ്ഡലം സീതാലക്ഷ്മി ശ്രീരാമചരിതം നങ്ങ്യാർക്കൂത്ത് (കഥാഭാഗം -സീതാസ്വയംവരം) അവതരിപ്പിക്കുന്നു. കൂടിയാട്ടം ആചാര്യൻ, ഗുരു കലാമണ്ഡലം രാമൻ ചാക്യാരുടെ ശിഷ്യയാണ് സീതാലക്ഷ്മി. പ്രവേശനം സൗജന്യമായിരിക്കുമെന്ന് ഡയറക്ടർ ബെൽരാജ് സോണി അറിയിച്ചു.

## മേയറുടേയും, സംഘത്തിന്റെയും, റഷ്യൻ ടൂർ യാത്രയ്ക്കുള്ളരൂപ എവിടെ നിന്ന് ലഭിച്ചുവെന്ന് അന്വേഷിക്കണം: രാജൻ ജെ. പല്ലൻ

തൃശൂർ: മേയറുടേയും, സംഘത്തിന്റെയും, റഷ്യൻ ടൂർ യാത്രയ്ക്കുള്ള ലക്ഷക്കണക്കിന് രൂപ എവിടെ നിന്ന് ലഭിച്ചുവെന്ന് എൽ.ഡി.എഫ് നേതാക്കൾ അന്വേഷിക്കണമെന്ന് പ്രതിപക്ഷ നേതാവ് രാജൻ.ജെ.പല്ലൻ.
കോർപ്പറേഷൻ എൽ.ഡി.എഫ് ഭരണ നേതൃത്വം, കോർപ്പറേഷനിലെ ഉന്നത ഉദ്യോഗസ്ഥരുടെയും കൂട്ടുകെട്ടും, അഴിമതിയുടെയും തെളിവാണ് സംയുക്ത റഷ്യൻ ടൂർ എന്ന് പ്രതിപക്ഷ നേതാവ് രാജൻ.ജെ.പല്ലൻ പറഞ്ഞു.
ജനങ്ങൾ വെള്ളക്കെട്ട് കൊണ്ടും, കെട്ടിട നികുതിയിലെ അപാകതകൾ കൊണ്ടും, വ്യാപാരികൾക്ക് ലൈസൻസ് പുതുക്കാൻ കഴിയാതേയും, ജനങ്ങൾ പൊറുതിമുട്ടുമ്പോൾ മേയർ എം.കെ. വർഗീസ്, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വർഗീസ് കണ്ടംകുളത്തി, കോർപ്പറേഷനിലെ ഉന്നത ഉദ്യോഗസ്ഥരായ സെക്രട്ടറി ഷിബു.വി.പി, ചീഫ് എൻജിനീയർ ഷൈബി ജോർജ് എന്നിവരുടെ സംഘമാണ് റഷ്യൻ ടൂർ പോയിട്ടുള്ളത്. കഴിഞ്ഞ 18ന് പോയ മേയറും, സംഘവും, 30നാണ് മടങ്ങിയെത്തുന്നത്. ഡിവിഷൻ സഭകൾ കൂടി വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാനുള്ള അപേക്ഷ സ്വീകരിക്കേണ്ട പ്രവർത്തന കലണ്ടർ മാറ്റം വരുത്തിയാണ് മേയറും, സംഘവും റഷ്യൻ ടൂർ നടത്തുന്നത്. ഉന്നത ഉദ്യോഗസ്ഥരുടെയും അഴിമതികളുടെയും, പണപ്പിരിവുകളും അന്വേഷിക്കണമെന്നും രാജൻ.ജെ.പല്ലൻ ആവശ്യപ്പെട്ടു.

# തൃശൂർ വാർത്തകൾ

# കെ സ്മാർട്ട് സംവിധാനം; ചാലക്കുടി നഗരസഭയുടെ പ്രവർത്തനം താളം തെറ്റുന്നു

ചാലക്കുടി: നഗരസഭകളിൽ ഏപ്രിൽ മുതൽ സർക്കാർ നടപ്പിലാക്കിയ കെ സ്മാർട്ട് സംവിധാനത്തിൽ, നാളിതുവരെ ട്രഷറി വഴിയുള്ള ബില്ലുകൾ പെയ്മെന്റ് നടത്താൻ കഴിയാത്തതിനാൽ അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു.
ഈ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ഏപ്രിൽ മാസം മുതൽ തുടങ്ങേണ്ടതുമായ സുപ്രധാന പദ്ധതികളുടെ പ്രവർത്തനങ്ങളാണ് അവതാളത്തിലായിരിക്കുന്നത്. സർക്കാർ പുതുതായി നഗരസഭകളിൽ നടപ്പിലാക്കിയിട്ടുള്ള കെ സ്മാർട്ട് സംവിധാനത്തിലൂടെ ബില്ലുകൾ മാറാൻ ഇതുവരെ സാധിക്കാത്തതിനാൽ ഏപ്രിൽ മാസം മുതൽ അടക്കേണ്ട പല പദ്ധതികളുടേയും പെയ്മെന്റ് തടസ്സപ്പെട്ടിരിക്കുകയാണ്. നഗരസഭ പദ്ധതി വഴി അടച്ചു വന്നിരുന്ന താലൂക്ക് ആശുപത്രിയുടെ വൈദ്യുതി ബിൽ , മൂന്ന് മാസത്തെ 9 ലക്ഷം രൂപയാണ് കെ.എസ്.ഇ.ബിക്ക് നൽകാനുള്ള കുടിശ്ശിക. വാട്ടർ ബിൽ കുടിശ്ശിക 3.5 ലക്ഷമാണ്.
നഗരസഭ പദ്ധതി വഴി വേതനം നൽകി നടപ്പിലാക്കുന്ന ഈവനിംഗ് ഒ.പി ഡോക്ടർക്ക് രണ്ട് മാസത്തെ ശമ്പളം മുടങ്ങിയിരിക്കുന്നു. നഗരസഭ താലൂക്ക് ആശുപത്രിയുമായ് ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പാലിയേറ്റീവ് പദ്ധതിയുടെ നടത്തിപ്പും പ്രതിസന്ധിയിലാണ്. പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായ് ജോലി ചെയ്യുന്നവരുടെ വേതനവും, വാഹനത്തിന്റെ ഇന്ധനം അടിക്കുന്നതിനുള്ള തുകയും നൽകാൻ സാധിക്കുന്നില്ല. നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ, പ്രോജക്ട് പ്രകാരം, ട്രെയ്നീസ് ആയി പ്രവർത്തിക്കുന്ന പട്ടികജാതി വിഭാഗത്തിൽ പെട്ടവരുടെ ഓണറേറിയവും മാസങ്ങളായി മുടങ്ങിയിരിക്കുകയാണ്.
ഏപ്രിൽ മാസം മുതൽ മുടക്കമില്ലാതെ നടത്തേണ്ട അംഗനവാടി പോഷകാഹാരം ഉൾപ്പെടെയുള്ളവ, വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് നൽകുന്ന മരുന്ന് വിതരണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെദൈനംദിന ചിലവും വിവിധ സാധനങ്ങളുടെ വിതരണവും ഉൾപ്പെടെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത ഗുരുതരമായ പ്രതിസന്ധിയാണ് ഉണ്ടാകുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഉൾപ്പെട്ട പൊതുമരാമത്ത് വർക്കുകളുടേയും, വ്യക്തിഗത ആനുകൂല്യങ്ങളുടേയും പണം നൽകാൻ കഴിയാതിരുന്നതു മൂലം കോടി കണക്കിന് രൂപയാണ് നഗരസഭ നഷ്ടപ്പെട്ടത്. മാർച്ച് മാസം സർക്കാർ നിർദ്ദേശിച്ച തിയ്യതിക്കുള്ളിൽ സമർപ്പിച്ച ബില്ലുകൾ പോലും പാസാക്കാതെ, പിന്നീട് തിരിച്ചയച്ചതിലൂടെ നഗരസഭക്ക് ഉണ്ടായ നഷ്ടം കോടി കണക്കിന് രൂപയാണ്.
പണം ലഭിക്കാത്തത് മൂലം കരാറുകാർ പുതിയ വർക്കുകൾ തുടങ്ങാനോ പൂർത്തീയാക്കാനോ തയ്യാറാകുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവകാശങ്ങളെ കവർന്നെടുക്കുന്നതും, വികസന പ്രവർത്തനങ്ങളെ മുരടിപ്പിക്കുന്നതുമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഒരു മുന്നൊരുക്കവുമില്ലാതെ നടപ്പിലാക്കായ കെ സ്മാർട്ട് സംവിധാനത്തിലൂടെ പ്രതിസന്ധിയിലാകുന്നത്, അത്യന്താപേക്ഷിതമായ ജനകീയ പദ്ധതികളാണ്.

## ഫാർമസിസ്റ്റ് ഒഴിവ്

തൃശൂർ: കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡിന്റെ തൃശൂർ ജില്ലയിലുള്ള നീതി മെഡിക്കൽ വെയർഹൗസിലേക്കും നീതി മെഡിക്കൽ സ്റ്റോറുകളിലേക്കും ഫാർമസിസ്റ്റുകളെ നിയമിക്കുന്നു.
യോഗ്യത- ഫാർമസിയിൽ ഡിപ്ലോമ / ഡിഗ്രി. 35 വയസ് താഴെയായിരിക്കണം. ജൂൺ 28ന് രാവിലെ 11 മുതൽ ആനക്കല്ല്, അവിണിശ്ശേരി പി.ഒ, പാലക്കൽ റോഡിലുള്ള റീജ്യണൽ ഓഫീസിൽ വാക്ക് -ഇൻ-ഇന്റർവ്യൂ നടക്കും. അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ, ബയോഡേറ്റ സഹിതം പങ്കെടുക്കണമെന്ന് മാനേജിങ് ഡയറക്ടർ അറിയിച്ചു. ഫോൺ: 8281898317, 9961352511.

## എം.കെ ഇബ്രാഹിം ഹാജിയുടെ നിര്യാണത്തിൽ അനുശോചിച്ചു

വെള്ളാങ്ങല്ലൂർ: ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് വെള്ളാങ്ങല്ലൂർ പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റും,വെള്ളാങ്ങല്ലൂർ മഹല്ല് സെൻട്രൽ കമ്മിറ്റി മെമ്പറും ആയ എം.കെ ഇബ്രാഹിം ഹാജിയുടെ നിര്യാണത്തിൽ വെള്ളാങ്ങല്ലൂർ മഹല്ല് കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുശോചനയോഗം നടത്തി.
. യോഗത്തിൽ മഹല്ല് ഖത്തീബ് അബ്ദുൽ നാസർ സഅദി പ്രാർത്ഥന നടത്തി. മഹല്ല് വൈസ് പ്രസിഡന്റ് എം.എസ് മുഹമദാലി ഹാജി അധ്യക്ഷത്വഹിച്ചു. മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ്, ദേശിയ അധ്യാപക അവാർഡ് ജേതാവ് പി.എ സീതി മാസ്റ്റർ, മഹല്ല് ജനറൽ സെക്രട്ടറി എ.എം ഷാജഹാൻ ഹാജി, വാർഡ് മെമ്പർ കെ.എ സദഖത്തുല്ലാഹ്, പി.കെ.എം അഷറഫ് എന്നിവർ അനുശോചന പ്രഭാഷണങ്ങൾ നടത്തി.
സാമൂഹിക സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖരും, പണ്ഡിതന്മാരും ചടങ്ങിൽ പങ്കെടുത്തു.
മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ്, തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി പി.എം അമീർ, ജില്ലാ സെക്രട്ടറി പി.കെ ഷാഹുൽ ഹമീദ്, പ്രവാസി ലീഗ് ജില്ല പ്രസിഡന്റ് സി.കെ അഷറഹ് അലി, സെക്രട്ടറി ഇ മുഹമദാലി എന്നിവർ എം.കെ ഇബ്രാഹിംഹാജിയുടെ വീട് സന്ദർശിച്ചു.

## ടി.പി കേസ് പ്രതികൾ സത്യം വിളിച്ചു പറഞ്ഞാൽ ഉരുളുന്ന തലയെ ജനവിധി കൊണ്ടൊന്നും തിരുത്തിക്കാനും കഴിയില്ല: റവല്യൂഷണറി യൂത്ത്

തൃശൂർ: ടി.പി കേസ് പ്രതികളുടെ ഭീഷണിക്ക് വഴങ്ങി കോടതിയെയും നിയമത്തെയും കാറ്റിൽ പറത്തി കൊലയാളികളെ പുറത്തിറക്കിയാൽ പ്രതികൾക്ക് നാട് ആഗ്രഹിക്കുന്ന ശിക്ഷ ജനങ്ങൾ നൽകുമെന്ന് റവല്യൂഷണറി യൂത്ത് പ്രസ്താവനയിൽ വ്യക്തമാക്കി.
പച്ച മനുഷ്യനെ 51 ആയി വെട്ടിനുറുക്കിയ കൊടും ക്രിമിനലുകൾക്ക് ശിക്ഷാ ഇളവ് നൽകരുതെന്ന കോടതി വിധിയുണ്ടായിട്ടും, തിരഞ്ഞെടുപ്പിൽ പാർട്ടിയും സർക്കാരും അമ്പേ പരാജയപ്പെട്ടിട്ടും പിണറായിക്ക് ഇപ്പോൾ ഇങ്ങനെ ഒരു തീരുമാനമെടുക്കാൻ തോന്നിയിട്ടുണ്ടെങ്കിൽ അതിനു പിന്നിലെ പ്രതികളുടെ സമ്മർദ്ദ സ്വാധീനം എത്രമാത്രമാണെന്ന് വ്യക്തമാണ്. ടി.പി കേസ് പ്രതികളുടെ ഔദാര്യത്തിലാണ് പിണറായി ഭരണം നടത്തുന്നതെന്ന് വ്യക്തമാക്കുന്നതാണ് ഈ തീരുമാനം. ടി.പി കേസ് പ്രതികൾ സത്യം വിളിച്ചു പറഞ്ഞാൽ ഉരുളുന്ന തലയെ ജനവിധികൊണ്ടൊന്നും പഠിപ്പിക്കാനും തിരുത്തിക്കാനും കഴിയില്ല.എകെജിയും, കൃഷ്ണപ്പിള്ളയും,മണ്ടോടി കണ്ണനും ഉൾപ്പെടെയുള്ള നൂറു കണക്കിന് കമ്യൂണിസ്റ്റ് മനുഷ്യസ്നേഹികൾ ജീവനും ജീവിതവും കോർത്തു തുന്നിയ പാവപ്പെട്ടവന്റെ ചെങ്കൊടിയെ കൊലയാളികളുടേയും, കൊട്ടേഷൻ ക്രിമിനലുകളുടേയും കൊലച്ചോരയ്ക്ക് മറ തീർക്കാനുള്ള ഉടുമുണ്ടാക്കി മാറ്റിയ പിണറായി വിജയനുൾപ്പെടെയുള്ള അഭിനവ സിപിഎം കള്ള നാണയ നേതൃത്വത്തെ ഇന്നും കമ്യൂണിസ്റ്റ് നന്മകൾ നെഞ്ചേറ്റുന്ന ഒരു ജനത ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ വലിച്ചെറിയുന്ന കാലം വിദൂരമല്ല.നിയമ സംവിധാനങ്ങളെ അട്ടിമറിച്ച് കൊലയാളികൾക്ക് പരവതാനി വിരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിൽ ജനം അർഹിക്കുന്ന മറുപടി നൽകുമെന്നും റവല്യൂഷണറി യൂത്ത് പ്രസ്താവനയിൽ വ്യക്തമാക്കി.

## ഇസ്റ പാർക്ക് ശിലാസ്ഥാപനം ജൂലൈ ഒന്നിന്

വാടാനപ്പള്ളി: വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്തി അവരിൽ നിന്നും ശാസ്ത്ര പ്രതിഭകളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ടാൽറോപ് സ്ഥാപിക്കുന്ന, 'ഇൻവെന്റർ പാർക്ക്' വാടാനപ്പള്ളി ഇസ്റയിൽ ആരംഭിക്കും. ഇൻവെന്റർ പാർക്കിന്റെ ശിലാസ്ഥാപനം ജൂലൈ 1 തിങ്കളാഴ്ച രാവിലെ പത്ത് മണിക്ക് ടാൽറോപ് കോ-ഫൗണ്ടറും സി.ഇ.ഒ യുമായ സഫീർ നജുമുദ്ദീൻ നിർവഹിക്കും.
റോബോട്ടിക് ലാബ്, അസ്ട്രോണമി ലാബ്, റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ലാബ് തുടങ്ങിയ ആധുനിക രീതിയിലുള്ള സജ്ജീകരണങ്ങളാണ് ഇൻവെന്റർ പാർക്കിൽ ഉള്ളത്. ശാസ്ത്ര മേഖലകളിലേക്ക് വിദ്യാർത്ഥികളെ ഗവേഷണാത്മകമായി പരിവർത്തിപ്പിച്ച് പുതിയ കണ്ടുപിടുത്തങ്ങൾക്ക് പ്രചോദിപ്പിക്കുന്ന രീതിയിലാണ് ഇൻവെന്റർ പാർക്കിലെ കോഴ്സുകൾ സജ്ജീകരിച്ചിരിക്കുന്നത്. അസ്ട്രോണമി, റോബോട്ടിക്സ്, ഇലക്ട്രോണിക്സ് സസ്റ്റൈനബിലിറ്റി ഗവേഷണങ്ങൾ എന്നിവ ഇൻവെന്റർ പാർക്കിലൂടെ സാധ്യമാവും.ഇസ്റ സ്ഥാപനങ്ങളിലെ പ്ലസ് വൺ, ഡിഗ്രി പഠനാരംഭവും, വിവിധ പ്രോജക്റ്റുകളുടെ പ്രഖ്യാപനവും ചടങ്ങിൽ നടക്കും.സയ്യിദ് ശറഫുദ്ധീൻ ജമലുല്ലൈലി തങ്ങൾ, ഡോ. അബ്ദുൽ ഹകീം അസ്ഹരി, സയ്യിദ് ഹുസൈൻ തങ്ങൾ, വാടാനപ്പള്ളി സൗത്ത് ജുമാ മസ്ജിദ് ഖത്തീബ് ഉമർ ബാഖവി പഴയന്നൂർ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

## കുടിശ്ശിക അടയ്ക്കണം

തൃശൂർ: കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ കുടിശ്ശിക വരുത്തിയ തൊഴിലാളികൾക്ക് മൂന്ന് വർഷം വരെയുള്ള കുടിശ്ശിക അടയ്ക്കുന്നതിന് സെപ്റ്റംബർ 30 വരെ സമയം അനുവദിച്ചു. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ജില്ലാ എക്സി. ഓഫീസർ അറിയിച്ചു. ഫോൺ: 0487 2446545.



മുല്ലശ്ശേരി വേദ കളരിയിൽ നടന്ന അന്താരാഷ്ട്ര യോഗ ദിനാചരണം

## അന്താരാഷ്ട്ര യോഗ ദിനാചരണം

പാവറട്ടി: മുല്ലശ്ശേരി വേദ കളരിയിൽ അന്തരാഷ്ട്ര യോഗ ദിനം ആചരിച്ചു. ഡയറക്ടർ സുവത്രൻ ഗുരുക്കളുടെ നേതൃത്വത്തിൽ കുട്ടികളും, വീട്ടമ്മമാരും, ഉദ്യോഗസ്ഥരും അണിനിരന്നാണ് യോഗ ദിനം ആചരിച്ചത്.
രോഗ പ്രതിരോധ ശേഷിക്കും, യൗവനം നിലനിർത്താനും, വിദ്യാർത്ഥികളിൽ ഓർമ്മ ശക്തി വർദ്ധിപ്പിക്കാനും യോഗയിലൂടെ സാധിക്കുമെന്ന് സുവത്രൻ ഗുരുക്കൾ പറഞ്ഞു.
യോഗ പ്രചാരകരായ രാധ ടീച്ചർ, ശ്യാം മാസ്റ്റർ എന്നിവർ യോഗ പരിശീലന ക്ലാസ്സ് നിയന്ത്രിച്ചു.

## ഏങ്ങണ്ടിയൂർ വില്ലേജ് ഡിജിറ്റൽ സർവേ; പരാതി അറിയിക്കാം

ചാവക്കാട്: താലൂക്കിലെ ഏങ്ങണ്ടിയൂർ വില്ലേജ് ഉൾപ്പെട്ട പ്രദേശങ്ങളിലെ ഡിജിറ്റൽ സർവേ കേരള സർവേയും അതിരടയാളവും ആക്ട് 9 (1) പ്രകാരം പൂർത്തിയാക്കി. ഇത്തരത്തിൽ തയ്യാറാക്കിയ സർവേ റെക്കോർഡുകൾ ഭൂവുടമസ്ഥർക്ക് വട്ടേുഃ// ലിലേയവീാശ.സല്യമഹമ.ഴീ.ശിൽ ഓൺലൈനായും ഏങ്ങണ്ടിയൂർ ഡിജിറ്റൽ സർവേ ക്യാമ്പ് ഓഫീസിൽ (ഏങ്ങണ്ടിയൂർ പഞ്ചായത്ത് പകൽവീട്-ചിൽഡ്രൻസ് പാർക്ക്) റിക്കോർഡുകൾ പരിശോധിക്കാമെന്ന് സർവേ തൃശൂർ (റെയ്ഞ്ച്) അസി. ഡയറക്ടർ അറിയിച്ചു. എന്തെങ്കിലും പരാതിയുള്ളവർ 30 ദിവസത്തിനകം തൃശൂർ റീസർവേ സൂപ്രണ്ടിന് ഫോറം 16 ൽ നേരിട്ടോ 'എന്റെ ഭൂമി' പോർട്ടൽ മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കാം. സർവേ സമയത്ത് തർക്കം ഉന്നയിച്ച് സർവേ അതിരടയാള നിയമം 10-ാം വകുപ്പ് രണ്ടാം ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചവർക്ക് അറിയിപ്പ് ബാധകമല്ല. ഫോൺ: 0487 2334459.

## മുസ്‌ലിം സമുദായത്തിന് വിദ്യാഭ്യാസ മേഖലയിലേക്ക് ദിശ നൽകിയത് സീതി സാഹിബ്: ആബിദ് ഹുസൈൻ തങ്ങൾ

കടപ്പുറം: മലബാർ കലാപാനന്തരം അടിച്ചമർത്തപെട്ട മുസ്‌ലിം സമുദായത്തിനു വിദ്യാഭ്യാസ മേഖലയിലേക്ക് ദിശ നൽകിയത് സീതി സാഹിബായിരുന്നു എന്ന് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ പറഞ്ഞു.
കടപ്പുറത്ത് എം.എസ്.എഫ്, അബുദാബി കെ.എം.സി.സി പഞ്ചായത്ത് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള സിതി സാഹിബ് എക്സലൻസ് അവാർഡ് വിതരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.
ഉന്നതമായ വിജയം കരസ്ഥമാക്കിയിട്ടും മലബാർ മേഖലയോട് ഭരണകൂടത്തിന് ഇപ്പോഴും അവഗണന മനോഭാവം തന്നെയാണ് ഇതിനെതിരെ പ്രതിഷേധങ്ങൾ ഉയർന്നു വരണമെന്ന് എം.എൽ.എ പറഞ്ഞു. വിദ്യാഭ്യാസം നാല് ചുവരുകൾക്ക് ഉള്ളിൽ ഒതുക്കാതെ ഉന്നതമായ മാനവിക മൂല്യം ഉയർത്തി പിടിച്ചായിരിക്കണമെന്ന് അവാർഡുകൾ ഏറ്റു വാങ്ങാൻ വന്ന വിദ്യാർത്ഥികളെ അദ്ദേഹം ഉണർത്തി.
എം.എസ്.എഫ് പഞ്ചായത്ത് പ്രസിഡന്റ് അബ്ദുസുബ്ഹാൻ അദ്ധ്യക്ഷത വഹിച്ചു, മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച്.റഷീദ് മുഖ്യാഥിതി ആയിരുന്നു. എം.എസ്.എഫ് സംസ്ഥാന സെക്രട്ടറി അൽറസിൻ, മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് പി.കെ.അബൂബക്കർ, നിയോജക മണ്ഡലം മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി പി.വി.ഉമ്മർകുഞ്ഞി, മുസ്‌ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് ബി.കെ.സുബൈർ തങ്ങൾ, ജനറൽ സെക്രട്ടറി പി.എം.മുജീബ്, കെ.എം.സി.സി നേതാക്കളായ പി.വി.ജലാൽ, സി.കെ.അല്യേമുണ്ണി, നവാസ് ആലുങ്ങൽ, സൈതുമുഹമ്മദ് പോക്കാകില്ലത്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സാലിഹ ഷൗക്കത്ത്, യൂത്ത് ലീഗ് പഞ്ചായത്ത് പ്രസിഡിന്റ്പി.എ.അഷ്കർ അലി, ജനറൽ സെക്രട്ടറി പി.കെ.അലി എന്നിവർ സംസാരിച്ചു. ചടങ്ങിൽ വെച്ച് അസ്‌ലഹ ബിയ്യക്കുള്ള അബുദാബി കെ.എം.സി.സി യുടെ പ്രത്യേക ഉപഹാരം എം.എൽ.എ നൽകി. എം.എസ്.എഫ് പഞ്ചായത്ത് ജനറൽ സെക്രട്ടറി ഷനാഹ് ശറഫുദ്ധീൻ സ്വാഗതവും ട്രഷറർ ഹുസൈൻ കറുകമാട് നന്ദിയും പറഞ്ഞു.




കടപ്പുറത്ത് എം.എസ്.എഫ്, അബുദാബി കെ.എം.സി.സി പഞ്ചായത്ത് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള സിതി സാഹിബ് എക്സലൻസ് അവാർഡ് വിതരണ ചടങ്ങ് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## അങ്കണവാടി വർക്കർ, ഹെൽപ്പർ

തൃപ്രയാർ: നാട്ടിക, വലപ്പാട് പഞ്ചായത്തുകളിലെ അങ്കണവാടി വർക്കർ, ഹെൽപ്പർ തസ്തികകളിലെ ഒഴിവുകളിലേക്ക് അതത് പഞ്ചായത്തുകളിൽ സ്ഥിരതാമസക്കാരായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രായപരിധി- 2024 ജനുവരി ഒന്നിന് 18 -46 വയസ്. എസ്.സി /എസ്.ടി വിഭാഗക്കാർക്ക് മൂന്ന് വർഷത്തെ വയസിളവ് ഉണ്ടാകും. അങ്കണവാടി വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ എസ്.എസ്.എൽ.സി പാസ്സായവരും, വർക്കർ തസ്തികയിലേക്ക് എസ്.എസ്.എൽ.സി പാസ്സാകാത്തവരും എഴുതും വായനയും അറിയുന്നവരാകണം. ജൂലൈ ഒമ്പത് വൈകീട്ട് അഞ്ച് വരെ തളിക്കുളം ഐ.സി.ഡി.എസ് പ്രൊജക്റ്റ് കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കു. അപേക്ഷഫോം അതത് പഞ്ചായത്ത് ഓഫീസുകളിലും തളിക്കുളം ഐ.സി.ഡി.എസ് പ്രൊജക്റ്റ് കാര്യാലയത്തിലും ലഭിക്കും. ഫോൺ: 0487 2394522.

## പ്ലസ് വൺ-സപ്ലിമെന്ററിക്ക് മുമ്പ് ട്രാൻസ്ഫർ അനുവദിക്കണം

തൃശൂർ: ഹയർ സെക്കണ്ടറി വിഭാഗത്തിൽ സപ്ലിമെന്ററിക്ക് മുമ്പ് ട്രാൻസ്ഫർ അനുവദിച്ച് കേരളത്തിലെ ആയിരക്കണക്കിന് വരുന്ന വിദ്യാർഥികളുടെ ആശങ്ക പരിഹരിക്കണമെന്ന് സർക്കാരിനോട് വിദ്യാഭ്യാസ പ്രവർത്തകനും പുന്നയൂർ പഞ്ചായത്ത് മെമ്പറുമായ അസീസ് മന്ദലാകുന്ന്, വിദ്യാർത്ഥി പ്രതിനിധികളായ മുഹമ്മദ് ഷഹീൻ, ഹാഫിസ്, ഇർഫാൻ എന്നിവർ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.
പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട മൂന്ന് അലോട്ട്മെന്റ് കഴിഞ്ഞ് കേരളത്തിലെ വിവിധ ജില്ലകളിലെ സ്കൂളുകളിൽ ധാരാളം സീറ്റുകൾ ഒഴിവുണ്ട്. ഒഴിവുകളിലേക്ക് ട്രാൻസ്ഫർ അനുവദിച്ച് അതിനുശേഷം സപ്ലിമെന്ററി എന്നതായിരുന്നു നേരത്തെയുള്ള രീതി. എന്നാൽ ഇപ്പോൾ പ്രസ്തുത ഒഴിവുകളിലേക്ക് സപ്ലിമെന്ററി അപേക്ഷ വഴി അലോട്ട്മെന്റ് നടത്തി ഒഴിവുകൾ നികത്തപ്പെട്ടതിനുശേഷം ട്രാൻസ്ഫർ അനുവദിക്കുമ്പോൾ ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല.ഉയർന്ന മാർക്ക് നേടി വിജയിച്ച് ആഗ്രഹിക്കുന്ന സ്കൂളിൽ/ കോഴ്സിൽ വിശിഷ്യ വീടിന് ചുറ്റുവട്ടമുള്ള സ്കൂളുകളിൽ സാങ്കേതികത്വത്തിന്റെ പേരിൽ സീറ്റ് ലഭിക്കാതെ,കിലോമീറ്ററുകൾക്ക് അപ്പുറം സീറ്റ് ലഭിച്ച്,ദീർഘദൂരം യാത്ര ചെയ്ത് പഠനം നടത്തേണ്ട സ്ഥിതിയാണ് ഇതുമൂലം വിദ്യാർത്ഥികൾക്ക് വരുന്നത്. എന്നാൽ സപ്ലിമെന്ററിക്ക് മുമ്പ് ട്രാൻസ്ഫർ അനുവദിക്കുമ്പോൾ തങ്ങൾ ആഗ്രഹിക്കുന്ന സ്കൂളിലേക്ക്/ കോഴ്സിലേക്ക് മാറാൻ സാധിക്കും.ഏതാണ്ട് മ്യൂച്ചൽ ട്രാൻസ്ഫർ ആയതിനാൽ ഇതുമൂലം സർക്കാരിന് യാതൊരു സീറ്റ് നഷ്ടവും സംഭവിക്കുന്നില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറിയും ഹയർ സെക്കണ്ടറിയും ഒരു ഡയറക്ടർക്ക് കീഴിൽ പ്രവർത്തിക്കുമ്പോൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ സപ്ലിമെന്ററിക്ക് മുമ്പ് ട്രാൻസ്ഫർ അനുവദിക്കുകയും ഹയർസെക്കണ്ടറി വിഭാഗത്തിൽ അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് കേരളത്തിലെ വിദ്യാർത്ഥികളോട് ചെയ്യുന്ന അനീതിയാണെന്നും പത്രസമ്മേളനത്തിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.




മുസ്‌ലിം ലീഗ് കാട്ടകാമ്പാൽ പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച ഇ.എം.മൊയ്തുണ്ണി ഹാജി സർവകക്ഷി അനുസ്മരണ യോഗത്തിൽ ദേശീയ സമിതി അംഗം കരീം പന്നിത്തടം സംസാരിക്കുന്നു

## ഇ.എം.മൊയ്തുണ്ണി ഹാജി സമാനതകളില്ലാത്ത അതുല്യ പ്രതിഭ

കാട്ടകാമ്പാൽ: സാമൂഹിക, സാംസ്കാരിക,കാരുണ്യ സേവന രംഗത്ത് സമാനതകളില്ലാത്ത അതുല്യ പ്രതിഭയായിരുന്നു ഇ.എം.മൊയ്തുണ്ണി ഹാജിയെന്ന് മുസ്ലീം ലീഗ് ദേശീയ സമിതി അംഗം കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.
മുസ്‌ലിം ലീഗ് കാട്ടകാമ്പാൽ പഞ്ചായത്ത് കമ്മിറ്റി ചിറക്കൽ അറഫ മണ്ഡപം ഹാളിൽ സംഘടിപ്പിച്ച സർവ്വകക്ഷിയോഗത്തിൽ മുസ്‌ലിം ലീഗ് പഞ്ചായത്ത് വൈസ് പ്രസിഡന്റും, കാരുണ്യ പ്രവർത്തകനുമായിരുന്ന ഇ.എം.മൊയ്തുണ്ണി ഹാജിയുടെ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.
മുസ്‌ലിംലീഗ് പഞ്ചായത്ത് പ്രസിഡന്റ് ഇ.എം.കുഞ്ഞിമോൻ ഹാജി അദ്ധ്യക്ഷനായി. കോൺഗ്രസ്സ് കുന്നംകുളം മുൻ ബ്ലോക്ക് പ്രസിഡന്റ് കെ.ജയശങ്കർ, സി.പി.എം.എൽ.സി.സെക്രട്ടറി എം.എൻ.സത്യൻ, സി.പി.ഐ.പഞ്ചായത്ത് സെക്രട്ടറി പി.കെ.രവീന്ദ്രൻ, കാട്ടകാമ്പാൽ മുൻ പഞ്ചായത്ത് പ്രസിഡന്റ് സദാനന്ദൻ മാസ്റ്റർ, ചൊവ്വന്നൂർ മുൻ ബ്ലോക്ക് പ്രസിഡന്റ് കെ.എം.ഗഫൂർ ഹാജി,കേരള കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റ് ജോർജ്ജ് കൊള്ളന്നൂർ, വ്യാപാരി വ്യവസായി പഞ്ചായത്ത് പ്രസിഡന്റ് സോണി സക്കറിയ, എസ്.ഡി.പി.ഐ. പഞ്ചായത്ത് പ്രസിഡന്റ് റഹീം കരിച്ചാൽ, യൂത്ത് ലീഗ് മണ്ഡലം പ്രസിഡന്റ് നാസർ കടവല്ലൂർ, ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ എം.എസ്.മണികണ്ഠൻ, എം.എ.റഷീദ്, മുസ്ലീം ലീഗ് മണ്ഡലം വൈസ് പ്രസിഡന്റ് അറഫ മൊയ്തുണ്ണി ഹാജി, മുസ്ലീംലീഗ് മണ്ഡലം സെക്രട്ടറി അബ്ദുൾ ഗനി, സ്വതന്ത്ര കർഷക സംഘം മണ്ഡലം പ്രസിഡന്റ് എ.വൈ.മുഹമ്മദ് കുട്ടി, മുസ്ലീംലീഗ് പഞ്ചായത്ത് സെക്രട്ടറി മുസ്തഫ പട്ടിത്തടം, ബാലൻ കോട്ടോൽ, എം.എസ്.എഫ് പഞ്ചായത്ത് പ്രസിഡന്റ് ഉവൈസ് ചിറയൻകാട്, ഡോ: അമാനുള്ള, എൻ.കെ.മജീദ്, ഇ.എം.ഹനീഫാജി മക്കളായ ഇ.എം. ജംഷീദ്, ഇ.എം. ജാസി തുടങ്ങിയവർ പ്രസംഗിച്ചു.




ഒമാൻ സ്കൈ ലൈൻ ഗ്രൂപ്പ് ചെയർമാൻ കെ.സി.എബ്രഹാം കുടുംബത്തിനുള്ള വീടിന്റെ താക്കോൽ കൈമാറുന്നു

## പെരുന്നാൾ സമ്മാനമായി സ്നേഹഭവനമൊരുക്കി സ്നേഹ സ്പർശം ചാരിറ്റി ഫൗണ്ടേഷൻ

തൃശൂർ: ജീവകാരുണ്യ പ്രവർത്തകൻ അബ്ദുൾ അസീസ് തളിക്കുളത്തിന്റെ നേതൃത്വത്തിലുള്ള സ്നേഹഭവൻ പദ്ധതിയുടെ ഭാഗമായി പെരുന്നാൾ സമ്മാനമായി സ്നേഹഭവനമൊരുക്കി സ്നേഹ സ്പർശം ചാരിറ്റി ഫൗണ്ടേഷൻ.
ഒമാനിലുള്ള സ്കൈലൈൻ ഗ്രൂപ്പുമായി സഹകരിച്ച് ജീവകാരുണ്യ പ്രവർത്തകൻ അബ്ദുൾ അസീസിന്റെ നേതൃത്വത്തിലുള്ള സ്നേഹ ഭവൻ പദ്ധതിയുടെ ഭാഗമായി സ്നേഹ സ്പർശം ചാരിറ്റി ഫൗണ്ടേഷൻ നിർമ്മിച്ച 25-ാം മത്തെ സ്നേഹഭവനത്തിന്റെ താക്കോൽദാനം നടന്നു. തളിക്കുളം നേതാജി നഗറിലുള്ള കാൻസർ രോഗിയായ അമ്പലത്ത് വീട്ടിൽ ബഷീറിന്റെ കുടുംബത്തിനാണ് വീട് നിർമ്മിച്ചു നൽകിയത്. കഴിഞ്ഞ തിരുവോണനാളിലാണ് വീടിന്റെ തറക്കല്ലിടൽ നടന്നത്. പത്ത് മാസം കൊണ്ട് മനോഹരമായ വീടാണ് നിർമ്മിച്ചത്. പെരുന്നാൾ സമ്മാനമായിട്ടാണ് സ്കൈലൈൻ ഗ്രൂപ്പ് ചെയർമാൻ കെ.സി.എബ്രഹാം പ്രമുഖരുടെ സാന്നിധ്യത്തിൽ കുടുംബത്തിന് വീട് കൈമാറിയത്. ചടങ്ങിൽ സ്നേഹസ്പർശം മുഖ്യ രക്ഷാധികാരി ടി.എൻ. പ്രതാപൻ അധ്യക്ഷനായിരുന്നു കാരുണ്യത്തിന്റെ കാൽ നൂറ്റാണ്ട് പിന്നിട്ട ജീവകാരുണ്യ പ്രവർത്തകനായ അബ്ദുൾ അസീസ് തളിക്കുളത്തെ തളിക്കുളം പൗരാവലിക്കു വേണ്ടി കെ സി എബ്രഹാമും ടീ എൻ പ്രതാപനും ചേർന്ന് ഉപഹാരം നൽകി ആദരിച്ചു. എസ്.എസ്.എൽ.സി - പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് പുരസ്ക്കാര സമർപ്പണവും നടത്തി. സെക്രട്ടറി പി.കെ. ഹൈദരാലി, മുൻ ജില്ലാ പഞ്ചായത്ത് മെമ്പർ സി എം നൗഷാദ് , മലയാളം ഒമാൻ ചാപ്റ്റർ പ്രസിഡൻറ് അൻവർ ഫുല്ല തുടങ്ങിയവർ സംസാരിച്ചു. സ്നേഹസ്പർശം ഡയറക്ടർ പി.കെ. അബ്ദുൾ ഗഫൂർ സ്വാഗതവും സ്നേഹസ്പർശം കോർഡിനേറ്റർ മുഹമ്മദ് സഗീർ നന്ദിയും പറഞ്ഞു.

## മെഡിക്കൽ ഓഫീസർ നിയമനം


ആലപ്പുഴ: ഗവ.ടി.ഡി.മെഡിക്കൽ കോളജ് ആശുപത്രിയിൽ പീഡിയാട്രിക് സർജറി വിഭാഗത്തിൽ താത്കാലിക ഒഴിവിലേക്കായി കരാർ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ നിയമനം നടത്തുന്നു. എം.ബി.ബി.എസ്., ടി.സി.എം.സി. രജിസ്ട്രേഷനുമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ ജൂൺ 25 ഉച്ചക്ക് രണ്ട് മണിക്ക് യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി നേരിട്ട് ആശുപത്രി സൂപ്രണ്ട് ഓഫീസിൽ എത്തണം.



## സർട്ടിഫിക്കറ്റ് കോഴ്സുകൾ

ആലപ്പുഴ: എസ്.ആർ.സി. കമ്മ്യൂണിറ്റി കോളജ് ജൂലൈ സെഷനിൽ ആരംഭിക്കുന്ന സർക്കാർ അംഗീകൃത കോഴ്സുകളായ ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, സർട്ടിഫിക്കറ്റ് ഇൻ വേഡ് പ്രൊസസിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, സർട്ടിഫിക്കറ്റ് ഇൻ ഡെസ്ക് ടോപ്പ് പബ്ലിഷിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഫിനാൻഷ്യൽ അക്കൗണ്ടിംഗ് കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ പ്രോഗ്രാമിന് ആറ് മാസവും സർട്ടിഫിക്കറ്റ് കോഴ്സിന് മൂന്ന് മാസവുമാണ് കാലാവധി. 18 വയസിനുമേൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. https://app.srccc.in/register എന്ന ലിങ്കിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. വിശദ വിവരങ്ങൾ www.srccc.in വെബ്സൈറ്റിൽ ലഭിക്കും. ജൂൺ 30നു മുന്നെയായി അപേക്ഷിക്കണം. കായകുളം ആർ.ഇ.ടി.സി. കോളജ് (9061942639), ചേർത്തല ബ്രെയിനോ അക്കാദമി (914273184) എന്നിവയാണ് പഠന കേന്ദ്രങ്ങൾ.

# ആലപ്പുഴ വാർത്തകൾ



ചെറുക്കശ്ശേരിയിൽ ക്ഷീര കർഷകയുടെ മൂന്ന് ആടുകളെ തെരുനായ്ക്കൾ അക്രമിച്ച് കൊന്നപ്പോൾ

## ആടുകളെ തെരുവ് നായ്ക്കൾ കടിച്ച് കൊന്നു

എസ്.എൽ.പുരം: ചെറുക്കശ്ശേരിയിൽ ക്ഷീര കർഷകയുടെ മൂന്ന് ആടുകളെ തെരുവ് നായ്ക്കൾ കൊന്ന് തിന്നു.മാരാരിക്കുളം വടക്ക് പഞ്ചായത്ത് 10–ാം വാർഡിൽ ചെറുക്കശ്ശേരിൽസുമ മാധവൻ വളർത്തുന്ന ആടുകളെയാണ് തെരുവ് നായ്ക്കൾ കൂട്ടത്തോടെ അക്രമിച്ച് കൊന്ന് തിന്നത്. ശനിയാഴ്ച പുലർച്ചേ നാല് മണിയോടെയാണ് സംഭവം .പാൽ കറക്കാൻ സുമ തൊഴിത്തിൽ ചെന്നപ്പോൾ നായ്ക്കൾ ആടിനെ തിന്നുന്നതാണ് കണ്ടത്.മൂന്ന് ആടുകളും ചത്തിരുന്നു. മാസം കടിച്ച് കീറി എല്ലുകൾ കാണാവുന്ന തരത്തിലാണ് ആടുകളെ കാണപ്പെട്ടത് .രണ്ട് ആടുകൾക്ക് നാല് മാസം പ്രായമേ ഉള്ളൂ.പ്രദേശത്ത് തെരുവ് നായ ശല്ല്യം അസഹ്യമാണ്. ഇതിന് മുമ്പും നായ്ക്കൾ ആടുകളെ ആക്രമിച്ച് മാസം കഴിച്ചിട്ടുണ്ട്. സുമ മൃഗസംരക്ഷണ വകുപ്പ് അധികൃതർക്കും ഗ്രാമ പഞ്ചായത്ത് അധികൃതർക്കും പരാതി നൽകി.

## ഓൺലൈൻ ഓഹരി വ്യാപാര നിക്ഷേപം; ചേർത്തല സ്വദേശിക്ക് നഷ്ടപ്പെട്ടത് 7.55 കോടി

ആലപ്പുഴ: ഓൺലൈൻ ഓഹരി വ്യാപാര നിക്ഷേപവുമായി ബന്ധപ്പെട്ട് ചേർത്തല സ്വദേശിക്ക് രണ്ട് മാസത്തിനിടയിൽ നഷ്ടപ്പെട്ടത് 7.55 കോടി രൂപ. ഇത്തരത്തിൽ സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ തട്ടിപ്പുകളിലൊന്നാണ് ഇന്നലെ പുറത്ത് വന്നത്. വിവിധ ട്രേഡിങ് കമ്പനികളുടെ വ്യാജ പേരിലായിരുന്നു ഇയാളെ കമ്പളിപ്പിച്ചത്. കമ്പനി അധികൃതരാണെന്ന് തെറ്റിദ്ധരിപ്പിച്ചും വ്യാജരേഖകൾ കാണിച്ചും നിക്ഷേപത്തിന് ഉയർന്ന ലാഭം നൽകുമെന്ന് വിശ്വസിപ്പിച്ചുമാണ് പണം കവർന്നതെന്ന് സൈബർ പൊലിസ് പറഞ്ഞു.

നിക്ഷേപ ലാഭവും ചേർത്ത് 39 കോടിയോളം രൂപ ഇന്റേണൽ ഇക്വിറ്റി അക്കൗണ്ടിൽ ഉണ്ടെന്ന് വ്യാജ സ്റ്റേറ്റ്മെന്റ് അയച്ചു.പിന്നീട് നിക്ഷേപം 15 കോടിയാക്കണമെന്ന ആവശ്യം നിരസിച്ചപ്പോൾ അക്കൗണ്ട് മരവിപ്പിച്ചു. തുടർന്നാണ് തട്ടിപ്പാണെന്ന് മനസ്സിലായത്.

## കെ.എസ്.ആർ.ടി.സി പെൻഷനേഴ്സ് ഓർഗനൈസേഷൻ സമരപ്രഖ്യാപന സമ്മേളനം

ചേർത്തല:കെ.എസ്.ആർ.ടി.സി പെൻഷനേഴ്സ് ഓർഗനൈസേഷൻ എറണാകുളം ആലപ്പുഴ മേഖലാ സമരപ്രഖ്യാപന സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എ. മുഹമ്മദ് അഷറഫ് ഉദ്ഘാടനം ചെയ്തു. ചേർത്തല എൻ.എസ്.എസ് യൂണിയൻ ഹാളിൽ നടന്ന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് പി. മുരളീധരൻ പിള്ള അധ്യക്ഷത വഹിച്ചു. സംസ്ഥാന തല സമര പ്രഖ്യാപന ത്തിനു മുന്നോടിയായി നടന്ന കൺവൻഷനിൽ ആലപ്പുഴ എറണാകുളം ജില്ലകളിലെ 16 യൂണിറ്റുകളിൽ നിന്നുള്ള 220 പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുത്തത്. കെ.എസ്.ആർ.ടി.സി പെൻഷൻ സർക്കാർ ഏറ്റെടുക്കുക,പെൻഷൻ എല്ലാമാസവും കൃത്യസമയത്ത് വിതരണം ചെയ്യുക,ഡി.ആർ കുടിശിഖ പുനസ്ഥാപിക്കുക തുടങ്ങിയ അഞ്ച് ആവശ്യങ്ങൾ സമ്മേളനം ആവശ്യപ്പെട്ടു.ജില്ലാ രക്ഷാധികാരി എൻ.വി തമ്പുരാൻ, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി എൻ.എസ് മുല്ലശേരി , സംസ്ഥാന ട്രഷറർ എ.കെ ശ്രീകുമാർ എന്നിവർ സംസാരിച്ചു.

## യോഗ ദിനാചാരണം

അരുക്കുറ്റി: പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പത്താമത് അന്താരാഷ്ട്ര യോഗ ദിനാചാരണം നടത്തി. പാണാവള്ളി ശ്രീകണ്ഠശ്വരം എസ്. എൻ. ഡി. എസ്. വൈ. യു. പി സ്കൂളിൽ നടത്തിയ ദിനാചാരണം പഞ്ചായത്ത് പ്രസിഡന്റ് രാഗിണി രമണൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ. ഇ. കുഞ്ഞുമോൻ അധ്യക്ഷത വഹിച്ചു.ആയുർവ്വേദ മെഡിക്കൽ ഓഫിസർ ഡോ. അശ്വതി യോഗ ദിന സന്ദേശം നൽകി. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രാജിമോൾ, സ്കൂൾ മാനേജർ അഡ്വ. എസ് രാജേഷ്, വാർഡ് മെമ്പർ രജനി രാജേഷ്, സ്കൂൾ ഹെഡ്മിസ്ട്രെസ് ബി. ബീന, പി. ടി. എ പ്രസിഡന്റ് രമ്യ ലാൽ, ഡോ. നതാഷ തെരേസ എന്നിവർ സംസാരിച്ചു. ഡോ. ആൻ മേരി കെ. ജെ യോഗ പരിശീലനത്തിന് നേതൃത്വവും നൽകി. കേരള സർക്കാർ ആയുഷ് ഹോമിയോ വകുപ്പിന്റെ നേതൃത്വത്തിലായിരുന്നു പരിശീലനം.



ചമ്പക്കുളം മൂലം ജലോത്സവത്തിന്റെ ഭാഗമായി നടന്ന മാസ്ഡ്രിൽ




ചമ്പക്കുളം മൂലം വള്ളംകളിയിൽ ഒന്നാം സ്ഥാനം നേടിയ ആയാപറമ്പ് വലിയദിവാൻജി ചുണ്ടന്റെ ക്യാപ്റ്റന് കലക്ടർ അലക്സ് വർഗ്ഗീസ് ട്രോഫി കൈമാറുന്നു

## നവജാതശിശുവിന്റെ മരണം
# അന്വേഷണ റിപ്പോർട്ട് ഗൗരവത്തോടെ കാണും

അമ്പലപ്പുഴ: നവജാതശിശു മരിച്ച സംഭത്തിൽ അന്വേഷണ റിപ്പോർട്ട് ഗൗരവത്തോടെ കാണുമെന്നും അത് പ്രസിദ്ധപ്പെടുത്തി മാതൃകാപരിമായ നടപടി കൈക്കൊള്ളുമെന്നും ആലപ്പുഴ ഗവ.ടി.ഡി. മെഡിക്കൽ കോളജിൽ ചേർന്ന ആശുപത്രി വികസന സൊസൈറ്റി യോഗത്തിൽ കൃഷി മന്ത്രി പി. പ്രസാദ് പറഞ്ഞു.

ജനങ്ങളുടെ വിശ്വാസ്യത തകർക്കുന്ന കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ ജില്ല കലക്ടറും സൂപ്രണ്ടും പ്രിൻസിപ്പാളും അടങ്ങുന്ന അധികൃതർ ഉറപ്പുവരുത്തണം. ലാബുകളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളും. ചികിത്സാ സമയത്ത് തന്നെ ലാബ് ടെസ്റ്റുകൾ ചെയ്ത് നൽകാനുള്ള സംവിധാനം ഒരുക്കാനാകുമോയെന്ന് പരിശോധിക്കും. ടെക്നീഷ്യൻമാരുടെ അഭാവമുള്ളത് പരിഹരിക്കും. രോഗകാര്യങ്ങളും ചികിത്സാവിവരങ്ങളും രോഗികളുടെ ബന്ധുക്കളെ അറിയിക്കാൻ കൃത്യമായ ആശയവിനിമയ സംവിധാനമുണ്ടാക്കണം. കാര്യങ്ങൾ സുതാര്യമാകണമെന്നും ആശുപത്രിയിലെ പബ്ലിക് റിലേഷൻസ് കാര്യക്ഷമമാക്കണമെന്നും മന്ത്രി പറഞ്ഞു. ആശുപത്രിയിലെ വിവിധ വിഭാഗങ്ങൾ തമ്മിൽ മതിയായ ഏകോപനം ഇല്ലാത്തതായി കെ.സി.വേണുഗോപാൽ എം.പി. പറഞ്ഞു. വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ അഭാവം എത്രയും പെട്ടന്ന് പരിഹരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. ഫാർമസിയിൽ ഇല്ലാത്ത മരുന്നുകൾ ഡോക്ടർമാർ കുറിച്ചു കൊടുക്കുന്നു എന്ന പരാതി ജനങ്ങൾക്കുള്ളതായി എച്ച്. സലാം എം.എൽ.എ ചൂണ്ടിക്കാട്ടി. ഫാർമസിയിൽ അതേ ഫോർമേഷനിലുള്ള മരുന്നുകൾ ഉള്ളപ്പോഴാണ് അതിനു പകരം മറ്റ് കമ്പനികളുടെ മരുന്നുകൾ കുറിക്കുന്നത്. ഈ പ്രവണത അവസാനിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.ജില്ല കലക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.സി. വേണുഗോപാൽ എം.പി., എച്ച്. സലാം എം.എൽ.എ., ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി, പ്രിൻസിപ്പാൾ ഡോ. മറിയം വർക്കി, സൂപ്രണ്ട് ഡോ.എ. അബ്ദുൾ സലാം, മറ്റ് ജനപ്രതിനിധികൾ, എച്ച്.ഡി.എസ്. അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



ആലപ്പുഴ ഗവ.ടി.ഡി. മെഡിക്കൽ കോളജിൽ ചേർന്ന ആശുപത്രി വികസന സൊസൈറ്റി യോഗത്തിൽ നിന്ന്

## ഡോക്ടർമാരുടെയും മരുന്നിന്റെയും ക്ഷാമം പരിഹരിക്കണം: കെ.സി

ആലപ്പുഴ മെഡിക്കൽ കോളേജിൽ ഏറ്റവും കൂടുതൽ ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികൾ എത്രയും വേഗം നികത്താനും മരുന്ന് ക്ഷാമം പരിഹരിക്കാനും സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടതായി കെ.സി.വേണുഗോപാൽ എംപി.ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വികസന കമ്മിറ്റിയുടെ ജനറൽ ബോഡി യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.അനസ്തേഷ്യ, റേഡിയോ ഡയഗ്നോസിസ് വിഭാഗങ്ങളിലാണ് കൂടുതൽ ഡോക്ടർമാരുടെ ഒഴിവുള്ളത്. ഡോക്ടർമാരുടെ ഒഴിവ് നികത്തുക എന്നത് അടിസ്ഥാനപരമായ കാര്യമാണ്.എന്നാൽ ഒഴിവുകൾ നികത്തുന്നില്ലെന്നാ മാത്രമല്ല പകരം ആളെ നിയമിക്കാതെ ഡോക്ടർമാർക്ക് സ്ഥലം മാറ്റം നൽകുകയും ചെയ്യുന്ന സ്ഥിതിയാണ്. മരുന്ന് ക്ഷാമം രൂക്ഷമാണ്. ഇതിൽ ഗവൺമെന്റ് ഇടപെടണമെന്ന് ശക്തമായി ആവശ്യപ്പെട്ടു.ഇടപെടൽ ഉണ്ടാകുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും എംപി വ്യക്തമാക്കി.

മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വിസനങ്ങളുടെ കാര്യത്തിലും തീരുമാനമെടുത്തു.ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൂർത്തിയാകാത്ത കെട്ടിടങ്ങളുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാനും ആവശ്യമുള്ള മെയിന്റനൻസ് നടപ്പിലാക്കാനും യോഗം തീരുമാനിച്ചിതായി കെ.സി.വേണുഗോപാൽ എംപി അറിയിച്ചു. 2013ൽ യുപിഎ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ മെയിന്റനൻസ് സംബന്ധിച്ച് പിഡബ്ല്യുഡിയുമായി നില നിൽക്കുന്ന തർക്കം പരിഹരിക്കാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് യോഗത്തിൽ പങ്കെടുത്ത കൃഷി മന്ത്രിയോട് ആവശ്യപ്പെട്ടു. ഗവൺമെന്റ് ഓർഡർ നൽകാത്തത് കൊണ്ടുമാത്രം ആശുപത്രികളിൽ നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് നിരാശാജനകമാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്നത്തെ യോഗത്തിൽ ആരോഗ്യവകുപ്പ് മന്ത്രി പങ്കെടുത്തിരുന്നെങ്കിൽ കൂടുതൽ ഗുണകരമായിരുന്നു. അവർക്ക് പകരം കൃഷിമന്ത്രിയാണ് പങ്കെടുത്തത്. ആശുപത്രിയിൽ റിപ്പോർട്ട് ചെയ്ത ചികിത്സാ പിഴവ് ഉൾപ്പെടെയുള്ള അനിഷ്ട സംഭവങ്ങളിൽ റിപ്പോർട്ട് പുറത്ത് വരുന്നതനുസരിച്ച് നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വേണുഗോപാൽ വ്യക്തമാക്കി.

## മെഡിക്കൽ കോളജിലെ വിഷയം ചർച്ച ചെയ്യാൻ ആരോഗ്യമന്ത്രിയില്ല

### പകരം എത്തിയത് കൃഷിമന്ത്രി

അമ്പലപ്പുഴ. വിവാദങ്ങൾക്കിടെ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രി വികസന സമിതി യോഗം ചേർന്നപ്പോൾ ആരോഗ്യവകുപ്പ് മന്ത്രിക്ക് പകരം പങ്കെടുത്തത് കൃഷി മന്ത്രി. അടുത്തിടെ ഉണ്ടായ മൂന്നു മരണങ്ങൾ ഏറെ വിവാദം സൃഷ്ടിച്ചതിനെ തുടർന്നാണ് ഇന്നലെ അടിയന്തിരമായി യോഗം ചേർന്നത്. ജനപ്രതിനിധികളുടെ നിരന്തരമായ ആവശ്യത്തെ തുടർന്നും വികസന സമിതി അംഗങ്ങൾ കലക്ടറേറ്റിനു മുന്നിൽ ധർണ നടത്തിയും കെ.സി വേണുഗോപാൽ എം പി ശക്തമായി ആവശ്യപെട്ടതിനാലുമാണ് യോഗം ചേർന്നത്. പോരായ്മകളും പരാതികളും ജീവനക്കാരുടെ ഒഴിവുകളും നേരിട്ട് മനസ്സിലാക്കി ശക്തമായ തീരുമാനമെടുക്കേണ്ട ആരോഗ്യവകുപ്പ് മന്ത്രി പങ്കെടുക്കാതെ കൃഷിവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങൾ യാതൊന്നും നടപ്പിലാകില്ലന്നാണ് ആക്ഷേപം ഉയരുന്നത്. നവജാതശിശുവിന്റെ മരണം ഉൾപ്പെടെ നാളിതുവരെയുള്ള എല്ലാ സംഭവങ്ങളിലും നടത്തിയ അന്വേഷണ റിപ്പോർട്ടുകൾ പോലും വെളിച്ചം കണ്ടിട്ടില്ല. യാതൊരു നടപടികളും ഉണ്ടായിട്ടില്ല. ഡോക്ടർമാരുടെ ഒഴിവുകൾ, മരുന്ന് ക്ഷാമം, പകരം ആളെ നിയമിക്കാതെ ഡോക്ടർമാർക്ക് സ്ഥലം മാറ്റം നൽകുക, മെഡിക്കൽ കോളജിന്റെ അടിസ്ഥാന സൗകര്യങ്ങളിലും വികസനങ്ങളുടെ കാര്യത്തിലും ഉണ്ടാകുന്ന കാലതാമസം പൂർത്തിയാകാത്ത കെട്ടിടങ്ങളുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാനുള്ള നടപടികൾ, തുടങ്ങി നിരവധി ആവശ്യങ്ങൾ ചർച്ച ചെയ്യേണ്ട യോഗത്തിൽ നിന്നുമാണ് ആരോഗ്യ വകുപ്പ് മന്ത്രി വിട്ടുനിന്നത്. ആലപ്പുഴ മെഡിക്കൽ കോളജിനോട് സർക്കാർ കാണിക്കുന്ന അനാസ്ഥയുടെ ഭാഗമാണിതെന്നും രോഗികൾ പറയുന്നു.




സംസ്ഥാന യുവജന ക്ഷേമ ബോർഡ് ജില്ല യുവജന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ജില്ലാതല ശാസ്ത്ര ക്വിസിൽ വിജയിച്ചവർ

## ശാസ്ത്ര ബോധമുണർത്തി ശാസ്ത്ര ക്വിസ്

ആലപ്പുഴ: കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് ആലപ്പുഴ ജില്ല യുവജന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല ശാസ്ത്ര ക്വിസ് നടത്തി. കരുമാടി കെ.കെ.കെ.പി.എസ്.ജി.എച്ച്. എസ്.ലെ പി. ഹരികൃഷ്ണൻ, ജ്യോതിലക്ഷ്മി ശ്രീകുമാർ എന്നിവർ ഒന്നാം സ്ഥാനവും, കാക്കാഴം ജി.എച്ച്. എസ്. ലെ എസ്.ദേവദർശ്, അബിൻരാജ് എന്നിവർ രണ്ടാം സ്ഥാനവും നേടി. സമാപന സമ്മേളന ഉദ്ഘാടനവും വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, ക്യാഷ് പ്രൈസ് വിതരണവും യുവജനക്ഷേമ ബോർഡ് മെമ്പർ എസ്. ദീപു നിർവഹിച്ചു. എൻ.ജി.ഒ. യൂണിയൻ ഹാളിൽ നടന്ന ചടങ്ങിൽ ജില്ല കോഓർഡിനേറ്റർ ജയിംസ് സാമുവൽ അധ്യക്ഷനായി. ജില്ല യൂത്ത് പ്രോഗ്രാം ഓഫീസർ ബി. ഷീജ, അവളിടം ജില്ല കോഓർഡിനേറ്റർ രമ്യരമണൻ, മുനിസിപ്പാലിറ്റി യൂത്ത് കോഓർഡിനേറ്റർ ജാക്സൺ പീറ്റർ തുടങ്ങിയവർ പങ്കെടുത്തു. ഒന്നാം സ്ഥാനം നേടിയ ടീമിന് 10,000 രൂപയും രണ്ടാം സ്ഥാനം നേടിയ ടീമിന് 5000 രൂപയുമാണ് ക്യാഷ് പ്രൈസ് നൽകിയത്. ഒന്നാം സ്ഥാനം നേടിയ ടീം സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കും.

### യോഗ ദിനം ആചരിച്ച് കുരുന്നുകൾ

മുഹമ്മ: കെ.ഇ കാർമൽ സി.എം.ഐ സ്കൂൾ അന്താരാഷ്ട്ര യോഗദിനം ആഘോഷിച്ചു. സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങ് പ്രിൻസിപ്പാൾ ഫാ. ഡോക്ടർ സാംജി വടക്കേടം സി.എം.ഐ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്ക് യോഗ ദിന സന്ദേശവും നൽകി. ഹെഡ്മിസ്ട്രസ് രൂപ ജയൻ സ്വാഗതം പറഞ്ഞു. അധ്യാപികയും യോഗ പരിശീലകയുമായ സിസ്റ്റർ സൗമ്യയുടെ നേതൃത്വത്തിൽ കുരുന്നുകൾ ആവേശപൂർവ്വം അഞ്ചുതരം യോഗമുറകൾ പരിശീലിക്കുന്ന കാഴ്ച നയനാനന്ദകരമായി. പുതുതലമുറയുടെ ആരോഗ്യ ശീലങ്ങൾക്ക് കരുതലായി ഈ യോഗമുറകൾ മാറുമെന്ന് ഫാ. സാംജി വടക്കേടം പറഞ്ഞു.

## 16കാരിയോട് അപമര്യാദയായി പെരുമാറിയ ബി.ജെ.പി പ്രവർത്തകൻ അറസ്റ്റിൽ



ശ്രീകുമാർ

അമ്പലപ്പുഴ: പതിനാറു വയസുകാരിയോട് അപമര്യാദയായി പെരുമാറിയ കേസിൽ ബി. ജെ.പി പ്രവർത്തകൻ അറസ്റ്റിൽ. അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് ഒമ്പതാം വാർഡ് ചിറയിൽ വീട്ടിൽ ശ്രീകുമാർ (51)ആണ് അറസ്റ്റിലായത്.

പ്ലസ് വൺ അലോട്ട്മെന്റ് പരിശോധിക്കാൻ കമ്പ്യൂട്ടർ സെന്ററിലെത്തിയതായിരുന്നു കുട്ടി. ഈ സമയം സെന്ററിൽ മറ്റാരുമുണ്ടായിയിരുന്നില്ല ഇതിനിടെ വിഷയം ഒത്തുതീർപ്പാക്കാൻ പ്രാദേശിക ബി.ജെ.പി നേതാക്കന്മാർ ഇടപെട്ടതായി സമീപവാസികൾ പറഞ്ഞു.

എന്നാൽ ബന്ധുക്കൾ അമ്പലപ്പുഴ പൊലീസിനു നൽകിയ പരാതിയിൽ ഉറച്ചുനിന്നതോടെയാണ് ശ്രീകുമാറിനെ അറസ്റ്റു ചെയ്തത്.

ബി.ജെ.പിയുടെ മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റാണ്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റു ചെയ്തു.

## ആലപ്പുഴ പ്രസ് ക്ലബ് മുഖാമുഖം

ആലപ്പുഴ: നീറ്റ്‌യു ജി പരീക്ഷാ ക്രമക്കേട് കോടതിയുടെ മേൽനോട്ടത്തിൽ സി ബി ഐ അന്വേഷിക്കണമെന്ന് എ ഐ സി സി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ എം പി.

വിഷയത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് കൂട്ടായി ആലോചിച്ച് പ്രഖ്യാപിക്കുമെന്നും കെ സി വേണുഗോപാൽ പറഞ്ഞു.

ആലപ്പുഴ പ്രസ് ക്ലബ് സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.പരീക്ഷയിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന് മന്ത്രി ധർമ്മേന്ദ്ര പ്രധാൻ തന്നെ പറഞ്ഞിട്ടുണ്ടെന്ന് കെ സി വേണുഗോപാൽ ചൂണ്ടിക്കാട്ടി.

വിഷയത്തിൽ പ്രധാന മന്ത്രി മൗനം പാലിക്കുകയാണ്. മന്ത്രിയെക്കൊണ്ട് ലോക്സഭയിൽ കണക്ക് പറഞ്ഞ് ഉത്തരം പറയിക്കുമെന്നും കെ സി വേണുഗോപാൽ അഭിപ്രായപ്പെട്ടു.




ആലപ്പുഴ പ്രസ് ക്ലബ്ബിന്റെ മുഖാമുഖം പരിപാടിയിൽ എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ എം പി പങ്കെടുത്തപ്പോൾ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 23 ഞായർ
ഗൾഫ് ചന്ദ്രിക

## ലീഡർ ഇൻ സൈറ്റ് പ്രഭാഷണം

കൊച്ചി: കേരള മാനേജ്മെൻറ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി വൈ ഡു കോർപ്പറേറ്റ് ലീഡേഴ്സ് ഹാവ് അൺഎത്തിക്കൽ ഫാൾസ് എന്ന വിഷയത്തിൽ കൊളംബിയ അലുമ്നസ് എക്സ് എൽ ആർ ഐ പ്രൊഫസർ ഡോ. ജോൺ ജോർജ് ചിറമേൽ പ്രഭാഷണം നടത്തി. കെഎംഎ പ്രസിഡൻറ് ബിബു പുന്നൂരാൻ, വൈസ് പ്രസിഡൻറ് അൽജിയേഴ്സ് ഖാലിദ്, ജോ.സെക്രട്ടറി അനിൽ വർമ്മ എന്നിവർ പ്രസംഗിച്ചു.

## യോഗ ദിനാചരണം

കൊച്ചി: സ്ലിംമിഗോ ഹെൽത്ത് ഫൗണ്ടേഷനും അന്താരാഷ്ട്ര യോഗ ദിനാചരണവും ഹൈബി ഈഡൻ എംപി പാലാരിവട്ടം മൺസൂൺ എംപ്രസ് ഹോട്ടലിൽ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കുള്ള കോമിക് സീരിസിന്റെ പ്രകാശനം അജിത് ബസു നിർവഹിച്ചു. എറണാകുളം അങ്കമാലി അതിരൂപത കോർഡിനേറ്റർ ഫാ. ജോസ് കൊളത്തുവയൽ പ്രാർഥന നിർവഹിച്ചു. ഷിബു തെക്കുംപുറം, അജിത് ബസു, സ്ലിം മി ഗോ ചീഫ് പ്രോഗ്രാം ഓഫിസർ ബിജോഷ് പോൾ എന്നിവർ പ്രസംഗിച്ചു. യോഗയുടെ ഗുണങ്ങളെ കുറിച്ച് ഡോ. അഞ്ജൽ തോമസ് ക്ലാസെടുത്തു.

## കാനറ എച്ച്എസ്ബിസി ബോണസ് പ്രഖ്യാപിച്ചു

കൊച്ചി: കാനറഎച്ച്എസ്ബിസി ലൈഫ്ഇൻഷ്വറൻസ്കമ്പനി 2023-24 സാമ്പത്തികവർഷത്തേക്ക്പോളിസിഉടമകൾക്കായി 232 കോടിരൂപയുടെ ബോണസ്പ്രഖ്യാപിച്ചു. മുൻവർഷത്തേതിനേക്കാൾ 6.8ശതമാനംകൂടുതലാണിതെന്ന്കാനറ എച്ച്എസ്ബിസി ലൈഫ് ഇൻഷ്വറൻസ്മാനേജിങ്ഡയറക്ടർ അനുജ്മാത്തൂർ പറഞ്ഞു

## അനുസ്മരണം

പറവൂർ: മുസ്‌ലിം ലീഗ് പറവൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ, കഴിഞ്ഞ ദിവസം നിര്യാതനായ മുസ്ലിം ലീഗ് നേതാവ് വി എം. കാസിമിന്റെ അനുസ്മരണം ഇന്ന് വൈകിട്ട് 4ന് പറവൂർ ലീഗ് ഹൗസിൽ നടത്തുമെന്ന് ലീഗ് നിയോജക മണ്ഡലം ജനറൽ സെക്രട്ടറി കെ.കെ.അബ്ദുല്ല അറിയിച്ചു. ലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് മെമ്പർ കെ.എം.അബ്ദുൽ മജീദ്, ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.വി. ഇ.അബ്ദുൽ ഗഫൂർ തുടങ്ങിയവർ പങ്കെടുക്കും.

# എറണാകുളം വാർത്തകൾ

## ടി.സി.സിയിൽ മോക്ഡ്രിൽ

ഏലൂർ : കേരള പൊതുമേഖല സ്ഥാപനമായ ടി.സി.സി. കമ്പനിയിൽ ചൊവ്വാഴ്ച്ച ഉച്ചക്ക് 2 മണിക്കും, 3.30 നും ഇടയിൽ മോക് ഡ്രില്ലിനോടനുബന്ധിച്ച് പല പ്രാവശ്യം സൈറൻ മുഴങ്ങുന്നതാണ്. ഇത് കേട്ട് ആരും പരിഭ്രാന്തരാകരുതെന്ന് കമ്പനി മാനേജ് മെന്റ് അറിയിച്ചു.

## ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു

മൂവാറ്റുപുഴ: ഗവ. ഈസ്റ്റ് ഹൈസ്കൂളിൽ കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികൾക്ക് ആദരം നൽകി. മുവാറ്റുപുഴ നഗരസഭാ ചെയർമാൻ പി.പിഎൽദോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ മുവാറ്റുപുഴ എം.എൽ.എ ഡോ: മാത്യൂ കുഴൽ നാടൻ ഉദ്ഘാടനം ചെയ്തു.

ഹെഡ്മിസ്ട്രസ് വിജയകുമാരി സ്വാഗതം ആശംസിച്ചു മുൻ മുനിസിപ്പൽ ചെയർമാൻ എ മുഹമ്മദ് ബഷീർ രാജീവ് ഗാന്ധി കൾച്ചറൽ സെന്റർ സ്പോൺസർ ചെയ്ത വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു.

പുരസ്കാരങ്ങൾ നൽകിവിവിധഎൻഡോവ്മെന്റുകളുടെ വിതരണം മുൻ പൊതുമരാമത്ത് സ്റ്റാൻഡിംഗ് എൽ.എസ്.എസ്, യു.എസ്.എസ് കമ്മറ്റി ചെയർമാൻ സി.എം. സീതി ,പി ടി എ പ്രസിഡന്റ് സജ്ന മുജീബ് ,വൈസ് പ്രസിഡന്റ് പി.വി ലിനേഷ്,മാതൃസംഗമം ചെയർപേഴ്സൺ ബീമ കരീം എന്നിവർ നടത്തി.

പൂർവ്വ വിദ്യാർത്ഥി സമിതി അംഗം എൻ.പി.ജയൻ സ്കൂൾ സംരക്ഷണ സമിതി അംഗങ്ങളായ ഓമന ടീച്ചർ പി.ടി.എ അംഗം അനുരാധ , അധ്യാപക പ്രതിനിധികളായ ഷീജ കെ.എം ,അമ്പിളി മോഹനൻ ,ഷീജ.കെ.എം സ്കൂൾ ലീഡർ ഹന മറിയം എന്നിവർ ആശംസകളർപ്പിച്ചു. നിഷ.ടി.കെ നന്ദി പ്രകാശിപ്പിച്ചു.

## സിൻക്രോണി 2024ലെ ഇന്ത്യയിലെ ഏറ്റവും മികച്ച തൊഴിലിടമുള്ള കമ്പനി

കൊച്ചി: പ്രീമിയർ കൺസ്യൂമർ ഫിനാൻഷ്യൽ സർവീസ് കമ്പനിയായ സിൻക്രോണിക്ക് ഇന്ത്യയിൽ ജോലി ചെയ്യാവുന്ന മികച്ച കമ്പനികളിൽ ഒന്നായി വീണ്ടും അംഗീകാരം.

ക്രിയാത്മകവും ജനകേന്ദ്രീകൃതവുമായ ജോലിസ്ഥല സംസ്കാരം വളർത്തിയെടുക്കുന്നതിൽ ദേശീയതലത്തിലെ മുൻനിരക്കാരെന്ന നിലയിലുള്ള അതിന്റെ സ്ഥാനം ഉറപ്പിച്ചുകൊണ്ട് തുടർച്ചയായ ഏഴാം വർഷമാണ് സിൻക്രോണി ഈ ബഹുമതിക്ക് അർഹരാവുന്നത്.

2023ലെ ബ്രോൺസ് വിഭാഗം ഇന്ത്യൻ വർക്ക്പ്ലേസ് ഇക്വാലിറ്റി ഇൻഡക്സിലെ മികച്ച തൊഴിൽദാതാവായി സിൻക്രോണിയെ തിരഞ്ഞെടുത്തിരുന്നു.

2024ൽ ആംബിഷൻ ബോക്സ് എംപ്ലോയീ ചോയ്സ് അവാർഡുകളിൽ സ്ത്രീകൾക്ക് ജോലി ചെയ്യാനുള്ള ഏറ്റവും മികച്ച കമ്പനികളിൽ 30ാം സ്ഥാനവും, ടോപ്പ് റേറ്റിങ് ഫിനാൻഷ്യൽ സർവീസസ് കമ്പനി പുരസ്കാരവും സിൻക്രോണിക്ക് ലഭിച്ചു. ഗ്രേറ്റ് പ്ലെയ്സ് ടു വർക്കിന്റെ ബിഎഫ്എസ്ഐയിലെ ഇന്ത്യയിലെ മികച്ച 25 ജോലിസ്ഥലങ്ങളിലൊന്നായും സിൻക്രോണി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മെന്റൽ ഹെൽത്ത് റിസോഴ്സസ് ഉൾപ്പെടെ വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിന് സാമ്പത്തിക ലോജിസ്റ്റിക്കൽ പിന്തുണ ജീവനക്കാർക്ക് സിൻക്രോണി വാഗ്ദാനം ചെയ്യുന്നുണ്ട്.

പ്രിവന്റീവ് കെയർ മുതൽ ഫെർട്ടിലിറ്റി ചികിത്സകൾ വരെ ഉൾപ്പെടുന്നതാണ് സിൻക്രോണിയുടെ മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ.

ഈ അംഗീകാരം വലിയ ബഹുമതിയും സിൻക്രോണിയിൽ ഞങ്ങൾക്കുള്ള കഠിനാധ്വാനികളായ ടീമിനുള്ള സാക്ഷ്യവുമാണെന്ന് സിൻക്രോണി ഇന്ത്യ കൺട്രി ഹെഡും സീനിയർ വൈസ് പ്രസിഡന്റുമായ രചന ബഹദൂർ പറഞ്ഞു.




**മന്ത്രിയൊക്കെ വരുന്നതല്ലേ...**

*എറണാകുളം കെ എസ് ആർ ടി സി ബസ് സ്റ്റാൻഡ് സന്ദർശിക്കാൻ ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ്കുമാർ വരുന്നതിന് തൊട്ട് മുൻപേ ശോചനീയമായി കിടക്കുന്ന പ്രവേശന കവാടം കഴുകി വൃത്തിയാക്കുന്നു.*

■ നിതിൻ കൃഷ്ണൻ

## ഓൺ ലൈൻ തട്ടിപ്പ് വ്യാപകമായി
# അടിച്ചുമാറ്റുന്നത് ലക്ഷങ്ങൾ

മട്ടാഞ്ചേരി: ഓൺലൈൻ തട്ടിപ്പ് നടത്തി കൊള്ളയടിക്കുന്ന സംഘം വിലസുന്നു. കൊച്ചിയിൽ പലർക്കും നഷ്ടപ്പെട്ടത് ലക്ഷങ്ങൾ. നിയമ വിരുദ്ധ ഇനങ്ങൾ പാഴ്സലായി എത്തിയെന്നും ,നടപടിക്രമങ്ങൾ ലഘുകരിക്കാനും നിരപരാധിത്വം വെളി വാക്കാനും നടപടികൾക്കായി പിഴ, പാഴ്സൽ ബാഗേജ് ചാർജ് തുടങ്ങി വിവിധ കാരണങ്ങൾക്കായി അടിയന്തിരമായി തുക അയക്കണമെന്ന് കസ്റ്റംസ്, പൊലീസ് അധികൃതരെന്ന് പറഞ്ഞാണ് തട്ടിപ്പ്. ഫോൺ വിളിച്ച് തുക ഉടൻ അയ ക്കണമെന്ന് പറയുന്നതോടെ ഭയാശങ്ക യിൽ പണം നൽകുന്ന രീതിയിലാണ് തട്ടിപ്പ്. കൊച്ചിയിൽ കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ ഏഴോളം തട്ടിപ്പുകൾ നടന്നതായാണ് ചുണ്ടിക്കാട്ടുന്നത്. പലരും പൊലീസിന് പരാതി നൽകുന്നതിന് ത യ്യാറാകാത്തതാണ് തട്ടിപ്പ് വ്യാപിക്കാൻ ഇടയാക്കുന്നതെന്ന് പൊലീസ് വൃത്തങ്ങൾ പറയുന്നു. ആഴ്ചകൾക്ക് മുമ്പ്, സ്കൂൾ അധ്യാപികയുടെ മകൾക്ക് 75000 രൂപ നഷ്ടപ്പെട്ടു. മുണ്ടംവേലിയിലെ കച്ചവടക്കാരന് 25000 രുപയും നഷ്ടപ്പെട്ടു. ഇന്നലെ തട്ടിപ്പിനിരയായത് സാമൂഹ്യ പ്രവർത്തകനായ റിട്ട: വിൽപന നികുതി ഉദ്യോഗസ്ഥനായ കരുവേലിപ്പടി ആർ.കെ.പിള്ള റോഡിൽ ശാന്തി നഗറിലെ വി.കെ. അബ്ദുൾ റഹിമിനാണ്. തന്റെ മേൽവിലാസത്തിൽ അനാഥാലയത്തിലേക്ക് വസ്ത്രമെന്ന് പറഞ്ഞ് എത്തിയത് നിയമവിരുദ്ധ ഇനമാണന്ന് ഭീഷണിപ്പെടുത്തി. 40,000 രുപയാണ് പിഴയെന്ന് പറഞ്ഞ് ബാങ്ക് ട്രാൻസ്ഫർ നടത്തിച്ചു.

തോപ്പുംപടി പൊലീസിൽ അബ്ദുൾ റഹിം പരാതി നൽകി. ഇത്തരം അപരിചിത കോളുകൾ വരുമ്പോൾ പൊലീസിൽ ഹാജരാകാമെന്ന് മറുപടി നൽകുകയാണ് വേണ്ടതെന്ന് അധികൃതർ പറഞ്ഞു.

## പൊളിറ്റിക്കൽ സയൻസിൽ ഗസ്റ്റ് ഫാക്കൽറ്റി

കൊച്ചി: കളമശേരിയിലുള്ളനാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽസ്റ്റഡീസിൽ (നുവാൽസ് ) പൊളിറ്റിക്കൽസയൻസ് വിഷയത്തിൽആവശ്യമുള്ള ഗസ്റ്റ്ഫാക്കൽറ്റികളെ നിയമിക്കുന്നതിലേക്കായി 28നു രാവിലെപത്ത്മണിക്ക് വാക്ഇൻ ഇന്റർവ്യൂ നടത്തുന്നു. പൊളിറ്റിക്കൽസയൻസിൽ ബിരുദാനന്തരബിരുദത്തിൽ 55ശതമാനത്തിൽകുറയാത്തമാർക്കും,യുജിസി നെറ്റുമാണ് നിശ്ചിതയോഗ്യത . നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയുംപരിഗണിക്കും. മതിയായ യോഗ്യതയുള്ള വിരമിച്ച അധ്യാപർക്കും അഭിമുഖത്തിൽപങ്കെടുക്കാം. പ്രതിഫലംമണിക്കൂറടിസ്ഥാനത്തിൽ ആയിരം രൂപയും യാത്രാബത്തയും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ചഅപേക്ഷയും യോഗ്യതകളുടെയുംപ്രവൃത്തിപരിചയസർട്ടിഫിക്കറ്റുകളുടേയും അസ്സലും പകർപ്പുകളും സഹിതം 28ന് രാവിലെ10 മണിക്ക് കളമശേരിയിലുള്ള നുവാൽസ്അഡ്മിനിസ്ട്രേറ്റിവ്ഓഫിസിൽ ഹാജരാകണമെന്ന് രജിസ്ട്രാർ അറിയിച്ചു.

## മന്ത്രി നൽകിയ സൈക്കിൾ മോഷ്ടിച്ച പ്രതി പിടിയിൽ

കൊച്ചി: പാലാരിവട്ടം വട്ടത്തിപ്പാടത്തുള്ള വീട്ടിൽ നിന്നും സൈക്കിൾ മോഷ്ടിച്ച പ്രതി പിടിയിൽ. ആലപ്പുഴ ആറാട്ടുവഴി സ്വദേശി തൈപ്പറമ്പിൽ വീട്ടിൽ ഷാജി (56) യെയാണ് ഇന്നലെ പുലർച്ചെ നാല് മണിയോടെ പാലാരിവട്ടം പൊലീസ് അറസ്റ്റ് ചെയ്തത്.

തന്റെ സൈക്കിൾ മോഷണം പോയത് മന്ത്രിയോട് പരാതി നൽകിയപ്പോളാണ് ചാലത്തൂർ വളപ്പിൽ അവന്തിക എന്ന പ്ലസ് വൺ വിദ്യാർഥിനിക്ക് സ്കൂൾ പ്രവേശനത്തോടനുബന്ധിച്ച് നടത്തിയ ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പുതിയ സൈക്കിൾ സമ്മാനിച്ചത്.

ഈ സൈക്കിളാണ് ഷാജി മോഷ്ടിച്ചത്. മോഷണമുതലായ സൈക്കിൾ പ്രതിയിൽ നിന്നും കണ്ടെത്തി. കൊച്ചി സിറ്റി ഡി.സി.പി കെ.എസ് സുദർശന്റെ നിർദ്ദേശപ്രകാരം പാലാരിവട്ടം എസ്.എച്ച്.ഒ റിച്ചാർഡ് വർഗീസിന്റെ നേതൃത്വത്തിൽ സബ് ഇൻസ്പെകൂർമാരായ ആൽബി.എസ്.പുതുക്കാട്ടിൽ, സുധീഷ് ബാബു, സീനിയർ സിവിൽ പൊലീസ് ഓഫീസർമാരായ ഇഗ്നേഷ്യസ്, പ്രവീൺ, പ്രശാന്ത്, സിവിൽ പൊലീസ് ഓഫീസർ ദീപേഷ് എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## എൽഎഫ് സൗരഭ്യയിൽ സൗജന്യ യോഗ പരിശീലനം

അങ്കമാലി: അന്തർദേശീയ യോഗാദിനത്തോടനുബന്ധിച്ച് ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായി മുന്നൂർപ്പിള്ളിയിൽ പ്രവർത്തിക്കുന്ന യോഗ, ആയുർവേദം, പ്രകൃതി ചികിത്സാകേന്ദ്രമായ എൽഎഫ് സൗരഭ്യയിൽ പൊതുജനങ്ങൾക്കായി സൗജന്യ യോഗ പരിശീലന വാരം സംഘടിപ്പിച്ചു. അധ്യാപകർ, മുതിർന്ന പൗരന്മാർ, കറുകുറ്റി പഞ്ചായത്ത് നിവാസികൾ, കോളജ് വിദ്യാർത്ഥികൾ, ജനറൽ ഗ്രൂപ്പ്, ആശുപതി ജീവനക്കാർ എന്നീ വിഭാഗങ്ങൾക്കാണ് പരിശീലനം നൽകിയത്.

തുടർന്നും സൗജന്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമെന്ന് ഡയറക്ടർ ഫാ.തോമസ് വൈക്കത്തുപറമ്പിൽ അറിയിച്ചു. യോഗ, ആയുർവേദം, പ്രകൃതിചികിത്സ എന്നീ മൂന്നു മേഖലകളിൽ ആയിരിക്കും പരിശീലനം നൽകുക. പങ്കെടുക്കാൻ ബന്ധപ്പെടേണ്ട നമ്പർ: 95446 61717.

## ഉന്നതവിജയിയെ ആദരിച്ചു

കാലടി: എം.ബി.ബി.എസിൽ ഉന്നത വിജയം നേടിയ ഡോ.ആകാശ് പണ്ടാലയെ ആദരിച്ചു. കാലടി പ്രസ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ മാധ്യമ പ്രവർത്തകർ അദ്ദേഹത്തിൻെറ വസതിയിലെത്തിയായിരുന്നു ആദരിച്ചത്. പതിറ്റാണ്ടുകളായിവിടെ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന സൈലേഷ് പണ്ടാലയുടേയും, അധ്യാപികയായ മഞ്ചുഷയുടേയും മകനാണ് ആകാശ് പണ്ടാല. പഞ്ചായത്ത് പ്രസിഡന്റ് ഷൈജൻ തോട്ടപ്പിള്ളി ഉപഹാരം നൽകി ആദരിച്ചു. ചടങ്ങിൽ പ്രസ് ക്ലബ്ബ് പ്രസിഡന്റ് പി.ഐ നാദിർഷ അധ്യക്ഷത വഹിച്ചു. സെക്രട്ടറി അരുൺ മുകുന്ദൻ, ട്രഷറർ ഷിഹാബ് പറേലി,പ്രശാന്ത് പാറപ്പുറം,തോമസ് പാടശ്ശേരി, സൈജൂൺ സി.കിടങ്ങൂർ, ദേവസിക്കുട്ടി പന്തയ്ക്കൽ,എ.കെ സുരേന്ദ്രൻ,എ.എ ആരിഫ്,പി.വി അജികുമാർ,സൈലേഷ് പണ്ടാല എന്നിവർ സംസാരിച്ചു.തുടർന്ന് ആകാശ് പണ്ടാല മറുപടി പ്രസംഗവും നടത്തി. കുടുംബമൊരുക്കിയ സ്നേഹവിരുന്നുമുണ്ടായിരുന്നു.

## നന്ദി പറഞ്ഞ് ഡീൻ
# കാട്ടാന ആക്രമണം തടയാൻ എംപിയുടെ ആദ്യ ഫണ്ടിൽ നിന്ന് 15 ലക്ഷം അനുവദിച്ചു



*കോതമംഗലം നിയോജക മണ്ഡലത്തിലെ അഡ്വ. ഡീൻ കുര്യാക്കോസ് എം.പിയുടെ ആദ്യഘട്ട സ്വീകരണ പരിപാടി കവളങ്ങാട് പഞ്ചായത്തിലെ നെല്ലിക്കുഴിയിൽ എത്തിയപ്പോൾ*

കോതമംഗലം : കോതമംഗലം നിയോജകമണ്ഡലത്തിലെ അഡ്വക്കേറ്റ് കുര്യാക്കോസ് എം.പി യുടെ ആദ്യഘട്ട സ്വീകരണ പരിപാടി കവളങ്ങാട് പഞ്ചായത്തിലെ നീണ്ട പാറയിൽ നിന്നും ആരംഭിച്ചു.

നീണ്ട പാറയിൽ ജനങ്ങൾ നൽകിയ ഊഷ്മളമായ സ്വീകരണത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട്കാട്ടനാ അക്രമണം രൂക്ഷമായ നീണ്ടപ്പാറയിൽ, ചെമ്പൻകുഴി മുതൽ കരിമണൽ വരെ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കാൻ തന്റെ എം.പി ഫണ്ടിന്റെ ആദ്യ ഫണ്ട് 15 ലക്ഷം രൂപ നൽകുന്നുവെന്ന് ഡീൻ കുര്യാക്കോസ് പറഞ്ഞു. നീണ്ടപാറയിൽ നടന്ന കോതമംഗലം നിയോജമണ്ഡലം സ്വീകരണ പരിപാടിയുടെ ഉൽഘാടനം യുഡിഎഫ് ജില്ലാ കൺവീനർ ഷിബു തെക്കുമ്പുറം നിർവഹിച്ചു. നേര്യമംഗലം മണ്ഡലം ചെയർമാൻ ജൈമോൻ ജോസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ യുഡിഎഫ് നേതാക്കളായ കെ പി ബാബു, ഇബ്രാഹിം കവല, ബാബു ഏലിയാസ്, ഷമീർ പനക്കൽ, എ സി രാജശേഖരൻ,പി സി ജോർജ്, എൽദോസ് കീച്ചേരി,ലിനോ തോമസ് സൗമ്യ ശശി, ജിൻസിയ ബിജു,തുടങ്ങിയവർ സംസാരിച്ചു,

സൈജന്റ് ചാക്കോ സ്വാഗതവും, സന്ധ്യ ജെയ്സൺ നന്ദിയും പറഞ്ഞു.ആദ്യഘട്ടം ഒരു ദിവസവുത്തെ സ്വീകരണ പരിപാടിയാണ് യുഡിഎഫ് മണ്ഡലം കമ്മിറ്റി ഒരുക്കിയിട്ടുള്ളത്

# ആനവേട്ട കേസിലെ രണ്ടാമത്തെ പ്രതിയും പിടിയിൽ



*സിബി*

കോതമംഗലം : കുട്ടമ്പുഴ ആനവേട്ട കേസിലെ രണ്ടാമത്തെ പ്രതി കുട്ടമ്പുഴ സ്വദേശി ഇടപ്പുളവൻ സിബി പിടിയിലായി.

ഉടുപ്പിയിൽ നിന്നാണ് പ്രതിയെ അന്വേഷണ സംഘം പിടികൂടിയത്. കുട്ടമ്പുഴ ഫോറസ്റ്റ് റേഞ്ചിലെ ഉദ്യോഗസ്ഥരാണ് പ്രതിയെ പിടികൂടിയത്. ആനവേട്ട കേസ് ഊർജിത അന്വേഷണത്തിനായി മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പ്രത്യേക അന്വേഷണ സംഘത്തെയും നിയമിച്ചിരുന്നു. തുണ്ടത്തിൽ റെയിഞ്ച് ഓഫീസർ അരുൺകുമാർ കെ ഡെപ്യൂട്ടി റേഞ്ച് ഓഫീസർ അനിൽ ബേബി സെക്ഷൻ ഫോറസ്റ്റ് ഓഫീസർ പി എം അനിൽകുമാർ തുടങ്ങിയവരാണ് പ്രത്യേക അന്വേഷണ സംഘത്തിൽ ഉള്ളത് ഇവരെ കൂടാതെ മലയാറ്റൂർ ഡിവിഷനിലെ വിവിധ റേഞ്ചുകളിൽ നിന്നായി എട്ടു ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും ഈ സംഘത്തിൽ ഉണ്ട്.



*ദക്ഷിണേന്ത്യയിലെ ഇസ്‌ലാമിക സൂഫി തീർഥാടന കേന്ദ്രമായ മുടിക്കൽ മാടവന അബൂബക്കർ മുസ്‌ലിയാർ ദർഗ ശരീഫിൽ നടന്ന 52-ാമത് ആണ്ട് നേർച്ചയോട് അനുബന്ധിച്ച് മാടവന അബൂബക്കർ മുസ്‌ലിയാർ റിലീഫ് സെൽ ചന്ദ്രിക ദിന പത്രത്തിൽ പ്രസിദ്ധീകരിച്ച സപ്ലിമെൻറ് ചെയർമാൻ പി എച്ച് ഖാലിദിൽ നിന്നും സ്വീകരിച്ച് യുഎ ഇ അൽ ഐൻ സുന്നി സെന്റർ ജനറൽ സെക്രട്ടറി പല്ലാർ ഇ കെ മൊയ്തീൻ ഹാജി പ്രകാശനം ചെയ്യുന്നു. മാടവന എം എ മൻസൂർ ഹാജി, മുഹമ്മദ് ഫൈസി അത്തിപ്പറ്റ, സയ്യിദ് ഫളലുദ്ദീൻ തങ്ങൾ, നൗഷാദലി മാടവന, അലി ബ്രാൻ വയനാട്, ജനറൽ സെക്രട്ടറി കെ എം നാസർ, നാട്ടിക ഉമർ ഹാജി, എം എ മുഹമ്മദ് കുഞ്ഞാമി, സി അന്ത്രു ഹാജി കെല്ലൂർ സമീപം*



*അന്തരിച്ച മുസ്‌ലിം ലീഗ് നേതാവ് വി.എം. കാസിമിന്റെ വസതി പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ സന്ദർശിച്ചപ്പോൾ*

## പ്രതിപക്ഷ നേതാവ് സന്ദർശിച്ചു

പറവൂർ: കഴിഞ്ഞ ദിവസം നിര്യാതനായ പറവൂരിലെ മുതിർന്ന മുസ്‌ലിം ലീഗ് നേതാവ് വി.എം. കാസിമിന്റെ വസതി പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ സന്ദർശിച്ചു. പറവൂർ വടക്കേക്കര മേഖലയിൽ യു.ഡി.എഫിന്റെ മുന്നേറ്റത്തിൽ വലിയ പങ്കുവഹിച്ചയാളാണ് വി.എം. കാസിമെന്ന് അദ്ദേഹം അനുസ്മരിച്ചു. നിസ്വാർത്ഥ പ്രവർത്തനങ്ങൾ കൊണ്ട് രാഷ്ട്രീയ എതിരാളികളുടേയും ആദരവ് പിടിച്ചു പറ്റിയ കാസിം ഏറെ നാൾഓർമ്മിക്കപ്പെടുമെന്ന്അദ്ദേഹംപറഞ്ഞു. വസതിയിലെത്തിയപ്രതിപക്ഷനേതാവിനെകാസിമിന്റെമകൻവി.കെ.മുഹമ്മദലിശിഹാബ്,ലീഗ്പറവൂർനിയോജകമണ്ഡലംജനറൽസെക്രട്ടറി കെ.കെ.അബ്ദുള്ള,ലീഗ്ചിറ്റാറ്റുകരപഞ്ചായത്ത്പ്രസിഡന്റ്പി.എം.ബഷീർ, പറവൂർനിസാർതുടങ്ങിയവർചേർന്ന്സ്വീകരിച്ചു.കോൺഗ്രസ്ചിറ്റാറ്റുകരമണ്ഡലംപ്രസിഡന്റ്പി.എം.സുദർശനൻ,മണിയപ്പൻനീണ്ടൂർഎന്നിവരുംപ്രതിപക്ഷനേതാവിനൊപ്പംഉണ്ടായിരുന്നു.

## പട്ടണം കവലയിൽ അടിപ്പാത വേണം

പറവൂർ: ദേശീയപാത 66 നിർമാണത്തിന്റെ ഭാഗമായി ചിറ്റാറ്റുകര പഞ്ചായത്തിലെ പട്ടണം കവലയിൽ അടിപ്പാത ഇല്ലാത്തത് ആശങ്കയുണ്ടാക്കുന്നു. പുരാവസ്തു ഉദ്ഘനനം നടക്കുന്ന മുസിരിസ് പദ്ധതി പ്രദേശമായ പട്ടണത്തേക്ക് കടന്നു പോകേണ്ടത് ഇതിലൂടെയാണ്. പട്ടണത്തുള്ള മുസിരിസ് സൈറ്റ് മ്യൂസിയം സന്ദർശിക്കാൻ നിരവധി

ചരിത്ര ഗവേഷകൻമാരും മറ്റും പതിവായി ഇവിടെയെത്താറുണ്ട്. പട്ടണം കവലയിൽ അടിപ്പാത ഇല്ലെങ്കിൽ കിലോമീറ്ററുകൾ വഴി മാറി സഞ്ചരിച്ചാൽ മാത്രമേ മ്യൂസിയത്തിൽ എത്തിച്ചേരാനാകു. മാത്രമല്ല മാരിടൈം മ്യൂസിയത്തിന്റെ നിർമാണ പ്രവർത്തനങ്ങളും തുടങ്ങാനിരിക്കുകയാണ്. ചരിത്രപ്രധാന്യമുള്ള ഈ പ്രത്യേകതകൾ ജില്ലാ കലക്ടറും, ദേശീയപാത അതോറിറ്റി മേധാവികളും അടക്കമുള്ള ഉദ്യോഗസ്ഥർക്കു മുന്നിൽ ജനപ്രതിനിധികൾ ബോധ്യപ്പെടുത്തിയതാണ്. ഇക്കാര്യങ്ങൾ ഉദ്യാഗസ്ഥ സംഘത്തിന് ബോധ്യമായെങ്കിലും അടിപ്പാത നിർമിക്കാനുള്ള യാതൊരു നടപടിയും ഇതുവരേയും തുടങ്ങിയിട്ടില്ല. അടിപ്പാത നിർമിക്കണമെന്നാവശ്യപ്പെട്ട് ചിറ്റാറ്റുകര പഞ്ചായത്ത് കമ്മിറ്റി യോഗം പ്രമേയം പാസാക്കി സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ജില്ലാ കലക്ടർ, എൻഎച്ച്എഎഐ എന്നിവർക്കു നൽകിയിരുന്നു. ഇതിലും തുടർ നടപടിയൊന്നും ഉണ്ടായിട്ടില്ലെന്ന് പഞ്ചായത്ത് പ്രസിഡന്റ് ശാന്തിനി ഗോപകുമാർ പറഞ്ഞു. എന്നാൽ ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ അനാസ്ഥയുണ്ടെന്ന് കാട്ടി ചില തത്പരകക്ഷികൾ ബോധപൂർവ്വമായി പ്രശ്നം വഴിതിരിച്ചുവിടാനുള്ള ശ്രമത്തിലാണ്.പട്ടണംപ്രദേശത്തെ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടസ്സപ്പെടുത്താൻ ഇടവരുതെന്നും, വാഹനങ്ങൾ കടന്നു പോകാൻ സൗകര്യമുണ്ടാക്കണമെന്നും, അടിപ്പാതയോടു കൂടി പട്ടണം കവലയിൽ റോഡ് നിർമാണം നടത്താൻ ദേശീയപാത അതോറിറ്റി അധികൃതർ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശക്തമാണ്.

## പി ആന്റ് ടി കോളനിയിലെ ശോചനിയാവസ്ഥ സായാഹ്ന ധർണ സംഘടിപ്പിക്കും

മട്ടാഞ്ചേരി:ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മാണം പുർത്തികരിച്ച തോപ്പുംപടിയിലെ പി ആന്റ് ടി ബിൽഡിങ്ങ് ചോർന്നൊലിച്ച് അവിടെ താമസിക്കുന്ന ആളുകൾക്ക് ദുരിതം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ് സായാഹ്ന ധർണ നടത്തും. കോൺഗ്രസ് കൊച്ചി നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 29ന് ശനിയാച്ച വൈകിട്ട് 5ന് തോപ്പുംപടി ജംഗ്ഷനിൽ നടക്കുന്ന പരിപാടിയിൽ ജന പ്രതിനിധികൾ ഉൾപ്പെടെ സംസ്ഥാന ജില്ലാ നേതാക്കൾ പങ്കെടുക്കും. സംസ്ഥാനതലത്തിൽ വൻ അഴിമതി നടന്ന പദ്ധതിയിൽ നിലവാരം കുറഞ്ഞ നിർമ്മാണ പ്രവർത്തനമാണ് നടത്തിയിരിക്കുന്നതെന്ന് യോഗം അഭിപ്രായപ്പെട്ടു. സമരപരിപാടികളുടെ ആലോചനക്കായി കൂടിയ നിയോജക മണ്ഡലം യോഗം ജില്ലാ പ്രസിഡന്റ് മുഹമ്മദ് ഷിയാസ് ഉദ്ഘാടനം ചെയ്തു. സൗത്ത് ബ്ളോക്ക് പ്രസിഡന്റ് പി പി ജേക്കബ് അധ്യക്ഷത വഹിച്ചു. കെ.പി.സി.സി സെക്രട്ടറി തമ്പി സുബ്രഹ്മണ്യം , നോർത്ത് ബ്ളോക്ക് പ്രസിഡന്റ് വി എച്ച് ഷിഹാബുദ്ധീൻ, ജില്ലാ ജനറൽ സെക്രട്ടറിമാരായ കെ കെ കുഞ്ഞച്ചൻ, എൻ ആർ ശ്രീകുമാർ ,ഷാജി കുറുപ്പശേരി, കവിത ഹരികുമാർ ,അവറാച്ചൻ എന്നിവർ പ്രസംഗിച്ചു.

## വിദ്യാർത്ഥികൾക്കായി ഉപന്യാസ മത്സരം

ആലുവ: ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് റൂറൽ ജില്ലാ പൊലീസ് ആസ്ഥാനത്ത് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഉപന്യാസ മത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ ജില്ലയിലെ 32 സ്കൂളുകളിൽ നിന്നായി 64 വിദ്യാർത്ഥികൾ പങ്കെടുത്തു. മത്സരിച്ചവർക്കെല്ലാം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. എ.ഡി.എസ്.പി ജിൽസൺ മാത്യു, നാർക്കോട്ടിക് സെൽ സി.വൈ.എസ്.പി വി. അനിൽ , എസ്.പി.സി അഡീഷണൽ നോഡൽ ഓഫീസർ പി.എസ്.ഷാബു, ഹോപ്പ് കോഡിനേറ്റർ വി.എസ് ഷിഹാബ്, മറിയാമ ഫിലിപ്പ്, സജീവ് വി മുഹമ്മദ് എന്നിവർ പങ്കെടുത്തു. വിജയികൾക്ക് ലഹരി വിരുദ്ധ ദിനമായ 26 ന് പുരസ്കാരങ്ങൾ വിതരണം ചെയ്യും.

# യുവാവിനെ ആക്രമിച്ച കേസിൽ ഒരാൾ അറസ്റ്റിൽ


ബിനു പി.തമ്പി.

കോട്ടയം : യുവാവിനെ ആക്രമിച്ച കേസിൽ ഒരാളെപോലീസ് അറസ്റ്റ് ചെയ്തു.
നാട്ടകം മറിയപ്പള്ളി മുട്ടം ഭാഗത്ത് പാട്ടവേലയ്ക്കൽ വീട്ടിൽ കണ്ണൻ എന്ന് വിളിക്കുന്ന ബിനു പി.തമ്പിയെയാണ് (41) ചിങ്ങവനം പോലീസ് അറസ്റ്റ് ചെയ്തത്.
ഇയാളും, യുവാവും കഴിഞ്ഞ ദിവസം വൈകിട്ട് 7:30 മണിയോടുകൂടി ദിവാൻ കവല ഭാഗത്തുള്ള വീട്ടിൽ ഒരുമിച്ചിരുന്ന സമയം യുവാവിനെ ബിനു കളിയാക്കുകയും യുവാവ് ഇത് ചോദ്യം ചെയ്തു.
ഇതിലുള്ള വിരോധംമൂലം ബിനുയുവാവിനെ മർദ്ദിക്കുകയും, കമ്പ് കൊണ്ട് തലയ്ക്കടിക്കുകയുമായിരുന്നു. തുടർന്ന് ഇയാൾ സംഭവസ്ഥലത്തുനിന്ന് കടന്നു.
പരാതിയെ തുടർന്ന് ചിങ്ങവനം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് നടത്തിയ തിരച്ചിലിൽ ഇയാളെ പിടികൂടുകയുമായിരുന്നു. ചിങ്ങവനം സ്റ്റേഷൻ എസ്.എച്ച്.ഓ പ്രകാശ്. ആർ, എസ്.ഐ സജീർ എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

# വാക്ക്ഇൻഇന്റർവ്യൂ

കോട്ടയം :മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസിൽ ആനിമൽ അറ്റൻഡർ തസ്തികയിൽ താത്കാലിക നിമനത്തിനുള്ള വാക്ഇൻഇന്റർവ്യൂ ജൂൺ 28ന് നടക്കും. 179 ദിവസത്തേക്കാണ് നിയമനം. പ്രതിദിന വേതനം560 രൂപ.
പത്താം ക്ലാസ് യോഗ്യതയും ലാബോറട്ടറി ആനിമൽ പരിചരണത്തിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും സഹിതം രാവിലെ 11ന് അസിസ്റ്റന്റ് രജിസ്ട്രാറു(1 ഭരണ വിഭാഗം)ടെ ഓഫീസിൽ എത്തണം. ഫോൺ0481 2733240


## കോട്ടയം വാർത്തകൾ

## വാക്ക് ഇൻ ഇന്റർവ്യൂ

കോട്ടയം : തെരുവ് നായ്ക്കൾക്കുള്ള എ.ബി.സി എ.ആർ. പദ്ധതിയിലേക്ക് വെറ്ററിനറി ഡോക്ടർ, മൃഗപരിപാലകർ എന്നീ തസ്തികളിലേക്ക് വാക്ക് ഇൻ ഇന്റർവ്യു നടത്തുന്നു. കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനും എ. ബി.സി. സർജറിയിൽ വൈദഗ്ധ്യമുള്ളവർക്ക് വെറ്ററിനറി ഡോക്ടർ ഒഴിവിലേക്ക് അപേക്ഷിക്കാം. അപേക്ഷകർ വെള്ളക്കടലാസിലെഴുതിയ അപേക്ഷയും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പും തിരിച്ചറിയൽ രേഖയുമായി ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ജൂൺ 26ന് രാവിലെ 10.30 ന് ഹാജരാകണം.സർജറി കഴിഞ്ഞ നായ്ക്കളെ പരിചരിക്കുന്നതിലുള്ള മുൻകാല പരിചയവും ആഭിമുഖ്യവുമുള്ള വ്യക്തികൾക്ക് മൃഗപരിപാലക ഒഴിവിലേക്ക് അപേക്ഷിക്കാം.അപേക്ഷകർ വെള്ളക്കടലാസിലെഴുതിയ അപേക്ഷയും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പും തിരിച്ചറിയൽ രേഖയുമായി ജില്ലാ മൃഗസംരക്ഷപ്പണ ഓഫീസിൽ ജൂൺ 26ന് രാവിലെ 11 മണിയ്ക്ക് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 04812563726

## മൊബൈൽ ഫോൺ മോഷണം: യുവാവ് പിടിയിൽ

ഗാന്ധിനഗർ : കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി കേന്ദ്രീകരിച്ച് മൊബൈൽ ഫോണുകൾ മോഷണം ചെയ്തുവന്നിരുന്നയാളെ പോലീസ് അറസ്റ്റ് ചെയ്തു.


ശ്രീകാന്ത്

ചങ്ങനാശ്ശേരി കുറിച്ചി മലകുന്നം ഭാഗത്ത് കറുകംപള്ളിൽ വീട്ടിൽ ശ്രീകാന്തിനെയാണ്(41) ഗാന്ധിനഗർ പോലീസ് അറസ്റ്റ് ചെയ്തത്. തലയാഴം പുത്തൻപാലം സ്വദേശിയുടെ മൊബൈൽ ഫോൺ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെച്ച് മോഷണം പോയതിനെ തുടർന്ന് ഇയാൾ പോലീസിൽ പരാതി നൽകുകയായിരുന്നു. പരാതിയെ തുടർന്ന് ഗാന്ധിനഗർ പോലീസ് നടത്തിയ ശാസ്ത്രീയമായ പരിശോധനയിൽ ഇയാളെ മൊബൈൽ ഫോണുമായി പോലീസ് പിടികൂടുകയായിരുന്നു.
ഇയാളിൽ നിന്ന് മറ്റ് മൂന്ന് മൊബൈൽ ഫോണുകൾ കൂടി പോലീസ് കണ്ടെടുത്തു. ഗാന്ധിനഗർ സ്റ്റേഷൻ എസ്.എച്ച്. ഓ സിനോദ്.കെ, എസ്.ഐമാരായ ജയൻ, മനോജ്, എ.എസ്.ഐ സൂരജ്, സി.പി.ഓ മാരായ ബിബിൻ,രഞ്ജിത്ത് എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

## എരുമേലി പോലിസ് ക്യാമ്പിൽ ഹൈമാസ് ലൈറ്റ്

എരുമേലി : പോലിസ് ക്യാമ്പിൽ ഹൈമാസ് ലൈറ്റായി. ജില്ലാ പഞ്ചായത്ത് ഫണ്ടിലാണ് ലൈറ്റ് അനുവദിച്ചത്. സ്വിച്ച് ഓൺ കർമ്മം ഡിവിഷൻ അംഗം ശുഭേഷ് സുധാകരൻ നിർവഹിച്ചു. പഞ്ചായത്ത് അംഗങ്ങളായ നാസർ പനച്ചി, അനിശ്രീ സാബു, പോലിസ് ക്യാമ്പ് അസി. കമാൻഡന്റ് റോയി, സിപിഐ നേതാക്കളായ വി പി സുഗതൻ, എം എം ബാബു, സതീശൻ തുടങ്ങിയവർ പങ്കെടുത്തു.

## യൂത്ത് കോൺഗ്രസ് പ്രതിഷേധിച്ചു

പൊൻകുന്നം: കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ മാനദണ്ഡം പാലിക്കാതെ കാന്റീൻ നടത്തിപ്പ് കൊടുത്തതു മുതൽ വൃത്തിഹീനമായ രീതിയിലാണ് ഭക്ഷണം നൽകുന്നതെന്ന് പലതവണ പരാതി നൽകിയിട്ടും ഗവ.ചീഫ് വിപ്പ ഡോ.എൻ.ജയരാജും എച്ച്.എം.സി.കമ്മിറ്റിയും അവഗണിച്ചതിന്റെ ഫലമാണ് ഭക്ഷണത്തിൽ പുഴുവിനെ കണ്ടെത്തിയതെന്ന് യൂത്ത് കോൺഗ്രസ് ടൗൺ കമ്മിറ്റി ആരോപിച്ചു. ആശുപത്രി പ്രവർത്തനങ്ങൾ ആകെപ്പാടെ താളം തെറ്റി അവസ്ഥയിലാണ്. താൽക്കാലിക ജോലിയിൽ പ്രവേശനം നേടിയ ഇടതുപക്ഷ പ്രവർത്തകരുടെ നിയന്ത്രണത്തിലാണ് ആശുപത്രിയെന്നും യൂത്ത് കോൺഗ്രസ് ആരോപിച്ചു. രോഗികളായി അവശ നിലയിൽ വരുന്ന ആളുകളെ പോലും വഴിയിൽ തടഞ്ഞു നിർത്തി പാർക്കിംഗ് ഫീസ് മേടിക്കുന്ന സമ്പ്രദായത്തിനെതിരെ പരാതി പറഞ്ഞിട്ടും അധികൃതർ ചെവിക്കൊണ്ടില്ല.
എംഎൽഎയുടെയും ആശുപത്രി അധികൃതരുടെയും ആശുപത്രിയ്ക്കെതിരെയുള്ള അവഗണനയിൽ പ്രതിഷേധിച്ച് പ്രക്ഷോഭ പരിപാടികൾക്ക് പരിപാടികൾക്ക് രൂപം നൽകാനും യോഗം തീരുമാനിച്ചു. ശിഹാബുദീൻ അധ്യക്ഷനായ യോഗം യൂത്ത് കോൺഗ്രസ് മുൻ ജില്ലാ വൈസ് പ്രസിഡന്റ് സനോജ് പനക്കൽ ഉദ്ഘാടനം ചെയ്തു. അനന്തകൃഷ്ണൻ, സച്ചിൻ പുളിക്കൽ, മിഥുൻ പാലക്കൽ, അനന്തു ചെറുകപ്പറമ്പിൽ, ആനന്ദ്, സാബു എന്നിവർ പ്രസംഗിച്ചു.

## അവാർഡ് നൽകി

കാഞ്ഞിരപ്പള്ളി: കാഞ്ഞിരപ്പള്ളി സെൻട്രൽ സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് ഭരണസമിതി യോഗം എസ് എസ് എൽ സി , പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് കരസ്ഥമാക്കിയ സഹകാരി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് എക്സലൻസി 24 അവാർഡ് നൽകി ആദരിച്ചു
.ബാങ്ക് പ്രസിഡന്റ് സുനിൽ തേനംമാക്കലിന്റെ അധ്യക്ഷതയിൽ കൂടിയ അനുമോദന സമ്മേളനം പ്രശസ്ത സാഹിത്യകാരൻ തോമസ് മുന്നാനപ്പള്ളി നിർവഹിച്ചു ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡണ്ട് സിജാ സക്കീർ , പി എ ഷെമീർ , സക്കീർ കട്ടുപ്പാറ , റ്റി എസ് രാജൻ ,നിബു ഷൗക്കത്ത് , നെസിമ ഹാരിസ് , പി എ താഹ , സുബിൻ സലീം ,രാജു ഇട്ടിക്കൻ , പി കെ സൗദ, വി ആർ മോഹനൻപിള്ള ,ഡോ :സഫീനബീഗം , ഐഷാ നാസറുദ്ദീൻ , അൻവർഷ കോന്നാട്ടുപറമ്പിൽ ,നാസ്സർ ചുന്ദിരംപറമ്പിൽ റ്റി ഇ നാസ്സറുദീൻ,അൻസാരി വട്ടകപ്പാറ എന്നിവർ സംസാരിച്ചു.




സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) 41-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ ഇന്ത്യൻ ദേശീയതയും ഫെഡറലിസവും എന്ന സെമിനാർ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു. എം എ ഹക്കീം, ബീരു പി മുഹമ്മദ് ,അഡ്വ. പി എ സലിം ,അഡ്വ. കെ എൻ എ ഖാദർ എക്സ് എംഎൽഎ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ ,സിബി മുഹമ്മദ് ,ആമിർ കോഡൂർ ,നാസർ നങ്ങാരത്ത് അസ്കർ മൈതീൻ, അഡ്വ. പി ഐ നൗഷാദ് ,വി ജെ സലിം,പിഐ ഷാഹുൽഹമീദ് , സൈഫുദ്ദീൻ എസ് ,ഹംസ മണ്ണാർക്കാട് എന്നിവർ സമീപം

## തെരുവുനായ ശല്യം: മെഡിക്കൽ കോളജ് ക്യാമ്പസിൽ ഷെൽട്ടർ ഒരുക്കും

കോട്ടയം: കോട്ടയം മെഡിക്കൽ കോളജിനുള്ളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവുനായ്ക്കളുടെ ശല്യം പരിഹരിക്കുന്നതിനായി മെഡിക്കൽ കോളജ് ക്യാമ്പസിനുള്ളിൽ തന്നെ ഷെൽട്ടർ നിർമിക്കാൻ സഹകരണതുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവന്റെ സാന്നിധ്യത്തിൽ ജനറൽ ആശുപത്രി ചേർന്ന യോഗത്തിൽ ധാരണ.
ഷെൽട്ടർ നിർമാണത്തിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഈയാഴ്ച തന്നെ പരിശോധന നടത്തി യോഗം ചേർന്ന് ഉടൻ തന്നെ നിർമാണപ്രവർത്തികൾ ആരംഭിക്കും.
മെഡിക്കൽ കോളജിനുള്ളിലെ തെരുവുനായ്ക്കളെ അതുവരെ താൽക്കാലിക സംവിധാനത്തിലേക്ക് മാറ്റും. നായ്ക്കളുടെ പരിപാലനം ജില്ലാ പഞ്ചായത്തിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും ചുമതലയായിരിക്കും.
മെഡിക്കൽ വിദ്യാർഥികൾ അടക്കമുള്ളവരെ മെഡിക്കൽ കോളജ് ക്യാമ്പസിനുള്ളിൽ നായ്ക്കൾ കടിച്ച സാഹചര്യത്തിലാണ് മന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്നത്.
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, ജില്ലാ കളക്ടർ വി. വിഗ്നേശ്വരി, മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാർ, മെഡിക്കൽ കോളജ് പ്രിൻസിപ്പൽ വർഗീസ് പി. പുന്നൂസ് എന്നിവർ പങ്കെടുത്തു.

## മെഡിക്കൽ കോളജ് ബസ് സ്റ്റാന്റിൽ കഞ്ചാവ് വിൽപ്പനയും ഗുണ്ടാ വിളയാട്ടവും

കോട്ടയം: കോട്ടയം മെഡിക്കൽ കോളജ് ബസ് സ്റ്റാൻഡിൽ കഞ്ചാവ്, നിരോധിത പുകയില വിൽപ്പനയും ഗുണ്ടാ വിളയാട്ടവും മൂലം വനിതകൾ ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഭീഷണിയാകുന്നു.
കഞ്ചാവ് വില്പനയെക്കുറിച്ച് ചില വ്യാപാരികൾ ഏറ്റുമാനൂർ എക്സൈസ് അധികൃതരെ അറിയിച്ചു വെങ്കിലും നാളിതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. കൂടാതെ സ്വകാര്യ ബസ് ഓണറർമാരുടെ മാനേജർമാരായി (ബസിന്റെ സമയം നിയന്ത്രിക്കുവാൻ) നിരവധി പേർ ഏതു സമയത്തും ബസ് സ്റ്റാൻഡിൽ ഉണ്ട്. ഏതെങ്കിലും ബസ് അല്പം സമയം തെറ്റി സ്റ്റാന്റിലെത്തിയാൽ പിന്നെ ബസ് ജീവനക്കാരും ഈ മാനേജരുമായി തർക്കവും അസഭ്യ പറച്ചിലും രൂക്ഷമാണ്.ചില സ്വകാര്യ ബസ് ജീവനക്കാരും നിരോധിത പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതായും വ്യാപകമായ ആക്ഷേപമുണ്ട്.
വെള്ളിയാഴ്ചഒരു സ്വകാര്യ ബസിൽ യാത്ര ചെയ്ത ഒരു വിദ്യാർത്ഥിനിയെ ചങ്ങനാശേരിക്കാരനായ ഒരു യുവാവ് മോശമായി പെരുമാറി. ബസ്, സ്റ്റാന്റിൽ എത്തിയപ്പോൾ സ്റ്റാന്റിൽ ഉണ്ടായിരുന്ന ഒരു കൂട്ടം ബസ് ജീവനക്കാർ ഈ യുവാവിനെ ക്രൂരമായി മർദ്ദിച്ചു.പിന്നീട് വിദ്യാർത്ഥിനിയെ സംഭവം നടന്ന ബസിലെ ജീവനക്കാരൻ ഗാന്ധി നഗർ പോലീസ് സ്റ്റേഷനിൽ എത്തിച്ചു. ആദ്യം വിദ്യാർത്ഥിനി പരാതി പറഞ്ഞെങ്കിലും പിന്നീട് രേഖാ മൂലം പരാതി നൽകാൻ തയ്യാറായില്ല.ഇതിനിടയിൽ മർദ്ദനത്തിന് ഇരയായ യുവാവിനെ ഗാന്ധി നഗർ പോലീസ് എത്തി സ്റ്റേഷനിൽ എത്തിച്ചു.അപ്പോഴാണ് അറിയുന്നത് യുവാവ് മാനസിക രോഗത്തിന് ചികിത്സയുള്ള ആളാണെന്ന്. വിദ്യാർത്ഥിനിക്ക് പരാതി ഇല്ലാത്തതിനാലും യുവാവ് മാനസിക രോഗിയായതിനാലും ബന്ധുക്കളെ വിളിച്ചു വരുത്തി പറഞ്ഞു വിട്ടു.
അടുത്ത കാലത്തായി ബസ് സ്റ്റാന്റിൽ സദാചാര പോലീസ് രൂപം കൊണ്ടത് സ്റ്റാന്റിനുള്ളിൽ മദ്യപാനവും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും മൂലമാണെന്ന് യാത്രക്കാർ പറയുന്നു

## ചുങ്കത്ത് ഏഴ് കടകളിൽ മോഷണം

കോട്ടയം ശനിയാഴ്ച പുലർച്ചെയോടെ ചുങ്കത്ത് ഏഴ് കടകളിൽ മോഷണം.ജംങ്ഷനിലെ ഇരുവശത്തുമുള്ള കടകളിലാണ് മോഷണം നടന്നത്.
താഴുകൾ തകർത്തും ഡ്യൂപ്ലിക്കേറ്റ് താക്കോൽ ഉപയോഗിച്ചുമാണ് ചില കടകൾ കുത്തിത്തുറന്നത്.
ചുങ്കം ജങ്ഷനിലെ സിമൻറ് കട, റേഷൻകട, ബേക്കറികൾ, പലചരക്കുകടകൾ എന്നിവ കേന്ദ്രീകരിച്ചായിരുന്നു മോഷണം. എന്നാൽ കാര്യമായി പണം നഷ്ടപ്പെട്ടില്ലെന്ന് കടയുടമകൾ പറഞ്ഞു.
ചുങ്കത്തെ വീനസ് ബേക്കറി ഉടമ അജയ്യുടെ മറന്നുവെച്ച മൊബൈൽ ഫോൺ മോഷ്ടാക്കൾ കവർന്നിട്ടുണ്ട്. കൂടാതെ കടയിലെ സാധനങ്ങൾ വലിച്ചുവാരി പരിശോധിച്ചു നിലയിലുമായിരുന്നു.
കടയുടെ സമീപത്തു നിന്നും താഴുകൾ തകർത്തനിലയിൽ കണ്ടെത്തി.കടകളിലെ സി.സി.ടി.വി കാമറകൾ ഓഫായിരുന്നതിനാൽ മോഷ്ടാക്കളുടെ ദൃശ്യം ലഭ്യമല്ല.ഇവിടെയുണ്ടായിരുന്ന മൊബൈൽകടയിൽ ഗ്ലാസ്ഡോറുകൾ ആയതിനാൽ താഴുകൾ തകർത്ത മോഷ്ടാക്കൾക്ക് അകത്തുകടക്കാനായില്ല.
നാട്ടുകാരും കടയുടമകളും വിവരമറിയിച്ചതിനെ തുടർന്ന് വെസ്റ്റ് പൊലീസ് സ്ഥലത്തെത്തി പരിശോധന നടത്തി. വ്യാപാരി വ്യവസായ ഏകോപനസമിതിയുടെ പരാതിയിൽ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.
ചുങ്കത്ത് പേലീസ് പെട്രോളിംങ് ശക്തമാക്കി, നിരീക്ഷണ കാമറ സ്ഥാപിക്കണമെന്നും ആവശ്യം ശക്തമാണ്.
കഴിഞ്ഞ മെയ് 27 ന് കോട്ടയം നഗരമധ്യത്തിൽ കെ കെ റോഡരികിൽ ചന്ത കവലയിൽ പ്രവർത്തിച്ചിരുന്ന ആറ് കടകളിൽ കവർച്ച നടന്നു. ഇതോടൊപ്പം കോട്ടയം ടൗൺ പരിസരങ്ങളിലെ നിരവധി ക്ഷേത്രങ്ങളിലും മോഷണം നടന്നിരുന്നു.



ഉമ്മൻ ചാണ്ടി സ്നേഹസ്പർശം സൗജന്യ മെഡിക്കൽ ക്യാമ്പ് പദ്ധതിയുടെ ഉദ്ഘാടനം പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ യൂഹാനോൻ മാർ ദിയസ്കോറോസ്, മാർ ജോസ് പുളിക്കൻ, സ്വാമി വീതസംഗാനന്ദ,മറിയാമ്മ ഉമ്മൻ എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു

## ഉമ്മൻ ചാണ്ടി ഓർമ്മദിനം ജനക്ഷേമമാക്കാൻ മെഡിക്കൽ ക്യാമ്പ്

പുതുപ്പള്ളി : ജനങ്ങൾക്കിടയിലില്ലാതെ ജനഹൃദയത്തിൽ മാത്രമായി പുതുപ്പള്ളിക്കാരുടെ കുഞ്ഞൂഞ്ഞ് മാറിയിട്ട് ഒരു വർഷം തികയുന്ന വേളയിൽ ഉമ്മൻ ചാണ്ടിക്ക് സ്നേഹസ്മരണയൊരുക്കി മന്ന ചാരിറ്റബിൾ ട്രസ്റ്റ്.
ഉമ്മൻചാണ്ടിയുടെ കുടുംബാംഗങ്ങൾ ചേർന്നാണ് മന്നാ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ചരമ വാർഷീകത്തോട് അനുബന്ധിച്ചാണ് ഉമ്മൻ ചാണ്ടി സ്നേഹസ്പർശം എന്ന പേരിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് പദ്ധതി ആരംഭിക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. ഉമ്മൻ ചാണ്ടിയുടെ കല്ലറയിൽ നിന്നും തെളിയിച്ച ദീപശിഖ ഓർത്തഡോക്സ് സഭ കോട്ടയം ഭദ്രാസന അധിപൻ യൂഹാനോൻ മാർ ദിയസ്കോറോസ്, സീറോ മലബാർ കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ മാർ ജോസ് പുളിക്കൻ, പാലാ ശ്രീരാമ കൃഷ്ണ മഠാധിപതി സ്വാമി വീതസംഗാനന്ദ, ഉമ്മൻ ചാണ്ടിയുടെ പത്നി മറിയാമ്മ ഉമ്മൻ എന്നിവർ ചേർന്ന് രാജഗിരി ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടറും,സിഇഒയുമായ ഫാ. ജോൺസൺ വാഴപ്പിള്ളിക്ക് കൈമാറികൊണ്ട് പദ്ധതിയുടെ ഉദ്ഘാടനം നടത്തി.
ചീകിയൊതുക്കാത്ത നരച്ച മുടിയും എപ്പോഴും ചിരിച്ച മുഖവും അടയാളമാക്കി മാറ്റിയ ഉമ്മൻചാണ്ടിയുടെ ഏറ്റവും വലിയ അടയാളം ചുറ്റും വലയം തീർത്തിരുന്ന ആൾകൂട്ടങ്ങളായിരുന്നുവെന്ന് യൂഹാനോൻ മാർ ദിയസ്കോറോസ് പറഞ്ഞു. ജനങ്ങൾക്ക് വേണ്ടി, അവർക്ക് നടുവിൽ ജീവിച്ച രാഷ്ട്രീയ നേതാവിന്റെ ഓർമ്മ ദിനം സാമൂഹ്യ സേവനങ്ങളിൽ അധിഷ്ഠിതമാകണമെന്ന് ബിഷപ്പ് മാർ ജോസ് പുളിക്കൻ ഓർമ്മപ്പെടുത്തി. സാധാരണക്കാർക്കൊപ്പം എപ്പോഴും നിലകൊണ്ട നേതാവെന്ന നിലയിൽ ഉമ്മൻ ചാണ്ടി എന്നും ഓർമ്മിക്കപ്പെടുമെന്ന് സ്വാമി വീതസംഗാനന്ദ അഭിപ്രായപ്പെട്ടു.
ഉമ്മൻ ചാണ്ടിയുടെ ഓർമ്മദിനത്തോട് അനുബന്ധിച്ച് ജൂലൈ 14 ന് ആദ്യ മെഡിക്കൽ ക്യാമ്പ് നടത്തും. ആലുവ രാജഗിരി ആശുപത്രിയുമായി ചേർന്ന് ഇടുക്കി ജില്ലയിലെ ഉമ്മൻ ചാണ്ടി നഗറിലായിരിക്കും ആദ്യ മെഡിക്കൽ ക്യാമ്പ്. ഫാ.തോമസ് കുര്യൻ മരോട്ടിപ്പുഴ, പുതുപ്പള്ളി പള്ളി വികാരി ഫാ. വർഗീസ് വർഗീസ്, മറിയ ഉമ്മൻ, റോബർട്ട് കുര്യാക്കോസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



ഈരാറ്റുപേട്ട കാരക്കാട് എം എം എം യു എം യു പി സ്കൂളിലെ കുട്ടികൾ വായനദിനത്തോടനുബന്ധിച്ച് നിർമിച്ച ഭീമൻ പത്രത്തിന്റെയും കുട്ടികൾ തയ്യാറാക്കിയ കയ്യെഴുത്ത് മാസികയുടെയും പ്രകാശനം മാനേജർ ഹാജി കെ എ മുഹമ്മദ് അഷ്റഫ് നിർവഹിക്കുന്നു

## പൊലീസ് ഉദ്യോഗസ്ഥനെ ആക്രമിച്ച കേസിലെ പ്രതിക്ക് രണ്ട് വർഷം കഠിന തടവ്


രഹിലാൽ

കോട്ടയം: ജില്ലാ ആശുപത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പൊലീസ് ഉദ്യോഗസ്ഥനെ ആക്രമിച്ച കേസിൽ പ്രതിക്ക് കോടതി രണ്ടുവർഷം കഠിനതടവ് ശിക്ഷ വിധിച്ചു. വടവാതൂർ, ശാന്തിഗ്രാം ഭാഗത്ത് പുത്തൻപറമ്പിൽ വീട്ടിൽ രഹിലാലിനെയാണ് (32) കോട്ടയം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി ശിക്ഷ വിധിച്ചത്.ജഡ്ജി അനന്തകൃഷ്ണനാണ് വിധി പ്രസ്താവിച്ചത്.ഇയാൾ 2019 ൽ കോട്ടയം ജില്ലാ ആശുപത്രിയിലെ പൊലീസ് എയ്ഡ് പോസ്റ്റിലെ ഡ്യൂട്ടിക്കാരനായ പൊലീസ് ഉദ്യോഗസ്ഥനെ അത്യാഹിത വിഭാഗത്തിൽ വച്ച് ചീത്ത വിളിക്കുകയും, ആക്രമിക്കുകയുമായിരുന്നു. തുടർന്ന് കോട്ടയം വെസ്റ്റ് പൊലീസ് കേസ് രജിസ്റ്റർ ചെയ്യുകയും, എസ്.ഐ ആയിരുന്ന റ്റി.ശ്രീജിത്തിന്റെ നേതൃത്വത്തിൽ ഇയാൾക്കെതിരെ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുകയുമായിരുന്നു.പ്രോസിക്യൂഷന് വേണ്ടി അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ റോബിൻ നെല്ലിയറ ഹാജരായി.

## ക്ഷേത്രത്തിലെ മോഷണം: മോഷ്ടാവ് അറസ്റ്റിൽ


ആശാകുമാർ

കുമരകം:തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ കാണിക്കവഞ്ചി കുത്തി തുടർന്ന് പണം കവർന്ന കേസിലെ പ്രതി പോലീസിന്റെ പിടിയിലായി. ആലപ്പുഴ കൈനകരി ഭാഗത്ത് കുന്നത്തറ വീട്ടിൽ ആശാകുമാറിനെയാണ്(48) കുമരകം പോലീസ് അറസ്റ്റ് ചെയ്തത്. ഈ മാസം ആറാം തീയതിയായിരുന്നു കേസിനാസ്പദമായ സംഭവം. പുലർച്ചെയോടുകൂടി തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ കാണിക്കവഞ്ചി ഇയാൾ ഇരുമ്പ് കമ്പി ഉപയോഗിച്ച് കുത്തി തുറന്ന് അതിലുണ്ടായിരുന്ന ഏകദേശം 8,500 രൂപയോളം മോഷണം നടത്തികടന്നു .പരാതിയെ തുടർന്ന് കുമരകം പോലീസ് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു നടത്തിയ ശാസ്ത്രീയമായ പരിശോധനയിൽ മോഷ്ടാവിനെ തിരിച്ചറിഞ്ഞ് നടത്തിയ ശക്തമായ തിരച്ചിലിൽ ഇയാളെ അമ്പലപ്പുഴയിൽ നിന്നും പിടികൂടുകയുമായിരുന്നു. എസ്.എച്ച്. ഓ തോമസ് കെ.ജെ, എസ്.ഐ മാരായ മനോജ് കെ.കെ, ഷാജി, സി.പി.ഓ മാരായ ശിവപ്രസാദ്, രാജു, സുജിത്ത്, ഡെന്നി, അനിൽകുമാർ എന്നിവർഅന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു.

## എൻ.എസ്.എസിന് 157.55 കോടിയുടെ ബജറ്റ്

ചങ്ങനാശേരി: 2024-25 സാമ്പത്തിക വർഷത്തെ 157.55 കോടി രൂപ വരവും അത്രയും തന്നെ ചിലവും പ്രതീക്ഷിക്കുന്ന ബജറ്റ് എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ അവതരിപ്പിച്ചു.
മുൻ വർഷത്തെ ബജറ്റ് 144.25 കോടി രൂപയായിരുന്നു.41.72 കോടി രൂപ ക്യാപ്പിറ്റൽ ഇനങ്ങളിലും 115.7.8 കോടി രൂപ റവന്യൂ ഇനങ്ങളിലും വരവ് പ്രതീക്ഷിക്കുന്നു. ക്യാപ്പിറ്റൽ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന ചെലവ് 56.64കോടി രൂപയും, റവന്യൂ ഇനങ്ങളിൽ പ്രതീക്ഷിച്ചിരിക്കുന്ന ചെലവ് 100.90 കോടി രൂപയുമാണ്. വിവിധ മരാമത്ത് പണികൾക്കായി അഞ്ച് കോടി രൂപ ജനറൽ ഭരണം വിഭാഗത്തിന്റെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.
രാവിലെ മന്നം സമാധിയിൽ പുഷ്പാർച്ചനയ്ക്കുശേഷമാണ് ബജറ്റ് സമ്മേളനം ആരംഭിച്ചത്. എൻ.എസ്.എസ് പ്രസിഡന്റ് ഡോ.എം.ശശികുമാർ അധ്യക്ഷനായി.
പ്രതിനിധി സഭാംഗങ്ങൾ, ഡയറക്ടർ ബോർഡ് അംഗങ്ങൾ. കൗൺസിൽ അംഗങ്ങൾ, 59 താലൂക്ക് യൂനിയൻ പ്രതിനിധികൾ, എൻ.എസ്.എസ് ഉദ്യോഗസ്ഥ മേധാവികൾ, കരയോഗം പ്രതിനിധികൾ എന്നിവർ ബജറ്റ് സമ്മേളനത്തിൽ പങ്കെടുത്തു.
നായർ സർവ്വീസ് സൊസൈറ്റിയുടെ പ്രതിനിധി സഭയിലേയ്ക്ക് ഒൻപത് പേരെ കൂടി തിരഞ്ഞെടുത്തു. നായർ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡന്റായി ഡോ.എം.ശശികുമാറിനെ വീണ്ടും തിരഞ്ഞെടുത്തു.
വരണാധികാരി അനിൽ.ഡി.കർത്തയാണ് തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയത്.
ഡോ.എം.ശശികുമാർ. കാർത്തികപ്പള്ളി, ഹരികുമാർ കോയിക്കൽ. ചങ്ങനാശേരി, അഡ്വ.എം.എസ്.മോഹൻ പൊൻകുന്നം, ഡോ.ജി.ഗോപകുമാർ കൊല്ലം, പി.നാരായണൻ ഒറ്റപ്പാലം, പ്രൊഫ.ഇലഞ്ഞിയിൽ രാധാകൃഷ്ണൻ ചേർത്തല, അഡ്വ.എ.സുരേശൻ തൃശ്ശൂർ, അഡ്വ.എ.ബാലകൃഷ്ണൻനായർ കാസർഗോഡ്, അഡ്വ.ഹൃഷികേശ് തലപ്പള്ളി എന്നിവരെയാണ് നായകസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുത്തത്.

## ഷിഗേരു ബാന്റെ പ്രഭാഷണം നാളെ

കൊച്ചി: വാസ്തുശിൽപ്പകലയിലെ നൊബേൽ സമ്മാനമായി അറിയപ്പെടുന്ന പ്രിറ്റ്സ്കെർ സമ്മാനം 2014ൽ നേടിയ ലോകപ്രസിദ്ധ ജപ്പാനീസ് ആർക്കിടെക്റ്റ് ഷിഗേരു ബാൻ നാളെ കൊച്ചിയിൽ പ്രഭാഷണം നടത്തും. മൂവാറ്റുപുഴ സീഡ് എപിജെ അബ്ദുൽ കലാം സ്കൂൾ ഓഫ് എൻവയോൺമെന്റൽ ഡിസൈനും ലിവിംഗ്എക്സ്ട്ര ഇന്ത്യയും ചേർന്ന് സംഘടിപ്പിക്കുന്ന റ്റുമാറോ ഈസ് നൗ എന്ന പ്രഭാഷണ പരമ്പരയിലെ ആദ്യ പ്രഭാഷണമാണ് ബാൻ നിർവഹിക്കുക. വൈകിട്ട് 4.30 മുതൽ ലെ മെറിഡിനിലാണ് പരിപാടി.
കഴിഞ്ഞ ന്യൂസിലാൻഡിൽ നിന്നുള്ള ആർക്കിടെക്റ്റ് ജെറമി സ്മിത്തും നാളെ ചടങ്ങിൽ സംസാരിക്കും.

## ഭിന്നശേഷിക്കാരിക്ക് തുടർപഠനത്തിന് കളമൊരുങ്ങുന്നു

കാലടി: തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്ര ട്രസ്റ്റിന്റെ തണലിൽ ഭിന്നശേഷിക്കാരിയായ നന്ദന ടി.രാജന് ഉപരിപഠനത്തിന് കളമൊരുങ്ങുന്നു. ക്ഷേത്രട്രസ്റ്റ് നന്ദനയുടെ പഠനച്ചിലവ് പൂർണ്ണമായും ഏറ്റെടുക്കുകയാണുണ്ടായത്. ഐക്യംപുറത്ത് വീട്ടിൽ രാജന്റെയും ഇന്ദിരയുടെയും 3 മക്കളിൽ മൂത്ത മകളാണിത്. ജന്മനാ ബധിരയും മൂകയുമായ കുട്ടി മാണിക്കമംഗലം സെന്റ് ക്ലയർ ഭിന്നശേഷി വിദ്യാലയത്തിലെ വിദ്യാർത്ഥിയാണ്. പഠിക്കാൻ മിടുക്കിയായ നന്ദനയ്ക്ക് പ്ലസ് ടുവിന് എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചു. കൂലിപ്പണിക്കാരനായ രാജനും ഇന്ദിരക്കും പഠനത്തിലും, സ്പോർട്ട്സിലും മിടുക്കിയായ മകളുടെ തുടർപഠനം നടത്തുവാനാകാത്തയവസ്ഥയായിരുന്നു. കേൾവി-സംസാര പരിമിതിയുള്ളതിനാൽ അത്തരം കോളജുകളിൽ മാത്രമാണ് നന്ദനക്ക് പഠിക്കാൻ കഴിയൂ. ബി കോമിന് ചേരണമെന്നാണ് നന്ദനയുടെ ആഗ്രഹം. സെന്റ് ക്ലയറിയിൽ പ്രൈവറ്റായി ഈ കോഴ്സ് നടത്തുന്നുണ്ട്. മകളുടെ പഠനത്തിന് സഹായം നൽകണമെന്ന നന്ദനയുടെ മാതാവിന്റെ അപേക്ഷ പരിഗണിച്ച് ക്ഷേത്രട്രസ്റ്റ് വിദ്യാർത്ഥിയുടെ പഠന ച്ചിലവ് പൂർണ്ണമായുമേറ്റെടുക്കാൻ തീരുമാനിക്കുകയായിരുന്നു.തുടർന്ന് ട്രസ്റ്റ് ഭാരവാഹികൾ സ്കൂൾ അധികൃതരെ നേരിട്ടറിയിക്കുകയും ചെയ്തു. തിരുവൈരാണിക്കുളം ക്ഷേത്രട്രസ്റ്റ് ചെയ്തത് മാതൃകയാണെന്നും മറ്റുള്ളവരും ഇത്തരം പ്രവർത്തികളുമായി മുന്നിട്ടിറങ്ങണമെന്നും പ്രിൻസിപ്പാൾ സിസ്റ്റർ അഭയ പറഞ്ഞു. ദേശീയ ബധിര കായികമേളകളിൽ നന്ദന നിരവധി പുരസ്കാരങ്ങളും നേടിയിട്ടുണ്ട്.

## പൊതുവാർത്തകൾ



CLICK എറണാകുളം കെ എസ് ആർ ടി സി ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനുള്ള നടപടികൾ വിലയിരുത്തുന്നതിനായി ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ്കുമാർ ബസ് സ്റ്റാൻഡ് സന്ദർശിക്കുന്നു

# എറണാകുളം കെ.എസ്.ആർ.ടി.സി സ്റ്റാന്റിലെ വെള്ളക്കെട്ട് സബ്മിഷനായി ഉന്നയിച്ച് ടി.ജെ വിനോദ്

കൊച്ചി: എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന്റെ ശോചനീയ അവസ്ഥ പരിഹരിക്കുന്നതിന് ഗതാഗത വകുപ്പ് മന്ത്രി മുൻകയ്യെടുക്കണമെന്ന് ടി.ജെ.വിനോദ് എം.എൽ.എ. ഒരു ദിവസം ഏകദേശം 89 ബസുകൾ ഓപ്പറേറ്റ് ചെയുകയും 479 ബസുകൾ വന്നു പോകുകയും ചെയുന്ന സ്റ്റാൻഡിൽ 940 ഓളം ട്രിപ്പുകളുണ്ട്. ദിനംപ്രതി 25000 ത്തോളം ആളുകൾ ഉപയോഗിക്കുന്ന എറണാകുളം സ്റ്റാൻന്റ് ഒരു മഴ പെയ്താൽ ബോട്ട് സർവീസ് നടത്താൻ സാധിക്കുന്ന തരത്തിൽ വെള്ളം കയറും. എല്ലാ സോഷ്യൽ മീഡിയകളിലും ഏറ്റവും കൂടുതൽ അധിക്ഷേപിക്കപ്പെടുന്ന ഇടമാണിത്. നിലവിലെ ഭൗതീക സാഹചര്യം കണക്കിലെടുത്താൽ വ്ളോഗർമാരെ കുറ്റം പറയാനാവില്ല. ഈ വിഷയം പലതവണ പല മാർഗങ്ങളിലും പരിഹരിക്കാൻ ശ്രമിച്ചെങ്കിലും സർക്കാർ തലത്തിൽ സഹായങ്ങൾ ഒന്നും തന്നെ ലഭിച്ചില്ലെന്നും എംഎൽഎ പറഞ്ഞു.
സംസ്ഥാന സർക്കാരിന്റെ കയ്യിൽ പണമില്ല എന്നതിനാൽ സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയുടെ ഭാഗമായി 12 കോടി രൂപ അനുവദിച്ചു. മൂന്ന് മന്ത്രിമാരുടെ സാനിധ്യത്തിൽ എംഒയു ഒപ്പുവെച്ചതുമാണ്. കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ തറക്കലിടാമെന്ന തീരുമാനിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ നാളിതുവരെ ഒരു കല്ല് പോലും എടുത്ത് വയ്ക്കാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ ഡിസൈൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയതാണ്. ട്രാഫിക്ക് പഠനം നാറ്റ്പാക്ക് നടത്തിയിട്ടുണ്ട്. നിർമ്മാണ മേൽനോട്ട ചുമതല വഹിക്കേണ്ട മൊബിലിറ്റി ഹബ്ബിൽ എഞ്ചിനീറിങ്ങ് വിഭാഗത്തിൽ ഉദ്യാഗസ്ഥർ ഇല്ല എന്നുള്ളത് വസ്തുതയാണ്. ഇതുചൂണ്ടി കാണിച്ചു ബന്ധപ്പെട്ട വകുപ്പ് മന്ത്രിക്ക് കത്തു നൽകിയിട്ടുള്ളതാണ്. സ്മാർട്ട് സിറ്റി പ്രവർത്തനം ജൂൺ മാസം അവസാനിക്കുമെന്നാണ് അറിയുന്നത്. ഈ പന്ത്രണ്ട് കോടി രൂപ നഷ്ടമാകാതെയിരിക്കാനും നിലവിലെ സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനും മന്ത്രി തലത്തിൽ അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്ന് ടി.ജെ.വിനോദ് സബ്മിഷനിലൂടെ ആവശ്യപ്പെട്ടു. വിഷയത്തിന്റെ പ്രാധാന്യം അംഗീകരിച്ച മന്ത്രി സ്റ്റാൻഡ് ദൃശ്യ മാധ്യമങ്ങളിൽ പരിഹാസപത്രമാവുന്നത് ഒഴിവാക്കാൻ വിഷയത്തിൽ അടിയന്തിരമായി ഇടപെട്ട് പരിഹാരം കാണുന്നതിന് ഇടപെടൽ ഉറപ്പ് നൽകി. സ്മാർട്ട് സിറ്റി നൽകിയ ഫണ്ട് ഉപയോഗിച്ച് നിർമിക്കാൻ ആലോചിക്കുന്ന നിർമിതി നിലവിലെ സ്റ്റാൻഡിൽ അല്ലെന്നും സമീപത്തുള്ള മറ്റൊരു കോമ്പൗണ്ടിൽ ആണെന്നും ഇതിലേക്കുള്ള വഴിക്ക് വേണ്ടിയാണ് എംഒയു ഒപ്പിട്ടത് എന്നും മന്ത്രി വ്യക്തമാക്കി.

# രണ്ടേകാൽ കിലോ കഞ്ചാവുമായി ഒഡീഷ സ്വദേശി പിടിയിൽ

പെരുമ്പാവൂർ: ഓപ്പറേഷൻ ക്ലീൻ പെരുമ്പാവൂർ പദ്ധതിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ രണ്ടേകാൽ കിലോ കഞ്ചാവുമായി ഒഡിഷ സ്വദേശി പിടിയിൽ. ഒഡീഷ കണ്ടമാൽ സ്വദേശി രാഹുൽ ഡിഗൽ (29) നെയാണ് പെരുമ്പാവൂർ എഎസ് പി യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് പിടികൂടിയത്.
പെരുമ്പാവൂർ കെഎസ്ആർടിസി ബസ് സ്റ്റാൻഡിന് സമീപമുള്ള ബാറിന്റെ പാർക്കിംഗ് ഗ്രൗണ്ടിൽ നിന്നാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. രഹസ്യ വിവരത്തെ തുടർന്ന്, കഞ്ചാവ് കൈമാറ്റത്തിന് എത്തിയ പ്രതിയെ പിന്തുടർന്നാണ് പിടികൂടിയത്. ഒഡീഷയിൽ നിന്ന് 3000 രൂപക്ക് കഞ്ചാവ് വാങ്ങി ട്രെയിൻ മാർഗം എത്തിച്ച് ഇവിടെ കിലോയ്ക്ക് 25000 രൂപക്ക് വിൽപ്പന നടത്തിവരികയായിരുന്നു. ശനിയാഴ്ചയാണ് രാഹുൽ ഡിഗൽ നാട്ടിലെത്തിയത്. കാൽക്കിലോ, അരക്കിലോ പാക്കറ്റുകളിലാക്കിയാണ് കച്ചവടം. അതിഥി തൊഴിലാളികൾക്കിടയിലാണ് പ്രധാനമായി വിൽപ്പന. ഇയാളിൽ നിന്ന് കഞ്ചാവ് വാങ്ങുന്നവർ പൊലീസ് നിരീക്ഷണത്തിലാണ്.



രാഹുൽ ഡിഗൽ

ജില്ലാ പൊലീസ് മേധാവി ഡോ വൈഭവ് സക്സേനയുടെ നിർദ്ദേശപ്രകാരം പ്രത്യേക അന്വേഷണ സംഘം നടത്തിയ പരിശോധനയിൽ കഴിഞ്ഞ മാസം മാറമ്പിള്ളിയിൽ നിന്ന് 16 കിലോ കഞ്ചാവും, ജൂണിൽ മുടിക്കലിൽ നിന്നും അഞ്ചരക്കിലോ കഞ്ചാവും, കഴിഞ്ഞ ദിവസം മാറമ്പിള്ളി പാലത്തിന് സമീപത്ത് നിന്ന് ഒരു കിലോ കഞ്ചാവും പിടികൂടിയിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് രണ്ട് ഒഡീഷ സ്വദേശികളെയും, ഒരു മുർഷിദാബാദ് സ്വദേശിയേയും അറസ്റ്റ് ചെയ്തിരുന്നു. പെരുമ്പാവൂർ എ.എസ്. പി മോഹിത് റാവത്ത്, ഇൻസ്പെക്ടർ എം.കെ രാജേഷ്, എ.എസ് ഐ പി.എ അബ്ദുൾ മനാഫ്, സീനിയർ സി പി ഒ മാരായ മനോജ് കുമാർ, കെ.എ അഫ്സൽ, ബെന്നി ഐസക്ക്, എം.കെ നിഷാദ് തുടങ്ങിയവരാണ് അന്വേഷണ സംഘത്തിലുള്ളത്.

# പറവൂരിൽ വീണ്ടും പഴകിയ ഭക്ഷണ സാധനങ്ങൾ പിടിച്ചെടുത്തു

പറവൂർ: നഗരസഭ ആരോഗ്യ വിഭാഗം നഗരത്തിലെ 10 ഹോട്ടലുകളിൽ പരിശോധന നടത്തി. ഡോൺബോസ്കോ ആശുപത്രിക്ക് എതിർവശമുള്ള സ്വാഗത് ഹോട്ടലിൽ നിന്നും പഴകിയ ഭക്ഷണ സാധനങ്ങൾ വീണ്ടും പിടിച്ചെടുത്തു. കൂടാതെ ആഹാരസാധനങ്ങൾ വൃത്തിഹീനമായ സാഹചര്യത്തിൽ കൈകാര്യം ചെയ്തതിനും, മാലിന്യ സംസ്കരണ സംവിധാനമില്ലാത്തതിനും പിഴ ചുമത്തി നോട്ടീസ് നൽകി. ഡോൺ ബോസ്കോ ആശുപത്രിയിലെ വനിത സ്വാശ്രയ ക്യാന്റീൻ, ചേന്ദമംഗലം കവലയിലെ മാങ്കറ ഹോട്ടൽ, ഹോട്ടൽ സിസി ടവർ, ചൈത്രം ബേക്കറി എന്നിവിടങ്ങളിൽ കൃത്യമായ ലേബലില്ലാതെ ഭക്ഷ്യവസ്തുക്കൾ ഫ്രീസറിൽ സൂക്ഷിച്ചതായും കണ്ടെത്തിയിട്ടുണ്ട്. ചേന്ദമംഗലം കവലയിലെ തക്കാഷി, സിസി ടവർ എന്നീ ഹോട്ടലുകളിൽ മാലിന്യം കത്തിച്ചു കളയുന്നതിനെതിരെ പിഴ ചുമത്തി നോട്ടീസ് നൽകി. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കെഎംകെ ആശുപത്രിയുടെ ക്യാന്റീനിനും പിഴ ചുമത്തി.

### പരിശോധനക്കെതിരെ കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ

എന്നാൽ നഗരസഭ ആരോഗ്യ വിഭാഗം ഹോട്ടലുകളിൽ നടത്തുന്ന പരിശോധനക്കെതിരെ കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ രംഗത്തെത്തി.
ഭക്ഷ്യസുരക്ഷാ നിലവാര നിയമ പ്രകാരം ഫ്രീസറുകളിൽ നിയമാനുസൃതം സൂക്ഷിക്കുന്ന ഭക്ഷ്യവസ്തുക്കളാണ് പഴകിയതെന്നാരോപിച്ച് ഉദ്യോഗസ്ഥർ എടുത്തുകൊണ്ടു പോകുന്നത്. യാതൊരു ശാസ്ത്രീയ പരിശോധനയും നടത്താതെ പിടിച്ചെടുത്ത ഭക്ഷണം പഴകിയതെന്ന പ്രചരണം നടത്തുന്നത് മേഖലയെ ദോഷകരമായി ബാധിക്കും. ഭക്ഷ്യ സുരക്ഷാ നിയമം പ്രാബല്യത്തിലായതോടെ ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കൾ പരിശോധിക്കാനുള്ള അധികാരം ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർക്കും, ശുചിത്വ പരിശോധനക്കുള്ള അധികാരം നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർക്കുമാണ്. ഇല്ലാത്ത അധികാരം ഉപയോഗിച്ച് പൊതുജനമധ്യത്തിൽ ഹോട്ടലുകളെ താറടിച്ചു കാണിക്കുന്ന ഉദ്യോഗസ്ഥ നടപടി അവസാനിപ്പിക്കണമെന്നും, നിരന്തരം ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അസോസിയേഷൻ യൂണിറ്റ് പ്രസിഡന്റ് എൻ.എം. അബ്ദുൾ സമദ്, സെക്രട്ടറി കെ രാഘവേന്ദ്രൻ എന്നിവർ ആവശ്യപ്പെട്ടു.

## എം.പി. അബ്ദുൽഖാദർ അനുസ്മരണം നടത്തി

# മതേതരത്വത്തെ ഉയർത്തിപ്പിടിച്ച നേതാവ്: എൽദോസ് കുന്നപ്പിള്ളി

പെരുമ്പാവൂർ : ആശയങ്ങളും ആദർശങ്ങളും ഉയർത്തിപ്പിടിച്ച് മതേതരത്വത്തെ ശക്തിപ്പെടുത്താൻ പ്രയത്നിച്ച വ്യക്തിയായിരുന്നു എം.പി അബ്ദുൽ ഖാദർ സാഹിബെന്ന് അഡ്വ. എൽദോസ് കുന്നപ്പിള്ളി എം.എൽ.എ. തന്റേതായ ശൈലിയിൽ ഹാസ്യരൂപേണ വിമർശനങ്ങളും നിലപാടുകളും വ്യക്തമാക്കിയരുന്ന അദ്ദേഹം യു.ഡി.എഫിന്റേയും അതിലുപരി മുസ്ലിം ലീഗിന്റേയും നട്ടെല്ലായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
മുതിർന്ന മുസ്ലിം ലീഗ് നേതാവ് എം.പി അബ്ദുൽ ഖാദറിന്റെ നിര്യാണത്തിൽ അനുശോചിച്ച് പെരുമ്പാവൂർ പൗരാവലിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.




എം.പി. അബ്ദുൽഖാദർ അനുസ്മരണ സമ്മേളനം എൽദോസ് കുന്നപ്പിള്ളി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

പെരുമ്പാവൂർ മുനിസിപ്പൽ സ്റ്റേഡിയത്തിന് സമീപത്ത് നടന്ന പരിപാടിയിൽ മുസ്ലിം ലീഗ് പെരുമ്പാവൂർ നിയോജക മണ്ഡലം പ്രസിഡന്റ് ഇ.പി ഷമീർ അധ്യക്ഷത വഹിച്ചു. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖരായ ഒ.ദേവസി, സി.എം കരീം, മൈതീൻ കുന്നത്താൻ, മനോജ് മൂത്തേടൻ, അഡ്വ. രമേശ് ചന്ദ്, എൻ.വി.സി അഹമ്മദ്, അനിൽ കുമാർ, ബാവക്കുഞ്ഞ്, ജോർജ്ജ് കിഴക്കുമ്മശ്ശേരി, പി.കെ മുഹമ്മദ്കുഞ്ഞ്, എം.എം അഷറഫ്, എൻ.ഒ ജോർജ്, ജോയ് പൂണേലി, സുബൈർ വെട്ടിയാനിക്കൽ, വർഗ്ഗീസ് കുറുപ്പംപടി, സണ്ണി വെങ്ങോല, റ്റി.പി രാമകൃഷ്ണൻ, എ.റ്റി അജിത് കുമാർ, എം.യു ഇബ്രാഹീം, ഷെയ്ക്ക് ഹബീബ്, പി.എ കാസിം, കെ.വൈ ഇബ്രാഹീംകുട്ടി, കെ.എം ബഷീർ, ഇ.എസ് സൈനുദ്ദീൻ, ഇ.യു ഖാദർപിള്ള, സി.എം അനസ്, അൻസാർ അറയ്ക്കപ്പടി, അബ്ദുള്ള കാരുവിള്ളി, റസാക്ക് കൂർക്കാടൻ, നാസർ പൊയ്ക്കാടൻ, കാസിം പറേലി, സെയ്ദു ഒന്നാംമൈൽ എന്നിവർ സംബന്ധിച്ചു.

## പാടിപ്പറക്കുന്ന മലയാളം പക്ഷിച്ചിത്ര പ്രദർശനം 27മുതൽ

കൊച്ചി: പ്രശസ്ത പക്ഷി നിരീക്ഷകനും എഴുത്തുകാരനുമായ ഇന്ദുചൂഡന്റെ ജന്മശതാബ്ദി വർഷത്തിൽ പാടിപ്പറക്കുന്ന മലയാളം എന്ന പേരിൽ 61 ചിത്രങ്ങളുടെ പ്രദർശനം എറണാകുളം ദർബാർ ഹാൾ ഗാലറിയിൽ നടത്തുന്നു. 27ന് വൈകിട്ട് എഴുത്തുകാരൻ സക്കറിയ ഉദ്ഘാടനം ചെയ്യും. 30 വരെയാണ് പ്രദർശനം ഉണ്ടാവുക. നടൻ മമ്മൂട്ടിയും, പക്ഷിച്ചിത്രങ്ങളെടുക്കുന്നതിൽ ലോകപ്രശസ്തയായ ജെയിനി കുര്യാക്കോസുമടക്കം 23 ഛായാഗ്രാഹകന്മാരുടെ സൃഷ്ടികളാണ് പ്രദർശനത്തിനുണ്ടാവുക. ആകൃതികൾ കൊണ്ടും, വർണങ്ങൾ കൊണ്ടും ജീവിതരീതികളുടെ പ്രത്യേകതകൾ കൊണ്ടും എന്നും നമ്മെ ആകർഷിച്ചിട്ടുള്ള ജീവിവർഗമായ പക്ഷികളുടെ വർണാഭമായ ലോകത്തെയാണ് പ്രദർശനം കാണിക്കുക.
ഇന്ദുചൂഡൻ തന്റെ കേരളത്തിലെ പക്ഷികൾ എന്ന പുസ്തകത്തിൽ വിശദീകരിച്ചിട്ടുള്ള പക്ഷികളിൽ അറുപത്തിയൊന്നെണ്ണത്തിന്റെ ചിത്രങ്ങളാണ് പ്രദർശനത്തിൽ ഉണ്ടാവുക. ഇന്ദുചൂഡൻ ഫൗണ്ടേഷനാണ് സംഘാടകർ. പ്രവേശനം സൗജന്യം.



മറ്റൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നിർമ്മിച്ച കെട്ടിടം റോജി എം. ജോൺ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

## പുതിയ കെട്ടിടം തുറന്നു

കാലടി: മറ്റൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ (ഗവ.ആസ്പത്രി) നിർമ്മിച്ച പുതിയകെട്ടിടം തുറന്നു കൊടുത്തു. റോജി എം.ജോൺ എം എൽ എ ഉദ്ഘാടനം നിർവ്വഹിച്ചു.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കൊച്ചുത്രേസ്യ തങ്കച്ചൻ അധ്യക്ഷത വഹിച്ചു. എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 65 ലക്ഷം രൂപ ചിലവിട്ടാണ് കെട്ടിടനിർമാണം പൂർത്തിയാക്കിയത്. കാലടിയിലേയും സമീപ പ്രദേശങ്ങളിലേയും നൂറുകണക്കിന് സാധാരണക്കാർ ആശ്രയിക്കുന്ന ഗവ. ആശുപത്രിയുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെട്ടിടനിർമ്മാണം.
ചടങ്ങിൽ പഞ്ചായത്ത് പ്രസിഡൻറ് ഷൈജൻ തോട്ടപ്പിള്ളി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബിജു കാവുങ്ങ,ജില്ലാ പഞ്ചായത്തംഗം ശാരദാ മോഹൻ, പഞ്ചായത്ത് വൈസ് പ്രസിഡൻറ് അംബിക ബാലകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരംസമിതി യധ്യക്ഷ ലാലി ആൻറു, പഞ്ചായത്ത് സ്ഥിരം സമിതിയധ്യക്ഷരായ സിജു കല്ലുങ്ങൽ, ശാന്ത ചാക്കോ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ മേരി ദേവസ്സിക്കുട്ടി, ആൻസി ജിജോ, സിജോ ചൊവ്വരാൻ, കെ.വി അഭിജിത്ത്, പഞ്ചായത്തംഗം ബിനോയ് കൂരൻ, ആശുപത്രി സൂപ്രണ്ട് ഡോ.നസീമ നജീബ്, ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻ ജോയ് പോൾ,അഡ്വ.കെ.ബി സാബു,കെ.സി ബേബി, റെന്നി പാപ്പച്ചൻ, പി.കെ ഷാജഹാൻ എന്നിവർ സംബന്ധിച്ചു.

## രാത്രിയുടെ മറവിൽ പാടശേഖരം നികത്തുന്നു

കാലടി: മലയാറ്റൂർ പഞ്ചായത്ത് 10-ാം വാർഡിലെ കർത്തനാപുരം പാടശേഖരത്ത് രാത്രിയുടെ മറവിൽ ലോഡ് കണക്കിന് മണ്ണടിച്ച് നികത്താനുള്ള ശ്രമത്തിനെതിരെ പ്രതിഷേധം ശക്തമായി. ഇത്തരം നീക്കങ്ങൾ പരാജയപ്പെടുമെന്നും ജില്ലയിലെതന്നെ ഏറ്റവും വലിയ പാടശേഖരം അതേപടി നിലനിൽക്കേണ്ടത് പരിസ്ഥിതി സന്തുലനത്തിനാ വശ്യമാണെന്നും ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾക്ക് എത്രയുംവേഗം പരിഹാരം കാണുവാൻ ആർ.ഡി.ഒക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് വിൻസൻ കോയിക്കര പറഞ്ഞു. മണ്ണടിച്ച സ്ഥലം സന്ദർശിച്ച ശേഷം കർഷകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വാർഡ് മെമ്പർ സെലിൻ പോൾ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയധ്യക്ഷ ഷിൽബി ആന്റണി എന്നിവരും മണ്ണടിച്ച സ്ഥലത്ത് പ്രസിഡന്റിനൊപ്പം എത്തിയിരുന്നു.

## ബി.എഫ്.എ പ്രവേശന പരീക്ഷ 18ന്

കാലടി: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ബാച്ചിലർ ഓഫ് ഫൈൻ ആർട്സ്(ബി. എഫ്.എ) പ്രവേശനത്തിനുള്ള അഭിരുചി പരീക്ഷ 18ന് രാവിലെ 9.30ന് സർവ്വകലാശാല മുഖ്യകേന്ദ്രത്തിൽ നടക്കുമെന്ന് സർവകലാശാല അറിയിച്ചു.

## വിദ്യാഭ്യാസ അവാർഡ് വിതരണം ഇന്ന്

കാലടി:യൂത്ത് കോൺഗ്രസ് കാഞ്ഞൂർ മണ്ഡലം കമ്മിറ്റിയുടെ ഈ വർഷത്തെ വിദ്യാഭ്യാസ അവാർഡുകളുടെ വിതരണം ഇന്ന് ഉച്ചക്കുശേഷം 2. 30ന് എസ്എൻഡിപി ഹാളിൽ നടക്കുമെന്ന് പ്രസിഡൻറ് എബിൻ ഡേവിസ് അറിയിച്ചു. മണ്ഡലത്തിലെ മുഴുവൻ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളേയുമാണ് ആദരിക്കുക.റോജി എം.ജോൺ എംഎൽഎ വിജയികൾക്കുള്ള അവാർഡുകൾ സമ്മാനിക്കും.

## ടോയ്ലറ്റ് ബ്ലോക്ക് ഉദ്ഘാടനം ചെയ്തു

പറവൂർ: ഗവ. ബോയ്സ് ഹൈസ്കൂളിൽ നിർമ്മിച്ച ടോയ്ലറ്റ് ബ്ലോക്ക് പ്രതിപക്ഷ നേതാവ് അഡ്വ. വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.
നഗരസഭ ചെയർപേഴ്സൺ ബീന ശശിധരൻ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ എം.ജെ.രാജു, കൗൺസിലർമാരായ സജി നമ്പ്യത്ത്, കെ.ജെ. ഷൈൻ, ഇ.ജി ശശി, ടി.വി.നിധിൻ, രാജ് കുമാർ, വനജ ശശികുമാർ, ഗീത ബാബു, ജയ ദേവാനന്ദൻ, എം.കെ.ബാനർജി, ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ വീണ എസ്.വി., ഹെഡ്മിസ്ട്രസ്സ് സിനി എ.എസ്. പൊതുമാരാമത്ത് വകുപ്പ് കെട്ടിടവിഭാഗം അസിസ്റ്റൻറ് എഞ്ചിനീയർ ഇൻ ചാർജ്ജ് പ്രിൻസ്, ഓവർസിയർ സുമ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. എം.എൽ.എ യുടെ ആസ്തിവികസന സ്കീമിൽ ഉൾപ്പെടുത്തി 19.20 ലക്ഷം രൂപ ചിലവഴിച്ചാണ് നിർമ്മിച്ചത്.



മുടിക്കൽ മാടവന അബൂബക്കർ മുസ്ലിയാരുടെ ദർഗ ശരീഫിൽ നടന്ന 52-ാമത് ആണ്ട് നേർച്ചയുടെ സമാപനം കുറിച്ച് നടന്ന അന്നദാന വിതരണ ഉദ്ഘാടനം പുറക്കാട്ട് അബൂബക്കർ ഹാജി നിർവഹിക്കുന്നു

# ആയിരങ്ങൾക്ക് സായൂജ്യമേകി മുടിക്കൽ ആണ്ട് നേർച്ച സമാപിച്ചു

പെരുമ്പാവൂർ: ദക്ഷിണേന്ത്യയിലെ പ്രമുഖ ഇസ്ലാമിക സൂഫി തീർത്ഥാടന കേന്ദ്രമായ മുടിക്കൽ മാടവന അബൂബക്കർ മുസ്ലിയാർ ദർഗ ശരീഫിലെ അമ്പത്തിരണ്ടാമത് ആണ്ട് നേർച്ച ഭക്തി നിർഭരമായ വിവിധ പരിപാടികളോടെ സമാപിച്ചു.
രാവിലെ മുതൽ നാടിന്റെ നാനാ ദിക്കുകളിൽ നിന്നും നൂറുകണക്കിന് വിശ്വാസി സമൂഹമാണ് മുടിക്കൽ മാടവന അബൂബക്കർ മുസ്ലിയാർ ദർഗ ശരീഫിലെ ആണ്ട് നേർച്ചയിൽ സംബന്ധിക്കുന്നതിനായി ഒഴുകിയെത്തിയത്. ഖത്തമുൽ ഖുർആൻ, ദിക്റ് ഹൽഖ, സ്വലാത്ത്, മൗലൂദ് പാരായണം എന്നിവ ആണ്ടു നേർച്ചയുടെ ഭാഗമായി നടന്നു. പ്രമുഖരായ അനേകം ഇസ്ലാമിക പണ്ഡിതന്മാർ സംഗമിച്ച സദസ്സിൽ വെസ്റ്റ് മുടിക്കൽ ജുമാ മസ്ജിദ് ചീഫ് ഇമാം സുഫിയാൻ ബാഖവി നേതൃത്വം നൽകി.
തുടർന്ന് ആയിരങ്ങൾ സംഗമിച്ച സമൂഹ പ്രാർത്ഥനക്ക് അതിരാം പട്ടണം റഹ്മാനിയ അറബി കോളേജ് പ്രിൻസിപ്പാൾ മുഹമ്മദ് കുട്ടി ഹസ്റത്ത് ആറ്റശ്ശേരി നേതൃത്വം നൽകി. ഭക്തിനിർഭരമായ സമൂഹ പ്രാർത്ഥനക്കു ശേഷം അന്നദാന വിതരണം ഉദ്ഘാടനം പുറക്കാട്ട് അബൂബക്കർ ഹാജി നിർവഹിച്ചു.
വിവിധ ചടങ്ങുകൾക്ക് മാടവന അബൂബക്കർ മുസ്ലിയാർ ഔലിയയുടെ പൗത്രൻ എം എ മൻസൂർ ഹാജി മാടവന, അധ്യക്ഷത വഹിച്ചു നൗഷാദലി മാടവന റഫീഖലി മാടവന, പാനിപ്ര ഖാലിദ് ഉസ്താദ്, സി എ മൂസ മൗലവി ,എം എം ബാവ മൗലവി, ഇസ്മായിൽ ഫൈസി വണ്ണപ്പുറം, കെ എഫ് റഹ്മത്തുള്ള മൗലവി, കെ എം ബഷീർ ഫൈസി, എം കെ ഹംസ ഹാജി, അലി ബ്രാൻ വയനാട്, എംപി മൊയ്തീൻ വേങ്ങര ,പി എച്ച് ഖാലിദ്, ടി എം സാദിക്ക്, ഹാരിസ് മറ്റപ്പള്ളി, കെഎം നാസർ, മനാഫ് ചെറുവേലികുന്ന്, ഷമീർ തുകലിൽ, എം ഇ കബീർ, അബ്ദുല്ല കെ കെ, സിയാദ് ചെമ്പറക്കി അബ്ദുൽ കരീം മൗലവി സംബന്ധിച്ചു.



പറവൂർ ഗവ. ബോയ്സ് ഹൈസ്കൂളിൽ നിർമ്മിച്ച ടോയ്ലറ്റ് ബ്ലോക്ക് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യുന്നു

## വിമുക്തഭടൻമാർക്ക് കരിയർ ഗൈഡൻസ്

തിരുവനന്തപുരം: തിരുവനന്തപുരം ജില്ലാ സൈനിക ക്ഷേമ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വിമുക്തഭടൻമാർക്കായി ജൂലൈ ആദ്യ വാരം കരിയർ ഗൈഡൻസ് സംഘടിപ്പിക്കുന്നു. കരിയർ ഗൈഡൻസിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ബാങ്ക്, എസ്.എസ്.സി, ആർ.ആർ.ബി കോച്ചിങ് ക്ലാസുകൾക്ക് പ്രത്യേക ഫീസ് ഇളവ് ഉണ്ടായിരിക്കും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ നേരിട്ടോ ടെലഫോൺ മുഖേനയോ പേരുകൾ രജിസ്റ്റർ ചെയ്യണമെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 2472748.

## മാർജിൻമണി വായ്പ: കുടിശിക സെപ്റ്റംബർ 10 വരെ തീർപ്പാക്കാം

തിരുവനന്തപുരം: വ്യവസായ വകുപ്പ് വഴി നടപ്പാക്കിയ മാർജിൻമണി വായ്പ കുടിശിക തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി സെപ്റ്റംബർ 10 വരെ നീട്ടി. ഈ പദ്ധതിയിലെ സംരംഭകർ മരണപ്പെടുകയും, സംരംഭം പ്രവർത്തനരഹിതമായിരിക്കുന്നതും, ആസ്തികൾ ഒന്നും നിലവിൽ ഇല്ലാത്തതുമായ യൂണിറ്റുകളുടെ മാർജിൻമണി വായ്പ കുടിശികത്തുക എഴുതിത്തള്ളുന്നതാണ്. വായ്പാ കുടിശ്ശികയുള്ള മറ്റു യൂണിറ്റുകൾക്ക് തിരിച്ചടവിൽ ഇളവ് ലഭിക്കും. കുടിശികയുള്ള യൂണിറ്റുകൾ സെപ്റ്റംബർ 10 വൈകിട്ട് അഞ്ചിനകം ജില്ലാ വ്യവസായ കേന്ദ്രത്തിലോ, താലൂക്ക് വ്യവസായ ഓഫീസിലോ സമർപ്പിക്കണമെന്ന് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 2326756, 9188127001.

## മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം

ആറ്റിങ്ങൽ: നഗരൂർ ശ്രീ ശങ്കര വിദ്യാപീഠം കോളെജിൽ ബി.എ ഇംഗ്ലീഷ്, ബികോം കോർപ്പറേഷൻ ബി കോം ബിസിനസ് ഇൻഫർമേഷൻ സിസ്റ്റം, ബി.ബി.എ ബി. എസ്. സി കമ്പ്യൂട്ടർ സയൻസ്, ബി.എസ്.സി സൈക്കോളജി, തുടങ്ങിയ ഓണേഴ്സ് ഡിഗ്രിയിലും, എം.എ ഇംഗ്ലീഷ്, എം.കോം ഫിനാൻസ് എന്നീ പി ജി കോഴ്സുകളിലും മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം ആരംഭിച്ചു.

# തിരുവനന്തപുരം വാർത്തകൾ

## പ്രധാന റോഡുകളിൽ ജാഥകളും ആഘോഷങ്ങളും നിയന്ത്രിക്കണം

തിരുവനന്തപുരം: നഗരത്തിലെ അതിപ്രധാന റോഡുകളിൽ ആഘോഷ പരിപാടികളും ജാഥകളും നടത്തുന്നത് നിയന്ത്രിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.

വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും ബുദ്ധിമുട്ടില്ലാത്ത തരത്തിൽ ഗതാഗതക്രമീകരണങ്ങൾ ആസൂത്രണം ചെയ്യണമെന്നും കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജൂനാഥ് ഉത്തരവിൽ പറഞ്ഞു. വിവിധ സംഘടനകൾ പ്രധാന റോഡുകൾ കൈയ്യടക്കി നടത്തുന്ന ജാഥകളും ആഘോഷ പരിപാടികളും വാഹനയാത്രക്കാരെ വലയ്ക്കാറുണ്ടെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. മണിക്കൂറുകളോളം റോഡിൽ കാത്തു നിൽക്കേണ്ട അവസ്ഥയിലാണ് വാഹനയാത്രക്കാർ.

2023 ജൂൺ 23ന് അന്തർദേശീയ ഒളിമ്പിക് ദിനത്തിൽ നടന്ന കൂട്ടയോട്ടം കാരണം കവടിയാർ വെള്ളയമ്പലം റോഡിലുണ്ടായ ഗതാഗത തടസ്സത്തിനെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. കൂട്ടയോട്ടത്തെക്കുറിച്ച് മുന്നറിയിപ്പ് ഉണ്ടായിരുന്നില്ലെന്നും പരാതിക്കാരൻ അറിയിച്ചു. എന്നാൽ ഗതാഗത തടസത്തെ കുറിച്ച് മുന്നറിയിപ്പുകൾ നൽകാറുണ്ടെന്നും ഇത്തരം സന്ദർഭങ്ങളിൽ സൂചനാ ബോർഡുകൾ സ്ഥാപിക്കാറുണ്ടെന്നും ട്രാഫിക് നോർത്ത് അസിസ്റ്റന്റ് കമ്മീഷണർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. കവടിയാർ സ്വദേശി അനിൽകുമാർ പണ്ടാല സമർപ്പിച്ച പരാതിയിലാണ് നടപടി. ഗതാഗത തടസം കാരണം ട്രെയിൻ കിട്ടാതാവുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെന്നും പരാതിക്കാരൻ അറിയിച്ചു.



*സംഗീതദിനത്തിൽ ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ ആഭിമുഖ്യത്തിൽ ഗായകൻ ജി.വേണുഗോപാലിനെ ആദരിച്ചപ്പോൾ*

## ഗായകൻ ജി.വേണുഗോപാലിന് ശാന്തിഗിരിയുടെ ആദരവ്

തിരുവനന്തപുരം: ലോക സംഗീതദിനത്തിൽ ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ നേതൃത്വത്തിൽ ഗായകൻ ജി.വേണുഗോപാലിനെ ആദരിച്ചു. പട്ടത്ത് അദ്ദേഹത്തിന്റെ വസതിയിൽ നടന്ന ചടങ്ങിൽ സ്വാമി ജനസമ്മതൻ ജ്ഞാന തപസ്വിയും കലാരംഗം ഗവേണിംഗ് കമ്മിറ്റി ചുമതലക്കാരും ചേർന്നാണ് പുരസ്കാരം നൽകി ആദരിച്ചത്. സുനിൽകുമാർ.ജി അദ്ധ്യക്ഷത വഹിച്ചു. ഇന്ദു ഗോപൻ, ഷീബ വി, ബിന്ദു സുനിൽ, ജയകുമാർ എസ്.പി, ദീപ്തി സ്മിജേഷ്, രജനി ജുമന ദേവി തുടങ്ങിയവർ ചടങ്ങിൽപങ്കെടുത്തു.

## ലഹരി വിരുദ്ധ സന്ദേശവുമായി ഫ്ളാഷ് മോബ്

നെടുമങ്ങാട്: ലഹരി വിരുദ്ധ സന്ദേശവുമായി നെടുമങ്ങാട് പൊലീസും നൈറ്റിൻഗേൾ കോളജ് ഓഫ് നഴ്സിങ് സംയുക്തമായി പനവൂർ ജംഗ്ഷനിൽ ഫ്ളാഷ് മോബ് നടത്തി ലഹരിവിരുദ്ധ സന്ദേശം പൊതുജനങ്ങൾക്കിടയിലും വിദ്യാർത്ഥി സമൂഹത്തിനും നൽകി.

പൊതുസമൂഹത്തിൽ പ്രത്യേകിച്ചും വിദ്യാർത്ഥികൾക്കിടയിൽ ഉയർന്നുവരുന്ന ലഹരി ഉപയോഗത്തിനെതിരെ സന്ദേശം നൽകുന്നതിന്റെ ഭാഗമായി കേരള പൊലീസ് ആവിഷ്കരിച്ച് ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായാണ് ഫ്ളാഷ് മോബ് സംഘടിപ്പിച്ചത്. നെടുമങ്ങാട് സ്റ്റേഷൻ ഹൗസ് ഓഫീസർ അനീഷ് ബി എസ് ഐ മാരായ രവീന്ദ്രൻ, ഷറഫുദ്ദീൻ, എ എസ് ഐ ആശ, പി ആർ ഓ ബിജു എന്നിവരുടെ മേൽനോട്ടത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. വരും ദിവസങ്ങളിലും സ്റ്റേഷൻ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ വ്യത്യസ്തങ്ങളായ ലഹരി വിരുദ്ധ സന്ദേശ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

## വെളിച്ചം മിഷ്കാത്ത് അവാർഡ് വിതരണവും ഫാമിലി മീറ്റും 23ന്

തിരുവനന്തപുരം: വെളിച്ചം ഖുർആൻ പഠിതാക്കളുടെ തിരുവനന്തപുരം ജില്ലാതല സംഗമവും ഇസ്ലാഹി ഫാമിലി മീറ്റും പ്രസ് ക്ലബ്ബിൽ വച്ച് 23ന് നടക്കും. ഉച്ചയ്ക്ക് രണ്ടുമണിക്ക് ശേഷം നടക്കുന്ന പരിപാടിയിൽ കെ എൻ എം മർകസുദ്ദഅവ ജില്ലാ പ്രസിഡന്റ് നാസിറുദ്ദീൻ ഫാറൂഖി അധ്യക്ഷത വഹിക്കും. നൗഫൽ ഹാദി, സജ്ജാദ് ഫാറൂഖി തുടങ്ങിയവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ച് സംസാരിക്കും. ജില്ലയിലെ വെളിച്ചം പരീക്ഷ, മിഷ്കാത്തു ഓൺലൈൻ ക്വിസ് എന്നീ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾവിതരണം ചെയ്യും. ജില്ലയിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ അനുമോദിക്കും. ഷാജഹാൻ ഫാറൂഖി നേതൃത്വം നൽകും. കാലം തേടുന്ന ഇസ്ലാഹ് എന്ന ക്യാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനവും ഇസ്ലാഹി ഫാമിലിമീറ്റും ഇതോടൊപ്പം നടക്കും. പി കെ അബ്ദുൽ കരീം, അബ്ദുൽ ഖാദർ ബാലരാമപുരം, നസീർ വള്ളക്കടവ്, റിയാസ് വെള്ളക്കടവ്, ശരീഫ് കുറ്റിച്ചൽ, അനീസ് സി. എ, സാജിദ് കെ കെ തുടങ്ങിയവരും സംബന്ധിക്കും.

## കാരക്കോണം സിഎസ്ഐ മെഡി: കോളജ് വാർഷികം

വെള്ളറട: കാരക്കോണം ഡോ.സോമർവെൽ സി എസ് ഐ മെഡിക്കൽ കോളജ് 22 മത് വാർഷികം ലളിതമായ ചടങ്ങുകളോടെ നടന്നു. സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ മെഡിക്കൽ സൂപ്രണ്ട് ഡോ.ബാബുരാജ് അധ്യക്ഷനായിരുന്നു. ഡയറക്ടർ ഡോ.ജെ. ബെനറ്റ് എബ്രഹാം 25 വർഷം പൂർത്തിയാക്കിയ ജീവനക്കാർക്ക് പാരിതോഷികങ്ങളും വിവിധ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ജീവനക്കാരുടെ കുട്ടികൾക്ക് ക്യാഷ് അവാർഡുകളും നൽകി അനുമോദിച്ചു. 2002 ജൂൺ 20 നാണ് മെഡിക്കൽ കോളജ് തുടങ്ങാനായി കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചത്. കയറുവരിഞ്ഞ ആറ് കിടക്കകളും മൂന്ന് ജീവനക്കാരുമായി സമീപപ്രദേശമായ പലുകൽ സി എസ് ഐ പള്ളിയുടെ ചായിപ്പിൽ 1894ൽ പാവപ്പെട്ടവർക്കുവേണ്ടി തുടങ്ങിയ ഈ ആതുരാലയം ഇന്ന്, 760 ലധികം കിടക്കകളും സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളുമുള്ള ആശുപത്രിയും നിരവധി മെഡിക്കൽ കോഴ്സുകളും മെഡിക്കൽ കോളജ് ഉൾപ്പെടെയുള്ള ഒരു മെഡിക്കൽ ഹബ്ബായി മാറി.

പ്രിൻസിപ്പാൾ ഡോ. അനുഷ മെർലിൻ, വൈസ് പ്രിൻസിപ്പാൾ ഡോ. ജോയൻ ഫെലിസ്റ്റ, സർജറി വകുപ്പ് മേധാവി ഡോ. പുനിത തെട്രാവു ഒലി, റവ. എ ആർ. സുശീൽ എന്നിവർ പ്രസംഗിച്ചു. സ്റ്റാഫ് സെക്രട്ടറി സുജ റോഷിൻ സ്വാഗതവും ട്രഷറർ അഖിൽ ദാസ് നന്ദിയും പ്രകാശിപ്പിച്ചു.



*അന്യായമായ കോർട്ട് ഫീസ് വർധനവിനെതിരെ കേരള ലോയേഴ്സ് ഫോറം ജില്ലാ കമ്മിറ്റിയുടെ നിവേദനം ഗവ.ഗസ്റ്റ് ഹൗസിൽ നടന്ന സിറ്റിംഗിൽ ജസ്റ്റിസ് മോഹൻ കമ്മിറ്റി മുൻപാകെ ജനറൽ സെക്രട്ടറി അഡ്വ. എ.ഇസ്മായിൽ സേട്ട് സമർപ്പിക്കുന്നു. അഡ്വ. പാച്ചല്ലൂർ നൂജുമുദ്ധീൻ, അഡ്വ. നസിം ഹരിപ്പാട്, അഡ്വ. ബുഷറ ഹാരിസ് എന്നിവർ സമീപം*

## സമാന്തര ലോട്ടറിക്കെതിരെ തൊഴിലാളികൾ പ്രക്ഷോഭത്തിലേക്ക്

ആറ്റിങ്ങൽ:സമാന്തര ലോട്ടറിക്കെതിരെ തൊഴിലാളികൾ പ്രക്ഷോഭത്തിലേക്ക്. ആദ്യഘട്ടമെന്ന നിലയിൽ ഈ സമാന്തര ലോട്ടറിയുടെ വിപത്ത് തൊഴിലാളികളെയും പൊതുജനങ്ങളെയും ബോധ്യപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തും. തൊഴിലാളികളുടെ യോഗങ്ങളും ഒപ്പുശേഖരണവും നടത്തും. വേണ്ടിവന്നാൽ തൊഴിലാളികളുടെ സംയുക്ത പ്രക്ഷോഭത്തിന് തയ്യാറെടുക്കുകയാണ് തൊഴിലാളി സംഘടനകൾ .തിരുവനന്തപുരം ജില്ലയിൽ 21 ന് സംയുക്ത കൺവെൻഷൻ ചേരുകയാണ്. ലോട്ടറി സംരക്ഷണ സമര സമിതിയുടെ പ്രമുഖ നേതാക്കൾ പങ്കെടുക്കും. കൺവെൻഷനിൽ മുഴുവൻ തൊഴിലാളികളും പങ്കെടുക്കണമെന്ന് പി.രാജേന്ദ്രകുമാർ, അഞ്ചുതെങ്ങ് സുരേന്ദ്രൻ (സി.ഐ.ടി.യു) യൂസഫ് എം.എസ് (ഐ.എൻ.റ്റി.യു.സി) മൈക്കിൾ ബാസ്റ്റ്യൻ (എ.ഐ.ടി.യു.സി എന്നിവർ ആവശ്യപ്പെട്ടു. രണ്ടു മാസത്തോളമായി സംസ്ഥാനത്ത് സമാന്തര ലോട്ടറി വ്യാപകമായിരിക്കുകയാണ്.ഇത് ലോട്ടറി മേഖലയിൽ പണിയെടുക്കുന്ന രണ്ടു ലക്ഷത്തോളം തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും അന്നംമുട്ടിക്കുന്നതാണ്.

## ഭിന്നശേഷി ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് സർക്കാർ ശാശ്വത പരിഹാരം കാണണം: കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: കേരളത്തിലെ ഭിന്നശേഷി ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് സർക്കാർ ശാശ്വത പരിഹാരം കാണണമെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി. ഡിഫറെന്റ്ലി എബിൽഡ് എംപ്ലോയീസ് അസോസിയേഷൻ (ഡി എ ഇ എ) സെക്രട്ടേറിയറ്റ് നടയിൽ സംഘടിപ്പിച്ചു ഏകദിന ഉപവാസ സമരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.കഴിഞ്ഞ കുറേക്കാലങ്ങളായി ഉന്നയിച്ചുവരുന്ന സൂപ്പർ ന്യൂമററി തസ്തിക ഏകീകരണം, സ്ഥാനക്കയറ്റ സംവരണം, പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട പുതിയ ഉത്തരവിലെ വിവേചനം, പെൻഷൻ പ്രായം വർദ്ധന, സ്റ്റാറ്റുറ്ററി പെൻഷൻ പുന:സ്ഥാപിക്കൽ, ഡി എ കുടിശ്ശിക, ലീവ് സറണ്ടർ പിൻവലിക്കാൻ ഉള്ള അനുമതി, പഞ്ചിങ് സമ്പ്രദായത്തിലെ വിവേചനം തുടങ്ങിയ വിഷയങ്ങളിൽ സർക്കാർ ഇനിയെങ്കിലും ക്രിയാത്മകമായി ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഭിന്നശേഷി സമൂഹത്തിനു താങ്ങും തണലുമാകേണ്ടതിനു പകരം കിടപ്പാടം പണയം വെച്ചും കോടതി വ്യവഹാരങ്ങൾ നടത്തി അവകാശ ആനുകൂല്യങ്ങൾ നേടിയെടുക്കേണ്ട പരിതാപകരമായ അവസ്ഥ സൃഷ്ടിക്കുന്ന സർക്കാർ നയം തിരുത്തപ്പെടണമെന്ന് ഉപവാസ സമര പരിപാടിയുടെ സമാപന കർമം നിർവഹിച്ചുകൊണ്ട് ചാണ്ടി ഉമ്മൻ എം.എൽ.എ ആവശ്യപ്പെട്ടു. ഇക്കാര്യങ്ങൾ നിയമസഭയിൽ ഉന്നയിച്ചു പരിഹാരമാർഗത്തിന് ശ്രമിക്കുമെന്നും ഇരുവരും ഉറപ്പു നൽകി.

സംസ്ഥാന പ്രസിഡന്റ് വർഗീസ് തെക്കേത്തല അധ്യക്ഷത വഹിച്ചു. സംസ്ഥാന രക്ഷാധികാരി ജോബി എ എസ്, സംസ്ഥാന ജനറൽ സെക്രട്ടറി ബിജു ടി കെ, സംസ്ഥാന ട്രഷറർ ബി ലതാകുമാരി, റിട്ടയർഡ് ഫോറം കൺവീനർ ബെന്നി വർഗീസ്, എ ഐ വൈ എഫ് സംസ്ഥാന സെക്രട്ടറി കവിത രാജൻ, സാംസ്കാരിക പ്രവർത്തകൻ വിനയചന്ദ്രൻ നായർ, ഡി എ പി സി സംസ്ഥാന പ്രസിഡന്റ് കൊറ്റാമം വിമൽകുമാർ, സംഘടനാ ഭാരവാഹികളായ ജയകുമാർ എ, ഷാജി യു, സുരേഷ് ചാക്കോ, രാമചന്ദ്രൻ ടി ടി, ജയദാസൻ യു എസ്, ജയൻ ഇ എൻ, റെനിപോൾ, അബ്ദുൽ റസാഖ്, ഷീബ ജയകുമാർ, ശിവദാസൻ എം, പ്രകാശൻ, സുനിൽകുമാർ ബി ജി, ബിജുമോൻ. എ വി, പ്രദീപ് പി വി, ഷിബു കെ കെ തുടങ്ങി നിരവധി ഭാരവാഹികൾ ആശംസകൾ അർപ്പിച്ചു.

# ആറ്റിങ്ങൽ മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ വിദ്യാർത്ഥികളുടെ കൂട്ടയടി

ആറ്റിങ്ങൽ: ആറ്റിങ്ങൽ മുനിസിപ്പൽ പ്രൈവറ്റ് ബസ്സ്റ്റാൻഡിൽ വിദ്യാർത്ഥികൾ തമ്മിലുള്ള കൂട്ട അടി സംഘർഷത്തിനിടയിൽ കലാശിക്കുകയും, വ്യാപാരസ്ഥാപനങ്ങൾക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ഇന്നലെ വൈകിട്ട് നടന്ന കൂട്ട അടിയുമായി ബന്ധപ്പെട്ട് രണ്ടുപേരെ ആറ്റിങ്ങൽ പൊലീസ് സ്ഥലത്തുനിന്നും കസ്റ്റഡിയിലെടുത്തു. നഗരസഭാ ബസ് സ്റ്റാൻഡിന് ഉൾവശത്തും, സമീപത്തെ വ്യാപാരസ്ഥാപന പരിസരങ്ങളിലുമാണ് മിക്കപ്പോഴും വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം ഉണ്ടാകുന്നത്. ചേരിതിരിഞ്ഞ് വിദ്യാർഥികൾ തമ്മിലടിക്കുകയും വ്യാപാര സ്ഥാപനങ്ങളിലെ വില്പനയ്ക്ക് വച്ചിരിക്കുന്ന സാധനങ്ങൾ ഉൾപ്പെടെ എടുത്ത് എറിയുകയും ചെയ്യുന്നതും പതിവാണ്. ഇന്നലെ ഒരു കടയുടെ മുന്നിൽ സ്ഥാപിച്ചിരുന്ന സാധനങ്ങൾ സൂക്ഷിക്കുന്ന തട്ട് പൊളിച്ച് പരസ്പരം അടിക്കുകയായിരുന്നു. സംഭവം



*ആറ്റിങ്ങൽ നഗരസഭ ബസ് സ്റ്റാന്റിൽ വിദ്യാർത്ഥികൾ ഏറ്റുമുട്ടിയപ്പോൾ*

അറിഞ്ഞ് വ്യാപാരികളും ഓട്ടോറിക്ഷ ഡ്രൈവർമാരും സംഘടിച്ച് എത്തിയാണ് വിദ്യാർത്ഥികളെ ഓടിച്ചുവിട്ടത്. ബസ്റ്റാൻഡിൽ സംഘടിക്കുന്ന വിദ്യാർത്ഥികൾ വ്യത്യസ്ത കാരണങ്ങളെ തമ്മിലടിക്കുന്നത് പതിവായിരിക്കുകയാണന്ന് നാട്ടുകാർ പറഞ്ഞു. യാത്രക്കാരും, വ്യാപാരികളും ഇതിന്റെ ദുരിതം പേറേണ്ടി വരുന്നത്. ഇന്നലെ മാത്രം മൂന്ന് സംഘർഷം ബസ്റ്റാൻഡ് പരിസരത്ത് ഉണ്ടായതായി പറയുന്നു. രാവിലെയും, വൈകിട്ടും വനിതാ പൊലീസ് അടക്കമുള്ളവരുടെ സ്ഥിരം സംവിധാനമാണ് വേണ്ടതെന്ന് നാട്ടുകാർ പറഞ്ഞു.

## വിദ്യാർത്ഥിയെ വീടിനുള്ളിൽ തൂങ്ങി മരിച്ചനിലയിൽ കണ്ടത്തി



*അബിലേഷ് കുമാർ*

വെള്ളറട: എട്ടാം ക്ലാസ് വിദ്യാർത്ഥിയെ വീടിനുള്ളിൽ ജനൽകമ്പിയിൽ തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തി. കോവില്ലൂർ അമ്പലത്തിൽ അരുളാനന്ദ കുമാറിന്റെയും ഷൈനിയുടെയും മകൻ അബിലേഷ് കുമാറാ(13)ണ് മരണപ്പെട്ട നിലയിൽ കണ്ടെത്തിയത്. വാഴിച്ചൽ ഓക്സീലിയം സ്ക്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ്. വീട്ടിൽ ആരും ഇല്ലാത്ത സമയത്തിലാണ് മരണം സംഭവിച്ചിരിക്കുന്നത്. ജനൽ കമ്പിയിൽ തൂങ്ങി നിൽക്കുന്ന നിലയിലാണ് മൃതദ്ദേഹം കണ്ടെത്തിയത്. കൈകൾ പുറക് വശത്ത് തോർത്ത് ഉപയോഗിച്ച് ബന്ധിച്ചിരിക്കുന്നതായും കണ്ടെത്തി. വീട്ടിൽ നിന്നും മീൻ വാങ്ങാൻ ചന്തയിലെക്കു പോയി മടങ്ങിയെത്തിയ മുത്തച്ഛൻ സത്യരാജാണ് കുട്ടി മരിച്ച നിലയിൽ കണ്ടെത്തിയതായി നാട്ടുകാരെ അറിയച്ചത്. മാതാവ് ഷൈനി മണലി പള്ളിയിൽ പോയിരിക്കുകയായിരുന്നു. പിതാവ് അരുളാനന്ദ കുമാർ സമീപത്തെ മറ്റോരു വീട്ടിൽ പോയിരുന്നു. വെള്ളറട പൊലീസെത്തി പരിശോധന നടത്തി. എ എസ് പി പ്രതാപൻനായർ, സർക്കിൾ ഇൻസ്പകൂർ ബാബുകുറുപ്പ്, സബ് ഇൻസ്പകൂർമാരായ സുജിത്ത് ജി നായർ, ശശികുമാറിന്റയും നേത്രത്വത്തിൽ തെളിവെടുപ്പ് നടത്തി. ഫിങ്കർ പ്രിന്റ്, ഫോറൻസിക്, ഡോഗ്സ്കാർഡ് വിദക്തരും പരിശോധന നടത്തിയശേഷം മൃതദ്ദേഹം പോസ്റ്റുമോർട്ടത്തിനയച്ചു.

## കെ.എൻ ആനന്ദകുമാറിന് അന്താരാഷ്ട്ര പുരസ്കാരം

തിരുവനന്തപുരം: അമേരിക്ക ആസ്ഥാനമായ ബഹുരാഷ്ട്ര കമ്പനി എച്ച്.പി ഇന്റർനാഷണൽ ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് കെ.എൻ ആനന്ദ് കുമാറിന്. സായിഗ്രാമത്തിന്റെ സ്ഥാപകനും എക്സിക്യൂട്ടീവ് ഡയറക്ടറുമാണ് കെ.എൻ ആനന്ദകുമാർ. സാമൂഹ്യ സേവന രംഗത്തും ജീവകാരുണ്യ മേഖലയിലും നടത്തിയ സംഭാവനയ്ക്കാണ് അവാർഡിന് അർഹനാക്കിയത്.

## വായന ദിനാചരണം വേറിട്ടതായി

തിരുവനന്തപുരം: വിദ്യാർത്ഥികൾ തന്നെ സംഘാടകരും അതിഥികളും ആയപ്പോൾ മുരുക്കുംപുഴ വെയിലൂർ ഗവ . ഹൈസ്കൂളിലെ വായന ദിനാചരണം വേറിട്ടതായി. സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യ വേദി യൂണിറ്റ് ഭാരവാഹികളായ വിദ്യാർത്ഥികളാണ് വായന ദിനാചരണം സംഘടിപ്പിച്ചത് . പത്താം ക്ലാസ് വിദ്യാർത്ഥികൾ രചിച്ച ഹൈക്കു കവിതകളുടെ പതിപ്പിന്റെ പ്രകാശനവും വായനദിനത്തിൽ നടന്നു.

വിദ്യാരംഗം യൂണിറ്റ് പ്രസിഡന്റും പത്താം ക്ലാസ് വിദ്യാർത്ഥിയുമായ ആർദ്ര സജീവ് അധ്യക്ഷത വഹിച്ചു. കഴിഞ്ഞവർഷത്തെ എൽഎസ്എസ് സ്കോളർഷിപ്പ് ടോപ്പ് സ്കോററും അഞ്ചാം ക്ലാസ് വിദ്യാർത്ഥിയുമായ ഗൗരി കൃഷ്ണ പി.ബി വായനദിന സന്ദേശം നൽകി. തൽസമയ സമ്മാന ക്വിസ് മത്സരം പത്താം ക്ലാസ് വിദ്യാർത്ഥി ജെ എസ് ഗോപികാനാഥ് നടത്തി.

## വായന വാരാഘോഷം

വെള്ളറട: ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കന്ററി സ്കൂളിലെ ഈ വർഷത്തെ വായനാവാരാഘോഷ പരിപാടികൾ കവിയും നാടൻ പാട്ടുകലാകാരനും അധ്യാപകനുമായ സലീംകുളപ്പട ഉദ്ഘാടനം ചെയ്തു.

സ്കൂൾ മാനേജർ എസ്.ശ്രീകുമാരി അമ്മ മുഖ്യപ്രഭാഷണം നടത്തി.വിരമിച്ച അധ്യാപികയായ എസ്.എസ്.ശ്രീലത സ്കൂൾലൈബ്രറിക്കായി നൽകിയ പുസ്തകങ്ങൾ ഹെഡ്മാസ്റ്റർ എം.എസ്.ആദർശ് കുമർ ഏറ്റുവാങ്ങി. എസ്.പി.സി.കേഡറ്റുകളുടെ നേതൃത്വത്തിൽ സ്കൂൾ ലൈബ്രറിക്ക് ഒരു പുസ്തകം എന്ന പദ്ധതിയുടെ ഉദ്ഘാടനവും നടന്നു.

## ഞെക്കാട് സ്കൂൾ മുറ്റത്ത് 'ഗാന്ധി പ്രതിമ' അനാച്ഛാദനം ചെയ്തു

തിരുവനന്തപുരം: രാഷ്ട്രപിതാവിന്റെ അർദ്ധകായ പ്രതിമ വിദ്യാലയ മുറ്റത്ത് സ്ഥാപിച്ച് വർക്കല ഞെക്കാട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മാതൃകയായി. സ്കൂളിലെഗാന്ധിദർശൻ യൂണിറ്റിന്റെ സഹകരണത്തോടെ സ്കൂൾ അങ്കണത്തിൽ സ്ഥാപിച്ച ഗാന്ധി പ്രതിമ ഒ.എസ് അംബിക എം.എൽ.എ അനാച്ഛാദനം ചെയ്തു.



*ഞെക്കാട് ഗവ. വിഎച്ച്എസ് സ്കൂൾ അങ്കണത്തിൽ സ്ഥാപിച്ച ഗാന്ധി പ്രതിമ ഒ.എസ് അംബിക എം.എൽ.എ അനാച്ഛാദനം ചെയ്യുന്നു*

ചരിത്രബോധം യുവതലമുറയിൽ വളർത്തിയെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും സാമൂഹ്യ ചുറ്റുപാടുകൾ കുട്ടികളെ പഠിപ്പിക്കണമെന്നും ഒ.എസ് അംബിക എം .എൽ.എ അഭിപ്രായപ്പെട്ടു. സ്വാതന്ത്ര്യ സമരത്തിൽ നമ്മുടെ മുൻ തലമുറ നടത്തിയ പോരാട്ടങ്ങളും, നൽകിയ സംഭാവനകളും വിദ്യാർത്ഥി സമൂഹം പഠനവിധേയമാ ക്കേണ്ടതുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. ദൃഢനിശ്ചയത്തിന്റെയും അർപ്പണബോധത്തിന്റെയും കഠിനാധ്വാനത്തിന്റെയും പാഠങ്ങൾ സ്വന്തം ജീവിതത്തിലൂടെ പഠിപ്പിച്ച രാഷ്ട്രപിതാവ് മഹാത്മാഗാന്ധിജിയുടെ ജീവിതം യുവതലമുറയ്ക്ക് എന്നും മുതൽക്കൂട്ടാണ്. ഗാന്ധിയൻ ആശയങ്ങളുടെ സമഗ്രതയാണ് വർത്തമാന കാലത്തും അവയെ പ്രസക്തമാക്കുന്നതെന്ന് എം.എൽ.എ പറഞ്ഞു.

അധ്യാപക രക്ഷാകർതൃ സമിതി പ്രസിഡന്റ് ഒ.ലിജ അധ്യക്ഷത വഹിച്ചു. ഗാന്ധിയൻ ദർശനങ്ങൾ മനുഷ്യത്വത്തിൽ അധിഷ്ഠിതമാണെന്ന് അവർ പറഞ്ഞു. ഒറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ബീന, ജില്ലാ പഞ്ചായത്ത് അംഗം ഗീതാനസീർ, ഒറ്റൂർ ഗ്രാമപഞ്ചായത്ത് അംഗം ഷിനി.എസ്, ഹയർസെക്കൻഡറി വിഭാഗം പ്രിൻസിപ്പൽ ശ്രീജ.എസ്, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം പ്രിൻസിപ്പൽ ഡോ. വികാസ് കെ.എസ്, ഹൈസ്കൂൾ പ്രഥമാധ്യാപകൻ എൻ.സന്തോഷ്, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ എസ്.അനിൽകുമാർ, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് കൺവീനർ ആർ.സാബു, സ്കൂൾ അധ്യാപക രക്ഷാകർതൃ സമിതി വൈസ് പ്രസിഡന്റ് സി.വി രാജീവ്, ഗാന്ധി ദർശൻ ക്ലബ്ബ് കൺവീനർമാരായ രാജി, റമീല, രക്ഷിതാക്കൾ, അധ്യാപകർ, കുട്ടികൾ എന്നിവരും ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

ഗാന്ധി പ്രതിമയുടെ ശില്പി പ്രദീപ്കുമാർ കേശവപുരത്തിനെ ജില്ലാ പഞ്ചായത്ത് അംഗം ഗീതാനസീർ ചടങ്ങിൽ ആദരിച്ചു. സ്കൂൾ കുട്ടികൾ ഗാന്ധിജിയെക്കുറിച്ചുള്ള കവിതകളും ദേശഭക്തിഗാനങ്ങളും ആലപിച്ചു. ലഹരി, സ്ത്രീധനവിരുദ്ധ പ്രതിജ്ഞയെടുക്കലും പരിപാടിയുടെ ഭാഗമായി നടന്നു.

## പോലീസുദ്യോഗസ്ഥരുടെ മാനസിക സമ്മർദ്ദം കുറക്കാനായി പ്രത്യേക കൗൺസിലിംഗ്

തിരുവനന്തപുരം: അടുത്ത ദിവസങ്ങളിൽ പോലീസുകാർ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ തിരുവനന്തപുരം സിറ്റിയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസുദ്യോഗസ്ഥരുടെ മാനസിക സമ്മർദ്ദം കുറക്കാനായി പ്രത്യേക കൗൺസിലിംഗ് ബോധവത്കരണ പരിപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ അറിയിച്ചു. എല്ലാ പോലിസ് സ്റ്റേഷനിലേയും, കുടുംബ പ്രശ്നങ്ങൾ മുതൽ മദ്യപാനം വരെ പോലീസുദ്യോഗസ്ഥർ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ,അവരുടെ കർത്തവ്യങ്ങളുടെ പ്രവചനാതീതമായ സ്വഭാവം കാരണം കുടുംബാംഗങ്ങളുമായോ,സുഹൃത്തുക്കളുമായോ, മതിയായ സമയം ചെലവഴിക്കാനുള്ള സമയമില്ലായ്മ, അടിയന്തര സാഹചര്യങ്ങൾ നേരിടാൻ അവരെ തിരിച്ച് വിളിക്കുന്നതും, മറ്റും പ്രവചനാതീതമായ മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നുവെന്നും,ചില ഉദ്യോഗസ്ഥർ അതിനെ നേരിടാൻ മദ്യത്തിലേക്ക് തിരിയുന്നുവെന്നും വ്യക്തമായിട്ടുണ്ട്. ഇത് കുടുംബത്തിൽ കൂടുതൽ പ്രശ്ന ങ്ങളിലേക്ക് നയിക്കുന്നു. ഓഫീസർമാർക്ക് അവരുടെ യോഗ്യമായ അവധികൾ അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും, അവരുടെ കുടുംബ ത്തോടൊപ്പം പരമാവധി സമയം ചെലവഴിക്കാൻ അവരെ അനുവദിക്കുകയും ചെയ്യും.

## ആനാട് പഞ്ചായത്ത് ആഫീസ് പരിസരത്ത് തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷം



നെടുമങ്ങാട്: ആനാട് ഗ്രാമ പഞ്ചായത്ത് ഓഫിസ് തെരുവ് നായ്ക്കളുടെ താവളമായി മാറിയതായി പരാതി. 20 തെരുവു നായ്ക്കളും കുട്ടികളുമാണ് പഞ്ചായത്ത് പരിസരത്ത് തമ്പടിച്ചിരിക്കുന്നത്. ഇതിൻ 2 തെരുവ് നായ്ക്കൾ പ്രസവിച്ച് കിടക്കുന്നു. പഞ്ചായത്തിലെ ഒരു ജീവനക്കാരന് 4 ദിവസം മുൻപ് തെരുവുനായയുടെ കടിയേറ്റു.

ഇന്നലെ സ്കൂളിൽ നിന്നും അമ്മയോടൊപ്പം വീട്ടിലേക്ക് പോവുക ആയിരുന്ന ഒരു കുട്ടിയെ കടിക്കാൻ ഓടിച്ചു. പഞ്ചായത്ത് കമ്മിറ്റിയിൽ തെരുവ് നായ ശല്യത്തിന് പരിഹാരം കാണണമെന്ന ആവശ്യം ഉയർന്നിരുന്നു. ഇത് എല്ലാ സ്ഥലങ്ങളിലും ഉള്ളതാണെന്ന മറുപടിയാണ് പ്രസിഡന്റിൽ നിന്നും ലഭിച്ചതെന്ന് വാർഡ് മെമ്പർ ആർ.അജയകുമാർ പറഞ്ഞു. പഞ്ചായത്ത് മെമ്പർ ഉന്നയിച്ച പരാതി പൂർണമായും ശരിയാണെന്നും പഞ്ചായത്ത് പ്രസിഡന്റ് എസ്.ശ്രീകല പറഞ്ഞു. പഞ്ചായത്തിൽ മാത്രമല്ല എല്ലാ പ്രദേശങ്ങളിലും ഇപ്പോൾ തെരുവ് നായ്ക്കളുടെ ശല്യം വർധിച്ചിരിക്കുകയാണ്. സർക്കാർ തലത്തിൽ തന്നെ ഇതിന് ഒരു പരിഹാരം കണ്ടെത്തണമെന്ന് അവർ ആവശ്യപ്പെട്ടു.



ടി.പി ചന്ദ്രശേഖരൻ വധക്കേസ് പ്രതികൾക്ക് ശിക്ഷയിൽ ഇളവു നൽകാനുള്ള ശ്രമത്തെ എതിർക്കും. നിയമത്തിന് മുകളിലൂടെ പറക്കുന്നതിനുള്ള അന്തരീക്ഷം ഉണ്ടാക്കുന്നതിന് വേണ്ടിയാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്രയും നിഷ്ഠൂരമായൊരു കൊലപാതകത്തിൽ രണ്ട് ജീവപര്യന്തം തടവിന് വിധിച്ച വ്യക്തികൾ എന്ന നിലയിൽ അവർക്ക് എന്തടിസ്ഥാനത്തിലാണ് സർക്കാർ ശിക്ഷായിളവ് കൊടുക്കുന്നതെന്ന് അറിയില്ല. ജയിൽ മാനുവലിന് വിരുദ്ധമായ രീതിയിലാണ് സർക്കാർ തീരുമാനമെടുക്കുന്നത്.

– തിരുവഞ്ചൂർ രാധാകൃഷ്ണൻ



പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകാനുള്ള സർക്കാർ തീരുമാനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. പ്രതികൾക്ക് ഒരു കാരണവശാലും ശിക്ഷായിളവ് കൊടുക്കാൻ പാടില്ല എന്നുള്ളത് ഹൈക്കോടതിയുടെ വിധിയിൽ വളരെ വ്യക്തമായിട്ടുണ്ട്. പ്രതികളുടെ ശിക്ഷ കോടതി ഇരട്ടിയായി വർധിപ്പിക്കുകയും ഇരട്ട ജീവപര്യന്തം ആക്കുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ ശക്തമായ വിധി ഉണ്ടായിട്ടുപോലും അതിനെയെല്ലാം മാറികടന്ന തീരുമാനമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇത് ഹൈക്കോടതിയോടുള്ള വെല്ലുവിളിയും കോടതി അലക്ഷ്യവുമാണ്.

– കെ.കെ രമ

## കേരള വാർത്തകൾ

## എൻ.ടി.എ നടപടിക്കെതിരെ എം.എസ്.എഫ് രാജ്യവ്യാപക പ്രതിഷേധ സമരം നാളെ

ന്യൂഡൽഹി: തുടർച്ചയായി വിദ്യാർഥി വിരുദ്ധ നയങ്ങളുമായി മുന്നോട്ട് പോകുന്ന നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.ടി.എ) ക്കെതിരെ രാജ്യവ്യാപക പ്രതിഷേധത്തിനൊരുങ്ങി എം.എസ്.എഫ്. രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ പ്രതിഷേധ സമരം നടക്കും. വിഷയത്തിൽ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട് എം.എസ്.എഫ് കഴിഞ്ഞദിവസം വിദ്യാഭ്യാസ മന്ത്രിക്ക് കത്ത് അയച്ചു. നീറ്റ് പരീക്ഷയിലെ ക്രമക്കേടിനെതിരെ നേരത്തെ സുപ്രീംകോടതിയിൽ എം.എസ്.എഫ് കേസ് ഫയൽ ചെയ്തിരുന്നു. പരീക്ഷ എഴുതിയ ലക്ഷകണക്കിന് വിദ്യാർഥികളുടെ ഭാവി അവതാളത്തിലാക്കുന്ന നടപടിയിൽനിന്ന് എൻ.ടി.എ പിൻമാറണമെന്നും കുറ്റവാളികൾക്കെതിരെ കർശന നടപടിയെടുക്കണമെന്നും എം.എസ്.എഫ് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു, ജനറൽ സെക്രട്ടറി എസ്.എച്ച് മുഹമ്മദ് അർഷാദ് എന്നിവർ ആവശ്യപ്പെട്ടു.

## പ്ലസ് വൺ: പ്രതിഷേധം കണക്കിലുറച്ച് മന്ത്രി

തിരുവനന്തപുരം: പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ എം.എസ്.എഫും കെ.എസ്.യുവും പ്രതിഷേധം ശക്തമാക്കുമ്പോൾ ആവശ്യത്തിന് സീറ്റുകളുണ്ടെന്ന വിശദീകരണവുമായി വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. നിയമസഭയിൽ പറഞ്ഞ കണക്കുകൾ തന്നെ മന്ത്രി ആവർത്തിക്കുകയാണ്. മലപ്പുറത്ത് പ്ലസ് വണ്ണിൽ കുറവുള്ളത് 2954 സീറ്റുകൾ മാത്രമെന്നാണ് മന്ത്രിയുടെ വിശദീകരണം. അൺ എയ്ഡഡ് ഒഴികെ 11,083 സീറ്റുകൾ ജില്ലയിൽ ഒഴിവുണ്ട്. ഇനി രണ്ട് അലോട്ട്മെന്റ് കൂടിയുണ്ടെന്നും മന്ത്രി പറഞ്ഞു. ഈ വിഷയത്തിൽ രാഷ്ട്രീയ പ്രേരിതമായ സമരമാണ് നടക്കുന്നത്. ആദ്യ അലോട്ട്മെന്റ് കഴിയുമ്പോൾ തന്നെ സമരം തുടങ്ങി.സംഘർഷ സാഹചര്യത്തിലേക്ക് കാര്യങ്ങൾ കൊണ്ടുപോകരുതെന്നും ശിവൻകുട്ടി പറഞ്ഞു.

## ടി.പി പ്രതികളെ വിട്ടയക്കാനുള്ള നീക്കവും ബോംബ് നിർമാണവും തമ്മിൽ ബന്ധം: കെ.സുധാകരൻ

തിരുവനന്തപുരം: മുഖ്യമന്ത്രിക്കെതിരെ സി.പി.എമ്മിനുള്ളിൽ എതിർശബ്ദം ഉയർന്നതിന് പിന്നാലെ 20 വർഷം വരെ ശിക്ഷായിളവ് നൽകരുതെന്ന ഹൈക്കോടതി വിധി പോലും മറികടന്ന് ടി.പി ചന്ദ്രശേഖരൻ വധക്കേസിലെ കൊടും ക്രിമിനലുകളായ മൂന്ന് പ്രതികളെ വിട്ടയയ്ക്കാൻ നീക്കം നടന്നതിന് പിന്നിൽ ദുരൂഹവും നിഗൂഢവുമായ ഗൂഢാലോചനയുണ്ടെന്ന് കെ.പി.സി.സി അധ്യക്ഷൻ കെ. സുധാകരൻ. ലോക്സഭാ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പിൻവലിച്ചതിന് പിന്നാലെയാണ് ജയിൽ സൂപ്രണ്ടിന്റെ അസ്വാഭാവിക നടപടി. ഉന്നത സി.പി.എം ഇടപെടലില്ലാതെ ഒരു ഉദ്യോഗസ്ഥനും കോടതിവിധിക്കെതിരായ നടപടി സ്വീകരിക്കുകയില്ല. കണ്ണൂരിൽ വ്യാപകമായി ബോംബു നിർമാണം നടക്കുകയും കൊടുംക്രിമിനലുകളെ ജയിലറകളിൽനിന്ന് തുറന്ന് വിടുകയും ചെയ്യുന്നതും തമ്മിൽ ബന്ധമുണ്ട്. ഇനിയും കേരളത്തിൽ രക്തം ഒഴുക്കാൻ ടി.പി ചന്ദ്രശേഖരനെ വധിക്കാൻ ഉത്തരവിട്ടവർ നിർദ്ദേശം നൽകിയതിന്റെ ഭാഗമാണോ കൊടുംക്രിമിനലുകളെ പുറത്ത് വിടാൻ നീക്കം നടന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്നും സുധാകരൻ പറഞ്ഞു.

### പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ പ്രതിഷേധം

# പൊതുവിദ്യാഭ്യാസ ഡയറക്ടറെ ഉപരോധിച്ചു

## പി.കെ നവാസും സി.കെ നജാഫും അടക്കം 12 പേർ റിമാന്റിൽ

തിരുവനന്തപുരം: വ്യാജ കണക്കുകൾ നൽകി ഭീകരമായ പ്ലസ് വൺ സീറ്റ് പ്രതിസന്ധി മറച്ചുവെക്കാൻ ശ്രമിക്കുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറെ ഉപരോധിച്ച എം.എസ്.എഫ് നേതാക്കളെ ജയിലിലടച്ചു. എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ്, ജനറൽ സെക്രട്ടറി സി.കെ നജാഫ്, സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങളായ ഹസൈനാർ നെല്ലിശ്ശേരി, അമീൻ റാഷിദ്, എ.വി നബീൽ, ജലീൽ കാടാമ്പുഴ, റാഷിദ് കോക്കൂർ, റഹീസ് ആലുങ്ങൽ, ജില്ലാ പ്രസിഡന്റ് തൻസീർ അഴീക്കോട്, ജനറൽ സെക്രട്ടറി ഗദ്ദാഫി, ഫർഹാൻ ബിയ്യം, മുനീർ എന്നിവരെയാണ് തിരുവനന്തപുരം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി ഏഴ് ദിവസത്തേക്ക് റിമാൻഡ് ചെയ്തത്. രാവിലെ പൊലീസ് അറസ്റ്റ് ചെയ്ത നേതാക്കളെ രാത്രി വൈകി റിമാൻഡ് ചെയ്യുകയായിരുന്നു.

പി.കെ നവാസിന്റെയം സി.കെ നജാഫ് അടക്കമുള്ള നേതാക്കളുടെ നേതൃത്വത്തിലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ഉപരോധിച്ചത്. ഇന്നലെ രാവിലെ 11ന് ഡയറക്ടറുടെ ഓഫീസിലെത്തിയാണ് എം.എസ്.എഫ് ഉപരോധം സംഘടിപ്പിച്ചത്. ഡയറക്ടറുമായി സംസാരിക്കാൻ പോലും അനുവദിക്കാത്ത പൊലീസ് എം.എസ്.എഫ് നേതാക്കളെ അറസ്റ്റ് ചെയ്തുനീക്കുകയായിരുന്നു. എം.എസ്.എഫിന്റെ നേതൃത്വത്തിൽ മലപ്പുറം ആർ.ഡി.ഡി ഓഫീസ് ഉപരോധം തുടരുന്നതിനിടെയാണ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ശക്തമായ പ്രതിഷേധം നടത്തിയത്. വ്യാജമായ കണക്കുകൾ ഉണ്ടാക്കിയാണ് വിദ്യാഭ്യാസ വകുപ്പും സർക്കാരും സീറ്റ് പ്രതിസന്ധിയെ കാണുന്നത്. സർക്കാർ നൽകുന്ന കണക്കുകൾ പൂർണമായും വ്യാജമാണെന്ന് പ്രത്യക്ഷത്തിൽ തന്നെ ബോധ്യമാണ്. കണക്കുകളെ പൊതുസമൂഹത്തിൽ സ്ഥാപിച്ച് എടുക്കാനുള്ള ശ്രമത്തിലാണ് സി.പി. എമ്മും വിദ്യാഭ്യാസമന്ത്രിയും. സർക്കാരിന്റെ വ്യാജ നിർമിത കണക്കുകൾ വിവിധ ജില്ലകളിലെ ആർ.ഡി.ഡി ഓഫീസുകളിൽ നിന്നാണ് നൽകുന്നത്. ആർ.ഡി.ഡി ഓഫീസുകളിലേക്ക് സമരം ശക്തമാക്കുന്നതിനൊപ്പം വിദ്യാഭ്യാസമന്ത്രി അടക്കമുള്ളവർക്ക് നേരെ പ്രതിഷേധം ശക്തമാക്കാനാണ് എം. എസ്.എഫ് തീരുമാനമെന്ന് പി.കെ നവാസും സി.കെ നജാഫും പറഞ്ഞു.



മലബാർ മേഖലയിലെ പ്ലസ്ടു സീറ്റ് അപര്യാപ്തതയിൽ പ്രതിഷേധിച്ച് കോഴിക്കോട് വെസ്റ്റ്ഹില്ലിൽ എം.എസ്.എഫ് ജില്ലാ പ്രസിഡണ്ട് അഫ്നാസ് ചോറോടിന്റെയും സെക്രട്ടറി സ്വാഹിബ് മുഹമ്മദിന്റെയും നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് നേരെ കരിങ്കൊടി കാണിക്കുന്ന എം.എസ്.എഫ് പ്രവർത്തകർ

## പ്ലസ്‌വൺ സീറ്റ് പ്രശ്നത്തിൽ സമരം ശക്തമാക്കും: വി.ഡി സതീശൻ

കൊച്ചി: മലബാറിലെ പ്ലസ് വൺ സീറ്റുകളുടെ പ്രശ്നത്തിൽ സർക്കാരും വിദ്യാഭ്യാസ മന്ത്രിയും കൈക്കൊള്ളുന്ന തെറ്റായ നടപടികൾക്കെതിരെ പ്രതിപക്ഷം ശക്തമായി സമര രംഗത്തുണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞു. മലബാറിലെ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച പ്രശ്നം പ്രതിപക്ഷം നിയമസഭയിൽ അവതരിപ്പിച്ചതാണ്. സീറ്റുകൾ ബാക്കിയാകുമെന്ന് പറഞ്ഞ വിദ്യാഭ്യാസമന്ത്രി പിന്നെന്തിനാണ് 30 ശതമാനം മാർജിനൽ ഇൻക്രീസ് നൽകിയതെന്ന് വ്യക്തമാക്കണം. ഒരു ക്ലാസിൽ ഇപ്പോൾ തന്നെ 50 കുട്ടികളുണ്ട്. മാർജിനൽ സീറ്റു കൂടി വർധിപ്പിച്ചതോടെ ഇത് 75 ആയി ഉയരും. സമ്മേളനത്തിൽ പ്രസംഗിക്കുന്നതു പോലെ ക്ലാസെടുക്കേണ്ട സ്ഥിതിയാണ്. ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ നിലവാരമാണ് താഴേക്ക് പോകുന്നത്.

പൊന്നാനി താലൂക്കിലെ പാവപ്പെട്ട കുട്ടിക്ക് ഏറനാട് താലൂക്കിലെ നിലമ്പൂരിൽ അഡ്മിഷൻ കിട്ടിയിട്ട് ഒരു പ്രയോജനവുമില്ല.സ്റ്റേറ്റ് യൂണിറ്റാക്കുന്നതിന് പകരം താലൂക്ക് യൂണിറ്റ് ആക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടതാണ്. പത്ത് കിലോമീറ്റർ ദൂരപരിധിയിലെങ്കിലും കുട്ടികൾക്ക് അഡ്മിഷൻ കിട്ടണം. ആദ്യ അലോട്ട്മെന്റിൽ മാത്രം മലപ്പുറത്ത് പതിനേഴായിരം സീറ്റുകളാണ് ബാക്കി വന്നത്. കുട്ടികൾ ചേരാത്തതു കൊണ്ടാണ് സീറ്റുകൾ ബാക്കിയായത്. മാർജിനൽ ഇൻക്രീസ് നൽകുന്നതിന് പകരം ബാച്ചുകളുടെ എണ്ണമാണ് കൂട്ടേണ്ടതെന്നും വി.ഡി സതീശൻ പറഞ്ഞു.

## കോഴിക്കോട്ട് മുഖ്യമന്ത്രിക്കു നേരെ എം.എസ്.എഫ് കരിങ്കൊടി പ്രതിഷേധം

കോഴിക്കോട്: പ്ലസ് വൺ പ്രതിസന്ധിയിൽ വിദ്യാർഥികളുടെ പ്രതിഷേധം കടുത്തപ്പോൾ കനത്ത സുരക്ഷാസംവിധാനങ്ങൾക്കിടയിലും മുഖ്യമന്ത്രി പിണറായി വിജയന് പ്രതിഷേധക്കാരുടെ കരിങ്കൊടി. കോഴിക്കോട്ട് ഇന്നലെ മുഖ്യമന്ത്രിക്കെതിരെ എം.എസ്.എഫ് പ്രവർത്തകർ നടത്തിയ കരിങ്കൊടി പ്രതിഷേധം പ്ലസ് വൺ സീറ്റ് പ്രതിസന്ധിയിൽ ഭരണകൂടത്തിന് കനത്ത താക്കീതായി. എൻ.ജി.ഒ യൂണിയൻ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കാനാണ് മുഖ്യമന്ത്രി കോഴിക്കോട്ടെത്തിയത്. ജില്ലാ പ്രസിഡന്റ് അഫ്നാസ് ചോറോട്, ജനറൽ സെക്രട്ടറി സ്വാഹിബ് മുഹമ്മദ്, സാജിദ് റഹ്മാൻ, മിഷാഹിർ നടക്കാവ് എന്നിവരാണ് കരിങ്കൊടി കാണിച്ചത്. ഇവരെ പൊലീസ് അറസ്റ്റ് ചെയ്തുനീക്കി.



കഴിഞ്ഞ ദിവസം അന്തരിച്ച മുസ്‌ലിം ലീഗ് നേതാവ് എം പി അബ്ദുൽ ഖാദറിന്റെ പെരുമ്പാവൂരിലുള്ള വസതിയിൽ ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി. സന്ദർശിക്കുന്നു. കെ.എം.അബ്ദുൽ മജീദ്, അബ്ദുൽ ഖാദറിന്റെ മകൻ ജമാൽ, എൻ.വി.സി. അഹമ്മദ്, അഡ്വ.കെ.ഐ. അബ്ദുൽ റഷീദ്, ഇബ്രാഹിം കുട്ടി എന്നിവർ സമീപം .



മുസ്‌ലിം ലീഗ് നേതാവ് എം പി അബ്ദുൽ ഖാദറിന്റെ പെരുമ്പാവൂരിലുള്ള വസതിയിൽ മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി. എം. എ സലാം സന്ദർശിക്കുന്നു. അഡ്വ. വി ഇ അബ്ദുൽ ഗഫൂർ, സുബൈർ ഓണമ്പിള്ളി, കെ എ മുഹമ്മദ് ആസിഫ്, അൻസാർ മുണ്ടാട്ട്, ഇ. പി.ഷമീർ, മൈതീൻ കുന്നത്താൻ, പി. എ കാസിം എന്നിവർ സമീപം

### ഇന്ത്യൻ ഹാജിമാരുടെ മടക്കം തുടരുന്നു

## മലയാളി ഹാജിമാരുടെ ആദ്യ സംഘം മദീനയിലെത്തി

സ്വന്തം ലേഖകൻ
റിയാദ്

പുണ്യ നഗരിയോട് വിടപറഞ്ഞു മലയാളി ഹാജിമാരുടെ ആദ്യ സംഘം മദീനയിലെത്തി. വിശുദ്ധ കർമ്മം നിർവഹിച്ച ശേഷം പ്രവാചക നഗരിയിലെത്തി റൗളാ ശരീഫ് സന്ദർശിക്കാനുള്ള ജീവിതത്തിലെ അപൂർവ നിമിഷങ്ങളെ ആത്മീയാനന്ദത്തോടെ ഉപയോഗപ്പെടുത്താനുള്ള ശ്രമത്തിലാണ് ഹാജിമാർ. മലയാളി ഹാജിമാരുൾപ്പടെ കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് കീഴിൽ വന്ന എഴുപതിനായിരം ഇന്ത്യൻ ഹാജിമാരാണ് ഹജ്ജ് നിർവഹിച്ച ശേഷം മദീന സന്ദർശനത്തിനെത്തുന്നത്.

കോഴിക്കോട് നിന്നുള്ള ആദ്യ വിമാനത്തിൽ ജിദ്ദയിലിറങ്ങിയ 166 ഹാജിമാരാണ് മുത്തവിഫ് ഒരുക്കിയ ബസ്സുകളിൽ ഇന്നലെ രാവിലെ മക്കയിലെ അസീസിയയിലെ താമസസ്ഥലത്ത് നിന്ന് യാത്രയായത്. ഇവർ ഉച്ചക്ക് രണ്ടേമുക്കാലോടെ മദീനയിലെത്തിയ സംഘത്തിന് ഇന്ത്യൻ ഹജ്ജ് മിഷൻ ഒരുക്കിയ താമസ സ്ഥലത്ത് എത്തി. കോഴിക്കോട് നിന്ന് ജിദ്ദയിലെത്തിയ മറ്റൊരു സംഘം 166 ഹാജിമാർ കൂടി മദീനയിലേക്ക് അസർ നിസ്കാരത്തിന് ശേഷം മക്കയിൽ നിന്ന് പ്രവാചക നഗരിയിലേക്ക് യാത്ര തിരിച്ചു. രണ്ടാം സംഘത്തിലെ പകുതിയോളം ഹാജിമാർ മദീനയിലെത്തി. ബാക്കിയുള്ളവർ രാത്രിയോടെ മദീനയിലെത്തും. മക്കയിൽ കെഎംസിസി നേതാക്കളായ കുഞ്ഞിമോൻ കാക്കിയ, മുജീബ് പൂക്കോട്ടൂർ, മുസ്തഫ മഞ്ഞക്കുളം, സുലൈമാൻ മാളിയേക്കൽ തുടങ്ങിയ നേതാക്കളുടെ നേതൃത്വത്തിൽ ഹാജിമാരെ മദീനയിയ്ക്ക് യാത്രയാക്കാൻ കെഎംസിസി വളണ്ടിയർ സംഘം രംഗത്തുണ്ടായിരുന്നു. മദീനയിലെത്തിയ ഹാജിമാർക്ക് കെഎംസിസി വകകഞ്ഞി നൽകി. കെഎംസിസി നേതാക്കളായ ഇബ്രാഹിം ഫൈസി, അഷ്‌റഫ് അഴിഞ്ഞിലം, ഗഫൂർ പട്ടാമ്പി, അഷ്‌റഫ് നഫ്റ്റ്, നാസർ തടത്തിൽ, ജലീൽ കുറ്റിയാടി, ഓ കെ റഫീഖ്, ഗഫൂർ താനൂർ, മെഹബൂബ് ഷബീർ കാസർഗോഡ്, ഹമീദ് ആലുവ എന്നിവരുടെ നേതൃത്വത്തിൽ കെഎംസിസി വളണ്ടിയർ സംഘം മദീനയിലുണ്ടായിരുന്നു. മദീനയിലെ എട്ട് ദിവസങ്ങളിലെ സന്ദർശനം പൂർത്തിയാക്കി ഇവർ ജൂലൈ ഒന്നിനാണ് മടങ്ങുക. മദീനയിൽ നിന്ന് നേരിട്ട് കോഴിക്കോട്ടേക്കായിരിക്കും ഇവരുടെ യാത്ര. നേരത്തെ ജിദ്ദ ഹജ്ജ് ടെർമിനൽ വഴിയാണ് ഇവർ മക്കയിലെത്തിയിരുന്നത്.





മക്കയിൽ നിന്ന് ഇന്നലെ രാവിലെയും വൈകീട്ടുമായി പുറപ്പെട്ട ഹാജിമാർക്ക് അവിസ്മരണീയമായ യാത്രയയപ്പാണ് മക്ക കെഎംസിസ നേതാക്കളും വളണ്ടിയർമാരും ഒരുക്കിയത്. മദീനയിലെത്തിയ ഹാജിമാരെ മദീന കെഎംസിസി നേതാക്കളും വളണ്ടിയർമാരും ചേർന്ന് സ്വീകരിച്ചു. നാളെ രാവിലെ 166 പേരും വൈകീട്ട് 164 മലയാളി ഹാജിമാരും മദീനയിലേക്ക് പുറപ്പെടും. ഇന്ത്യൻ ഹാജിമാരുടെ മടക്കം ഇന്നലെ മുതൽ ആരംഭിച്ചു. പത്ത് വിമാനങ്ങളിലായി 3232 ഹാജിമാരാണ് ഇന്നലെ സ്വദേശങ്ങളിലെത്തിയത്. ബംഗളുരുവിലേക്കാണ് ആദ്യസംഘത്തിന്റെ മടക്കയാത്ര. ഇന്ന് പന്ത്രണ്ട് വിമാനനാളിലായി 3821 ഹാജിമാരാണ് മടങ്ങുന്നത്. കൊൽക്കത്ത, ഹൈദരാബാദ്, ബംഗളുരു, ലക്നൗ, ഡൽഹി തുടങ്ങിയ ഇന്ത്യൻ നഗരങ്ങളിലേക്കാണ് ഇന്ന് ഹാജിമാർ സഊദി എയർലൈൻസ് വിമാനങ്ങളിൽ മടങ്ങുന്നത്. ഇവയിൽ ലക്നൗ, കൊൽക്കത്ത, ഡൽഹി തുടങ്ങിയവിടങ്ങളിലേക്ക് മൂന്ന് വീതം വിമാനങ്ങളാണുള്ളത്. മടക്കയാത്രയുടെ മൂന്നാം ദിവസമായ നാളെയും പന്ത്രണ്ട് വിമാനങ്ങളിൽ ഹാജിമാർ മടങ്ങും ജിദ്ദ വിമാനത്താവളത്തിൽ കെഎംസിസി എയർപോർട്ട് വിംഗ് കൺവീനർ നൗഫൽ റഹേലി,സെൻട്രൽ കമ്മിറ്റി വൈസ് പ്രസിഡന്റ് ലത്തീഫ് വെള്ളമുണ്ട മഞ്ചേരി മണ്ഡലം ജനറൽ സെക്രട്ടറി മൂസ പാണ്ടിക്കാട് ആരിഫ് കുലൈസ് വനിതാ വിംഗ് നേതാക്കളായ ഷമീല മൂസ, സാബിറ മജീദ്, ഹാജറ ബഷീർ, സലീന ഇബ്രാഹിം, നസീഹ അൻവർ, അസ്വ അൻവർ എന്നിവർ ഹാജിമാരെ മടക്ക യാത്രക്ക് സഹായിക്കാൻ രംഗത്തുണ്ടായിരുന്നു.

### ശക്തി വിളിച്ചോതി എസ്.ഇ.യു സംസ്ഥാന സമ്മേളനം

## ആനുകൂല്യ നിഷേധം ഇടതു സർക്കാരിന്റെ ക്രൂരവിനോദം: പി.എം.എ സലാം

കോട്ടയം: കേരളത്തിലാകെ ഇടതുസർക്കാർ വിരുദ്ധ വികാരം അലയടിക്കുകയാണെന്നും, ആനുകൂല്യനിഷേധങ്ങൾ ഉൾപ്പെടെയുള്ള ക്രൂരവിനോദങ്ങൾക്കുള്ള ശക്തമായ താക്കീതാണ് ലോക്സഭാ തിരഞ്ഞെടുപ്പ് തിരിച്ചടിയെന്ന് ഇടതുപക്ഷം മനസിലാക്കുന്നത് നന്നായിരിക്കുമെന്നും മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ.സലാം.

'തളരുന്ന സിവിൽ സർവീസ്, തകരുന്ന കേരളം' എന്ന ശീർഷകത്തിൽ കോട്ടയത്ത് ശിഹാബ് തങ്ങൾ നഗറിൽ (കെ.സി മാമ്മൻ മാപ്പിള ഹാൾ) നടന്ന സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) 41-ാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നീതിനിഷേധങ്ങൾക്കെതിരെ ശക്തമായ അവകാശ പോരാട്ടങ്ങൾ ഉയർന്നു വരണമെന്നും, സമുദായങ്ങളെ തമ്മിലടിപ്പിച്ച് വിഭാഗീയത സൃഷ്ടിച്ചും ശത്രുത പെരുപ്പിച്ചും വോട്ട് തട്ടാനുള്ള കേന്ദ്രകേരള ഭരണ മുന്നണികളുടെ ഹീനശ്രമം ജനങ്ങൾ പാടെ തള്ളിക്കളഞ്ഞുവെന്നും പി.എം.എ.സലാം കൂട്ടിചേർത്തു.





സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) 41-ാം സംസ്ഥാന സമ്മേളനം കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം ഉദ്ഘാടനം ചെയ്യുന്നു

എസ്.ഇ.യു സംസ്ഥാന പ്രസിഡന്റ് സിബി മുഹമ്മദ് അധ്യക്ഷത വഹിച്ചു. യുടിഇഎഫ് ചെയർമാൻ ചവറ ജയകുമാർ, മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് അസീസ് ബഡായിൽ, എസ്.ഇ.യു സംസ്ഥാനജനറൽ സെക്രട്ടറി ആമിർ കോഡൂർ, മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി റഫീഖ് മണിമല, ട്രഷറർ ഹാജി കെ എ മുഹമ്മദ് അഷ്‌റഫ്,പി.ഐ ശാഹുൽ ഹമീദ്, പിപി മുഹമ്മദ്കുട്ടി,സോമൻ പുതിയാത്ത്,തുടങ്ങിയവർ പ്രസംഗിച്ചു.

'തളരുന്ന സിവിൽ സർവീസ്; തകരുന്ന കേരളം' പ്രമേയ സെമിനാർ നിയുക്ത രാജ്യസഭാംഗം അഡ്വ. വി.കെ ഹാരിസ് ബീരാൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് കെ. അബ്ദുൽ ബഷീർ അധ്യക്ഷനായി. യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. അബിൻ വർക്കി, മുസ്‌ലിം യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡന്റ് അഡ്വ. ഷിബു മീരാൻ വിഷയം അവതരിപ്പിച്ചു. അഷ്‌റഫ് മാണിക്യം, ഒ.എം ഷഫീഖ് തുടങ്ങിയവർ പ്രസംഗിച്ചു.

'ഇന്ത്യൻ ദേശീയതയും ഫെഡറലിസവും' സെമിനാർ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ നാസർ നങ്ങാരത്ത് അധ്യക്ഷനായി. മുൻ എംഎൽഎ അഡ്വ. കെഎൻഎ ഖാദർ വിഷയാവതരണം നടത്തി. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, ചാണ്ടി ഉമ്മൻ എംഎൽഎ, നാജിയ ജലാൽ, എസ് സൈഫുദീൻ പ്രസംഗിച്ചു.

ഷീ കോൺഫറൻസ് റജീന അൻസാരിയുടെ അധ്യക്ഷതയിൽ മരിയ ഉമ്മൻ ഉദ്ഘാടനം ചെയ്തു. എൽ.സബീന, ഷഹ്ബാനത് ടീച്ചർ, സബിത ജബ്ബാർ, സൈനബ, നർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

ഗഫൂർ പന്തീർപാടം, ബീരു പി മുഹമ്മദ്, സി.പി ഹംസ കെ.എം റഷീദ്, എം.എ ഹക്കീം, സലാം കരുവാറ്റ, റഷീദ് തട്ടൂർ, വേലിശേരി നൗഷാദ്, അബ്ദുള്ള കെ.എം, അലി കരുവാരക്കുണ്ട്, പി ജെ താഹ തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിച്ചു. സംഘടനാ ചർച്ചകൾക്കും ഭാരവാഹി തിരഞ്ഞെടുപ്പിനും ശേഷം സമ്മേളനം ഇന്ന് സമാപിക്കും.

## മെഡിക്കൽ കോളജ് പ്രിൻസിപ്പാൾ ഡോ. സജീത്ത് കുമാറിനെ സി.എച്ച് സെന്റർ അനുമോദിച്ചു

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളജ് പ്രിൻസിപ്പാളായി ചുമതലയേറ്റ ഡോ. കെ.ജി സജീത്ത് കുമാറിനെ സി.എച്ച് സെന്റർ അനുമോദിച്ചു. സി.എച്ച് സെന്റർ ഓഡിറ്റോറിയത്തി ൽ നടന്ന ചടങ്ങിൽ സെന്റർ പ്രസിഡന്റ് കെ.പി കോയ അധ്യക്ഷത വഹിച്ചു. കെ.പി കോയ ഉപഹാരം സമർപ്പിച്ചു. സലാല കെ.എം. സി.സി കോഴിക്കോട് ജില്ല പ്രസിഡന്റ് മുസ്തഫ ഫലൂജ, സി.എച്ച് സെന്റർ ദുബൈ ചാപ്റ്റർ വൈസ് പ്രസിഡന്റ് പി.കെ ജമാൽ, മുസ്‌ലിംലീഗ് കുന്ദമംഗലം നിയോജക മണ്ഡലം വൈസ് പ്രസിഡന്റ് കെ.കെ കോയ എന്നിവർ ആശംസകളറിയിച്ചു. ഡോ. കെ.ജി സജീത്ത് കുമാർ മറുപടി പ്രസംഗം നടത്തി. സി.എച്ച് സെന്റർ ജനറൽ സെക്രട്ടറി എം.വി സിദ്ധീഖ് മാസ്റ്റർ സ്വാഗതവും ട്രഷറർ ടി.പി മുഹമ്മദ് നന്ദിയും പറഞ്ഞു.